VIII. റിപ്പോർട്ട് സമർപ്പണം

ശ്രീ. നാലകത്ത് സൂപ്പി: എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം പതിനാറും പതിനേഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

IX. ധനകാര്യം

2006-2007 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ഗവൺമെന്റിന്റെ അവസാന വർഷത്തെ ബഡ്ജറ്റാണ് ഇത്. വലിയ നികുതി നിർദ്ദേശങ്ങളില്ലാത്ത ബഡ്ജറ്റ് എന്ന പ്രത്യേകത ഇതിനുണ്ട്. മൂല്യവർദ്ധിത നികുതി (വാറ്റ്) നടപ്പാക്കിയതിനു ശേഷമുള്ള ബഡ്ജറ്റ് എന്ന പ്രത്യേകത കൂടി ഇതിനുണ്ട്. പരിമിതികൾക്കകത്ത് നിന്നുകൊണ്ട് പരമാവധി നല്ല കാര്യങ്ങൾ ചെയ്യാൻ ധനകാര്യ വകുപ്പുമന്ത്രി ശ്രമം നടത്തിയിട്ടുണ്ട് ഈ ബഡ്ജറ്റിൽ. ഉൾപ്പെടുത്തിയിട്ടുള്ള ക്ഷേമ പദ്ധതികൾ ഇതിന് സാക്ഷ്യം വഹിക്കും. വിഴിഞ്ഞം തുറമുഖം, സ്മാർട്ട് സിറ്റി, പ്രത്യേക സാമ്പത്തിക മേഖലകൾ ഇവയൊക്കെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിന് ചരിത്രപരമായ പ്രാധാന്യം കൂടി നൽകുന്നു. ഈ കൊച്ചു കേരളത്തെ ആഗോള തലത്തിൽ ശ്രദ്ധേയമാക്കിത്തീർക്കുന്ന സംരംഭങ്ങളും നടപടികളും സംസ്ഥാനത്തെ വികസനത്തിന്റെ രാജപതയിലേക്ക് അതിവേഗം നയിക്കും. ഈ ഗവൺമെന്റിന്റെ ആരംഭ വർഷത്തെയും അവസാന വർഷത്തെയും ധനസ്ഥിതി പരിശോധിക്കുമ്പോൾ ആ കാര്യം വ്യക്തമാണ്. വലിയൊരളവ് വരെ സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഓവർഡ്രാഫ്റ്റിന്റെ കാര്യം നോക്കുമ്പോൾ ഇത് വ്യക്തമാകും. നിരവധി നല്ല നിർദ്ദേശങ്ങൾ അടങ്ങുന്ന ഈ ബഡ്ജറ്റ് നടപ്പിൽ വരുത്തുന്നതിനുള്ള ഇച്ഛാശക്തിയും ആർജ്ജവവും സർക്കാർ കാണിക്കണം. കർശനമായ സാമ്പത്തിക അച്ചടക്കം കൂടി ഗവൺമെന്റ് പാലിക്കണം. പാവപ്പെട്ട സ്ത്രീകൾക്ക് പ്രസവാനുകൂല്യം, കൂടുതൽ പാവപ്പെട്ട കുടുംബങ്ങൾക്ക് 3 രൂപ നിരക്കിൽ 35 കിലോ അരി, വൃദ്ധരായ അഗതികൾക്ക് സൗജന്യമായി 10 കിലോ അരി തുടങ്ങിയവ നൽകാനുള്ള പദ്ധതികളെ സ്വാഗതം ചെയ്യുന്നു. ഒരു ഹെക്ടറിനു താഴെ ഭൂമിയുള്ള 60 വയസ്സ് കഴിഞ്ഞ കർഷകർക്ക് 1000 രൂപ പെൻഷൻ എന്നത് 3000 രൂപയാക്കി ഉയർത്തണം. സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതി 7 ലക്ഷം രൂപയാക്കണം. അപകടത്തിൽ മരണപ്പെടുന്ന മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് 50,000 രൂപ കൊടുക്കുന്നതുപോലെ മരം കയറ്റത്തൊഴിലാളികൾക്കുള്ള ധനസഹായവും 25,000 രൂപയിൽനിന്ന് 50,000 രൂപയായി ഉയർത്തുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഭാഗപത്രം രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപ യാക്കിയിരിക്കുന്നു. അതിന് ഒരു പരിധി വയ്ക്കണം. 5 ഹെക്ടറിന് താഴെയുള്ളവർക്ക് മതി എന്ന പരിധി നിശ്ചയിക്കണം. എം.എൽ.എ., എം.പി. ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള വർക്കുകളെ നികുതിയിൽ നിന്ന് ഒഴിവാക്കി. ഇങ്ങനെ പോകുന്നു നല്ല കാര്യങ്ങളുടെ പട്ടിക.

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയും ആർജ്ജവവും ഗവൺമെന്റ് കാണിക്കണം. ആരോഗ്യ മേഖലയിൽ ആശാവഹമായ കാര്യങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒന്നുരണ്ട് കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗ്രാമീണ ആരോഗ്യമേഖലയെ കൂടുതൽ ശ്രദ്ധിക്കണം. കേരള സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും പി.എച്ച്.സി.-കളുണ്ട്. നിർഭാഗ്യകരമെന്ന് പറയട്ടെ, ആവശ്യത്തിന് ചികിത്സ ലഭിക്കണമെങ്കിൽ ആ പി.എച്ച്.സി.-കളെ ഐ.പി. യൂണിറ്റുകളായി ഉയർത്തണം. എന്റെ മണ്ഡലത്തിലെ ചെങ്കൽ, പരണിയം, കൊല്ലയിൽ എന്നിവിടങ്ങളിലെ മൂന്ന് പി.എച്ച്.സി. കളെ ഐ.പി. യൂണിറ്റുകളായി ഉയർത്താൻ ഡിപ്പാർട്ടുമെന്റിൽ നിന്ന് റെക്കമെന്റ് ചെയ്ത് ഗവൺമെന്റിലേക്ക് അയച്ചിരിക്കുകയാണ്. ഇതുവരെ നടപടി ആയിട്ടില്ല. അത് നടപ്പിലാക്കണം. തഴക്കവും പഴക്കവുമുള്ളതാണ് തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ്. അത് നവീകരിക്കുമെന്നും ഗവേഷണ സ്ഥാപനമായി ഉയർത്തുമെന്നും പറഞ്ഞിരിക്കുന്നതിൽ സന്തോഷമുണ്ട്. എന്നാൽ ഒരു ചെറിയ കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. അനുവദിച്ചിട്ടുള്ള തസ്തികകളിൽ ചിലതൊക്കെ ഒഴിഞ്ഞുകിടക്കുകയാണ്. അത് മെഡിക്കൽ കോളേജിൽ പോയാൽ അറിയാവുന്നതാണ്. അടിയന്തിരമായി ഈ ഒഴിവുകൾ നികത്തണം. അതിർത്തി പ്രദേശമായ പാറശ്ശാലയിൽ അപകടങ്ങൾ കൂടുതലാണ്. തമിഴ്നാട്ടിൽ നിന്നും ലൈസൻസ്സില്ലാത്ത വണ്ടികൾ കൊണ്ടുവന്ന് ഓടിക്കുന്ന സ്ഥിതിയാണ്. ഒരു ട്രോമാകെയർ യൂണിറ്റ് പാറശ്ശാല ഗവൺമെന്റ് ആശുപത്രിയിൽ ആരംഭിക്കണം. പാരമ്പര്യ സിദ്ധ വൈദ്യന്മാരെ അവഗണിക്കരുത്. അവർക്ക് നിയമ പരിരക്ഷ ഉറപ്പുവരുത്തണം. പരിമിതമായ വളർച്ചയാണ് വ്യവസായ മേഖലയിലുള്ളത്. കൈത്തറി മേഖലയിൽ 5 പവർലൂമുകൾ ഉണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെ. ഒരെണ്ണം എന്റെ മണ്ഡലത്തിലാണ്. 200 തറികളുണ്ട്. 714 അംഗങ്ങളുണ്ട്. പണ്ട് ചാരായ കച്ചവടം ചെയ്തുകൊണ്ടിരുന്നവരെ പുനരധിവസിപ്പിച്ച പദ്ധതിയാണ്. ഇന്ന് അത് അടച്ചിട്ടിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടന്നു. ഒന്നരക്കോടി രൂപ വർക്കിംഗ് ക്യാപിറ്റൽ നൽകാമെന്നു പറഞ്ഞെങ്കിലും അത് കിട്ടിയില്ല. അത് നൽകണം. വ്യവസായ വകുപ്പിന്റെ കീഴിലുള്ള 'കെൽപ്പാ'മിന്റെ സ്ഥിതി പരിതാപകരമാണ്. പനകയറ്റ തൊഴിലാളി ക്ഷേമ കോർപ്പറേഷൻ 1984-ൽ രൂപീകരിച്ചു. വർഷംതോറും 25 ലക്ഷം രൂപ നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ 5 കൊല്ലമായി തുക കൊടുക്കുന്നില്ല. ആകെ 7 ജീവനക്കാരാണ് ഇപ്പോൾ അവിടെ ഉള്ളത്. ഒരു ക്ഷേമ കോർപ്പറേഷൻ എന്ന നിലയിൽ പ്രത്യേക പരിഗണന നൽകി 'കെൽപ്പാ'മിനെ പുനരുജ്ജീവിപ്പിക്കണം. ഇപ്പോഴുള്ള 7 ജീവനക്കാരെ സ്ഥിരപ്പെടുത്തണം. ഫയൽ സെക്രട്ടറിയുടെ കയ്യിലുണ്ട്. കാർഷിക രംഗത്തിന് വേണ്ടത്ര ശ്രദ്ധ നൽകിയിട്ടുള്ളതിൽ സന്തോഷിക്കുന്നു. നെൽ കൃഷി വികസനത്തിനു 18 കോടി രൂപയുടെ പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്. നെൽ കൃഷി തകർന്നു കൊണ്ടിരിക്കുന്നു. 1984-ൽ എട്ടര ലക്ഷം ഹെക്ടർ നെൽപ്പാടം ഉണ്ടായിരുന്നത് ഇപ്പോൾ നമ്മൾ എല്ലാവരുംകൂടി ഭരിച്ച് രണ്ടര ലക്ഷം ഹെക്ടറായി മാറി. നെൽപ്പാടങ്ങൾ നികത്തുന്നത് കർശനമായി തടയണം. കടലാസിൽക്കൂടി തടഞ്ഞാൽ പോര, കർശനമായി തടയണം. നെൽ കൃഷിക്കാരെ രക്ഷിക്കാൻ ആദ്യം വേണ്ടത് അതാണ്. കാർഷിക രംഗത്ത് വിവിധ ഏജൻസികൾ ഇന്നു പ്രവർത്തിക്കുന്നുണ്ട്. യാതൊരു ബന്ധവുമില്ല. പണം

LIBRARY ARCHIVES Kerala Legislative Assembly

മനപ്പൂർവ്വം എങ്ങനെയൊക്കെയോ വെട്ടിച്ച് നടക്കുന്ന ആളുകൾ. ഇവയുടെ കോ-ഓർഡിനേഷൻ ഉണ്ടാകണം. തെങ്ങ് രോഗം വന്നാൽ പരിഹാരം കണ്ടത് വെട്ടി മുറിച്ചു മാറ്റൽ ആണ്. ഇപ്പോൾ കമുകിന് രോഗം വന്നു മുറിച്ചു മാറ്റുന്നതിന് 100 രൂപ. കേരളത്തിൽ രോഗം ബാധിക്കാത്ത ഒരു കല്പവൃക്ഷമുണ്ട്. അതാണ് കരിമ്പന. കരിമ്പന കൃഷി ശാസ്ത്രീയമായ അടിസ്ഥാനത്തിൽ വ്യാപിപ്പിക്കണം. നീര, കരുപ്പെട്ടി, പനംകൽക്കണ്ടം, പാം കോള, പാം ലീഫ് തുടങ്ങിയ നിരവധി ഉൽപ്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ കരിമ്പന കൃഷി വ്യാപിപ്പിച്ചാൽ ഉണ്ടാക്കാൻ കഴിയും. കരിമ്പന കൃഷി വ്യാപനം ഗവൺമെന്റ് ഗൗരവമായി എടുക്കണം. ഇപ്പോൾ മൃഗ സംരക്ഷണ മേഖലയിൽ ഒരു സർവ്വകലാശാല ആരംഭിക്കുമെന്നു പറഞ്ഞിട്ടുണ്ട്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ സർവ്വകലാശാല തലസ്ഥാന നഗരിയിൽ ആരംഭിക്കണം. കുടപ്പനക്കുന്നിൽ ഇഷ്ടംപോലെ സ്ഥലമുണ്ട്. അങ്ങ് ഇവിടുത്തെ ധനകാര്യ വകുപ്പുമന്ത്രിയുമാണ്. സംസ്ഥാനത്തെ 15 ലക്ഷത്തോളം വരുന്ന കാലി കർഷകരുടെ പെൻഷന്റെകാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഉല്പാദകനും സൊസൈറ്റിയും മിൽമയും കൂടി ചേർന്നുകൊണ്ട് ഫണ്ട് സ്വരൂപിക്കുന്ന രീതി അപ്രായോഗികമാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന് എൻട്രി ടാക്സ് ഏർപ്പെടുത്തണം. ആ ഇനത്തിൽ കിട്ടുന്ന വരുമാനം അവരുടെ പെൻഷനുവേണ്ടി ഉപയോഗപ്പെടുത്തണം. ഇരുപത്തിയാറോളം കമ്പനികൾ ഗുണമേന്മ ഇല്ലാത്ത പാലാണ് ഇവിടെ കൊണ്ടുവരുന്നത്. സൊസൈറ്റിയിൽ അംഗങ്ങളായിട്ടുള്ള കന്നുകാലി കർഷകർക്ക് കാലിത്തീറ്റ സബ്സിഡി അനുവദിക്കണം. അതുപോലെ തീറ്റപ്പുൽ കൃഷിയുടെ കാര്യത്തിലും സബ്സിഡി അനുവദിക്കണം. അതുപോലെ വലിയ ഒരു പരിപാടിയാണ് കുടുംബശ്രീ, ആശ്രയ പദ്ധതികൾ, എട്ടാം പദ്ധതി കാലംതൊട്ട് ആലപ്പുഴയിലും മലപ്പുറത്തും ആരംഭിച്ച പദ്ധതി ഇന്ന് വ്യാപകമായിരിക്കുകയാണ്. ത്രിതല പഞ്ചായത്തുകളിൽ 70 കോടി രൂപ വകകൊള്ളിച്ചിരിക്കുന്നു. ഇത് ആശ്വാസ കരമാണ്. ഇതുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. അവർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാൻ നിവൃത്തിയില്ല. ഇന്ത്യക്ക് അകത്തും കുത്തക മുതലാളിമാർ അതിനെ പരാജയപ്പെടുത്താൻ രഹസ്യ മായി ശ്രമം നടത്തുന്നുണ്ട്. അതുകൊണ്ട് പഞ്ചായത്തുകളും ഗവൺമെന്റും സഹകരിച്ച് വിപണന കേന്ദ്രങ്ങൾ തുറക്കണം. ആ കുട്ടികളെ നശിപ്പിക്കരുത്. പൊതുജനങ്ങൾ കൂടുതൽ ബന്ധപ്പെടുന്നത് റവന്യൂ വകുപ്പുമായിട്ടാണ്. അവർക്ക് ജോലി കൂടിയിട്ടുണ്ട്. ആഫീസുമായി ബന്ധപ്പെടാത്തവർ ചുരുക്കമാണ്. ഈ അടുത്ത കാലത്ത് ഒരു പുതിയ പദ്ധതി വന്നു. റവന്യൂ അദാലത്ത്. ഇത് പണ്ടും ഉണ്ടായിരുന്നു എന്നാണ് ഞാൻ കേട്ടിട്ടുള്ളത്. റവന്യൂ വകുപ്പിന്റെ അദാലത്തുകളിൽ നിന്നു പ്രയോജനം ലഭിക്കണമെങ്കിൽ വില്ലേജ് തലത്തിൽ കൂടുതൽ സ്റ്റാഫിനെ നിയോഗിക്കണം. എന്റെ മണ്ഡലത്തിൽ കൊല്ലയിൽ പഞ്ചായത്തിൽ 12 പട്ടികജാതി കുടുംബങ്ങളുണ്ട്. ഒരു കുളം പുറമ്പോക്കാണ്. ഈ അടുത്ത കാലത്ത് ഒരു മരണം നടന്നപ്പോൾ അടുക്കള പൊളിച്ചാണ് സംസ്ക്കരിച്ചത്. ഈ അദാലത്തിൽ അവർ പറഞ്ഞു ഞങ്ങൾക്ക് പട്ടയം തരണം, മറ്റ് ആനുകൂല്യങ്ങൾ തരണം എന്ന്. ഇതുവരെ കൊടുത്തിട്ടില്ല. അത് കൊടുക്കണം. ബഡ്ജറ്റിൽ വിദ്യാഭ്യാസത്തിന് പരമ്പരാഗതമായി വളരെ പ്രാധാന്യമാണ് കൊടുക്കുന്നത്. എഞ്ചിനീയറിംഗിനും എം.ബി.ബി.എസ്.-നും

LIBRARY ARCHIVES Kerala Legislative Assembly

നഴ്സിംഗിനുമൊക്കെ അയൽ സംസ്ഥാനങ്ങളിലേക്ക് പോയിക്കൊണ്ടിരുന്ന സ്ഥിതി ഇന്നു മാറ്റിയെടുക്കാൻ കഴിഞ്ഞു. എന്നാൽ പാവപ്പെട്ട മിടുക്കരായ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം നേടാൻ ഗവൺമെന്റ് ഉദാരമായി സഹായിക്കണം. മടിച്ചുകളയരുത്. ഗ്രാമീണ മേഖലയിൽ ഹൈസ്കൂളുകളുണ്ട്. അതിന് അടുത്തൊന്നും പ്ലസ് ടു പഠിക്കാൻ സ്കൂളുകളില്ല. പത്താം ക്ലാസ് കഴിഞ്ഞാൽ ഈ ഒരൊറ്റ കാരണം കൊണ്ട് പഠിത്തം നിർത്തുന്ന കുട്ടികളുണ്ട്. എന്റെ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പൊഴിയൂർ മേഖലയിൽ ഇതുപോലെ സെന്റ് മാത്യൂസ് ഹൈസ്കൂളുണ്ട്. എന്നാൽ 8 കിലോ മീറ്ററിനകത്ത് പ്ലസ് ടു സ്കൂളില്ല. കുട്ടികളുടെ പഠിത്തം മുടങ്ങുന്നു. ഈ പ്രത്യേക സാഹചര്യം മനസ്സിലാക്കി സെന്റ് മാത്യൂസ് ഹൈസ്കൂളിന് പ്ലസ് ടു അനുവദിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേംബറിൽ വച്ച് ഞങ്ങൾ ഒരു കോൺഫറൻസ് നടത്തി. പ്ലസ് ടു അനുവദിക്കുമെന്നു വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുകയും അതിന് ഉറപ്പ് നൽകുകയും ചെയ്തതാണ്. ഇതുവരെ അത് അനുവദിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾ സർവ്വാത്മനാ ഞാൻ സ്വാഗതം ചെയ്യുന്നു. ഇക്കാര്യത്തിൽ ചെറുപ്പക്കാരനും ഊർജ്ജസ്വലനുമായ മന്ത്രി ഡോക്ടർ എം. കെ. മുനീറിനെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹം ഇപ്പോൾ സഭയിലില്ല. തെക്കൻ മേഖലയുടെ വികസന കാര്യത്തിൽ തന്റെ പിതാവിന്റെ മഹനീയ പാരമ്പര്യം മന്ത്രി ശ്രീ. മുനീർ കാത്തു സൂക്ഷിച്ചിരിക്കുന്നു. അദ്ദേഹത്തെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. റോഡുകൾ, പാലങ്ങൾ, മിനി സിവിൽ സ്റ്റേഷനുകൾ ഇതൊക്കെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങൾകൊണ്ട് ടെൻഡറുകൾ എടുക്കാൻ ആളില്ലാതിരിക്കുകയാണ്. പണ്ട് 35 ശതമാനം എക്സസ്സ് നൽകാൻ ചീഫ് എഞ്ചിനീയർമാർക്ക് അധികാരം ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ ഇപ്പോൾ അത് ഇല്ല; 10 ശതമാനമായി കുറച്ചിരിക്കുകയാണ്. ചീഫ് എഞ്ചിനീയർമാർക്ക് ഉണ്ടായിരുന്ന അധികാരം പുനഃസ്ഥാപിച്ചു നൽകണം. വർക്ക് നടത്താൻ അത് സഹായകരമായിരിക്കും. എന്റെ മണ്ഡലത്തിലെ രണ്ട് ചെറിയ കാര്യങ്ങൾ കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. വട്ടവിള-കുന്നുവിള-വലിയകുളം റോഡ് ഫോർമാലിറ്റീസ് എല്ലാം പൂർത്തിയായി. ടി.എസ്. നൽകി അതിന്റെ പണി ആരംഭിക്കണം. പിന്നെ ഒരു പാലത്തിന്റെ കാര്യമാണ്. പാഞ്ചക്കാട്ടുകടവു പാലം ഭരണാനുമതി കിട്ടിയിട്ട് മാസങ്ങളേറെയായി. ടി.എസ്. നൽകി പണി യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കണം. കഴക്കൂട്ടം-കന്യാകുമാരി വരെയുള്ള എൻ.എച്ച്. നാലു വരിപ്പാതയാക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുവാൻ നടപടി വേണം. ജലപാതകൾക്ക് ബഡ്ജറ്റിൽ നൽകിയിട്ടുള്ള പ്രാധാന്യം പ്രത്യേകം ശ്രദ്ധേയമാണ്. പക്ഷേ ശ്രദ്ധേയമെന്നു പറയുമ്പോൾ കേരളമെന്നു പറയുന്നത് കണ്ണൂർ മുതൽ

10.30 A.M.] തിരുവനന്തപുരം വരെയല്ല. നിയമസഭയെ അഭിസംബോധന ചെയ്ത അവസരത്തിൽ പ്രസിഡന്റ് ഡോ. എ. പി. ജെ. അബ്ദുൾ കലാം ജലപാതകളുടെ കാര്യം പ്രത്യേകം എടുത്തു പറഞ്ഞിരുന്നു. രാജഭരണ കാലത്ത് നമുക്ക് ഒരു ജലപാതയുണ്ടായിരുന്നു. എ.വി.എം. കനാൽ. കുളച്ചൽ മുതൽ തിരുവനന്തപുരം വരെയുള്ള ജലപാത. ഇന്ന് അത് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. അതിനെ പുനരുദ്ധരിക്കണം. ഇക്കാര്യം പ്രസിഡന്റിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുകയും അവരിൽ നിന്ന് മറുപടി ലഭിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ പ്രത്യേക ശ്രദ്ധയിൽ ഞാൻ ഇക്കാര്യം കൊണ്ടുവന്നിട്ടുണ്ട്. എ.വി.എം. കനാലിന്റെ പുനരുദ്ധാരണം യുദ്ധകാലാടിസ്ഥാനത്തിൽ ഗവൺമെന്റ് ഏറ്റെടുക്കണം. റോഡ് ഗതാഗതത്തിൽ സാധാരണക്കാരനെ സഹായിക്കുവാനുള്ള ബാധ്യത കെ.എസ്.ആർ.ടി.സി.-ക്കുള്ളതാണ്. 1938-ലാണ് കെ.എസ്.ആർ.ടി. ഡിപ്പാർട്ടുമെന്റ് ആരംഭിക്കുന്നത്. 1960-ൽ നെയ്യാറ്റിൻകര, നെടുമങ്ങാട്, തിരുവനന്തപുരം താലൂക്കുകൾ പൂർണ്ണമായി ദേശസാൽക്കരിച്ചു. 1965-ൽ കോർപ്പറേഷനുമായി. ഇതുവരേയും യാത്രാക്ലേശം പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. 1984-ൽ അത് പരിഹരിക്കുന്നതിനു വേണ്ടിയാണ് സൗജന്യമായി രണ്ട് ഏക്കർ സ്ഥലമെടുത്ത് 74 ഷെഡ്യൂളുകൾ പാറശ്ശാലയിൽ ആരംഭിച്ചത്. ദീർഘദൂര-ഹ്രസ്വദൂര സർവ്വീസുകളും അന്യ സംസ്ഥാന സർവ്വീസുകളും നടന്നിരുന്ന പാറശ്ശാല ഡിപ്പോയെ ഇന്ന് വെറും ഓപ്പറേറ്റിംഗ് സെന്ററായി തരംതാഴ്ത്തിയിരിക്കുന്ന പരിഷ്ക്കാരമാണുള്ളത്. അവിടുത്തെ ചാർജ്ജ് എ. ടി. ഒ.-യ്ക്കാണ്. ഇന്ന് ബസ്സുകളെല്ലാം വഴിയിൽ കിടക്കുകയാണ്. അതു പരിഹരിക്കുവാൻ വേണ്ടിയാണ് പതിനഞ്ച് മൈൽ നടന്ന് പഠിച്ച ഭാഗ്യവാനായ എനിക്ക് മനസ്സുണ്ടായി എട്ട് ഏക്കർ എൺപത് സെന്റ് സ്ഥലം എട്ട് ലക്ഷം രൂപയ്ക്ക് പൊന്നും വിലയ്ക്കെടുത്ത് റീജിയണൽ വർക്ക്ഷോപ്പ് ആരംഭിക്കാൻ ശ്രമിച്ചത്. വന്നുവന്ന് അത് ഇല്ലാതായി. അത് പുനരാരംഭിക്കണം. സാമൂഹ്യ വിരുദ്ധന്മാർ ചാരായ കച്ചവടവും മറ്റും നടത്തുകയാണ്. റോഡ് ഗതാഗതവുമായി ബന്ധപ്പെട്ടുവരുന്ന അപകടങ്ങളുടെ കാര്യത്തിൽ കേരളം മുൻപന്തിയിലാണ്. നമ്മൾ പ്രത്യേകം മനസ്സിലാക്കേണ്ടത് 85 ശതമാനം അപകടങ്ങളും സ്വകാര്യ വാഹനങ്ങൾ വരുത്തിവയ്ക്കുകയാണെന്നുള്ളതാണ്. അപകടങ്ങളുടെ കാര്യത്തിൽ കേരളത്തിന് ഇന്ത്യയിൽ ഒന്നാമത്തെ സ്ഥാനമാണ്. ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുന്നത് കൂടുതൽ കർശനമാക്കുന്ന ഒരു സമീപനം വേണം. ഫോണിൽക്കൂടി വിളിച്ചു പറഞ്ഞാൽ ഡ്രൈവിംഗ് ലൈസൻസ് കൊടുക്കരുത്. ഞാൻ ആ വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ളതുകൊണ്ട് അറിയാം. മോട്ടോർ വെഹിക്കിൾസ് വകുപ്പും പോലീസും പി.ഡബ്ലിയു.ഡി.-യും സംയുക്തമായി അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ഇപ്പോൾ ഈ വകുപ്പുകൾ തമ്മിൽ യാതൊരു ബന്ധവുമില്ല. കിട്ടുന്ന കാശ് വാങ്ങിക്കണം. പുതിയൊരു കൊലയാളികൂടി രംഗത്തുണ്ട്. ടിപ്പർ ലോറി. നിങ്ങൾ അറിഞ്ഞോ എന്ന് അറിയില്ല. കൊലക്കുറ്റത്തിന് കേസ്സെടുത്ത് മാതൃകാപരമായി ശിക്ഷ നല്കുവാൻ കഴിഞ്ഞാൽ ഇവയെ നിയന്ത്രിക്കുവാൻ കഴിയും. ടിപ്പർ ലോറി സർവ്വീസുകളെ ചട്ടങ്ങൾ അനുസരിക്കുവാൻ നിർബന്ധിതരാക്കണം. ഇന്ന് ഇഷ്ടം പോലെ ട്രക്കറും ടെമ്പോയും കന്യാകുമാരി മുതൽ ഇങ്ങോട്ട് പെർമിറ്റില്ലാതെ ഓടുകയാണ്. ചട്ടങ്ങൾ അനുസരിപ്പിക്കുവാൻ നിർബന്ധിപ്പിച്ചുകൊണ്ട് നിയന്ത്രിക്കണം. എന്റെ മണ്ഡലം ഒരു അതിർത്തി പ്രദേശമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാം. തിരുവനന്തപുരത്തെ ജനങ്ങൾക്കും അറിയാം. സ്പിരിറ്റിന് യാതൊരു ക്ഷാമവുമില്ല. സ്പിരിറ്റ് കടത്തിന് സൗകര്യമുള്ള ഒരു പ്രദേശമായി അവിടം തീർന്നിരിക്കുകയാണ്. ഇത് തടയുന്നതിന് അവിടെ ഒരു എക്സൈസ് റെയിഞ്ച് ഓഫീസ് ആരംഭിക്കണം. ഇന്ത്യയിൽ ടൂറിസം വികസനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടിരിക്കുകയാണ്. 21 ഏക്കർ വിസ്തീർണ്ണമുള്ള ഒരു കുളം

LIBRARY ARCHIVES Kerala Legislative Assembly

ചെങ്കൽ പഞ്ചായത്തിലുണ്ട്. വലിയ കുളം എന്ന പേരിലാണ് അറിയപ്പെടുന്നത്. ബഹുമാനപ്പെട്ട മന്ത്രി വന്നു കാണണം. അന്തംവിട്ടു പോകും. വേമ്പനാട്ടു കായലേ കണ്ടിട്ടുണ്ടാകുകയുള്ളൂ. വേനൽക്കാലത്തും വെള്ളമുള്ള കുളമാണ്. ടൂറിസ്റ്റ് കേന്ദ്രത്തിനു പറ്റിയ സ്ഥലം ആകയാൽ ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിച്ചെടുക്കണം. വേറെയൊരു പ്രധാന കാര്യം; ഇന്ത്യയ്ക്ക് മാതൃകയായ പോലീസ് സേനയാണ് നമുക്കുണ്ടായിരുന്നത്. ആരാധ്യനായ ഐ. ജി. ചന്ദ്രശേഖരൻ തുടങ്ങി പ്രബലന്മാരായ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. ഐ. ജി. ഗോപാലൻ, മിന്നൽ പരമേശ്വരൻപിള്ള, ഒരു എസ്.ഐ., അയാൾ സൈക്കിളിലാണ് ഈ കാര്യമൊക്കെ നടത്തിക്കൊണ്ടിരുന്നത്. ഞാൻ ഒരു കാര്യം അദ്ദേഹത്തെപ്പറ്റി ഓർമ്മിപ്പിക്കുകയാണ്. ചന്ദ്രശേഖരൻ നായർ സർവ്വീസിൽ നിന്ന് വിട വാങ്ങിയപ്പോൾ, കേരളം കണ്ടിട്ടുള്ളതിൽവച്ച്, സമർത്ഥനായ ഒരു പത്രാധിപരുണ്ടായിരുന്നു. കെ. സുകുമാരൻ. ചന്ദ്രശേഖരൻ നായരെക്കുറിച്ച് അദ്ദേഹം പറഞ്ഞത് പോലീസുകാർക്ക് അച്ഛനെപ്പോലെയാണ് ചന്ദ്രശേഖരൻ നായർ എന്നാണ്. അതിന് ചന്ദ്രശേഖരൻ നായർ പറഞ്ഞ മറുപടി, അവർക്ക് ഞാനല്ലാതെ മറ്റാരാണുള്ളത് ? ഇന്ന് ഇതുപോലെ എത്ര ഉദ്യോഗസ്ഥന്മാരുണ്ട് ? സ്വന്തം കാര്യത്തിനു വേണ്ടി കാലു തടവുന്ന ഉദ്യോഗസ്ഥന്മാരാണ് ഇന്നുള്ളത്. അത്. മാറ്റിയെടുത്തേ തീരൂ. അമ്പത് കൊല്ലത്തിനു മുമ്പ് കൊലപാതകം ചെയ്തിട്ട് ഒരാൾ മിന്നൽ പരമേശ്വരൻ പിള്ളയുടെ ഓഫീസിൽ വന്നു. എന്താണ്? അവിടെ ഒരു കൊലപാതകം നടന്നു. വന്ന് അറിയിച്ചതാണ്. അയാൾക്ക് ശാസ്ത്രീയമായി എല്ലാം അറിയാം. പോലീസുകാരോട് അവനെ പിടിച്ചിരുത്താൻ പറഞ്ഞു. അയാൾ സൈക്കിളിൽ സംഭവസ്ഥലത്തു ചെന്നു. ചുവന്ന ഉടുപ്പിട്ടുകൊണ്ടു വന്ന ഒരാളാണ് കൊല നടത്തിയതെന്ന് ഒരു സ്ത്രീ പറഞ്ഞു. ആ മഹാൻ ചെയ്ത സംഭവങ്ങൾ മനസ്സിലാക്കണം. ഒരു അഡ്വക്കേറ്റിന്റെ അടുത്തു പോയി. ഈ ഉടുപ്പു മാറ്റി വെള്ള ഉടുപ്പ് ഇട്ടുകൊണ്ട് ചെല്ലാൻ അയാളെ ഉപദേശിച്ചു. നിന്റെ ഉടുപ്പ് എവിടെവച്ചു മാറ്റിയെടാ എന്ന് മിന്നൽ പരമേശ്വരൻപിള്ള ചോദിച്ചു അയാൾ വിറച്ചു. പിന്നീട് കോടതി അയാളെ ജീവപര്യന്തത്തിന് ശിക്ഷിച്ചു. അതുപോലെ പല ഉദ്യോഗസ്ഥന്മാരും ഇവിടെയുണ്ടായിരുന്നു. ഇപ്പോൾ പോലീസ് ഉറങ്ങുമ്പോൾ കള്ളൻ ഉണരുന്നു. കട്ടവനെ കിട്ടിയില്ലെങ്കിൽ കിട്ടിയവനെ പിടിക്കുന്നു. ഇതു മാറണം. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നല്കുന്ന കാര്യത്തിൽ കടുത്ത വിമർശനങ്ങൾ നേരിടുകയാണ്. പത്രങ്ങൾ നോക്കിയാൽ മതി. ഞാൻ പറയുന്നതല്ല. അതിന് ഒരു പ്രധാന കാരണം ബാഹ്യ ഇടപെടലുകളിൽ നിന്ന് സേനയെ മുക്തമാക്കുക. അവരെ പഴയ പ്രതാപത്തിലേക്ക് കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അറയ്ക്കരുത്. അടുത്ത കാലത്ത് എം.ജി. കോളേജിൽ ഒരു സംഭവം നടന്നു. നമ്മുടെ കണ്ണ് തുറപ്പിക്കുന്നതാണ്. ഐ. ജി.-മാരെക്കാളും മൂത്ത് കോൺസ്റ്റബിൾമാർ ഉണ്ടാകുന്നത് ഡിസിപ്ലിൻഡ് ഫോഴ്സിന് പറ്റിയതല്ല. ഒരു പോലീസുകാരൻ പരാതിയുമായി വന്നാൽ കാപ്പിയും കൊടുത്തു വിടുന്നതല്ല സംഘടന.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, അങ്ങ് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് സംസാരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിൽ ആഭ്യന്തര വകുപ്പ് പൂർണ്ണമായും പരാജയമെന്നല്ലേ അങ്ങ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ : മതി....മതി. 1980 തൊട്ട്, അതിനു മുമ്പുമൊക്കെ ഊർജ്ജസ്വലനായ രാഷ്ട്രീയ പ്രവർത്തകനായിരുന്നു ഞാൻ. സംഗതികളെല്ലാം ശരിതന്നെ. എം.എൽ.എ.-മാർക്കും എം.പി.-മാർക്കും ഗവൺമെന്റ് ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും പെൻഷൻ കിട്ടുന്നു. എല്ലാവർക്കും വാശിയോടെ കൊടുക്കുകയാണ്. നിർഭാഗ്യമെന്നു പറയട്ടെ, ലോക്കൽ സെൽഫ് ഗവൺമെന്റ് എന്നു പറഞ്ഞ് ഒരു ഗവൺമെന്റുണ്ട്. അവിഭാജ്യ ഘടകമാണ്. ആ പഞ്ചായത്ത് മെമ്പർമാർക്കു കൂടി പെൻഷൻ അനുവദിക്കണം. ഞാനത് പുതുതായി പറയുകയാണ്. പെൻഷൻ പറ്റിയ ഗവൺമെന്റ് ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്ന തീയതി മുതൽ മെഡിക്കൽ അലവൻസ് ലഭിക്കണം. നിർഭാഗ്യമെന്നു പറയട്ടെ, 55 വയസ്സു കഴിഞ്ഞാൽ കൊടുക്കുകയില്ല, കാരണം 60 വയസ്സിനകത്ത് അവൻ മരിക്കും. 60 വയസ്സ് കഴിഞ്ഞാലേ കൊടുക്കുകയുള്ളൂ. 55 വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ ഉണ്ടല്ലോ? അവർക്ക് മെഡിക്കൽ അലവൻസ് ഇല്ല. അതുപോലെതന്നെ നല്ല ഒരു മെഡിക്കൽ ബെനിഫിറ്റ് സ്കീം ഉണ്ടായിരുന്നു. അത് നിർത്തിയിരിക്കുകയാണ്. അത് പുനരാരംഭിക്കണം. സാംസ്കാരിക രംഗത്തെ നേട്ടമെന്ന നിലയിൽ ചെമ്പഴന്തി ശ്രീനാരായണ പഠനകേന്ദ്രത്തിന് 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. സാമ്പത്തിക ബാദ്ധ്യതയൊന്നും കൂടാതെ ചെയ്യാവുന്ന ഒരു വലിയ കാര്യമുണ്ട്. മുമ്പും ഇക്കാര്യം ഞാൻ സഭയിൽ പറഞ്ഞിട്ടുണ്ട്. സ്കൂൾ പാഠപുസ്തകത്തിൽ ഗുരുദേവകൃതികൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമവായത്തിലൂടെ നടപ്പിലാക്കുന്നത് നല്ലതാണ്. വേറൊരു ദുഃഖകരമായ കാര്യമുണ്ട്. നാടാർ സമുദായം വളരെ പ്രത്യേകതകളുള്ള ഒരു സമുദായമാണ്. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഒരു കൂരയ്ക്കു കീഴിൽ മതവൈരം കൂടാതെ കഴിയുന്നു. സംവരണ കാര്യത്തിൽ നാടാർ സമുദായത്തെ ഭിന്നിപ്പിക്കരുത്. അത് ദ്രോഹമാണ്. തമിഴ്നാട്ടിൽ സ്വീകരിച്ചു വരുന്നതുപോലെ മതപരിഗണന കൂടാതെയുള്ള സംവരണനയം നാടാർ സമുദായത്തിന് അനുവദിക്കണം. ഭരണ നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയ്ക്ക് 17.5 കോടി രൂപ അനുവദിച്ചു. പതിനാല് നിയോജകമണ്ഡലം ഉണ്ട്. പനകയറ്റ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, അഭിമാനമുള്ള കർഷകർ-കർഷകത്തൊഴിലാളികൾ തുടങ്ങിയവർ ജീവിക്കുന്ന പാവപ്പെട്ടവരുടെ ഒരു മണ്ഡലമാണ് പാറശ്ശാല. ഒരു കോടി രൂപയും ഒന്നരക്കോടി രൂപയും രണ്ടു കോടി രൂപയും പങ്ക് വച്ചപ്പോൾ പാറശ്ശാല മണ്ഡലത്തിന് വെറും 39 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇത്രയും വലിയ ഒരു അവഗണന ഇതുവരെ ഉണ്ടായിട്ടില്ല. ഏറ്റവും കുറഞ്ഞ തുക എന്റെ നിയോജക മണ്ഡലത്തിനാണ്. ഇതിൽ ശക്തമായ പ്രതിഷേധമുണ്ട്. ഇത് തിരുത്തണം. ന്യായമായ രീതിയിൽ വിഹിതം വർദ്ധിപ്പിച്ച് പാറശ്ശാലയോട് കാണിച്ച വിവേചനത്തിന് പരിഹാരം കാണണം. എന്റെ പ്രസംഗത്തിന് വിടവാങ്ങലിന്റെ സ്വരം നൽകുന്നില്ല. ബഡ്ജറ്റിനെ ഒരിക്കൽ കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. മുരളി]

ഡോ. തോമസ് ഐസക്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ഈ നിയമസഭയിൽ നടക്കുന്ന ഈ ഗവൺമെന്റിന്റെ ആറാമത്തെ ബഡ്ജറ്റ് ചർച്ചയാണിത്. ഇതിനു മുമ്പ് ഇവിടെ നടന്ന ചർച്ചകളിലെല്ലാം ഞങ്ങൾ ഉന്നയിച്ചിരുന്ന വിമർശനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ആശങ്കകളും ശരിവയ്ക്കുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റ് എന്നുപറഞ്ഞാൽ വരവിന്റേയും ചെലവിന്റേയും ഒരു പട്ടികയല്ല. ആ വരവ് ചെലവ് നമ്മുടെ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന രീതിയിലുള്ളതാവണം. അത്തരത്തിലുള്ള ഒരു ബഡ്ജറ്റ് അല്ല, അത്തരത്തിലുള്ള നയസമീപനങ്ങളല്ല യു.ഡി.എഫ്. ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത് എന്നുള്ളതാണ് ഞങ്ങളുടെ വിമർശനം. ഈ ബഡ്ജറ്റിന്റെ സ്ഥിതി എടുക്കാം. ഇതിന്റെ അടിസ്ഥാന അനുമാനം തന്നെ നമ്മുടെ സംസ്ഥാനം വലിയൊരു സാമ്പത്തിക കുതിപ്പിലാണ് എന്നുള്ളതാണ്. 9.2% വളർച്ച. ഇതൊരു കിക്ക് എസ്റ്റിമേറ്റാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ കഴിഞ്ഞ രണ്ട് വർഷത്തെ കിക്ക് എസ്റ്റിമേറ്റിന് മൂന്നു വർഷം കഴിഞ്ഞപ്പോൾ എന്തു സംഭവിച്ചു എന്നുനോക്കിയാൽ 20% ആണ് മാറ്റം. -2.5 എന്നുള്ളത് +2.5 ആയി. അങ്ങനെയുള്ള ഒരു കണക്കിനെ ആസ്പദമാക്കി കേരളം തിളങ്ങുന്നു എന്ന ക്യാംപയിൻ ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് ഉണ്ടാക്കുമ്പോൾ എങ്ങനെയിരിക്കും? അതുപോലുള്ള ഒരു ബഡ്ജറ്റാണ് ഇത്. നമ്മൾ നേരിടുന്ന പ്രശ്നങ്ങൾ ഇന്ന് തുടങ്ങിയതല്ല. ഈ കുതിപ്പ് എന്നുപറയുന്നത് ഈ വർഷം ഉണ്ടായിട്ടുള്ളതുമല്ല. 1980-കളുടെ അവസാനം മുതൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ വന്നിരിക്കുന്ന അടിസ്ഥാന ഗതിമാറ്റത്തിന്റെ ഭാഗമാണ്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ ശ്രീ. ഡി. നാരായണ എന്റെ സഹപ്രവർത്തകനാണ്. അദ്ദേഹത്തിന്റെ പി.എച്ച്.ഡി. പ്രബന്ധം തന്നെയുണ്ട്. എക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലിയിൽ കേരള വികസനത്തെ സംബന്ധിച്ച് നടക്കുന്ന സംവാദത്തിന്റെ അടിസ്ഥാന പ്രശ്നം പുതിയ ഘട്ടത്തിന്റെ പ്രത്യേകതകൾ എന്ത് എന്നുള്ളതാണ്. ഈ കുതിപ്പിന്റെ പിന്നിലെ കിതപ്പ് തന്നെ മന്ത്രിക്ക് മനസ്സിലാവുന്നില്ല. അത് എന്താണ്? ദേശീയ ശരാശരിയെക്കാൾ കൂടുതൽ വേഗത്തിൽ കേരളം വളരുന്നുണ്ടെങ്കിൽ 90-കളുടെ അവസാനം മുതൽ ഒരു വലിയ മാറ്റം വന്നു. ആഗോളവൽക്കരണത്തിന്റെ തിരിച്ചടിമൂലം നമ്മുടെ പരമ്പരാഗത വ്യവസായ മേഖലയ്ക്കും കാർഷിക മേഖലയ്ക്കും തകർച്ചയും മാന്ദ്യവുമാണ്. ഈ മേഖലകളെ കഴിഞ്ഞ നാലു ബഡ്ജറ്റുകളും അവഗണിച്ചു എന്ന് കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കുമ്പസാരം നടത്തിയല്ലോ. കുമ്പസരിച്ച് കഴിഞ്ഞിട്ട് അവസാന വർഷത്തെ ബഡ്ജറ്റിലെങ്കിലും പാസ്സാക്കേണ്ടതല്ലേ? പോകുമ്പോൾ എങ്കിലും ഈ മേഖലയ്ക്ക് എന്താണ് മാറ്റിവച്ചിട്ടുള്ളത്? അവിതർക്കിതമായ കണക്കുകളുണ്ട്. നമ്മുടെ വാർഷിക പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് എന്ത് പണമാണ് നീക്കിവച്ചത്? 9-ാം പദ്ധതിക്കാലത്തെ ഏറ്റവും മോശമായ ഒരു വർഷം നിങ്ങളുടെ ഭരണകാലത്തേതാണ്. എങ്കിൽപ്പോലും പദ്ധതി അടങ്കലിന്റെ 7.24% കാർഷിക മേഖലയ്ക്കു മാറ്റി വച്ചിട്ടുണ്ട്. അതിനുശേഷം പത്താം പദ്ധതിയിൽ എന്താണ് ഇങ്ങനെയിരിക്കുന്നത് ? ഒന്നാം വർഷം 6.29, രണ്ടാം വർഷം 4.84, മൂന്നാം വർഷം 6.25. 2005-06, നിങ്ങളുടെ അവസാന വർഷം 3.36 ആണ്. കേരളത്തിന്റെ ചരിത്രത്തിൽ കാർഷിക മേഖലയ്ക്ക് ഏറ്റവും കുറവ് വിഹിതം നീക്കിവച്ചത് നിങ്ങൾ ഇപ്പോൾ പൂർത്തിയാക്കിയ വർഷത്തിലാണ്. വരാൻ പോകുന്ന പദ്ധതികൾ വരുന്ന സർക്കാർ നടപ്പിലാക്കും. അതിന് എന്താണ് നീക്കിവച്ചിട്ടുള്ളത്? 5.43%. ഇതല്ലേ സ്ഥിതി ? കാർഷിക മേഖലയെക്കുറിച്ച് വലിയ പ്രഖ്യാപനങ്ങൾ എത്ര വേണമെങ്കിലും നടത്താം.

LIBRARY ARCHIVES Kerala Legislative Assembly

അവസാനം വരുമ്പോൾ എത്ര പണം നീക്കിവച്ചു ? ഇതല്ലേ പ്രശ്നം ? തദ്ദേശഭരണ സ്ഥാപനങ്ങൾ, പ്ലാനിംഗ് ബോർഡിന്റെ പഠനമുണ്ട്. 30% ഉൽപ്പാദന മേഖലയ്ക്ക് നീക്കി വയ്ക്കണമെന്നുള്ളതിൽ ഇളവ് നൽകി. ഇളവ് നൽകി, ഇളവ് നൽകി കഴിഞ്ഞ വർഷം പ്ലാനിംഗ് ബോർഡ് പറഞ്ഞത് ഈ മേഖലയിലെ നിബന്ധന തന്നെ എടുത്തുമാറ്റണമെന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് മുമ്പ് പ്ലാനിംഗ് ബോർഡിന്റെ പഠനം നിങ്ങൾ പരിശോധിച്ചില്ലേ? വളരെ വിചിത്രമായ നിർദ്ദേശങ്ങളല്ലേ? നിങ്ങളുടെ സർക്കാരിന് ഒരു വികസന കാഴ്ചപ്പാടുണ്ടോ ? ആസൂത്രണമെന്നു പറയുന്നത് ഓരോ തട്ട് പഞ്ചായത്തിനും ഓരോ തട്ട് സർക്കാരിനും ഇഷ്ടമുള്ളത് ചെയ്യാനുള്ള അധികാരം നൽകലല്ല. സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് ഓരോ തട്ടിലും ഉചിതമായ തീരുമാനങ്ങൾ എടുക്കുക എന്നതാണ്. അതാണ് പ്ലാനിംഗ് ബോർഡ് പറഞ്ഞിട്ടുള്ളത്. ഇതിന്റെ ഫലമായി 9-ാം പദ്ധതിക്കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ കാർഷിക മേഖലയ്ക്ക് നീക്കിവച്ചതിന്റെ പകുതി ഇപ്പോൾ നീക്കി വയ്ക്കുന്നില്ല. അതാണ് കേരളം ഇന്ന് നേരിടുന്ന ഗൗരവമായ പ്രശ്നങ്ങളോട് മുഖം തിരിഞ്ഞു നിൽക്കുന്ന ഒരു ബഡ്ജറ്റാണ് നിങ്ങളുടേതെന്ന് പറയാൻ കാരണം. പരമ്പരാഗത വ്യവസായങ്ങളെടുക്കാം. ചെറുകിട-കുടിൽ വ്യവസായങ്ങൾ 9-ാം പദ്ധതിക്കാലത്ത് 9.37% ആണ്. കണക്ക് ആർക്കുവേണമെങ്കിലും കൂട്ടി നോക്കാം. പത്താം പദ്ധതിയുടെ നാല് വർഷത്തെ ശരാശരി എത്രയാണെന്ന് അറിയാമോ ? 1.43% ആണ്. വാചകമടിച്ചതു കൊണ്ട് കാര്യമില്ല. നിങ്ങൾ തയ്യാറാക്കുന്ന പദ്ധതി, ബഡ്ജറ്റ് ഈ മേഖലകൾക്ക് എന്ത് നീക്കിവച്ചു എന്നുള്ളതാണ് പ്രശ്നം. ബഹുമാനപ്പെട്ട കയർ വകുപ്പുമന്ത്രി ഇവിടെ ഇല്ല. ബഡ്ജറ്റ് ചർച്ചകളിൽ ഓരോന്നിലും ഞങ്ങൾ പറഞ്ഞതാണ്. കയർ മേഖലയിലെ നമ്മുടെ സഹകരണ സംഘങ്ങളെ പുനഃസ്ഥാപിക്കണം; പുനരുദ്ധരിക്കണം എന്നുള്ളത്. അവയ്ക്കുള്ള പണം നീക്കിവയ്ക്കണം. 5 വർഷവും അത് ചെയ്യാത്തതിന്റെ ഫലമായിട്ട് ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങേക്ക് തന്നെ പറയേണ്ടിവന്നത് 800 സംഘം ഉള്ളതിൽ 400 സംഘവും പൂട്ടി. ബാക്കിയുള്ളത് 400, ഞങ്ങൾ തൊഴിലാളി സംഹകരണ സംഘത്തിന് പകരം ഉൽപ്പാദക സഹകരണസംഘം ഉണ്ടാക്കാൻ പോകുകയാണെന്ന്. 1957-ൽ സർക്കാർ നിയോഗിച്ചിട്ട് പ്രസിദ്ധീകരിച്ച തെയ്യുണ്ണി മേനോൻ എന്നു പറയുന്ന മാന്യന്റെ അവിടുത്തെ ഉൽപ്പാദക സംഘങ്ങളെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് ലെജിസ്ലേച്ചർ ലൈബ്രറിയിൽ ഉണ്ട്. വായിച്ച് നോക്കണം. 50 വർഷം മുൻപുള്ള സ്ഥിതിയിലേക്ക് ഈ വ്യവസായത്തെ നിങ്ങൾ കൊണ്ടു പോകുകയാണ്. പണം നീക്കി വയ്ക്കുന്നില്ലെന്നു മാത്രമല്ല ഉള്ള പണം, ഈ വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ പേരും, ഈ സർക്കാർ തന്നെ നിയോഗിച്ച എല്ലാ ട്രേഡ് യൂണിയനുകളുടേയും പ്രതിനിധികൾ എക്സപോർട്ടർമാരുടെ പ്രതിനിധികൾ, ഡയറക്ടറേറ്റിന്റെ പ്രതിനിധികൾ, കയർ ബോർഡിന്റെ പ്രതിനിധികൾ ഇവരെല്ലാവരും അടങ്ങുന്ന സമിതി ഏകകണ്ഠമായി പറഞ്ഞു സഹകരണ സംഘങ്ങൾക്കാണ് പണം നൽകേണ്ടതെന്ന്. ആ സമവായം പോലും നടപ്പാക്കാൻ തയ്യാറായില്ലല്ലോ. മാറ്റി വച്ചിരിക്കുന്ന പണം മുഴുവൻ പിരി മേഖലയിലെ സ്വാശ്രയ സംഘങ്ങൾക്കല്ലേ? ഇതാണ് നയം. ഭാഗ്യത്തിന് ഇത് നടപ്പാക്കുന്നതിനുള്ള അവസരം നിങ്ങൾക്ക് ലഭിക്കാൻ പോകുന്നില്ല. ഈ നയം തിരുത്തപ്പെടും എന്നുള്ളതിന് യാതൊരു സംശയവും ഇല്ല. കാർഷിക മേഖലക്ക് 6% അല്ല സർ, ഏറ്റവും ചുരുങ്ങിയത് പദ്ധതിയുടെ 10% അടങ്കൽ എങ്കിലും മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കാനുള്ള അഭിപ്രായ സമന്വയം ഇവിടെ വേണ്ടേ? ഞങ്ങൾ വയ്ക്കുന്ന ബദൽ നിർദ്ദേശം അതാണ്. പരമ്പരാഗത കാർഷിക മേഖലയിൽ, അങ്ങ് മറുപടി പറയുമ്പോൾ എങ്കിലും ഈ പദ്ധതി അടങ്കലിന്റെ 15% നമ്മുടെ പരമ്പരാഗത കാർഷിക മേഖലകൾക്ക് മാറ്റി വയ്ക്കാൻ തയ്യാറാണോ? ഇതാണ് ഞങ്ങൾ ചോദിക്കുന്ന ചോദ്യം. ഇതാണ് ഞങ്ങൾ ജനങ്ങൾക്ക് മുമ്പിൽ വയ്ക്കാൻ പോകുന്ന ചോദ്യം. ഇതുവരെ ഞാൻ പറഞ്ഞത്, അർഹമായ വിഹിതം ഈ മേഖലയ്ക്ക് കൊടുക്കുന്നുണ്ടോയെന്നാണ്. ഇനി ഒറ്റ പ്രശ്നം ഈ പ്രഖ്യാപിച്ച സ്കീമുകൾക്ക് ആവശ്യമായ പണം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ? അങ്ങനെ പരിശോധിക്കുകയാണെങ്കിൽ ഈ പരിശോധനയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങയുടെ ബഡ്ജറ്റ് ഒരു ചെപ്പടി വിദ്യയാണെന്ന് ബോധ്യപ്പെടുന്നത്. കൃഷിക്കാർക്ക് പെൻഷൻ, കേരളത്തിലെ ഭൂവുടമകളിൽ 80 ശതമാനവും ഒരു ഹെക്ടറിൽ താഴെ അല്ലേ? പ്ലാന്റേഷൻസിനെ മാറ്റി വച്ചുകഴിഞ്ഞാൽ. എത്ര ലക്ഷമാണ്? പത്ത് കോടി കൊണ്ട് ആയിരം രൂപ വച്ച് ഒരു ലക്ഷം പേർക്ക് അല്ലേ കൊടുക്കാൻ പറ്റൂ. നിങ്ങൾ പ്രഖ്യാപിച്ച പെൻഷനുള്ള പണം മാറ്റി വച്ചിട്ടുണ്ടോ? നാട്ടിലെ പാവപ്പെട്ടവർക്ക്, ബി.പി.എൽ. ഫാമിലീസിനു വേണ്ടിയുള്ള ഇൻഷ്വറൻസ് സ്കീം, അതെന്ത് വിവാദമാണ്? എത്രയാണ് മാറ്റി വച്ചിരിക്കുന്നത്? 5 ലക്ഷം രൂപ അല്ലേ? സർക്കാർ 33 കോടി രൂപ പ്രീമിയം നൽകണം, 33 കോടി രൂപ നമ്മുടെ പഞ്ചായത്തുകൾ, 33 കോടി രൂപ ഗുണഭോക്താക്കൾ, പണം ഇറക്കാത്ത പഞ്ചായത്തുകളുടെ പേരിൽ നടപടി എടുക്കും. അവരുടെ പേര് ഏകപക്ഷീയമായി വെട്ടിമാറ്റുമെന്ന് പ്രഖ്യാപിക്കുമ്പോൾ ആദ്യം ഈ സംസ്ഥാന സർക്കാരിനെ അല്ലേ കുറ്റപ്പെടുത്തേണ്ടത്? 5 ലക്ഷം രൂപയല്ലേ വകയിരിത്തിയിരിക്കുന്നത്, ഇൻഷ്വറൻസിന്റെ പേരിൽ? ഞങ്ങൾ ഇനി വേറെ കണ്ടെത്തുമെന്ന് പറഞ്ഞാൽ വേറെ ഏത് സ്കീമാണ് നിങ്ങൾ വേണ്ടെന്ന് വയ്ക്കാൻ പോകുന്നത്? ഈ ഇൻഷ്വറൻസ് സ്കീം പഞ്ചായത്ത് വഴി നടപ്പാക്കണം. നിങ്ങൾ എന്നെങ്കിലും പഞ്ചായത്തുകാരോട് ഈ സ്കീം എന്താണെന്ന് സംസാരിച്ചിട്ടുണ്ടോ? പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ വന്നിട്ട് ഞങ്ങളെ വിളിച്ച് ചർച്ച ചെയ്യണമെന്നു പറഞ്ഞിട്ട് മന്ത്രി അവരെ വിളിച്ച് ചർച്ച ചെയ്തോ? ഏതെങ്കിലും ഉദ്യോഗസ്ഥൻ വിശദീകരിച്ചോ എന്നുള്ളതല്ല. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ സർക്കാരിനോട് ചോദിക്കുകയാണ് എന്താണ് ഈ സ്കീം? 400 രൂപ പാവപ്പെട്ടവർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നു. 300 രൂപ കേന്ദ്ര സർക്കാരിന്റേത്. 99 രൂപ നമ്മുടെ ബാക്കി എല്ലാവരുടേതും. അങ്ങനെ 399 രൂപ പ്രീമിയം അടച്ചാൽ 1800 രൂപയുടെയെങ്കിലും ആനുകൂല്യം ഓരോ വീടിനും കൊടുക്കാൻ ഇൻഷ്വറൻസ് കമ്പനി ബാധ്യസ്ഥരാണ്. എന്താണ് പറയാൻ കാരണം? ദേശീയ സാമ്പിൾ സർവ്വെ പ്രകാരം ആയിരം പേരിൽ എത്ര പേർക്ക് കിടത്തി ചികിത്സ വേണ്ടിവരും? അതിന് എന്ത് ചെലവ് വരും എന്നുള്ള കണക്കുണ്ട്. ആ കണക്ക് വച്ചു നോക്കുമ്പോൾ ഈ പ്രീമിയത്തിന്റെ ഏഴ് മടങ്ങ് സർക്കാർ അംഗീകരിച്ചിട്ടുള്ള കണക്ക് പ്രകാരം ആനുകൂല്യം കൊടുക്കണം. എങ്ങനെ ഈ കമ്പനി കൊടുക്കും എന്ന് ചോദിച്ചാൽ ആരെങ്കിലും ഇവിടെ മറുപടി പറയണ്ടേ? അങ്ങനെ ഒരു സ്കീം അംഗീകരിച്ചുകഴിഞ്ഞാൽ ഇൻഷ്വറൻസ് കമ്പനി നൽകേണ്ട ആനുകൂല്യങ്ങൾ പി.എച്ച്.സി. വഴി, നമ്മുടെ പൊതു ആരോഗ്യ സംവിധാനം വഴി സർക്കാർ പണം മുടക്കി കൊടുക്കുന്നത് ശരിയാണോ? അപ്പോൾ ആ കമ്പനിയെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കുകയല്ലേ? ഇപ്പോൾ നിങ്ങൾ വെട്ടിക്കുറയ്ക്കാൻ പോകുകയാണ്. പി.എച്ച്.സി. യിൽ പോണോ? സ്വകാര്യ ആശുപത്രികളിൽ പോലും ചികിൽസ കിട്ടുമെന്നാണ് പറയുന്നത്. ഇതിന്റെ ഫലം എന്തായിരിക്കും? നമ്മുടെ പൊതു ആരോഗ്യ സംവിധാനം തന്നെ തകരാൻ നാളെ ഈ ഇൻഷ്വറൻസ് കമ്പനി 400 രൂപ പ്രീമിയം അടച്ചാൽ 2800 രൂപ ചെലവ് വരും, അതുകൊണ്ട് പ്രീമിയം കൂട്ടണമെന്ന് പറഞ്ഞാൽ ഏത് സർക്കാർ എവിടെനിന്ന് എടുത്തു കൊടുക്കും? അങ്ങനെ ഗൗരവമായി കേരളത്തിൽ ഇതുവരെ തുടർന്നു വന്ന ആരോഗ്യ നയത്തിൽ, നിങ്ങൾ അടിസ്ഥാനപരമായി മാറ്റം വരുത്തുമ്പോൾ ഈ രാഷ്ട്രീയ പാർട്ടികളെ വിളിച്ച് ചർച്ച ചെയ്യണം എന്നു പറഞ്ഞാൽ എന്തേ ചർച്ച ചെയ്യാൻ തടസ്സം? എന്നിട്ട് ഈ പരിപാടി പ്രഖ്യാപിച്ചിട്ട് ഈ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത് 5 ലക്ഷം രൂപയാണ്. ഇതിലേറെ പരിഹാസ്യമായ കാര്യമുണ്ടോ? ഇതിൽ കുടുംബശ്രീയെക്കുറിച്ച് പറയാതിരിക്കാൻ വയ്യ. കുടുംബശ്രീ ശ്രീ. ചന്ദ്രബാബു നായിഡു ഉണ്ടാക്കിയ ഒരു സ്വയം സഹായ സംഘസംവിധാനമല്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പകരമായിട്ട് community based development കാഴ്ചപ്പാടിൽ ലോക ബാങ്കിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കുന്ന സ്വയം സഹായ സംഘസംവിധാനമല്ല കുടുംബശ്രീ. നിങ്ങൾക്ക് ഒരുപക്ഷെ മനസ്സിലാകില്ല. എന്താണ് കാര്യം എന്ന് അറിയാമോ? യു.ഡി.എഫ്. ന്റെ തെരഞ്ഞെടുപ്പ് പത്രികയിൽ കുടുംബശ്രീ എന്ന ഒരു വാക്ക് നിങ്ങൾക്ക് കാണിച്ചു തരാൻ പറ്റുമോ? കുടുംബശ്രീക്ക് പകരം നടപ്പാക്കാൻ തീരുമാനിച്ച കുടുംബ സംഗമത്തിന് മൂന്ന് പേജ് നിങ്ങളുടെ മാനിഫെസ്റ്റോയിൽ മാറ്റിവച്ചതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ആവിഷ്കരിച്ച കുടുംബശ്രീ സ്കീമിനു പകരം കുടുംബ സംഗമം. മൂന്ന് പേജാണ്. കുടുംബശ്രീ എന്നുള്ളതിനെക്കുറിച്ച് ഒരു വാക്ക് മാനിഫെസ്റ്റോയിൽ ഇല്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മുകളിലല്ല. അതിന് കീഴ്പ്പെട്ടാണ്. ഇതിന്റെ ഒക്കെ അധിപൻ കുടുംബശ്രീ മിഷനല്ല. അങ്ങനെ വേണ്ടെന്നാണ് ആ സ്കീമിൽ തീരുമാനിച്ചിട്ടുള്ളത്. ഓരോ പഞ്ചായത്തിലേയും ഓരോ മുനിസിപ്പാലിറ്റിയിലേയും സി.ഡി.എസ്. സ്വതന്ത്രമായ രജിസ്ട്രേഡ് ചാരിറ്റബിൾ സൊസൈറ്റികളാണ്. അത് ചന്ദ്രബാബു നായിഡുവിന്റെ സംവിധാനം പോലെ മുകളിൽനിന്ന് ഓർഡർ കൊടുത്താൽ 33 രൂപ പഞ്ചായത്തിന്റെ പ്ലാനിൽ കട്ട് ചെയ്തുകൊള്ളും ബാക്കിയുള്ളത് താഴത്തുനിന്ന് പിരിച്ചു കൊടുത്തുകൊള്ളും എന്ന് തീരുമാനിപ്പിച്ച് ആ രീതിയിലേക്ക് ഈ മിഷൻ പോകണ്ട, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് കീഴ്പ്പെട്ട് തന്നെ മറ്റ് ഭരണ സംവിധാനങ്ങൾ നിന്നാൽ മതി. ഇനിയെങ്കിലും ഈ സ്കീമിന്റെ വരും വരായ്കകളെക്കുറിച്ച് പറയണം. തെരഞ്ഞെടുപ്പിന് രണ്ട് മാസം അല്ലേയുള്ളൂ. ഈ അര നൂറ്റാണ്ട് കാലം കേരളത്തിലെ ആരോഗ്യ മേഖലയിൽ നിലനിന്നിരുന്ന ഈ നയത്തെ കടപുഴക്കി എറിയുമ്പോൾ എല്ലാവരും കൂടി ചർച്ച ചെയ്യണ്ടേ? അതുപോലെ ശമ്പള പരിഷ്ക്കരണത്തിന് എത്രയാണ് നിങ്ങൾ കൂട്ടിവച്ചിരിക്കുന്നത്? ശമ്പള ചെലവ് 12.6% ആണ് വർദ്ധന കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് തുക വച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം ശമ്പള പരിഷ്കരണം ഇല്ലാതിരുന്നിട്ട് പോലും 19% ആണ് ശമ്പളം വർദ്ധിച്ചിട്ടുള്ളത്. സാധാരണ ഗതിയിൽ നടക്കുന്ന ശമ്പള ചെലവിലുള്ള വർദ്ധന അത് മാത്രം മാറ്റി വച്ചിട്ട് ഈ ശമ്പള പരിഷ്ക്കരണത്തിനുള്ള പണം എവിടെ നിന്നാണ് കണ്ടെത്തുന്നത്? 12 മാസവും മാസാമാസം പെൻഷൻ നൽകുമെന്ന് പ്രഖ്യാപിച്ചു. 12 മാസവും

LIBRARY ARCHIVES Kerala Legislative Assembly

നൽകാനുള്ള കർഷക തൊഴിലാളി പെൻഷനും എല്ലാം മാറ്റിവച്ചിട്ടുണ്ടോ? ഇല്ലല്ലോ? തികയില്ല. 12 മാസത്തിന്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പണം 1400 കോടി രൂപ പ്ലാനിൽ ഉണ്ടെന്ന് പറയുന്നു. രണ്ട് മാസം മുമ്പ് അല്ലേ പഞ്ചായത്ത്-മുനിസിപ്പൽ തെരഞ്ഞെടുപ്പിനും യു.ഡി.എഫ്. ഒരു പ്രകടന പത്രിക ഇറക്കിയത്. 35% ഇനിമേൽ നൽകുമെന്ന്. രണ്ട് മാസമല്ലേ കഴിഞ്ഞിട്ടുള്ളൂ. ധനകാര്യ വകുപ്പുമന്ത്രി അന്ന് തന്നെ പ്രസംഗിച്ചില്ലേ? പ്ലാനിന്റെ 25% അല്ലേ വരൂ. ഇനി പ്ലാനിന്റെ 25% എന്നു പറയുന്നതിൽ വല്ല അർത്ഥവും ഉണ്ടോ? പ്ലാൻ ബഡ്ജറ്റ് ഡോക്യുമെന്റ് എടുക്ക്. അവിടെ തദ്ദേശ ഭരണ സ്ഥാപനം ഉണ്ടോ? Non plan devolution ആയിട്ട് അതാതു കാലത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ ഇഷ്ടപ്രകാരം നൽകാവുന്ന തുകയായിട്ട് നിങ്ങൾ ഇത് മാറ്റിയില്ലേ ? 35% എന്ന് നിങ്ങൾ തന്നെ പറയേണ്ടിവന്നത് എന്തുകൊണ്ടാണ്? ലക്ഷക്കണക്കിനാളുകൾ എൽ.ഡി.എഫ്. ആകട്ടെ യു.ഡി.എഫ്. ആകട്ടെ കേരളത്തിൽ നാലഞ്ച് വർഷക്കാലം വികേന്ദ്രീകരണത്തിന് വേണ്ടി ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നിന്ന് പറഞ്ഞ് പറഞ്ഞ് നമ്മൾ ഉണ്ടാക്കിയ ലക്ഷ്മണ രേഖയാണ് പ്ലാനിന്റെ നിശ്ചിത ശതമാനമെന്ന് പറയുന്നത്.

ആരോട് ചർച്ച ചെയ്തിട്ടാണ് നിങ്ങൾ ഇത് വേണ്ടന്നുവച്ചത്? നിങ്ങൾ മൂന്നാം ധനകാര്യ കമ്മീഷന്റെ കാര്യമാണോ പറയുന്നത്? ഏത് ക്യാബിനറ്റ് അംഗീകരിച്ചു മൂന്നാം ധനകാര്യ കമ്മീഷൻ? അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്

12 Noon] ഈ നിയമസഭയിൽ വച്ചിട്ടുണ്ടോ ധനകാര്യ വകുപ്പുമന്ത്രി? ഒരു രേഖ നിങ്ങളുടെ കയ്യിലുണ്ട്. ഞങ്ങൾക്ക് അറിയാമോ എന്താണ് രേഖ എന്നുള്ളത്? ആരെയെങ്കിലും കാണിച്ചിട്ടുണ്ടോ? കേരളത്തിലെ ഒരു അസോസിയേഷനും ഈ മാറ്റം വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. അപ്പോൾ നിങ്ങൾ ക്യാബിനറ്റ് അംഗീകരിക്കാത്ത ഒരു രേഖ വച്ചു. അതിൽ ഇഷ്ടമുള്ള ചിലത് എടുത്ത് ഏകപക്ഷീയമായി നടപ്പാക്കി. ഈ കമ്മീഷൻ വച്ചപ്പോൾ തന്നെ അറിയാം ഇതിനുവേണ്ടിയാണെന്ന്. ഹിന്ദു പത്രത്തിൽ ഒരു ലേഖനം വന്നു. കേരളത്തിൽ ആദ്യമായിട്ടാണ് ഒരു വിദഗ്ധൻ പുറത്തുനിന്ന് ഇല്ലാതെ ഉദ്യോഗസ്ഥരെ മാത്രം വച്ച് ഒരു കമ്മിറ്റി വച്ചിരിക്കുന്നത്. ഇഷ്ടമുള്ളത് തീരുമാനിപ്പിക്കാനാണ്. എന്നിട്ട് ഈ കമ്മീഷൻ എന്താണ് ചെയ്തിരിക്കുന്നത് ? നോൺ പ്ലാൻ ഗ്രാന്റിൽ നമ്മുടെ രണ്ട് വർഷം മുമ്പുള്ള നികുതി വരുമാനത്തിന്റെ ഒൻപത് ശതമാനം നൽകണമെന്ന് രണ്ടാം ധനകാര്യ കമ്മീഷൻ തീരുമാനമെടുത്തു. നിങ്ങൾ നടപ്പാക്കി തുടങ്ങി എന്ന് പ്രഖ്യാപിച്ച് ഒരുപാട് കയ്യടി വാങ്ങിച്ചു. ആ തത്വപ്രകാരം ഈ വർഷത്തെ ബഡ്ജറ്റിൽ നിങ്ങൾ 816 കോടി രൂപ മാറ്റിവയ്ക്കണം. മാറ്റി വച്ചിരിക്കുന്നത് 649 കോടി രൂപ. കഴിഞ്ഞ വർഷം നിങ്ങൾ 657 കോടി രൂപ കൊടുത്തപ്പോൾ ഈ നോൺ പ്ലാൻ ഇനത്തിൽ 649 കോടിയല്ലേ നീക്കിവച്ചിട്ടുള്ളത്? യഥാർത്ഥത്തിൽ കൊടുക്കേണ്ടത് 816 അല്ലേ ? ഇത് മൂന്നാം ധനകാര്യ കമ്മീഷന്റെ തീർപ്പാണെങ്കിൽ നിങ്ങൾ നിയോഗിച്ച ഈ ധനകാര്യ കമ്മീഷൻ ഇൻഡ്യാ രാജ്യത്തെ ..... ഞാൻ ഒന്നാം ധനകാര്യ കമ്മീഷന്റേയും രണ്ടാം ധനകാര്യ കമ്മീഷന്റേയും എൻ.ഐ.ആർ.ഡി.-യുടേയും മുഴുവൻ കാര്യങ്ങളും താരതമ്യ പഠനം നടത്തിയിട്ടുണ്ട്. ഒരൊറ്റ സംസ്ഥാനത്തുപോലും കൊടുത്ത ആനുകൂല്യം തിരിച്ചുപിടിച്ചിട്ടില്ല. ഇൻഡ്യാ രാജ്യത്ത് ആദ്യമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പാക്കിയിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

പണം നിയമ പ്രകാരം വെട്ടിച്ചുരുക്കിയിരിക്കുകയാണ്. ഇതാണ് സംഭവിച്ചിരിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിങ്ങൾ പണം നൽകുന്നില്ല. വിഷൻ 2010. ഇവിടെ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുചേർത്തു. വിളിച്ചു ചേർത്തതിൽ 2010-ലെ വിഷന് വേണ്ടി .... 2010 വിഷൻ എന്നു പറയുന്നത് തന്നെ ഒരു അസംബന്ധമാണ്. വിഷൻ എന്ന് പറഞ്ഞാൽ ദൂരക്കാഴ്ചയാണ്. അഞ്ച് വർഷക്കാലത്തിനുള്ളിൽ നടക്കേണ്ട കാര്യങ്ങളെ പ്രോഗ്രാം എന്നോ മറ്റോ പറയാതെ വിഷൻ എന്ന് പറഞ്ഞാൽ എങ്ങനെയാണ് ശരിയാകുന്നത്? ആ പേരുകൊണ്ടു തന്നെ നിങ്ങൾ അർത്ഥം വയ്ക്കുന്നത് വിഷൻ ആണ്. നടപ്പാക്കാനുള്ള ഏർപ്പാടല്ല.. 2182 കോടി രൂപ സർക്കാർ മുടക്കണം. അതിൽ നിങ്ങൾ ആദ്യ വർഷം 2005-2006-ൽ 100 കോടി രൂപ മുടക്കും എന്നും 2006-2007-ൽ 200 കോടി രൂപ മുടക്കുമെന്നും പറഞ്ഞു. എവിടെ ഈ പണം? ഇനി ഇങ്ങനെ 300 കോടി രൂപ രണ്ട് വർഷം മുടക്കിയാലും 2180 കോടി രൂപയാണ്. ബാക്കിയുള്ള മൂന്ന് വർഷംകൊണ്ട് എത്ര മുടക്കാം? നടപ്പാക്കാനുള്ള പ്രഖ്യാപനമല്ല ഇക്കാര്യത്തിലുള്ളത്. സമയം തീർന്നതുകൊണ്ട് ഞാൻ വിശദമായി പോകുന്നില്ല. ഞാൻ അങ്ങയോട് പറയുന്നത് ശമ്പളത്തിലും പ്രഖ്യാപിച്ച സ്കീമിലും ചെലവിനു വേണ്ടിവരുന്ന പണം അങ്ങ് വകയിരുത്തിയിട്ടുണ്ടെങ്കിൽ അങ്ങയുടെ റവന്യൂ കമ്മി സർവ്വകാല റിക്കാർഡ് ആയിരിക്കും, അഞ്ച് ശതമാനമെങ്കിലും. അതല്ലേ സ്ഥിതി? ഇത് എന്താണ് കാണിക്കുന്നത്? ധനകാര്യ മാനേജ്മെന്റിന്റെ മികവാണോ? നമ്മുടെ ധനകാര്യ സ്ഥിതിയുടെ ഫണ്ടമെന്റൽസിൽ മാറ്റം വരുത്താൻ കഴിഞ്ഞിട്ടില്ല. നിയമസഭയിൽ എപ്പോഴും പറയും, 2001-ൽ ചെക്ക് മടങ്ങിയില്ലേ, 2001-ൽ ട്രഷറി പൂട്ടിക്കിടന്നില്ലേ, ഇന്ന് അങ്ങനെ പൂട്ടിക്കിടക്കുന്നുണ്ടോ എന്ന്. ധനകാര്യ മാനേജ്മെന്റിന്റെ മികവ് അത് മാത്രമല്ല. ആകസ്മികമായി വരവിൽ ഒരു കുറവ് വന്നാൽ അത് മാനേജ് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ 2001 പോലെയുള്ള പ്രശ്നങ്ങൾ വരും. എന്താണ് ഉണ്ടായത്? പതിനൊന്നാം ധനകാര്യ കമ്മീഷന്റെ തീരുമാനമനുസരിച്ച് വരുമാനം കിട്ടും എന്ന് കരുതി ബഡ്ജറ്റ് തയ്യാറാക്കുന്നു. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ തീർപ്പ് വന്നു ബഡ്ജറ്റിന് ശേഷം. 600 കോടി രൂപ കുറവ്. വില കുത്തനെ ഇടിഞ്ഞതിന്റെ ഫലമായി നികുതി വരുമാനം കുറയുന്നു. ഒരു ക്രൈസിസ് ഉണ്ട്. അതിന്റെ പ്രശ്നങ്ങൾ വന്നു. അത് നിങ്ങൾ കവർ അപ് ചെയ്യുന്നുണ്ട്. എങ്ങനെയാണ് മാനേജ്മെന്റ്? പല രീതിയിൽ ആണ്. ഇന്ന് കാലത്ത് അങ്ങയോട് ചോദിച്ചല്ലോ പ്ളാൻ എത്ര വട്ടം വെട്ടിച്ചുരുക്കി? ചെലവാകാതെ പണം മാറ്റി വച്ചതല്ല, പ്ളാനിംഗ് ബോർഡ് തീരുമാനമെടുത്ത് പ്ളാനിംഗ് കമ്മീഷനെ അറിയിച്ച വെട്ടിച്ചുരുക്കലിനെക്കുറിച്ചാണ് അങ്ങയോട് ചോദിച്ചത്. നിങ്ങളുടെ ഭരണത്തിൽ എല്ലാ വർഷവും അംഗീകരിച്ച പ്ളാൻ നിങ്ങൾ വെട്ടിച്ചുരുക്കി. ഇതല്ലേ ധനകാര്യ മാനേജ്മെന്റ്? വരുമാനത്തിനനുസരിച്ച് ചെലവ് ചുരുക്കിയത്..... ബിൽ സമ്പ്രദായം വന്നു. ഒരാളും ചെക്കുമായി ട്രഷറിയിൽ വരില്ല. പഞ്ചായത്തിന്റെ മുന്നിൽ നിൽക്കുകയേയുള്ളു. നല്ല മാനേജ്മെന്റ് തന്നെ. ഈ പൊടിക്കൈയൊക്കെ വച്ച് മേനി നടിക്കേണ്ട. റവന്യൂ കമ്മി നിങ്ങളുടെ ചെലവനുസരിച്ച് എടുത്തു കഴിഞ്ഞാൽ എത്ര വരുമെന്ന് അങ്ങ് തന്നെ കണക്കാക്കണം. ഇതിന്റെ ഫലമായി വായ്പ എടുക്കേണ്ടി വരുന്നു. വായ്പ എന്നു പറഞ്ഞാൽ മൊത്തം തുകയല്ല, ശതമാനമാണ് നോക്കേണ്ടത് എന്നാണ്. ഈ ശതമാനത്തിന്റെ വർദ്ധനവല്ല നോക്കേണ്ടത്. അത് വേറൊരു

LIBRARY ARCHIVES Kerala Legislative Assembly

പൊടിക്കൈയാണ്. കടഭാരം അറിയണമെങ്കിൽ ദേശീയ വരുമാനത്തിനെ സംസ്ഥാന വരുമാനത്തിന്റെ ശതമാനമായി കണക്കാക്കണം. കേരള സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 36.89% ആയിരുന്നു 2000-2001-ൽ നിങ്ങൾ വരുമ്പോൾ. ഇന്ന് എത്രയാണെന്ന് അറിയുമോ? അങ്ങയുടെ ബഡ്ജറ്റ് പറയുന്നത് 43 ശതമാനമെന്ന്. കടഭാരം കൂടിയോ കുറഞ്ഞോ? നമ്മുടെ ഫിനാൻസ് സെക്രട്ടറി Administrative Staff College-ൽ അവതരിപ്പിച്ച ഒരു പ്രസന്റേഷന്റെ മുഴുവൻ റിപ്പോർട്ട് ഞാൻ നോക്കി. കേരളം Fiscal Stress-ൽ ആണ് എന്ന് സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. അതിൽത്തന്നെ ഒത്തിരി ഉദ്ധരിക്കുന്ന ഡോ. ഇന്ദിരയുടെ റിസർവ്വ് ബാങ്കിന്റെ പഠനം എന്റെ കയ്യിലുണ്ട്. അതിൽ അങ്ങ് ചെയ്യുന്നതുപോലെ നമ്മുടെ ധനകാര്യ പരിപാടി മുന്നോട്ടു പോയാൽ അവർ പറയുന്നത് അടുത്ത വർഷമാകുമ്പോൾ 60,000 കോടിയേക്കാൾ കൂടുതൽ നമ്മുടെ കടഭാരം വരുമെന്നാണ്. ഫിനാൻസ് സെക്രട്ടറിയുടെ പ്രസന്റേഷനിൽ തന്നെ ഉണ്ട് നമ്മുടെ fiscal stress-ന്റെ സൂചികകൾ ഓരോന്ന് എടുത്തിട്ട് എവിടെയാണ് കേരളം നിൽക്കുന്നതെന്ന്. അതുകൊണ്ട് ഞാൻ അങ്ങയോട് പറയുന്നത് ഇതിന്റെ ഫണ്ടമെന്റൽസിൽ മാറ്റം വരുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. വരവും ചെലവും തമ്മിലുള്ള വിടവ്മൂലമാണ് വായ്പ എടുക്കേണ്ടി വരുന്നത്. ഇവിടെ നമ്മൾ തമ്മിലുള്ള വ്യത്യാസം എന്താണ്? ഈ fiscal consolidation-ന് അഞ്ച് വർഷമായി നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് Across the Board- Expenditure Cut, Expenditure squeeze..... ഇത് കേരളത്തിൽ നടക്കില്ലെന്ന് നിങ്ങൾ 5-ാം വർഷം സ്വയം പ്രഖ്യാപിച്ചിരിക്കുകയാണ്. പിടിച്ചുവച്ച ആനുകൂല്യങ്ങൾ തിരിച്ചു കൊടുക്കുകയാണ്. പാടില്ല എന്ന് പറഞ്ഞതെല്ലാം ചെയ്യാൻ നിർബന്ധിതരായി. നമ്മുടെ വരുമാനത്തിന്റെ, റവന്യൂ റെസീപ്റ്റിന്റെ മേഖലയിൽ ഇടപെടാൻ പറ്റുമോ എന്നുള്ളതാണ് പ്രശ്നം. ഞാൻ കണക്ക് പറയാം. നമ്മുടെ സംസ്ഥാനത്തെ ചെലവ് സംസ്ഥാന വരുമാനത്തിന്റെ ശതമാനമായി കണക്കാക്കിയാൽ 1997-98-ൽ 14.4 ശതമാനം. ഇന്ന് അത് 13.4 ശതമാനമായിരിക്കുന്നു. നമ്മുടെ Expenditure-Income Ratio (STP Ratio) ഇതിനു താഴെയാണ്. പിന്നെ ആർക്കാണ് ചെലവ് കൂടിയത് കൊണ്ടാണ് ഈ സംസ്ഥാനത്ത് കുഴപ്പം ഉണ്ടായത് എന്ന് പറയാൻ പറ്റുക ? യഥാർത്ഥത്തിൽ റവന്യൂവിന്റെ സ്ഥിതി എന്താണ്? 1997-98-ൽ 18.15 ശതമാനം ഉണ്ടായിരുന്നത് ഇന്ന് 17.7 ശതമാനമാണ്. അവിടെയാണ് പ്രശ്നം. ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് വാറ്റ് വന്നപ്പോൾ എന്തുകൊണ്ട് ആയിരം കോടി കുറഞ്ഞു എന്ന് വിശദീകരിക്കാൻ നിങ്ങൾ തയ്യാറായില്ല? കൺസ്യൂമർ സ്റ്റേറ്റ് എന്ന് പറയുന്നതിൽ ഒരു ന്യായവുമില്ല. നിങ്ങളുടെ പ്ലസ് പോയിന്റ്, പന്ത്രണ്ടര ശതമാനം നികുതി ചുമത്തുന്നുണ്ട്. കൺസ്യൂമർ സ്റ്റേറ്റ് ആയതുകൊണ്ട് കേരളത്തിന് വരുമാനം നഷ്ടപ്പെടേണ്ട ആവശ്യമില്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഇപ്പോൾ, As on today .... നമ്മളുടേത് സമമാണ്. വരുമാനത്തിൽ ഒരു കുറവുമില്ല.

ഡോ. തോമസ് ഐസക്: അങ്ങനെയാകട്ടെ. സമമായാൽ പോര വരുമാനം കൂടണം. സമമാകുന്നതിന്റെ ഫലമായിട്ട് 18% ഉണ്ടാകുന്നതിന്റെ .....

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : 1000 കോടി കുറഞ്ഞിട്ടില്ല. സമമായിട്ടുണ്ട്.

ഡോ.തോമസ് ഐസക്: അപ്പോൾ 1000 കോടി കുറഞ്ഞിട്ടില്ല; സമമായിയെന്ന്. അങ്ങനെ വരുന്നതിന്റെ ഫലമായിട്ടാണ് 18 ശതമാനത്തിൽ നിന്ന് റവന്യൂ 17 ശതമാനമായി മാറുന്നത്. സമയക്കുറവുമൂലം ഞാൻ ഞങ്ങളുടെ ബദൽ നിർദ്ദേശങ്ങൾ വയ്ക്കുന്നില്ല. റവന്യൂ എങ്ങനെ വർദ്ധിപ്പിക്കാം, ലക്ഷ്വറി ഗുഡ്സിന് 22 ശതമാനം നികുതി ചുമത്തിയിരുന്നത് വാറ്റ് വന്നതോടുകൂടി 12.5 ശതമാനം ആക്കിയത് എന്തിന്റെ അടിസ്ഥാനത്തിലാണ്? ഇത് ഫോർ റേറ്റ് സിസ്റ്റത്തിലേക്ക് മാറ്റാൻ കഴിയില്ലേ? അങ്ങ് ഇത്തവണ സ്വർണ്ണത്തിന് കോമ്പൗണ്ടിംഗ് ഏർപ്പെടുത്തി. കെ.ജി.എസ്.ടി.യിൽ 4 ശതമാനം നികുതിയുണ്ടായിരുന്ന, ഭീമമായ നികുതി വെട്ടിപ്പ്, കോമ്പൗണ്ടിംഗ് ഏർപ്പെടുത്തി, അവിടെയും വെട്ടിപ്പ്, അതുകൊണ്ട് വാറ്റ് സമ്പ്രദായം കൊണ്ടുവന്നപ്പോൾ കോമ്പൗണ്ടിംഗ് വേണ്ടെന്നു വച്ചു. എന്നിട്ട് അദ്ദേഹം പറയുന്നു ഗോൾഡ് കച്ചവടക്കാർ എല്ലാം നികുതി വെട്ടിച്ചുകൊണ്ടിരിക്കുന്നുവെന്ന്. അതുകൊണ്ട് ഇപ്പോൾ എന്താണ് ചെയ്യാൻ പോകുന്നത്? ഈ വെട്ടിച്ച താഴ്ന്ന നികുതി നിലവാരത്തിൽനിന്ന് 15-20% കൂട്ടി കോമ്പൗണ്ട് ചെയ്യാനും അതുവഴി ഇന്നത്തെ നികുതി വെട്ടിപ്പ് ശാശ്വതമാക്കാനുമുള്ള ഏർപ്പാടല്ലേ ചെയ്യുന്നത്? ഇന്ന് നികുതി വെട്ടിപ്പിന്റെ ഫലമായിട്ട് സ്വർണ്ണ കച്ചവടക്കാർ പൂർണ്ണ നികുതി നൽകുന്നു എന്ന് അങ്ങുതന്നെ സമ്മതിച്ചു. എന്തിനാണ് കോമ്പൗണ്ട് ചെയ്യാൻ സമ്മതിച്ചു കൊടുക്കുന്നത്? ഈ താഴ്ന്ന നിലവാരത്തിൽ ഇനി മേൽ എല്ലാ വർഷവും 15% കൂട്ടിയെടുത്താൽ മതിയെന്നല്ലേ? പിന്നെയെന്താണ്?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, കോമ്പൗണ്ട് ചെയ്യുന്നത് 4 ശതമാനം നികുതിയുണ്ടായിരുന്നപ്പോൾ അവർ അടച്ചതിന്റേയാണ്. 4 ശതമാനം ടാക്സ് ഉണ്ടായിരുന്നപ്പോൾ അവർ അടച്ചതിനേക്കാൾ ഒരു ശതമാനമായി നമ്മൾ കുറച്ചു. അപ്പോൾ ഒരു ശതമാനം കുറച്ചതിന്റെ ഇൻപുട്ട് ടാക്സ് കൂടെ കൊടുക്കുന്നു. അപ്പോൾ നമ്മുടെ വരുമാനം വളരെ കുറഞ്ഞു. അതുകൊണ്ട് ചെയ്യുന്ന കോമ്പൗണ്ടിംഗ് ഫെസിലിറ്റി എന്താണെന്നുവച്ചാൽ, അവർ 4% ടാക്സ് ആയിരുന്നപ്പോൾ എത്രതന്നോ അതിന്റെ 115% എന്ന് കോമ്പൗണ്ട് ചെയ്യാവുന്നതാണ്.

ഡോ. തോമസ് ഐസക് : അങ്ങയുടെ തന്നെ നിലപാട് ഈ 4% ആക്കിയപ്പോൾ അവർ നികുതി വെട്ടിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. അപ്പോൾ ഈ ബേസ് ശരിയല്ലായെന്നുള്ളതല്ലേ? ഞാൻ പറയുന്നത് നമ്മുടെ നികുതി വരുമാനം സംസ്ഥാന വരുമാനത്തിന്റെ വിഹിതമായി കണക്കാക്കുമ്പോൾ കുറഞ്ഞുവരുന്നു, എന്തുകൊണ്ട്, എന്നുള്ളതല്ലേ ഗൗരവമായി പരിഗണിക്കേണ്ട വിഷയം. രണ്ട് പോയിന്റുകൂടി എനിക്കു പറയാനുണ്ട്. ഒന്ന്, ഇവിടെ ശ്രീ. ടി. എൻ. പ്രതാപനും, ശ്രീ. എം. എം. ഹസ്സനും എ.ഡി.ബി. വായ്പയെക്കുറിച്ച് ചില ചോദ്യങ്ങൾ ഉന്നയിക്കുകയും, അതിനു ഉത്തരം കിട്ടിയിട്ടില്ലായെന്നു പറയുകയും ചെയ്തു. എ.ഡി.ബി.-യുടെ നിബന്ധനകളിൽ വരുത്തിയ മാറ്റങ്ങളുടെ അടിസ്ഥാനത്തിലാണ് ആദ്യം എടുത്ത നിലപാടിൽനിന്ന് ഞങ്ങൾ നിലപാട് മാറ്റിയതെന്നുപറഞ്ഞപ്പോൾ ശ്രീ. ടി. എൻ. പ്രതാപന്റെ വാദം ഞങ്ങൾ സൈറ്റെല്ലാം പോയി നോക്കിയിട്ടും ഒരു വ്യത്യാസവും കാണാൻ കഴിഞ്ഞില്ലായെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2002-മുതൽ നടക്കുന്ന ചർച്ചയും തർക്കവും ബഹളവുമാണ്. ഞാൻ അതിന്റെ ഓരോ ഘട്ടത്തിലും വരുത്തിയ മാറ്റങ്ങളിലേയ്ക്ക് കടക്കുന്നില്ല. സമയമില്ലാത്തത് കൊണ്ട് ഞാൻ അങ്ങ് തരുന്ന സൗജന്യം ദുരുപയോഗം ചെയ്യുന്നില്ല. പക്ഷേ 2005 നവംബറിൽ അവസാനത്തേത്, ഇനി, 2005 ഓഗസ്റ്റിൽ, ഏതാനും മാസങ്ങൾക്കു മുമ്പുള്ള Loan Appraisal Mission-ന്റെ Aid Memoir ഞാൻ രണ്ടുമൂന്നെണ്ണം വായിക്കാം. അതിൽ മൂന്നാമത്തെ അഷ്വറൻസ് Conversion of stand posts to individual metered house service connections. എല്ലാം വീട് അടിസ്ഥാനത്തിലുള്ള മീറ്റേർഡ് കണക്ഷൻസാക്കി മാറ്റണം. ഇപ്പോൾ ഒപ്പു വച്ചിട്ടുള്ള കരാറിൽ Conversion of stand posts to individual metered house services connections and/or metering the stand posts.....Aid Appraisal Mission–ന്റെ നാലാമത്തെ അഷ്വറൻസ്.....To introduce service tax in each Municipal Corporation to meet the shortfall of revenue needed from, to fund 'O' and 'M' of the expanded supply. 'O' and 'M' പൂർണ്ണമായിട്ട് ഉൾക്കൊള്ളാൻ പറ്റുന്ന രീതിയിൽ ചാർജ്ജ് വർദ്ധിപ്പിക്കണം.

മി. ചെയർമാൻ : ഈ പോയിന്റോടുകൂടി കൺക്ലൂഡ് ചെയ്യണം. You have taken eleven minutes more.

ഡോ. തോമസ് ഐസക് : Introduce Service Tax and/or other revenue resource mobilization, Aid Memoir – ൽ, മേയറല്ലാതെ വേറെയാരും കോർപ്പറേഷൻ സമിതിയിലില്ല. മുഴുവൻ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർമാരും, സംസ്ഥാനതലത്തിൽ ഒരു മേയറും. ജനപ്രതിനിധിയില്ല, മുഴുവൻ മേയർമാരും. ..... ആയിക്കോട്ടെ. നിങ്ങൾ വരുത്തിയ മാറ്റം ഞാൻ സമയക്കുറവുമൂലം എടുക്കുന്നില്ല. രേഖ വച്ച്.....

ശ്രീ. കെ. ശങ്കരനാരായണൻ : ഇത്ര വിഷമിച്ച് ആർഗ്യൂ ചെയ്യണ്ട. എ.ഡി.ബി. ലോൺ ആദ്യം സംസ്ഥാന ഗവൺമെന്റ് വാങ്ങിയപ്പോൾ അങ്ങും, അങ്ങയുടെ പാർട്ടിയും പറഞ്ഞ രണ്ട് പോയിന്റിന് അങ്ങ് മറുപടി പറയണം, അല്ലെങ്കിൽ അങ്ങയുടെ പാർട്ടി മറുപടി പറയണം. നിങ്ങൾ ഇതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഇത് വാചകങ്ങളിലുള്ള വ്യത്യാസങ്ങളല്ലാതെ ഒരു മാറ്റവും വരുത്തിയിട്ടില്ല. അങ്ങ് പറഞ്ഞത്, അങ്ങയുടെ പാർട്ടി പറഞ്ഞത് എ.ഡി.ബി.-യിൽ നിന്നും, വേൾഡ് ബാങ്കിൽ നിന്നും, ലോൺ വാങ്ങുന്നതിനുപകരം ഇവിടത്തെ നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നോ, കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നിന്നോ വാങ്ങിയാൽ പോരെയെന്നല്ലേ ഡോ. തോമസ് ഐസക് ? അതിന്റെ മറുപടി പറയുക.

ഡോ. തോമസ് ഐസക് : ഞാൻ അതിന് ശ്രമിക്കുന്നില്ല. പക്ഷേ ഞങ്ങളുടെ നയമെന്തെന്ന് പറയാം. ആ നയം ഇന്ന് പറയുന്നതല്ല, ഒന്നര വർഷം മുമ്പ് ഞങ്ങളുടെ പാർട്ടി കോൺഗ്രസ്സ് ചേർന്ന് പ്രഖ്യാപിച്ചിട്ടുള്ള നയം ഒന്ന്. A.D.B, W.T.O, ലോകബാങ്ക് ഇവർ നമ്മളെ നന്നാക്കാൻ ഇറങ്ങിയിട്ടുള്ളവരല്ല. അവർക്ക് അവരുടേതായ ഉന്നങ്ങളും കാഴ്ചപ്പാടുകളും ഉണ്ട്. അതുകൊണ്ട് ഇത്തരം വായ്പ എടുക്കുന്നവർ ജാഗ്രത പുലർത്തണം. ഇത്തരം വായ്പകൾ സംസ്ഥാനത്തിനുമേൽ കെട്ടിവയ്ക്കുന്ന കേന്ദ്രനയത്തിനെതിരെ പ്രക്ഷോഭം നടത്തണം. എന്നാൽ ഈ സംസ്ഥാനങ്ങൾ പ്രവർത്തിക്കുന്നത് ഫെഡറൽ സംവിധാനത്തിനുള്ളിലാണ് കേന്ദ്രപദ്ധതിക്ക് എടുക്കുന്ന വായ്പ എല്ലാം വേണ്ടെന്നു വയ്ക്കുക സാധ്യമല്ല. അതുകൊണ്ട് ഈ പ്രചാരണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുമ്പോൾത്തന്നെ ഇപ്പോൾ ചെയ്തതുപോലെ ഇതിന്റെ ഓരോന്നിന്റെയും വരും വരായ്കകൾ നോക്കി ഗുണദോഷ വിചാരണ നടത്തി തെറ്റായ നിബന്ധനകൾക്കെതിരെ പോരാടി കടുത്ത ജനവിരുദ്ധ നിബന്ധനകളില്ലെങ്കിൽ അത് പരിശോധിക്കാം. ഇതുതന്നെയാണ് ഞങ്ങൾ ചെയ്തിട്ടുള്ളത്. ഇന്ന് ഈ സഭയിൽ ഒരു റിപ്പോർട്ട് വച്ചിട്ടുണ്ട്. പുലി വരുന്നേയെന്ന് കുറെ നാളായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് റൂൾ 58 പ്രകാരം ചർച്ച വേണമെന്നും പറഞ്ഞിട്ടുണ്ട്. ഈ സഭയിൽ സി. ആന്റ് എ. ജി. യുടെ പല റിപ്പോർട്ടുകളും വച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം വച്ച റിപ്പോർട്ടിൽ നമ്മുടെ കുറ്റ്യാടി പദ്ധതിയെക്കുറിച്ചുള്ള വിശദമായ പരാമർശങ്ങളുണ്ട്. രണ്ടിന്റെയും MOU ഒപ്പ് വച്ചിട്ടുള്ളത് ബഹുമാനപ്പെട്ട പത്മരാജൻ മിനിസ്റ്ററാണ്. രണ്ടിന്റെയും അടിസ്ഥാന കരാർ, കൺസൾട്ടൻസി എന്നുപറയുന്നത് ശ്രീ. ജി. കാർത്തികേയൻ മിനിസ്റ്ററാണ്. അല്ല. ... കുറ്റ്യാടിയിൽ ശ്രീ. പത്മരാജനും, ഇവിടെ ശ്രീ. ജി. കാർത്തികേയനും, ഇനി അതിന്റെ addendum ആയിട്ട് വരുന്ന കരാർ കുറ്റ്യാടിയിൽ ശ്രീ. ജി. കാർത്തികേയനും, ഇവിടെ ശ്രീ. പിണറായി വിജയനും. രണ്ടിടത്തും ലാവ്‌ലിൻ. രണ്ടും സംബന്ധിച്ച സി. ആന്റ് എ. ജി. റിപ്പോർട്ട് ഏതാണ്ട് സമം. അതുകൊണ്ട് റൂൾ 58 പ്രകാരം ഇതുമാത്രം വേണ്ട. ബ്രഹ്മപുരവും, കുറ്റ്യാടിയുമെല്ലാം നമുക്ക് ചർച്ച ചെയ്യാം. ഇവിടെയാർക്കും ഭയമൊന്നുമില്ല. ഞങ്ങൾ റൂൾ 58 പ്രകാരം നോട്ടീസ് നൽകുന്നുണ്ട്. ഈ ബഡ്ജറ്റ് യഥാർത്ഥത്തിൽ നിങ്ങളുടെ ധനനയങ്ങളുടെ പൊള്ളത്തരങ്ങൾ വെളിപ്പെടുത്തുകയാണ്. യഥാർത്ഥ ചെലവ് വകയിരുത്തിയാൽ റെക്കാർഡ് കമ്മിയിലാണ് നിങ്ങൾ എത്തിച്ചേരുക. ഇതിനുത്തരങ്ങളില്ല. ഇതൊക്കെ ചെയ്തിട്ടും കേരളത്തിന്റെ ഏറ്റവും ഗൗരവമായ പ്രശ്നങ്ങളോട് കാർഷിക മേഖല, പരമ്പരാഗത മേഖലകളിലുള്ളവരോട് നിങ്ങൾ മുഖംതിരിച്ചു നിൽക്കുകയാണ്. ഇതിനെതിരായി ജനങ്ങൾ നൽകിയ വിധിയെ എഴുത്തിൽനിന്നുപോലും പാഠങ്ങൾ പഠിക്കാൻ നിങ്ങൾ തയ്യാറല്ല. അതിന് വലിയ വില നിങ്ങൾ നൽകേണ്ടിവരുമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു.

ശ്രീ. തമ്പാനൂർ രവി: സർ, ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. തികഞ്ഞ ആത്മവിശ്വാസത്തോടെയും സഹിഷ്ണമായ നിർവ്വഹണ സംതൃപ്തിയോടെയുമാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ 2006-07-ലെ ബഡ്ജറ്റ് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ആറാമത്തെ ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റ് കേരള ജനത സ്വാഗതം ചെയ്ത് കഴിഞ്ഞു. 5 വർഷത്തെ ഭരണംകൊണ്ട് കേരളത്തിൽ ഒരു വികസന പരമ്പര സൃഷ്ടിച്ച് സമസ്തജനവിഭാഗങ്ങളുടേയും താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോയത്. കമ്മ്യൂണിസ്റ്റ്-മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷ ജനാധിപത്യമുന്നണിയും കൈക്കൊണ്ട വികലമായ കാഴ്ചപ്പാടും വികസന വിരുദ്ധ നയങ്ങളുമാണ് കേരളത്തിന്റെ വികസനത്തെ പിന്നോട്ടുകൊണ്ടുപോയത്. യു.ഡി.എഫ്. ഭരിച്ച കഴിഞ്ഞ നാലേമുക്കാൽ കൊല്ലവും വികസന വിരുദ്ധ നിലപാടുകളാണ് സി.പി.ഐ.(എം) ഉം എൽ.ഡി.എഫ്. ഉം സ്വീകരിച്ചിട്ടുള്ളത്. അതിനുശേഷം തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് പഠന കോൺഗ്രസ്, വികസന സെമിനാർ, കേരളത്തിന്റെ വളർച്ചാനിരക്ക് 12 ശതമാനം വരണം എന്നിവ സംബന്ധിച്ച് വലിയ ചർച്ചയാണ്. ഫൈവ്സ്റ്റാർ യാത്രകൾ, ഹൈ ടീം മീറ്റിംഗുകൾ,

LIBRARY ARCHIVES Kerala Legislative Assembly

പുതിയ പ്രാതൽ സംസ്ക്കാരം അതെല്ലാം വരുന്ന തെരഞ്ഞെടുപ്പ് മുന്നിൽകണ്ടാണ് നടത്തുന്നത്. നിങ്ങൾക്ക് എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? ഡോ. തോമസ് ഐസക് അതിവിദഗ്ദ്ധനായ, ധനകാര്യ രംഗത്തെ പ്രഗത്ഭനായ ആളാണ്. ഈ ഗവൺമെന്റിന് വികസന കാഴ്ചപ്പാടുണ്ടോയെന്ന് അദ്ദേഹം ചോദിച്ചു. ഞാൻ പറയുന്നു, ഈ ഗവൺമെന്റിനെന്നല്ല കേരള പിറവിക്കുശേഷം കേരളത്തിൽ അധികാരത്തിൽ വന്നിട്ടുള്ള കോൺഗ്രസ് നേതൃത്വം കൊടുത്ത യു.ഡി.എഫ്. ഗവൺമെന്റുകൾക്കു മാത്രമേ വികസന സമീപനമുണ്ടായിട്ടുള്ളൂ. കേരളത്തിലെ എല്ലാ മേഖലയിലും വികസനം കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളത് യു.ഡി.എഫ്. ഗവൺമെന്റുകൾക്കുമാത്രമാണ്. നിങ്ങൾക്ക് രണ്ടു സമീപനമല്ലേ? ഭരിക്കുമ്പോൾ നിങ്ങളുടെ സമീപനമെന്താണ്? നിങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ നിങ്ങളുടെ സമീപനമെന്താണ്? നിങ്ങൾ പ്രതിപക്ഷത്തിരുന്നാൽ ഭരിക്കുന്ന ഗവൺമെന്റ് ഏത് നല്ല കാര്യം ചെയ്താലും അതിനെ നഖശിഖാന്തം എതിർക്കുകയാണ് ചെയ്യുന്നത്. അതാണോ ജനാധിപത്യത്തിൽ ഒരു പ്രതിപക്ഷത്തിന്റെ കടമ? ഭരണകക്ഷി ഭരിക്കുമ്പോഴുണ്ടാകുന്ന തെറ്റുകൾ പ്രതിപക്ഷം ചൂണ്ടിക്കാണിക്കണം. അത് വസ്തുതാപരമായിരിക്കണം. നിങ്ങൾ അതാണോ ചെയ്യുന്നത്? നിങ്ങൾക്ക് ബംഗാളിൽ ഒരു സമീപനം, ഇവിടെ ഒരു സമീപനം. എ.ഡി.ബി.യെപ്പറ്റി ഇവിടെ പറഞ്ഞല്ലോ. എ.ഡി.ബി. വായ്പ ബംഗാളിൽ വാങ്ങാം അല്ലേ? വ്യവസ്ഥകളിൽ മാറ്റം വന്നു എന്നാണ് പറയുന്നത്. ഒരു വ്യവസ്ഥയ്ക്കും മാറ്റം വന്നില്ല. ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു ഒരു മാറ്റവും വന്നിട്ടില്ല. ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തരുത്. എനിക്ക് അതേ പറയാനുള്ളൂ. ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. കേരളത്തിൽ ഈ ബഡ്ജറ്റിൽ സമസ്തജനവിഭാഗങ്ങളുടേയും താത്പര്യങ്ങൾ സംരക്ഷിച്ചിരിക്കുകയാണ്. നാലേമുക്കാൽ വർഷത്തെ ഭരണം അതാണ് ചൂണ്ടിക്കാണിക്കുന്നത്. പുതിയ നികുതികൾ ഈ ബഡ്ജറ്റിലില്ല. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം മാർച്ചിൽ കൊടുക്കുമെന്ന് അസന്നിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. തുക മാറ്റി വച്ചിട്ടുണ്ട്. അതിൽ എത്ര വേണമെന്നുള്ള തർക്കമല്ലേയുള്ളൂ. അതൊക്കെ ആ സമയത്ത് കൊടുത്തുകൊള്ളും. അതുപോലെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണം, കൈത്തറി മേഖല, ക്ഷീര മേഖല, സർക്കാർ ഉദ്യോഗസ്ഥരുടെ അപകട ഇൻഷ്വറൻസ് എന്നിവയ്ക്ക് പണം വകയിരുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഡി.എ. യും മറ്റും നൽകുന്നതിന് 80 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. നാളികേരത്തിനും കൊപ്രക്കും 4 ശതമാനം പ്രവേശന നികുതി ഏർപ്പെടുത്തി. കർഷകരെ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കുന്നു. കർഷകർക്ക് പെൻഷൻ നൽകുന്നതിനും കുടുംബശ്രീക്കും ആശ്രയ പദ്ധതിക്കും 70.84 കോടി രൂപയും അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുട്ടികൾക്ക് ധനസഹായം നൽകാനുള്ള പുതിയ പദ്ധതിക്കും ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ കേരളത്തിലെ സാധാരണക്കാരായ എല്ലാ വിഭാഗം ആളുകൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഏറ്റവും നല്ല ബഡ്ജറ്റായിട്ടാണ് ഈ ബഡ്ജറ്റിനെ കാണുന്നത്. ലോകമെമ്പാടും സാമ്പത്തിക രംഗത്ത് മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാവുകയാണ് ഇന്ത്യ അടുത്ത 10 വർഷത്തിനകം ലോകത്തിലെ ഏറ്റവും വലിയ ഒരു സാമ്പത്തിക ശക്തിയായി മാറാൻ പോകുന്നു. സ്വിറ്റ്സർലാൻഡിലെ ദാവോസിൽ നടന്ന ലോക സാമ്പത്തിക സമ്മേളനത്തിൽ നമ്മുടെ മുഖ്യമന്ത്രി പങ്കെടുത്തു. അപ്പോൾ ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ആകർഷണ കേന്ദ്രമായി നമ്മുടെ ഇന്ത്യാരാജ്യം മാറിയിരിക്കുകയാണ്. അതുപോലെ ഇവിടെ എല്ലാ മേഖലയിലും വികസനമാണ്. ഈ ഗവൺമെന്റിന്റെ വികസന കാഴ്ചപ്പാടെന്താണെന്ന് ഡോ. തോമസ് ഐസക് ചോദിച്ചല്ലോ. നിങ്ങൾക്കുണ്ടായോ ഞങ്ങളുടെ വികസന കാഴ്ച്പ്പാടുകൾ? ഞാൻ ചോദിക്കട്ടെ, ഇവിടെ ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റ് ഞങ്ങളുടെ ആറാമത്തെ ബഡ്ജറ്റാണ്, അവസാനത്തെ ബഡ്ജറ്റാണ്. ശ്രീ. ടി. ശിവദാസമേനോൻ 2000-ൽ നിങ്ങളുടെ ഗവൺമെന്റിന്റെ അവസാനത്തെ ബഡ്ജറ്റ് അവതരിപ്പിച്ചു. 2000-ലെ ഇക്കണോമിക് റിവ്യൂവിൽ പാര 1 (8)-ൽ പറയുന്നത് The economy of the State during the last few years has been passing through extremely difficult conditions, largely due to the fall in the prices of the principal commodities such as coconut, rubber, pepper, cardamom, tea, coffee etc. എന്നാണ്. എന്നുപറഞ്ഞാൽ ഇത് ചൂണ്ടിക്കാണിക്കുന്നത് നിങ്ങളുടെ ഭരണകാലത്തെ കാർഷിക തകർച്ചയാണ്. ഇപ്പോൾ അതാണോ? ഇപ്പോൾ റബ്ബറിന്റെ വിലയെത്രയാണ്? . നാളികേരത്തിന്റെ വിലയെത്രയാണ്? കാർഷിക രംഗത്ത് മാറ്റം വന്നില്ലേ? നിങ്ങൾ ആ ബഡ്ജറ്റ് ഒന്ന് തുറന്നു സമ്മതിക്കണം. അടുത്തതായി ഇക്കണോമിക് റിവ്യൂവിൽ പറയുന്നത് Sharp increase in the revenue expenditure severely restricted the State Government's ability to raise adequate resources for financing the State's 9th Plan..... എന്നാണ്. പദ്ധതിക്ക് പണം കണ്ടെത്താൻപോലും ഞങ്ങൾക്ക് കഴിയുന്നില്ല എന്ന് തുറന്നു സമ്മതിക്കുന്ന ഡോക്യുമെന്റാണ് ഞാനിവിടെ വായിച്ചത്. അപ്പോൾ ഞാൻ പറയുന്നത് ഭരിക്കാൻ കിട്ടുമ്പോൾ നന്നായി ഭരിക്കാൻ അറിയാതെ കാര്യങ്ങൾ ചെയ്യുക, നല്ലതു ചെയ്താൽ ഞങ്ങളോട് ചോദ്യങ്ങൾ ചോദിക്കുക, അത് നല്ല സ്വഭാവമായിരിക്കും. രണ്ടാമത് ട്രഷറിയെ സംബന്ധിച്ച് അങ്ങ് വാചകമടിച്ചല്ലോ, ശ്രീ. ടി. ശിവദാസമേനോന്റെ കാലത്ത് പാവപ്പെട്ട കാർഗിൽ യുദ്ധത്തിൽ മരിച്ച ജവാന്മാരുടെ ആശ്രിതർക്കുകൊടുത്ത സാമ്പത്തിക സഹായം, ആ ചെക്ക് വണ്ടിച്ചെക്കായി ട്രഷറിയിൽ നിന്നും മടങ്ങിയ കഥ മറന്നുപോയോ? ട്രഷറി പൂട്ടി എന്ന് ഇവിടെ പറഞ്ഞല്ലോ. അന്ന് 365-ൽ 215 ദിവസവും ഓവർ ഡ്രാഫ്റ്റാണ്. ഇന്നോ? ഇന്ന് വെറും 37, 45 ദിവസം മാത്രം. 365-ൽ 215 ദിവസം ട്രഷറി ബാൻ എന്നുപറഞ്ഞാൽ അതിന്റെയർത്ഥം അന്ന് നിങ്ങൾക്ക് ഭരിക്കാനുള്ള ധാർമ്മികമായ അവകാശംപോലുമില്ലെന്നാണ്. അതുപോലെ നിങ്ങൾ ഇപ്പോൾ 12 ശതമാനം വളർച്ചാനിരക്കാണെന്നു പറഞ്ഞു. നിങ്ങളുടെ കാലത്ത് വളർച്ചാ നിരക്ക് എന്താണെന്നറിയണോ? പടവലങ്ങപോലെ കീഴ്പോട്ടാണ്. 1998-99-ൽ 7%, 1999-2000-ൽ 6.8%, 2000-2001-ൽ 5.3%. ഇന്ന് ഞങ്ങളുടെ ഭരണത്തിൽ അത് 9.2 ശതമാനത്തിലേക്കെത്തി. സർവ്വീസ് സെക്ടറിൽ മാത്രം 13.8 ശതമാനം ആണ്. നിലവിലുള്ള വിലനിലവാരത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ വളർച്ചാ നിരക്ക് എന്നുപറയുന്നത് 11.7 ശതമാനം ആണ്. മാത്രവുമല്ല കേരളത്തിലെ ആളോഹരി

LIBRARY ARCHIVES Kerala Legislative Assembly

വരുമാനത്തിന്റെ സ്ഥിതിയെന്താണ്? കേരളത്തിലെ ആളോഹരി വരുമാനം 27,048 രൂപയാണ്. അത് അഖിലേന്ത്യാ ശരാശരിയായ 20,818 രൂപയേക്കാൾ വളരെ ഉയർന്ന നിരക്കിലാണ്. രാഷ്ട്രപതി ഈ സഭയിൽ പ്രസംഗിച്ചത് കേരളത്തിലെ ആളോഹരി വരുമാനം 50,000 ആക്കണമെന്നാണ്. അതിലേയ്ക്കുള്ള ഒരു വലിയ കാൽവയ്പായി ഞാൻ ഈ ആളോഹരി വരുമാനത്തെ കാണുകയാണ്. അതെല്ലാം ഈ ഗവൺമെന്റിന്റെ ഒരു സാമ്പത്തിക അച്ചടക്കമാണ്; ഫിനാൻഷ്യൽ മാനേജുമെന്റൽ എക്സ്പെർട്ടൈസ് ആണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഒരു ഫിനാൻഷ്യൽ വൈദഗ്ദ്ധ്യമാണ് ഈ ഗവൺമെന്റിനുള്ളത്. അതുപോലെ യു.ഡി.എഫ്.-ന്റെ അധികാരം സംബന്ധിച്ച് നിങ്ങൾ പറഞ്ഞില്ലേ? ഇവിടെ ഒന്നും ചെയ്യുന്നില്ലെന്ന് നിങ്ങൾ പറഞ്ഞു. ഞങ്ങൾ ആഗോള നിക്ഷേപം നടത്തി, വ്യവസായികളെ ആകർഷിച്ചു, വിദേശ നിക്ഷേപം വന്നു, തൊഴിൽ രംഗത്ത് വലിയ മാറ്റമുണ്ടായി. ഞാൻ ചോദിക്കട്ടെ, ഈ രംഗത്തെ നിങ്ങളുടെ സമീപനമെന്താണ്? ഇതിലൊക്കെ നിഷേധാത്മക സമീപനമല്ലേ നിങ്ങളുടേത്? ഏതെങ്കിലുമൊരു വ്യവസായം ഇവിടെ വരാൻ നിങ്ങൾ സമ്മതിക്കുമോ? അപ്പോൾ കൊടിപിടിക്കുകയല്ലേ? ഇവിടെ വിദേശ നിക്ഷേപം വേണ്ട അല്ലേ? നിങ്ങൾ ഇപ്പോൾ എതിർക്കുന്നു. നിങ്ങൾ ഭരിച്ചപ്പോഴോ? നിങ്ങൾ ഭരിച്ച സമയത്ത് നിക്ഷേപത്തെക്കുറിച്ച് ഇക്കോണോമിക് സർവ്വേയുടെ പാര 1(18)-ൽ പറയുന്നത് Considering the fact that the demand of infrastructural facilities is large and that the resources required for financing the large investment may be for in excess of what the Government will be able to mobilize, private sector investment and participation will have a major role to play in accelerating the income growth of the State.... എന്നാണ്. നിങ്ങൾ ഭരിക്കുമ്പോൾ നിങ്ങൾക്ക് പ്രൈവറ്റ് സെക്ടറിൽ ഇൻവെസ്റ്റ്മെന്റാകാം. എങ്കിലേ കേരളം രക്ഷപ്പെടുകയുള്ളൂ എന്നുപറഞ്ഞ അതേ നിങ്ങൾ ഇവിടെ ഞങ്ങൾ ഭരിക്കുമ്പോൾ, ശ്രീ. എ. കെ. ആന്റണി ഭരിക്കുമ്പോൾ, ശ്രീ. ഉമ്മൻചാണ്ടി ഭരിക്കുമ്പോൾ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഭരിക്കുമ്പോൾ, ശ്രീ. ഇബ്രാഹിം കുഞ്ഞ് ഭരിക്കുമ്പോൾ എന്തേ പ്രൈവറ്റ് സെക്ടർ വേണ്ടാത്തത്? അവിടംകൊണ്ടും തീരുന്നില്ല. ബംഗാളിൽ ഇതെല്ലാം ആകാമല്ലേ? ബംഗാളിൽ എന്താണ്? അമേരിക്കൻ ബഹുരാഷ്ട്ര കമ്പനികൾ ബംഗാളിൽ നിക്ഷേപം നടത്തി. Price Water Coopers, IBM, Morgan & Stanley, Me chancy, Reserve Engineers Corporation, Malco Chemicals, Delta Corporation, Pepsi തുടങ്ങിയ അമേരിക്കൻ കമ്പനികൾ അതിന്റെ ഒരു സതേൺ ഗ്രൂപ്പ് കോടിക്കണക്കിന് രൂപയുടെ വിദേശ ഇൻവെസ്റ്റ്മെന്റ് നടത്തി. വിദേശ നിക്ഷേപം പാടില്ലെന്ന് സി.പി.ഐ.(എം) കേന്ദ്ര ഗവൺമെന്റിൽ പറഞ്ഞ സമയത്താണ് 15-ഓളം വിദേശ കുത്തകകൾ, ഈ പറഞ്ഞ കമ്പനികൾ നിക്ഷേപം നടത്തിയത്. ബംഗാളിൽ ഒരു സമീപനം, കേരളത്തിൽ ഒരു സമീപനം. അതാണോ മാർക്സിസ്റ്റ് പാർട്ടിയുടെ സമീപനം? ഈ രാജ്യം നന്നാകണമെങ്കിൽ, തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണണമെങ്കിൽ, കേരളം പോലുള്ള ഒരു സംസ്ഥാനത്തിന്, ബംഗാൾ പോലുള്ള ഒരു സംസ്ഥാനത്തിന് കിട്ടാവുന്ന എല്ലാ സ്ഥലത്തു നിന്നും പണം മൊബിലൈസ് ചെയ്ത് അവിടെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കേണ്ടതായി വരും. അതിന് കണ്ണടച്ച് ഇരുട്ടാക്കിയിട്ടു കാര്യമില്ല. അതു യാഥാർത്ഥ്യമാണ്. അതുപോലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ മറ്റൊരു കാര്യം, എ.ഡി.ബി.യോടുള്ള നിങ്ങളുടെ സമീപനം ഞങ്ങൾ മനസ്സിലാക്കി. എക്സ്പ്രസ്സ് ഹൈവേയുടെ പേരു മാറ്റിയാൽ അനുവദിക്കാവുന്നതാണ് എന്ന്. വിഴിഞ്ഞം തുറമുഖം, അതിനും നിങ്ങൾക്ക് എതിർപ്പുണ്ട്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, നിങ്ങൾക്ക് എതിർപ്പുണ്ട്. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ എ.ഡി.ബി. കൊള്ളാം. യു.ഡി.എഫ്. ഭരിക്കുമ്പോൾ എ.ഡി.ബി. കൊള്ളില്ല. ഇവിടെ ഡോ. തോമസ് ഐസക് കുറച്ചു ന്യായം പറഞ്ഞു. എ.ഡി.ബി. വായ്പ ഒരു യാഥാർത്ഥ്യമാണ്. അതു തുടങ്ങി വച്ചത് നിങ്ങളാണ്.

ശ്രീ. ബി. വിജയകുമാർ: വെസ്റ്റ് ബംഗാളിൽ, കൽക്കട്ടയിൽ നിന്നും മിഡ്നാപ്പൂരിലേയ്ക്ക് കോനാ എക്സ്പ്രസ്സ് ഹൈവേ എന്നു പറയുന്ന എക്സ്പ്രസ്സ് ഹൈവേയുടെ നിർമ്മാണം പൂർത്തിയാക്കി. ഇപ്പോൾ അത് ഗതാഗതയോഗ്യമാണ്. കൽക്കട്ടയിൽ കോനാ എക്സ്പ്രസ്സ് ഹൈവേ ആകാം, പക്ഷേ കേരളത്തിൽ എക്സ്പ്രസ്സ് ഹൈവേ പാടില്ല, അല്ലെങ്കിൽ അതിന്റെ പേരു മാറ്റണമെന്ന ഈ സമീപനം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരട്ടത്താപ്പ് നയമല്ലേ?

ശ്രീ. തമ്പാനൂർ രവി: ഇവിടെ വി.ആർ.എസ്. ഏർപ്പെടുത്തിയതിനു മാർക്സിസ്റ്റ് പാർട്ടിക്ക് എന്ത് എതിർപ്പായിരുന്നു. വെസ്റ്റ് ബംഗാളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കാനും, ചിലതു പൂർണ്ണമായും സ്വകാര്യ മേഖലയ്ക്ക് കൈമാറാനും അവിടത്തെ ഗവൺമെന്റ് ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ തയ്യാറാകുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്വയം വിരമിക്കൽ പദ്ധതികൾക്ക് ബ്രിട്ടീഷ് ഗവൺമെന്റിന്റെ കമ്പനിയായ ഡി.എഫ്.ഐ.ഡി. യുടെ സഹായമാണ് അവർ തേടിയത്. ഇവിടെ സംഭവിച്ചതെന്താണ്? അമേരിക്കൻ ഉല്പന്നങ്ങൾ ബഹിഷ്ക്കരിക്കാൻ മാർക്സിസ്റ്റ് പാർട്ടി സമരം ചെയ്യുന്നു. 2003-ലാണ് പതിനഞ്ചോളം ബഹുരാഷ്ട്ര കമ്പനികളുടെ സഹായം ഇവർ തേടിയത്. ചില യാഥാർത്ഥ്യങ്ങളുണ്ട്, ആ യാഥാർത്ഥ്യങ്ങൾ നാം ഉൾക്കൊള്ളണം. ഇവിടെ വിശക്കുന്നവനു മുമ്പിൽ ആഹാരം കൊടുത്തേ പറ്റൂ. തൊഴിൽ ഇല്ലാത്തവനു തൊഴിൽ കൊടുക്കണം. നിങ്ങളുടെ സമീപനത്തിൽ മാറ്റം ഉണ്ടാകണം. നിങ്ങൾ ഭരിക്കുമ്പോൾ എന്തും ആകാം, മറ്റാരെങ്കിലും ഭരിക്കുമ്പോൾ ഒന്നും പാടില്ല. ആ ഒരു സമീപനമാണ് കേരളത്തെ ഇന്ന് ഈ ന്ലയിലേക്ക് എത്തിച്ചത്. യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാൻ നമുക്ക് കഴിയണം. ഈ നിലയിൽ അധിക കാലം കേരളത്തിനു മുന്നോട്ടുപോകാൻ കഴിയില്ല. ലോകമെമ്പാടും മാറുകയാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും മാറ്റമുണ്ടാകും. ബംഗാളിലും മാറ്റം ഉണ്ടാകും. കേരളത്തിൽ ഒന്നും ചെയ്യാൻ നിങ്ങൾ സമ്മതിക്കില്ല. എത്ര വന്നാലും സമരമല്ലേ? ഇവിടെ സ്മാർട്ട് സിറ്റി വേണ്ട. കേന്ദ്രഗവൺമെന്റ് മുതൽ മുടക്കാൻ തയ്യാറായപ്പോൾ, ആ പദ്ധതികൾ പോലും നിങ്ങൾ തടസ്സപ്പെടുത്തിയില്ലേ? വിദേശ നിക്ഷപവും പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റുമൊക്കെ പോകട്ടെ, നാം വർഷങ്ങളായി ആഗ്രഹിച്ചിട്ടും നടക്കാത്ത കാര്യങ്ങൾ, പുതിയ യു.പി.എ. ഗവൺമെന്റിന്റെ നേതൃത്വത്തിൽ, ഡോ. മൻമോഹൻസിംഗിന്റെ പ്രത്യേക ശ്രമഫലമായി, കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ ശ്രമഫലമായി, വർഷങ്ങളായി നടക്കാതിരുന്ന പല പ്രോജക്ടുകളും ഏറ്റെടുക്കാൻ ശ്രമിക്കുമ്പോൾ, അതിനെയൊക്കെ നിങ്ങൾ തടസ്സപ്പെടുത്തുമ്പോൾ, തീർച്ചയായും നിങ്ങളുടെ ഈ സമീപനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റമുണ്ടാകണമെന്നാണ് എനിക്കു പറയാനുള്ളത്. കേരളത്തിൽ ഭരണം മാറിയും തിരിഞ്ഞുമൊക്കെ വരും. ഇവിടെ ചില ആളുകൾ ഭരണം മാറിയതുപോലെ ഇരിക്കുകയാണ്. മേയ് മാസമെത്തിയതുപോലെ, തെരഞ്ഞെടുപ്പു കഴിഞ്ഞു എന്ന മട്ടിൽ മുഖ്യമന്ത്രിയും മറ്റുമാകുമെന്നു വിചാരിച്ചിരിക്കുകയാണ് അവർ. ഞങ്ങളുടെ നേതാവ് ശ്രീ. ഉമ്മൻചാണ്ടി തന്നെയാണ്. അപ്പുറത്ത് ശ്രീ. പിണറായി വിജയനാണോ ശ്രീ. വി. എസ്.അച്ചുതാനന്ദനാണോ നേതാവ് എന്ന തർക്കത്തിലാണ് അവരിപ്പോൾ... അവിടെ ഇപ്പോൾ തന്നെ ആഭ്യന്തര വകുപ്പുമന്ത്രിയെ നിശ്ചയിച്ചു, കൃഷി വകുപ്പുമന്ത്രിയെ നിശ്ചയിച്ചു. ഭരണം ജനങ്ങളുടെ കയ്യിലാണ്. അത് നിങ്ങൾ ഓർക്കണം.

ശ്രീ. ബി. വിജയകുമാർ : ശ്രീ. കെ. പി. രാജേന്ദ്രന്റെ ഇരിപ്പു കണ്ടില്ലേ? മന്ത്രിയായ മട്ടിലാണ് ഇരിപ്പ്.

ശ്രീ. തമ്പാനൂർ രവി : ശ്രീ. കെ. പി. രാജേന്ദ്രന്റെ ഇരിപ്പു കണ്ടാൽ ഡെപ്യൂട്ടി ചീഫ് മിനിസ്റ്ററാണെന്നു തോന്നും. അതാണല്ലോ ശ്രീ. കെ. കരുണാകരനെ അടുപ്പിക്കാത്തത്.

ശ്രീ. പി. ജെ. ജോയി : ശ്രീ. കെ. പി. രാജേന്ദ്രന് അടുത്ത തവണ സി.പി.ഐ. സീറ്റു കൊടുക്കുന്നില്ല എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ ?

ശ്രീ. തമ്പാനൂർ രവി : ശ്രീ. കെ. പി. രാജേന്ദ്രനെപ്പോലെയുള്ള ആളുകൾ സഭയിൽ വരേണ്ടത് ഒരു ആവശ്യമാണ്. ക്രിയാത്മകമായി പ്രവർത്തിക്കുന്ന ആളെന്നുള്ള നിലയിൽ ശ്രീ. കെ. പി. രാജേന്ദ്രന്റെ നേതൃത്വം സഭയ്ക്കാവശ്യമാണ്.

ശ്രീ. രാജു എബ്രഹാം : ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ രാജി വച്ചപ്പോൾ മന്ത്രിസ്ഥാനത്തേയ്ക്ക് അങ്ങയുടെ പേര് എല്ലാ പത്രങ്ങളിലും അച്ചടിച്ചു വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. തമ്പാനൂർ രവി : അതിനെക്കുറിച്ചൊന്നും എനിക്കറിയില്ല. അതൊക്കെ പാർട്ടി തീരുമാനിക്കേണ്ട കാര്യങ്ങളാണ്. ഇപ്പോൾ കേരളം ഭരിക്കുന്നത് യു.ഡി.എഫ്. ആണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം ഡി.വൈ.എഫ്.ഐ.-ക്കാർ സമ്മതിക്കണ്ടേ ? ഒരു തസ്തികയിൽ ആളില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തണം. അവിടേയും സമരമല്ലേ ? ഒരു ഗവൺമെന്റിനെ, അതിന്റെ ഡേ റ്റു ഡേ ഫംഗ്ഷനിംഗ് നടത്താൻപോലും നിങ്ങൾ സമ്മതിക്കില്ല. ഈ മസിൽ പവർ എത്രനാൾ നിലനിൽക്കും ? കേരളത്തിന്റെ അപകടം അനാവശ്യമായ രാഷ്ട്രീയ ഇടപെടലാണ്. അനാവശ്യമായ മസിൽ പവറാണ്. അതുകൊണ്ട് കേരളം നന്നാകണമെങ്കിൽ, ഇവിടെ തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണണമെങ്കിൽ, പട്ടിണി മാറണമെങ്കിൽ ബംഗാളിൽ നിങ്ങൾ ചെയ്യുന്ന കാര്യങ്ങളെങ്കിലും ഞങ്ങളെ ഇവിടെ ചെയ്യാൻ അനുവദിക്കണം. എനിക്ക് അതു മാത്രമേ പറയാനുള്ളൂ. ബംഗാളിൽ 15 ബഹുരാഷ്ട്ര കുത്തക കമ്പനികൾ 24,000 കോടി രൂപ മുതൽ മുടക്കിയിരിക്കുകയാണ്. സ്വകാര്യ പങ്കാളിത്തത്തിൽ എയർപോർട്ട് വരികയാണ്. അവിടെ എല്ലാമാകാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ : ബംഗാളിൽ അവർ പുരോഗതി കൈവരിക്കുമ്പോൾ, ഈ നിയമസഭയിൽ പലപ്പോഴും അംഗങ്ങൾ ആവശ്യപ്പെടുന്നത് ബാലവേല നിരോധിക്കണമെന്നാണ്. പശ്ചിമ ബംഗാൾ ഗവൺമെന്റിന്റെ ഗസ്റ്റ് ഹൗസിൽ 15 വയസ്സിനു താഴെയുള്ള 20 കുട്ടികൾ പണിയെടുക്കുകയാണ്. ഇത്ര പ്രാകൃതമായി കുട്ടികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന മറ്റൊരു സംസ്ഥാനം ഇന്ത്യയിൽ വേറെയില്ല എന്ന കാര്യം അങ്ങേയ്ക്കറിയാമോ ?

ശ്രീ. തമ്പാനൂർ രവി : ബഹുമാനപ്പെട്ട മെമ്പർ, ബംഗാളിൽ ഇവർക്കെല്ലാമാകാം. കേരളത്തിൽ മാത്രം പാടില്ല. ഇവിടെ മസിൽ പവറാണ്, ഇവിടെ സമരങ്ങളാണ്, കൊടിപിടിക്കലാണ്. അതാണ് നമ്മുടെ നാടിന്റെ ശാപം. അതിനു മാറ്റം ഉണ്ടാകണം അതിനു നിങ്ങൾ തയ്യാറാണോ ? അതാണ് ഇവിടെ പറയേണ്ടത്. നിങ്ങൾ മാറാൻ തയ്യാറാണോ ? സി.പി.ഐ. ഇപ്പോൾ മാറിയിട്ടുണ്ട് എന്ന് ഞങ്ങൾക്കറിയാം. അല്പം കൺസ്ട്രക്ടീവായിട്ടുണ്ട്. ഡോ. തോമസ് ഐസക് പറഞ്ഞ ഒരു കാര്യം, ഇന്നിവിടെ സി. ആന്റ് എ. ജി. റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. റൂൾ 58 പ്രകാരം ചർച്ച നടക്കണം. നല്ലതാണ്. സംശയമൊന്നും വേണ്ട. കേരളത്തിന്റെ പൊതുഖജനാവിൽ നിന്നും ആരു കൊള്ളയടിച്ചാലും, ഇലക്ട്രിസിറ്റി ബോർഡിൽ, പൊതുമേഖലാസ്ഥാപനങ്ങളിൽ ആരു കുറ്റം കാണിച്ചാലും, തീർച്ചയായും ചർച്ച നടത്തണം. ജനങ്ങൾ അതറിഞ്ഞിരിക്കണം. റൂൾ 58 അനുസരിച്ച് ചർച്ച നടക്കണം. ബ്രഹ്മപുരം പദ്ധതിയായലും കൊള്ളാം, കുറ്റ്യാടി പദ്ധതിയായാലും കൊള്ളാം. ഉപ്പു തിന്നവൻ വെള്ളം കുടിക്കുക തന്നെ വേണം. നമ്മൾ രണ്ടു കൂട്ടർക്കും കാര്യങ്ങൾ പറയാം. കേരളത്തിലെ ജനങ്ങൾ വിധി എഴുതട്ടെ എന്നാണ് എനിക്ക് അതെക്കുറിച്ച് പറയാനുള്ളത്. ഈ ഗവൺമെന്റിന് ഒരു സമീപനമുണ്ട്. നിങ്ങളെപ്പോലെ രാഷ്ട്രീയ പ്രേരിതമായി, രാഷ്ട്രീയ ലാഭങ്ങൾക്കുവേണ്ടി ഒരു വ്യക്തിയേയും വ്യക്തിഹത്യ ചെയ്യുന്ന, അധികാരം ഉപയോഗിച്ച് ആളെ നശിപ്പിക്കുന്ന പ്രവണത കോൺഗ്രസ്സിനില്ല, യു.ഡി.എഫ്.-നില്ല. അതാണ് ഞങ്ങളുടെ നയം. നിങ്ങളെപ്പോലെ ഭരണം കയ്യിൽ കിട്ടുമ്പോൾ ഇഷ്ടമില്ലാത്തവരെ ശത്രുക്കളെപ്പോലെ കരുതുന്ന നിലപാടൊന്നും യു.ഡി.എഫ്.ന് ഇല്ല. കേരളത്തിലെ ഏറ്റവും വലിയ പബ്ലിക് സെക്ടർ, പബ്ലിക് യൂട്ടിലിറ്റിയാണ് കെ.എസ്.ആർ.ടി.സി. ഈ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് തുകയൊന്നും മാറ്റി വച്ചിട്ടില്ല. തുക മാറ്റി വയ്ക്കേണ്ടതാണ്. ഇലക്ട്രിസിറ്റി ബോർഡിനോട് സ്വീകരിച്ച സമീപനമെങ്കിലും കെ.എസ്.ആർ.ടി.സി. യോടു കാണിക്കണം. സാമൂഹ്യ ബാദ്ധ്യതയുള്ള ഒരു സ്ഥാപനമാണ്. കെ.എസ്.ആർ.ടി.സി. സൗജന്യ യാത്രകൾ, പെൻഷനുകൾ ഇവയൊക്കെ കൊടുക്കാൻ പ്രതിവർഷം 100-120 കോടി രൂപ ചെലവാക്കുകയാണ്. കുറെ കടം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ട്. ആസ്തി അതിന്റെ പത്തിരിട്ടിയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) : 165 കോടി രൂപ ഒരു വർഷം കെ.എസ്.ആർ.ടി.സി. ചെലവാക്കുന്നു.

ശ്രീ. തമ്പാനൂർ രവി : 165 കോടി രൂപയാണ് ഒരു വർഷത്തെ കെ.എസ്.ആർ.ടി.സി. യുടെ ചെലവ്. ബഡ്ജറ്റിൽ ഒരു തുകയും മാറ്റി വച്ചിട്ടില്ല. വൺ ടൈം സഹായം കെ.എസ്.ആർ.ടി.സി. ക്കു നൽകണം. ആവശ്യമുള്ള ആസ്തി കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ട്. ഒറ്റത്തവണ സഹായം കേരളാ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-ക്കു നൽകി സഹായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇലക്ട്രിസിറ്റി ബോർഡ് 20 ശതമാനം വൈദ്യുതി സൗജന്യം കൊടുത്തു, വൈദ്യുതി മിച്ച സംസ്ഥാനമായി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടുള്ള എന്റെ അഭ്യർത്ഥന, ഇലക്ട്രിസിറ്റി ബോർഡിന്റെ ഇന്നു നിലവിലുള്ള മീറ്റർ വാടക പൂർണ്ണമായും ഒഴിവാക്കാൻകൂടി ഈ ഗവൺമെന്റ് തയ്യാറാകണം എന്നാണ്. കേരളത്തിൽ 104 പബ്ലിക് സെക്ടർ സ്ഥാപനങ്ങളുണ്ട്. അതിൽ 38 സ്ഥാപനങ്ങൾ മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസിന്റെ റിപ്പോർട്ട് ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഇവിടെ ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കണം. എന്തെങ്കിലും ലാഭം ഉണ്ടാക്കാൻ കഴിയുന്ന, നിലനിൽപ്പുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് കൂടുതൽ പണം കൊടുത്ത് സഹായിക്കണം. നഷ്ടത്തിൽ ഓടുന്ന പല സ്ഥാപനങ്ങളും സമാന സ്വഭാവമുള്ള സ്ഥാപനങ്ങളാണ്. സമാന സ്വഭാവമുള്ള സ്ഥാപനങ്ങൾ ഏതെന്നു മനസ്സിലാക്കി അവ ഏകോപിപ്പിച്ചാൽ കുറെക്കൂടി നഷ്ടം ഈ രംഗത്ത് ഒഴിവാക്കാൻ കഴിയും. ആ ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് പബ്ലിക് സെക്ടറിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്. അതുപോലെ എം.എൽ.എ. ഫണ്ട് 75 ലക്ഷം രൂപയെന്നുള്ളത് ഒരു കോടി രൂപയാക്കി ഉയർത്തണം. എന്തുകൊണ്ടെന്നാൽ ഒരു കമ്പ്യൂട്ടറോ സ്കൂൾ കെട്ടിടമോ കെട്ടാനൊക്കെ ആകപ്പാടെ ചെയ്യാൻ കഴിയുന്നത് എം.എൽ.എ. ഫണ്ട് കൊണ്ടാണ്. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി എം.എൽ.എ. ഫണ്ട് 75 ലക്ഷത്തിൽ നിന്ന് ഒരു കോടി രൂപയാക്കി ഉയർത്താനുള്ള നടപടി സ്വീകരിക്കണം. മറ്റൊരു കാര്യം എല്ലാ ക്ഷേമ പെൻഷനുകളും മാസംതോറും ഒന്നാം തീയതി കിട്ടത്തക്കവിധത്തിലുള്ള സമീപനം സ്വീകരിച്ചുകൊണ്ട് അതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഡോ. തോമസ് ഐസക് ഇവിടെ ഒരു കാര്യം പറഞ്ഞു അപകട ആരോഗ്യ ഇൻഷ്വറൻസ് കേരളത്തിലെ ഏറ്റവും വലിയ ശാപമാണ്. പാവപ്പെട്ട സാധാരണക്കാരായ ആളുകളുടെ ചികിത്സാ പ്രശ്നമാണ്. ഇപ്പോൾ ഒരു രോഗി ആശുപത്രിയിൽ ചെന്നാൽ എക്സ്റേ എടുക്കണമെന്ന് പറഞ്ഞാൽ, ഇ.സി.ജി. എടുക്കണമെന്നുപറഞ്ഞാൽ, ബ്ലഡ് പരിശോധിക്കണമെന്ന് പറഞ്ഞാൽ നിവൃത്തിയില്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ സഹായിക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ 300 രൂപ, സംസ്ഥാന ഗവൺമെന്റിന്റെ 33 രൂപ, ഗുണ ഭോക്താവിന്റെ 33 രൂപ, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ 33 രൂപ അങ്ങനെ 399 രൂപയുടെ ഒരു ഇൻഷ്വറൻസ് സ്കീം ഇൻഡ്യയിലാദ്യമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. 25 ലക്ഷം ആളുകൾക്ക് ഇതിന്റെ ഗുണഫലങ്ങൾ ലഭിക്കാൻ പോകുകയാണ്. ചികിത്സാസൗകര്യമില്ലാതെ കഷ്ടപ്പെടുന്ന ആളുകൾക്ക് ചികിത്സയ്ക്ക് വേണ്ടി ഗവൺമെന്റ് ചെയ്ത ഏറ്റവും നല്ല പരിപാടിയാണ്. എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോടുള്ള ഒരു പരാതി അത് തടസ്സപ്പെടുത്തിയ ശക്തികൾ ആരായിരുന്നാലും ആ ശക്തികളെ തിരിച്ചറിഞ്ഞുകൊണ്ട് നിയമനിർമ്മാണം നടത്തി അപകട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അർഹിക്കുന്ന ആളുകൾക്ക് പൂർണ്ണമായി ലഭിക്കുന്നതിന് വേണ്ടിയുള്ള ശക്തമായ നടപടി സ്വീകരിക്കണമെന്നുമാത്രമാണ്. ഞാൻ ഇത്രയും പറഞ്ഞുകൊണ്ട് ഒരിക്കൽ കൂടി ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഇതിനെ ഒരു ബഡ്ജറ്റെന്നു തന്നെ പറയാൻ കഴിയുമോ ? ഇങ്ങനെയൊരു ബഡ്ജറ്റ് അവതരിപ്പിക്കാൻ ഗവൺമെന്റിന് എന്ത് അവകാശമാണുള്ളത് ? 12 മാസത്തേക്കുള്ള ബഡ്ജറ്റെന്ന പേരിൽ വെറും രണ്ട് മാസം തുടരാൻ പോകുന്ന ഒരു സർക്കാർ ഒട്ടേറെ പ്രഖ്യാപനങ്ങൾ വാരിക്കോരി വിതറിയെന്നല്ലാതെ ജനാധിപത്യത്തിൽ മാനം മര്യാദയുമുണ്ടെങ്കിൽ ഇതുപോലെയൊരു ബഡ്ജറ്റ് അവതരിപ്പിക്കുമോ ? ഇത് ബഡ്ജറ്റ് അല്ല. ഇത് കോൺഗ്രസ് പാർട്ടിയുടെ തെരഞ്ഞെടുപ്പിനുള്ള മാനിഫെസ്റ്റോയുടെ ഒരു കരട് തയ്യാറാക്കി ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ വായിച്ചതാണ്. ഇതിന്റെ പിന്നിൽ ദുഷ്ടലാക്കാണുള്ളത്. വരുന്ന തെരഞ്ഞെടുപ്പിൽ യു.ഡി.എഫിനെ വിജയത്തിലെത്തിക്കാൻ കഴിയുമോയെന്നുള്ളതിന്റെ ഒരു പരിശ്രമമാണ് നടത്തിയിരിക്കുന്നത്. തട്ടിപ്പിൽ ജനിച്ച് തട്ടിപ്പിലൂടെ വളർന്ന ഈ യു.ഡി.എഫിന്റെ അന്ത്യവും തട്ടിപ്പിലൂടെതന്നെയാണ്. ഇതൊക്കെ ജനം തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പുകളിൽ ഒക്കെ ഞങ്ങൾക്ക് ഇത്രയും ഉജ്ജ്വലമായ വിജയങ്ങൾ ഒന്നിനുപുറകെ ഒന്നായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കാലം വിതച്ച മരണമാണ് പരമ്പരാഗത വ്യവസായങ്ങൾക്കും അതിലെ തൊഴിലാളികൾക്കുമെന്ന് മുൻപ് ഒരു മന്ത്രി ഇവിടെ പറഞ്ഞു. അതിപ്പോൾ ശരിയായില്ലേ ? കേരളത്തിലെ തൊഴിൽ മേഖല മുഴുവൻ തകർന്നില്ലേ ? തോട്ടങ്ങൾ അടച്ചുപൂട്ടിയതിന്റെ കണക്ക്, തൊഴിലാളികൾ പട്ടിണിയിലായതിന്റെ കണക്ക്, വ്യവസായങ്ങൾ അടച്ചുപൂട്ടിയതിന്റെ കണക്കുകൾ ഒക്കെ നിങ്ങൾതന്നെ ഓരോ സന്ദർഭത്തിലും ഈ സഭയിൽ പറഞ്ഞത് ഞങ്ങൾ പലപ്പോഴും ഈ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. പിന്നെ ഇവിടെ വളർച്ച നേടി. ഏത് മേഖലയിലാണ് ? മാഫിയാ സംഘങ്ങൾ വിവിധ തലങ്ങളിലായി വളർന്നു. കൂലിത്തല്ലുകാർ, പിടിച്ചുപറിക്കാർ, പെൺവാണിഭക്കാർ അവരെല്ലാം വലിയ വളർച്ച നേടി. ധാരാളം ബാർ ഹോട്ടലുകൾ, ഫൈവ് സ്റ്റാർ ഫെസിലിറ്റീസുള്ള ഹോട്ടലുകൾ വലിയ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ സമ്പന്നൻമാർക്കുള്ള കോൺഫറൻസ് ഹാളുകൾ, ഇന്റർനാഷണൽ കോൺഫറൻസുകൾ, GIM-ൽ തുടങ്ങി ആഗോള വിദ്യാഭ്യാസ സമ്മേളനത്തിന്റെ പുതിയ പുതിയ ഇന്റർനാഷണൽ കോൺഫറൻസുകൾ അങ്ങനെയൊരു സംസ്ക്കാരം വളർത്തിയെടുക്കുന്നതിൽ ഈ ഗവൺമെന്റ് വിജയിച്ചിട്ടുണ്ട്. ഒന്നര ലക്ഷത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ട ഒരു സംസ്ഥാനത്ത് എൺപത്തി അയ്യായിരത്തോളം തസ്തികകൾ വെട്ടിക്കുറച്ചതാണ് നിങ്ങളുടെ നേട്ടങ്ങളുടെ പൊൻ തൂവൽ. ഞാൻ ശ്രീ. കെ. ശങ്കരനാരായണൻ മുമ്പ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റും ശ്രീ. വക്കം പുരുഷോത്തമൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അവതരിപ്പിച്ച രണ്ട് ബഡ്ജറ്റുകളും വായിച്ചു നോക്കി. നല്ലതാണ്, ഇതൊക്കെ പബ്ലിക് റിലേഷൻസിനെക്കൊണ്ട് അച്ചടിച്ചിറക്കിയാൽ നിങ്ങൾക്ക് ഇലക്ഷൻ കാലത്ത് കൊണ്ടുനടക്കാം. ടെക്നോളജി ഹാബിറ്റാറ്റ്, കൊച്ചിയിലെ ഐ.ടി. ഇൻകുബേഷൻ കേന്ദ്രം, Pilot tele bulk-up project, കോഴിക്കോട് 100 കോടി രൂപയുടെ ഹോളിസ്റ്റിക് ആരോഗ്യ പ്രോജക്ട്, 100 കോടി രൂപയുടെ സാനിറ്ററി വെൽഫയർ പദ്ധതി, 350 കോടി രൂപയുടെ സി.ഡി. പവർ പ്രോജക്ട്, കാസർഗോഡ് 80 മെഗാവാട്ട് വൈദ്യുത പദ്ധതി, Cochin Petronet CDK Ltd.-

LIBRARY ARCHIVES Kerala Legislative Assembly

535 കോടി, Petro piping line, ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ 1500 കോടി രൂപ, 1500 കോടി രൂപയുടെ കാസർകോട്ടെ മറ്റൊരു പദ്ധതി, എറണാകുളത്തെ Kinfra ITPO Convention Centre 48,000 പേർക്ക് തൊഴിൽ ലഭിക്കാനുള്ള മറ്റൊരു 350 കോടി രൂപയുടെ പദ്ധതി, തീരദേശ വികസന അതോറിറ്റിക്ക് അഞ്ച് കോടി രൂപ, മലയോര വികസന അതോറിറ്റിക്ക് അഞ്ച് കോടി രൂപ, സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള സാങ്കേതിക സർവ്വകലാശാലയ്ക്ക് രണ്ട് കോടി രൂപ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്-15 ലക്ഷം രൂപ, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, Health Call System, വ്യവസായ വളർച്ചാ നിധി on tact എന്ന ഒരു പുതിയ പദ്ധതി, കേരള അടിസ്ഥാന സൗകര്യ വികസന നിധി-അഞ്ച് കോടി രൂപ, സ്വയംഭരണ സഹായ സഹകരണ സംഘങ്ങൾ-50,000 തൊഴിൽ, പാട്ട ഭൂമി കൃഷി വികസനം, 50,000 വനിതകൾക്ക് തൊഴിൽ, നെൽക്കൃഷി വർദ്ധിപ്പിക്കാനുള്ള പുതിയ പുതിയ പദ്ധതികൾ, പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രത്യേക പാക്കേജ്-25 കോടി, 50 കോടി, 100 കോടി, 110 കോടി, മലയോര വികസന അതോറിറ്റി, തീരദേശ അതോറിറ്റി അതിനുപുറമെ പുതിയ പുതിയ അതോറിറ്റികൾ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു. പോഷകാഹാരക്കുറവ് പരിഹരിക്കാൻ അങ്ങ് സ്വപ്നം കണ്ടു, മോഹന ലക്ഷ്യം, ഈ പ്രശംസനീയമായ ലക്ഷ്യം നേടാൻ 10 കോടി. ഇപ്പോൾ അങ്ങ് പറഞ്ഞു Mal-nutrition Free Kerala Scheme, പണം കണ്ടില്ല. നേരത്തെ പറഞ്ഞ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള 10 കോടി രൂപ എവിടെപ്പോയി? മുതിർന്ന പൗരൻമാർക്കുള്ള സ്നേഹതീരം-ഒരു കോടി രൂപ, അംഗൻവാടി കെട്ടിമേയാൻ 27 കോടി, മാതൃകാ സംഗമ സുരക്ഷാ പദ്ധതി, മംഗല്യ ഇൻഷ്വറൻസ് പദ്ധതി, ദാരിദ്യ നിർമ്മാർജ്ജനത്തിനുള്ള പുതിയ പദ്ധതികൾ, ഇതുപോലുള്ള ധാരാളം പ്രഖ്യാപനങ്ങൾ ഈ സഭ കേട്ടതല്ലേ? ഇതിനൊക്കെ പണം എവിടെ? അംഗൻവാടി കുട്ടികൾക്ക് കൊടുത്ത പാലിന്റെ 37 കോടി രൂപ നിങ്ങൾ കൊടുത്തില്ല. എന്റെ ഒരു ചോദ്യത്തിന് മറുപടിയായി തന്നിരിക്കുന്നത് ആ പദ്ധതി ഞങ്ങൾ നിർത്തിയെന്നാണ്. ഇനിയാണോ നിങ്ങൾ Mal-nutrition free Kerala പദ്ധതി നടപ്പാക്കുന്നത്? കുഞ്ഞുങ്ങളോട് കരുണയില്ലാത്ത നടപടിയെടുത്ത ഒരു സർക്കാരല്ലേ? നിങ്ങൾ കൃഷിക്കാരോട് ചെയ്തതെന്താണ്? കഴിഞ്ഞ നാല് വർഷത്തെ നിങ്ങളുടെ ബഡ്ജറ്റ് പ്രസംഗത്തിലോട്ട് തിരിഞ്ഞു നോക്കിയാൽ എന്തൊക്കെ പദ്ധതികൾ നിങ്ങൾ പ്രഖ്യാപിച്ചു. കറക്ടീവ് ബഡ്ജറ്റ് എന്നാണ് ശ്രീ. കെ. ശങ്കരനാരായണൻ പറഞ്ഞത്. ആ ബഡ്ജറ്റിലൂടെ 167 കോടി രൂപ കൃഷിക്കാർക്ക് നീക്കിവച്ചു. നെൽക്കൃഷിക്ക് 22 കോടി രൂപ. കഴിഞ്ഞ തവണ നെല്ല് സംഭരിക്കാൻ വേണ്ടി മാറ്റിവച്ച ഒൻപതരക്കോടി രൂപ എവിടെ? വെർച്വൽ യൂണിവേഴ്സിറ്റിക്ക് നീക്കിവച്ച ഒരു കോടി രൂപ എവിടെ? പാക്കേജുകൾക്ക് വല്ല കുറവുമുണ്ടോ? ഇന്നും അങ്ങ് പറഞ്ഞു വയനാട് പാക്കേജ്. ഇതൊക്കെ എഴുതി വയ്ക്കാനല്ലാതെ, വ്യാമോഹിപ്പിക്കുന്ന പ്രസംഗങ്ങൾ നടത്താനല്ലാതെ ഇതിനൊക്കെ പണം എവിടെ? 7.5 ലക്ഷം ടൺ നെല്ല് ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 6.6 ലക്ഷം ടൺ നെല്ലായി കുറഞ്ഞു. 57,000 ഹെക്ടർ നെൽപ്പാടത്തിന്റെ വിസ്തൃതി പോയില്ലേ? ഇപ്പോൾ നിങ്ങളുടെ സംഘങ്ങൾ എവിടെ? തൊഴിൽ പദ്ധതികൾ എവിടെ? നിങ്ങൾ നെല്ലുൽപ്പാദനം വർദ്ധിപ്പിച്ചുവെന്നാണ് പറയുന്നത്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

84,000 ടൺ ഉൽപ്പാദനം കുറഞ്ഞതായി നിങ്ങളുടെ സാമ്പത്തിക സർവേ റിപ്പോർട്ടിൽ പറയുന്നു. കോക്കനട്ട് ടെക്നോളജി മിഷന് ആയിരം കോടി രൂപയാണ് നിങ്ങൾ പറഞ്ഞത്. എവിടെ ടെക്നോളജി മിഷൻ ? കേരളത്തിൽ തെങ്ങ് കൃഷിക്കാരുടെ സ്ഥിതി എന്താണ് ? കേരളത്തിലെ തെങ്ങുകൾക്ക് കാറ്റുവീഴ്ച, മണ്ഡരി രോഗങ്ങളാണ്. തെങ്ങ് കൃഷിക്കാർക്ക് എന്തെങ്കിലും ആനുകൂല്യങ്ങളുണ്ടോ ? കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾക്കുപോലും പണം വാങ്ങിയെടുക്കാൻ കഴിയുന്നില്ല. ഇതെല്ലാം പറയുന്ന നിങ്ങളാണ് കേരളത്തിലെ കൃഷിക്കാർക്ക് Veterinary University ഉണ്ടാക്കുമെന്ന് പറയുന്നത്. ഇത് ആരെ വിശ്വസിപ്പിക്കാനാണ്, ആര് വിശ്വസിക്കാൻ ? റബ്ബറിന് കുറച്ച് വില കൂടിയെന്നും മേനി പറയുകയാണ്. കേരളത്തിലെ മറ്റെല്ലാ കാർഷിക മേഖലകളും തകർന്നുകൊണ്ടിരിക്കുകയല്ലേ ? അതുകൊണ്ട് കണക്കുകൾ പറഞ്ഞ് ജനങ്ങളെ വിഡ്ഢികളാക്കാൻ നോക്കരുത്. കേരളത്തിലെ ജനങ്ങൾ വിഡ്ഢികളല്ല. വിഡ്ഢികളാണെങ്കിൽ എന്നും നിങ്ങൾക്ക് വോട്ട് ചെയ്യുമായിരുന്നു. എപ്പോഴും വോട്ട് ചെയ്യില്ല. അതാണ് മഞ്ചേരിയിൽ ശ്രീ. ടി. കെ. ഹംസയുടെ വിജയം. പാർലമെന്റ് തെരഞ്ഞെടുപ്പിൽ മാത്രമല്ല, എല്ലാ തെരഞ്ഞെടുപ്പിലും ജനങ്ങൾ നിങ്ങൾക്കെതിരായി വോട്ട് രേഖപ്പെടുത്തുന്നത് അങ്ങനെ ജനങ്ങളെ വിഡ്ഢികളാക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ടാണ്. ട്രഷറി പൂട്ടിയില്ലെന്ന് മേനിപറഞ്ഞതുകൊണ്ടായോ ? കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക എത്ര കോടി രൂപ, മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക എത്ര കോടി രൂപ ? തൊഴിൽ രഹിത വേതനം എത്ര കോടി രൂപ കുടിശ്ശിക ? ഈ കുടിശ്ശികകൾ മാത്രം നോക്കിയാൽ അങ്ങ് തന്ന കണക്കുകൾ അനുസരിച്ച് 525 കോടി രൂപയോളമുണ്ട്. ഇപ്പോൾ ചില പാവപ്പെട്ട ജന വിഭാഗങ്ങൾക്ക് കുടിശ്ശിക തീർത്തുവെന്ന് പറയുന്നത് ചെറിയ വട്ടത്തിലുള്ളതാണ്. വിസ്തൃതമായി കേരളത്തിലെ 42 ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക്.....

ശ്രീ. വക്കം പുരുഷോത്തമൻ : തൊഴിലില്ലായ്മ വേതനം തന്നെ എല്ലാ മാസവും കൊടുക്കുന്നതിനുപുറമേ ഒറ്റ ജി. ഒ. കൊണ്ട് 9 മാസത്തിനിടയിൽ 25 ഇൻസ്റ്റാൾമെന്റ് കൊടുക്കാൻ ഗവൺമെന്റ് ഉത്തരവ് ഇട്ടത് ശ്രീ. കെ. പി. രാജേന്ദ്രന് അറിയാമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : ബഹുമാനപ്പെട്ട മന്ത്രി പറയുന്നതിനെ ഞാൻ നിഷേധിക്കുന്നില്ല. അങ്ങനെ കൊടുക്കണമെന്ന അഭിപ്രായം കഴിഞ്ഞ അഞ്ചു വർഷം ഞങ്ങൾ ഈ സഭയിൽ ആവശ്യപ്പെട്ടുവരുന്നതാണ്. അതിന് പണം നീക്കിവയ്ക്കാൻ നിങ്ങൾക്ക് പറ്റുന്നില്ല. 500 കോടി രൂപ മാസംതോറും കടംവാങ്ങി കടംവാങ്ങി പ്രതിശീർഷ കടം ഇപ്പോൾ എത്രയാണ് ? ഓരോ കേരളീയന്റേയും ശരാശരി കടം എത്രയാണ് ? കടംവാങ്ങി കടംവാങ്ങി കുടിശ്ശികയായി പ്രഖ്യാപിച്ച പദ്ധതികൾക്ക് പണം കൊടുക്കാതെ മാറ്റിവച്ചാൽ ജനങ്ങൾക്ക് അതുകൊണ്ട് തൃപ്തിയാകുമോ ? കൃഷിക്കാരുടെ സൗജന്യ കുടിശ്ശികയെപ്പറ്റി ഇവിടെ പറഞ്ഞു. ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇവിടെ വിലപിക്കുന്നതുകേട്ടു. 65 കോടി രൂപ കർഷകർക്ക് കൊടുത്ത കുടിശ്ശികയിൽ ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനുണ്ട്. സർക്കാർ ഒന്നും തരുന്നില്ല. നെല്ല് സംഭരിക്കാൻ പ്രഖ്യാപിച്ചു. സർക്കാർ ഒന്നും തരുന്നില്ല. കൃഷിക്കാർക്കുള്ള പാക്കേജ് പ്രഖ്യാപിച്ചു. സർക്കാർ ഒന്നും തരുന്നില്ല. ഈ സഭയിൽത്തന്നെ ശ്രീമതി കെ. ആർ. ഗൗരിയമ്മ

LIBRARY ARCHIVES Kerala Legislative Assembly

പലപ്രാവശ്യം പറഞ്ഞിട്ടില്ലേ ? അതുകൊണ്ട് കടക്കെണിയിലായി പോകാൻ ഞാൻ പറയുന്നില്ല. കേരളത്തിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർ വർദ്ധിച്ചില്ലേ ? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തൊഴിൽ രഹിതരുടെ എണ്ണം കൂടുകയല്ലേ ചെയ്തത് ? പി.എസ്.സി. ലിസ്റ്റിന്റെ കണക്ക് പറഞ്ഞു. എൺപത്തയ്യായിരം തസ്തികകൾ വെട്ടിക്കുറച്ചു. ഇനി കണക്കുകൾ വച്ചിട്ടാണെങ്കിൽത്തന്നേയും നിങ്ങൾ പറഞ്ഞ പല കണക്കുകളേയും നിങ്ങളുടെ തന്നെ ഉത്തരംകൊണ്ട് സമർദ്ധമായി നേരിടാൻ കഴിയുന്നതാണ്. അതു കൊണ്ട് കണക്കുകൾ വച്ചതുകൊണ്ട് കാര്യമില്ല. കടബാദ്ധ്യത കൂട്ടി പോകുന്ന ഒരു ഗവൺമെന്റിന് അങ്ങനെ പിടിച്ചുനിൽക്കാൻ കഴിയില്ല. സംഘടിത മേഖലയിൽ ഒരു ലക്ഷത്തോളം തൊഴിലാളികളുണ്ട്. അസംഘടിത മേഖലയിൽ എത്ര ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്ന് കണക്കാക്കാൻ പോലും പറ്റുന്നില്ല. അത്രമാത്രം തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കൂലി വെട്ടികുറയ്ക്കുക, തൊഴിൽ നിഷേധം, നിയമനനിരോധനം. ഇതൊക്കെയല്ലേ ? തൊഴിലാളികൾക്ക് അടിമപ്പണി കേരളത്തിൽ പ്രോത്സാഹിപ്പിച്ച ഒരു ഗവൺമെന്റാണ് നിങ്ങളുടേത്. തൊഴിലാളികൾ കേരളത്തിൽ അടിമപ്പണി ചെയ്യണമെന്ന് നിയമനിർമ്മാണം നടത്തി ഈ സംസ്ഥാനത്തെ അപമാനിച്ച ഒരു സർക്കാരാണ്. അതുകൊണ്ടാണ് ബീഹാറിലെ പാവപ്പെട്ട പട്ടിണി കിടക്കുന്ന തൊഴിലാളികൾ ഇവിടെ വന്ന് പണിയെടുത്ത് അടിമപ്പണി ചെയ്ത് രണ്ടു തൊഴിലാളികൾ ഇവിടെ മരണപ്പെട്ടുപോയത്. പുതിയ നികുതികൾ ഒന്നും നിർദ്ദേശിച്ചിട്ടില്ല എന്ന് പറഞ്ഞു. അങ്ങയുടെ ശ്രദ്ധയിലേക്ക് ഒരു കാര്യം സൂചിപ്പിക്കുകയാണ്. മറുപടി പറയുമ്പോൾ പറയണം. ടെക്സ്റ്റൈൽ മേഖല സംരക്ഷിക്കണം, പ്രോത്സാഹിപ്പിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ പദ്ധതികൾ ടെക്സ്റ്റൈൽ മേഖലയിൽ കൊണ്ടുവരണമെന്ന് പറയുമ്പോൾ Kerala Value Added Tax (Amendment) Act, 2005-ലൂടെ ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന ഒരു പുതിയ നികുതി തുണിത്തരങ്ങൾക്ക് വന്നതിന്റെ ഫലമായി കേരളത്തിലെ ഹാന്റ്ലൂം ഇൻഡസ്ട്രി നമ്മൾ പ്രോത്സാഹിപ്പിക്കണമെന്ന് പറയുന്ന, കൂടുതൽ കൂടുതൽ മേഖലകൾ ഡെവലപ് ചെയ്യണമെന്ന് പറയുന്ന, ഒന്നാണ് ടെക്സ്റ്റൈൽ. അത് എക്സ്പോർട്ട് ചെയ്യുന്നത് ഉൾപ്പെടെ കേന്ദ്ര ഗവൺമെന്റ് സ്കീമുകൾ കൊണ്ടുവന്ന് കൈത്തറി മേഖലയെ സംരക്ഷിക്കണമെന്ന് പറയുമ്പോൾ ഈ ടാക്സ് കൈത്തറി മേഖലയ്ക്ക് ദോഷകരമാകുമോ ? അതിന് ഒരു വിശദീകരണം തരാൻവേണ്ടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇവിടെ ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. എ.ഡി.ബി. വായ്പയെക്കുറിച്ച് ഞങ്ങൾ നേരത്തേ പറഞ്ഞിട്ടുള്ളതാണ്. എ.ഡി.ബി. വായ്പയുടെ കാര്യത്തിൽ സി.പി.ഐ.-യുടെ നയത്തെ സംബന്ധിച്ച് സംശയത്തിന്റെ കാര്യമില്ല. ഞങ്ങൾ ഞങ്ങളുടെ നയം പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയും നിയമസഭാ കക്ഷിലീഡർ എന്ന നിലയ്ക്ക് ഞാനും ഒന്നുരണ്ടു പ്രാവശ്യം സ്റ്റേറ്റു മെന്റുകളിലൂടെ മന്ത്രിമാർക്ക് എഴുതിക്കൊടുത്തു. അസംബ്ലിയിൽ ചോദ്യരൂപത്തിൽ ഒക്കെ പലപ്പോഴും ഉന്നയിച്ചിട്ടുണ്ട്. ആ വ്യവസ്ഥകൾ അറിയണം, വ്യക്തമായി ചർച്ച ചെയ്യണം എന്ന ആവശ്യങ്ങൾ പലപ്പോഴും ഉന്നയിച്ചതാണ്. എ.ഡി.ബി. കരാറിലെ വ്യവസ്ഥകൾ ജനവിരുദ്ധമാണ് എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഞാൻ ഞങ്ങളുടെ അഭിപ്രായം പറയാം. പാവപ്പെട്ടവരുടെമേൽ അധിക സാമ്പത്തിക ഭാരം ഉണ്ടാക്കുന്നതാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

വായ്പകളും അതിലെ പല തരത്തിലുള്ളകുടുക്കുകളും. കുടിവെള്ളം കച്ചവട ച്ചരക്കാക്കുന്ന നടപടിയാണ് ഈ കരാറിലൂടെ ഉണ്ടാകുന്നത്. കുടിവെള്ളം കച്ചവടച്ചരക്ക് ആകാൻ പാടില്ല. ടാപ്പുകൾ സ്ഥാപിക്കുന്നതായാലും മീറ്റർ വയ്ക്കുന്നതായാലും പാവപ്പെട്ടവർക്ക് കുടിവെള്ളം നിഷേധിക്കുന്ന അമിത സാമ്പത്തിക ഭാരം ഉണ്ടാക്കുന്ന ഒരു കരാറും വ്യവസ്ഥയും ഉണ്ടാകരുത് എന്നാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ട് എ.ഡി.ബി.-യുടെ കാര്യത്തിലായാലും വിദേശ വായ്പയുടെ കാര്യത്തിലായാലും നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരായി, നമ്മുടെ ജനങ്ങളുടെ താൽപ്പര്യങ്ങൾക്ക് എതിരായി പാവപ്പെട്ട ജനങ്ങളുടെമേൽ അധിക സാമ്പത്തിക ഭാരം ഏൽപ്പിക്കുന്ന ഒരു നടപടിയേയും ഒരു വായ്പയേയും അത്തരം കരാറുകളേയും ഞങ്ങൾ അംഗീകരിക്കുന്നില്ല. ഇത് സി.പി.എം.-ഉം സി.പി.ഐ.-യും തമ്മിലുള്ള തർക്കമാണെന്ന് വരുത്തി അതിന് വാർത്താ പ്രാധാന്യം ഉണ്ടാക്കി അതിൽ കുറച്ച് ആഘോഷിച്ച് കയ്യടിച്ചിരിക്കാൻ നിങ്ങൾ വ്യാമോഹിക്കണ്ട. ഞങ്ങളുടെ രണ്ട് പാർട്ടിയിൽ ചില വിഷയങ്ങളിൽ വ്യത്യസ്ത അഭിപ്രായം ഉണ്ടാകാം. വിയോജിപ്പ് ഉണ്ടാകാം. ഈ രാജ്യത്ത് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ഐക്യം വളർത്തിയെടുക്കാനും ഇന്നത്തെ സവിശേഷമായ ഇൻഡ്യൻ രാഷ്ട്രീയ സാഹചര്യത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഐക്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കമ്മൂണിസ്റ്റു പാർട്ടിയുടെ ഐക്യം, സി.പി.ഐ-സി.പി.എം. ഐക്യം, ഈ വിയോജിപ്പുകളും വ്യത്യസ്ത അഭിപ്രായങ്ങളും ഉള്ളപ്പോഴും ആ വിയോജിപ്പുകൾക്കിടയിൽ സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം തമ്മിലുള്ള ഐക്യം വളരെ പ്രധാനമാണ്. ആ ഐക്യം ശക്തിപ്പെടുത്തുക എന്നതു തന്നെയാണ് ഞങ്ങളുടെ നിലപാട്. ആ നിലപാടിൽ നിന്നുകൊണ്ട് കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടിയും കേരളത്തിലെ തൊഴിലാളികൾക്ക് വേണ്ടിയും കൂടുതൽ അവരുടെ അവകാശങ്ങൾ നേടാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും അവരുടെ ജീവിതം മെച്ചപ്പെടുത്താനും വേണ്ടിയുള്ള പോരാട്ടം ശക്തിപ്പെടുത്തണം. ആ പോരാട്ടത്തിന്റെ വഴികളുമായി ഞങ്ങളുടെ പാർട്ടിയുടെ നേതൃത്വത്തിൽ, ഞങ്ങളുടെ ബഹുജന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ, ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ, കേരളത്തിലെ യുവജന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ, കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ എണ്ണമറ്റ സമരങ്ങളാണ് ഈ കഴിഞ്ഞ 5 വർഷം കേരളത്തിൽ നടന്നുകൊണ്ടിരുന്നത്. ഞങ്ങളുടെ ആയിരക്കണക്കിന് വിദ്യാർത്ഥികളും ചെറുപ്പക്കാരുമാണ് നിങ്ങളുടെ പോലീസിന്റെ അതിക്രൂരമായ മർദ്ദനം ഏറ്റുവാങ്ങിയത്. ആയിരക്കണക്കിന് തൊഴിലാളികളെയാണ് നിങ്ങളുടെ പോലീസ് ജയിലിലടച്ചത്. ഞാനും ജയിലിൽ കിടക്കാൻ വിധിക്കപ്പെട്ടവനായിരുന്നു. തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി തൊഴിലാളികൾക്കെതിരായി നിങ്ങളുടെ പോലീസും നിങ്ങളുടെ ഭരണാധികാരികളും കത്തിക്കയറിയ സന്ദർഭത്തിൽ അതിനെ ചെറുക്കാൻ നിന്നതിന്റെ പേരിലാണ് അന്ന് ജയിൽവാസം അനുഭവിക്കേണ്ടിവന്നത്. ആയിരക്കണക്കിന് ചെറുപ്പക്കാരായ സഖാക്കൾ ക്രൂരമായ ലാത്തിച്ചാർജ്ജിന് വിധേയമാകേണ്ടിവന്നതും ജയിലിൽ പോകേണ്ടിവന്നതും പൈശാചികമായ നരനായാട്ടിന് വിധേയമാകേണ്ടിവന്നതും യു.ഡി.എഫ്. സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായി നടത്തിയ ഉജ്ജ്വലമായ

LIBRARY ARCHIVES Kerala Legislative Assembly

സമരത്തിന്റെ ഫലമായിട്ടാണ്. വിദ്യാഭ്യാസം പണക്കാരുടെ മാത്രം വിദ്യാഭ്യാസമാക്കി മാറ്റിയതിനെതിരായി, വിദ്യാഭ്യാസം പാവപ്പെട്ടവർക്ക് നിഷേധിച്ചതിനെതിരായി പെൺകുട്ടികൾ ഉൾപ്പെടെ ഞങ്ങളുടെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ നടത്തിയ ധീരോദാത്തമായ സമരം കേരളത്തിന്റെ സമര ചരിത്രത്തിൽ തങ്കലിപികളിൽ എഴുതപ്പെട്ടതാണ്. ആ സമരങ്ങളിലൂടെ വളർന്നുവന്ന ഐക്യം, ആ പ്രക്ഷോഭണങ്ങളിലൂടെ വളർന്നുവന്ന ഐക്യം തൊഴിലാളികളും കൃഷിക്കാരും ഞങ്ങളുടെ ബഹുജനപ്രസ്ഥാനങ്ങളും എല്ലാം ഒന്നു ചേർന്നുകൊണ്ട് നടത്തിയ ഐക്യത്തിന്റേയും ആ സമരത്തിന്റേയും ഫലമായിട്ടാണ് ഈ കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലെല്ലാം തന്നെ കേരളത്തിലെ പ്രബുദ്ധരായ വോട്ടർമാർ നിങ്ങളെ ദയനീയമായി പരാജയപ്പെടുത്തിയത്. ആ പ്രബുദ്ധരായ വോട്ടർമാർ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിനേയും വളരെ താൽപ്പര്യപൂർവ്വം നോക്കിക്കാണുകയാണ്. ഈ ജനവിരുദ്ധ ഭരണം, ഈ തൊഴിലാളി വിരുദ്ധ ഭരണം ഈ കേരളത്തിന്റെ ആറടി മണ്ണിൽ കുഴിച്ചുമൂടിക്കൊണ്ട് യു.ഡി.എഫിന്റെ രാഷ്ട്രീയമായ ശാർദ്ദിക ജയിലുകൾക്കുൾപ്പെടെ നിങ്ങളുടെ നിലനിൽപ്പിനെപ്പോലും അപകടപ്പെടുത്തുന്ന വിധത്തിൽ സമ്പൂർണ്ണമായ യു.ഡി.എഫിന്റെ തകർച്ചക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളെല്ലാം ഒറ്റക്കെട്ടായി യോജിപ്പോടുകൂടി പ്രവർത്തിച്ച് മുന്നോട്ടുപോകും എന്ന് ഒന്നുകൂടി അസന്നിഗ്ദ്ധമായി ഇവിടെ പ്രഖ്യാപിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ അഭിപ്രായംകൂടി ഇവിടെ രേഖപ്പെടുത്തിക്കൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ അവർകൾ ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു. ദീർഘവീക്ഷണമുള്ള ഒരു ബഡ്ജറ്റാണിത്. തെരഞ്ഞെടുപ്പ് പടിവാതിക്കൽ എത്തി നിൽക്കേ വേണമെങ്കിൽ ജനപ്രിയ ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് ശ്രീ. വക്കം പുരുഷോത്തമൻ അവർകൾക്ക് കയ്യടി വാങ്ങാമായിരുന്നു. പക്ഷേ എക്കാലത്തും കരയ്ക്കുനിന്ന് നീന്താൻ മുതിരാത്ത വ്യക്തിയാണ് അദ്ദേഹം. കേരളം സാമ്പത്തികമായി വളർച്ച നേടിയിട്ടുണ്ട് എന്നത് നമ്മുടെ രാജ്യത്തെ പ്രതിപക്ഷങ്ങൾപോലും സമ്മതിക്കുന്ന ഒരു കാര്യമാണ്. ദേശീയ വളർച്ച 7.5 ശതമാനം ആണെങ്കിൽ കേരളത്തിന്റെ വളർച്ചാ നിരക്ക് 9.2 ശതമാനമാണ്. അതുപോലെ നമ്മുടെ ആളോഹരി വരുമാനം ഭാരതത്തെ സംബന്ധിച്ചിടത്തോളം വർഷം 24,492 രൂപയാണെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം അത് 27,048 രൂപയാണ്. 1957-ൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി കേരള നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു കേരളീയന്റെ ശരാശരി കാർഷിക രംഗത്തുള്ള വരുമാനം 120 രൂപയാണ് എന്നു പറഞ്ഞെങ്കിൽ, 10-50 കൊല്ലം കഴിഞ്ഞപ്പോൾ നമ്മുടെ സംസ്ഥാനത്തിലെ ആളോഹരി വരുമാനം 27,048 രൂപ ആയി ഉയർന്നെങ്കിൽ കേരളത്തെ സംബന്ധിച്ചുണ്ടായ വളർച്ച ഏറ്റവും കൂടുതൽ ശ്ലാഘിക്കേണ്ട ഒരു കാര്യമാണ്. അതിന് കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളോടും കേരളത്തിലെ ജനത കടപ്പെട്ടിട്ടുണ്ട്. കേരളത്തെ സംബന്ധിച്ച് ഈ വളർച്ചയിൽ നമുക്ക് കൂട്ടായി അഭിമാനിക്കാൻ പറ്റുന്ന കാര്യമാണ്. അതുപോലെ തന്നെ നമുക്കറിയാം എൽ.ഡി.എഫിന്റെ ഭരണ കാലത്ത് റബ്ബർ വിറ്റാൽ ഉണ്ടായിരുന്ന

1-00 P. M.]

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കേരളത്തിലെ സാമ്പത്തികമായ മൂല്യം 1626 രൂപയായിരുന്നെങ്കിൽ ഇപ്പോൾ അത് 3251 രൂപയായി ഉയർന്നിട്ടുണ്ട്. കാർഷിക രംഗത്ത് റബ്ബറിൽ നിന്നും ലഭിക്കുന്ന മൂല്യം ഇരട്ടിയാണ്. ഈ മൂല്യത്തിന്റെ വർദ്ധനവ് തന്നെ കേരളത്തിന്റെ സാമ്പത്തിക രംഗത്ത് ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കിയിട്ടുണ്ട്. എൽ.ഡി.എഫ്.-ന്റെ ഭരണ കാലത്ത് 1,200 രൂപ സെന്റിന് ഉണ്ടായിരുന്ന റബ്ബർ തോട്ടത്തിന്റെ വില ഇന്ന് 7,000 രൂപയായി ഉയർന്നിട്ടുണ്ട്. കഴിഞ്ഞ ക്രിസ്തുമസ്സിനൊക്കെ കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഉണ്ടാക്കിയ നക്ഷത്രത്തിന്റെ വലുപ്പം തന്നെ ആ ഗ്രാമങ്ങളിലെ ജനങ്ങളുടെ സന്തോഷത്തിന് നിദർശനമാണ്. ആ നിദർശനം ഞങ്ങൾക്ക് അനുകൂലമായി ഈ തെരഞ്ഞെടുപ്പിൽ വീഴും എന്ന ശുഭാപ്തിവിശ്വാസത്തോടുകൂടി തന്നെയാണ് ഞങ്ങൾ മുന്നോട്ടു പോകുന്നത്. അതുപോലെ തന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് ഉണ്ടായിരുന്ന കടം 137 ശതമാനമാണ്. ഞങ്ങളുടെ ഭരണത്തിൽ 5 വർഷംകൊണ്ട് കടം 85 ശതമാനമായി ചുരുക്കാൻ കഴിഞ്ഞു. എല്ലാ കാര്യത്തിലും ശതമാനം പറയുന്ന ശ്രീ. പി. സി. ജോർജ്ജും കൂട്ടരുമൊക്കെ ഈ ശതമാനം എന്തുകൊണ്ട് അംഗീകരിക്കുന്നില്ല? അതുപോലെ തന്നെ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഈ രാജ്യത്ത് ചെറുപ്പക്കാരായ ആളുകൾക്ക് പി.എസ്.സി. വഴി നിയമനം ലഭിച്ചത് 1,11,807 പേർക്കാണെങ്കിൽ ഞങ്ങളുടെ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അത് ഒന്നര ലക്ഷത്തോളമായി വർദ്ധിപ്പിച്ചുകൊണ്ടുവരാൻ ഞങ്ങൾക്ക് കഴിഞ്ഞു. എല്ലാ കാര്യത്തിലും ഇവിടെ മസിൽ പവർ ഉപയോഗിച്ചുകൊണ്ട് തടയുകയല്ലേ? സാസ്കാരിക ഫാസിസം ഈ രാജ്യത്ത് അരങ്ങേറുകയല്ലേ? വിയോജിപ്പിന്റെ വാക്കുകൾ ആരെങ്കിലും പറഞ്ഞാൽ സ്വന്തം ആളുകൾക്ക് സഹിഷ്ണുതയോടുകൂടി അത് കേൾക്കാനുള്ള മനോഭാവം കൂടിയില്ല. അതുപോലെ തന്നെ പൗരൻമാരുടെ കുടുംബത്തിന്റെ സുരക്ഷിതത്വവും അഭിമാനവും തകർക്കാൻ ഇടതുപക്ഷ ജനാധിപത്യ പ്രവർത്തകൻമാർ തെരുവിൽ കുറേക്കാലമായി നാടകം കളിക്കുകയാണ്. ആ നാടകത്തിനെതിരായി ഈ നാട്ടിൽ ബഹുമാന്യനായ ആകാശവാണിയുടെ ഡയറക്ടർ വന്ന് പ്രസംഗിച്ചപ്പോൾ അദ്ദേഹത്തിന്റെ തലയിൽവരെ കരിഓയിൽ ഒഴിക്കുന്ന നടപടിയുമായിട്ടാണ് മാർക്സിസ്റ്റ് പാർട്ടിയുടെ യുവജന സംഘടന നീങ്ങുന്നതെങ്കിൽ ഇത് വായ് അടയ്ക്കലല്ലേ? ഇത് സാംസ്ക്കാരിക ഫാസിസമല്ലേ? ഇത് പൗരാവകാശ ധ്വംസനമല്ലേ? ആളുകൾക്ക് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യത്തിന്റെ നിഷേധമല്ലേ? ഇത്തരം പൗരാവകാശ നടപടി നിഷേധത്തിലൂടെ കേരളത്തിൽ ആരുടെയെങ്കിലും വായ് മൂടികെട്ടാൻ ഡി.വൈ.എഫ്.ഐ.-യും സി.പി.ഐ.(എം)-ഉം ശ്രമിക്കുകയാണെങ്കിൽ നിങ്ങൾ എവിടെയോ ജീവിക്കുന്ന ആളുകൾ മാത്രമാണ് എന്നാണ് എനിക്ക് പറയാനുള്ളത്. എല്ലാം മസിൽ പവർ ഉപയോഗിച്ച് തകർക്കുകയല്ലേ? അംഗനവാടികളിലെ നിയമനം വരെ തടയുകയാണ്. അംഗനവാടിയിലേക്ക് 10 പാവപ്പെട്ട ജീവനക്കാരെ വയ്ക്കുമ്പോൾ, വർക്കറേയും ഹെൽപ്പറേയും വയ്ക്കമ്പോൾ, ഭരണ സ്വാധീനം ഉപയോഗിച്ച് സ്ഥാനത്തിന്റെ പദവി ഉപയോഗിച്ച്, അതുപോലെ തന്നെ അധികാരത്തിന്റെ ഹുങ്ക് ഉപയോഗിച്ച് നിയമനം തടയുന്നു. എന്റെ നിയോജകമണ്ഡലത്തിൽ അട്ടപ്പാടിയിൽ അംഗനവാടിയിലെ നിയമനം തടഞ്ഞുവച്ചു. അതുപോലെ വ്യക്തമായ മാനദണ്ഡം അനുസരിച്ച് ഗവൺമെന്റ് ഇറക്കിയ ജി. ഒ. കാറ്റിൽ പറത്തിക്കൊണ്ട് തൽക്കാലം സ്റ്റേ വാങ്ങിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു അംഗനവാടിയിലേക്കുവരെ ജീവനക്കാരെ വയ്ക്കാനുള്ള ഒരു സഹിഷ്ണുത ഇടതുപക്ഷം ഈ രാജ്യത്ത് അനുവദിക്കുന്നുണ്ടോ? ഈ ഗവൺമെന്റിനെ പിൻതാങ്ങുന്നതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. കാരണം പിന്നോക്ക ജനവിഭാഗങ്ങൾ എന്നും ഓർമ്മിക്കുന്ന ഒരു ഗവൺമെന്റാണിത്. കാരണം ഈ രാജ്യത്ത് രണ്ട് വർഷത്തോളം പി.എസ്.സി. നിയമനത്തിൽ ബന്ധപ്പെട്ട സമുദായത്തിന് പോസ്റ്റ് കിട്ടിയിട്ടില്ലെങ്കിൽ ഡയറക്ട് എന്ന പദം തുന്നിച്ചേർത്തുകൊണ്ട് ഡയറക്ട് റിക്രൂട്ട്മെന്റ് നടത്താനുള്ള തീരുമാനമെടുത്ത ഗവൺമെന്റാണിത്. അതിനുവേണ്ടി KSSR, Kerala Subordinate Service Rules-15A amend ചെയ്തുകൊണ്ട് ചരിത്രപരമായ തീരുമാനം ഈ ഗവൺമെന്റ് എടുത്തു. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് നാളെ പിന്നോക്കക്കാരന് വാതിൽ തുറന്നുകൊടുത്ത ഗവൺമെന്റാണിത്. പി.എസ്.സി. ലിസ്റ്റ് അഞ്ചിരട്ടി സപ്ലിമെന്ററി ലിസ്റ്റ് വർദ്ധിപ്പിച്ചു. അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തി. 20 ശതമാനം പിന്നോക്കക്കാരന് വിദ്യാഭ്യാസ രംഗത്ത് സംവരണം ഏർപ്പെടുത്തി. ഇത്ര ചരിത്രപരമായ വിജയം നാലേമുക്കാൽ കൊല്ലം നടത്തിയ ഭരണത്തിന്റെ നേട്ടത്തിൽ പിന്നോക്കക്കാർ അവരുടെ മനസ്സിലെ മാണിക്യ കൊട്ടാരത്തിൽ ഒരു ഹൃദയ നിധിയായിട്ടാണ് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിനെ കാണുന്നത്. മാത്രമല്ല, കേരളത്തിൽ യു.ഡി.എഫ്. ഉണ്ടാക്കിയ വിദ്യാഭ്യാസ വികസനം ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? കേരളത്തിൽ എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ, എത്ര മെഡിക്കൽ സീറ്റുകൾ, എത്ര എം.എസ്.ഡബ്ല്യൂ സീറ്റുകൾ, എത്ര മൈക്രോ ബയോളജി സീറ്റുകൾ വർദ്ധിപ്പിച്ചു? ഈ സ്റ്റേറ്റിലെ ഗ്രാമങ്ങളിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വന്നതോടുകൂടി സ്റ്റേറ്റിൽ നിന്നും ഒഴുകി പോയിരുന്ന പണം ഈ സ്റ്റേറ്റിലേക്ക് നിക്ഷേപിക്കുകയും അന്യ സ്റ്റേറ്റുകളിലേക്ക് ഒഴുകിപ്പോകാതെ സൂക്ഷിക്കുകയും ചെയ്തു. സ്വാശ്രയ വിദ്യാഭ്യാസത്തിനെതിരായി ഈ തിരുവനന്തപുരം നഗരിയിൽ നടത്തിയ അക്രമങ്ങൾ എത്ര വിചിത്രമായിരിക്കുന്നു. ഒരു വണ്ടി കത്തിപ്പോവുകയാണ്. ഒരു വിദേശി വന്ന് ചോദിച്ചു എന്താണിത് എന്ന്. അപ്പോഴാണ് ഒരു സഹോദരൻ മറുപടി പറയുന്നത് ഇവിടെ ഒരു സിനിമയുടെ ഷൂട്ടിംഗ് നടക്കുകയാണെന്ന്. സത്യത്തിൽ വിദ്യാഭ്യാസ സമരത്തിന്റെ പേരിൽ എത്ര വാഹനങ്ങളാണ് ഈ തിരുവനന്തപുരം നഗരിയിൽ കത്തിച്ചത്? എം.എൽ.എ.മാർ സഞ്ചരിച്ചിരുന്ന വാഹനത്തിനുവരെ കല്ലേറുണ്ടായി. എന്നിട്ട് എന്ത് നേടി? അവസാനം സ്വാശ്രയ വിദ്യാഭ്യാസത്തെ അംഗീകരിക്കുന്ന പാർലമെന്റ് നിയമത്തിലെ ചർച്ചയിൽ പങ്കെടുക്കേണ്ട ആവശ്യം വന്നെങ്കിൽ നാളേയും ഈ സ്വാശ്രയ വിദ്യാഭ്യാസം അജണ്ടയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഞങ്ങൾ ചെയ്തതൊക്കെ തെറ്റാണ് എന്ന് പറയുന്ന രംഗത്തേക്കുള്ള സി.പി.ഐ. (എം)-ന്റെ ഈ മാറ്റം സ്വാഗതാർഹമാണ് എന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. കേന്ദ്ര ഗവൺമെന്റ് 17-1-2005-ൽ പുറത്തിറക്കിയ ധവള പത്രത്തിൽ എമ്പവേർഡ് കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം നമ്മുടെ നാട്ടിൽ Kerala Value Added Tax Amendment Act 2005-ലൂടെ നടപ്പാക്കിയിരിക്കുന്ന Additional duties of excise under the goods of special importance-ന്റെ പരിധിയിലുള്ള തുണിത്തരങ്ങൾ, പഞ്ചസാര, പുകയില എന്നീ ഇനങ്ങളെ കേന്ദ്ര ഗവൺമെന്റ് വാറ്റിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയതുപോലെ അവർക്ക് ഏർപ്പെടുത്തിയ 4 ശതമാനം നികുതി പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രിയോട് എന്റെ പാർട്ടിയുടെ അഭിപ്രായമായി അറിയിക്കാൻ ഞാൻ അഗ്രഹിക്കുകയാണ്. കൈത്തറി, സിൽക്ക് ഉൽപ്പന്നങ്ങൾക്ക് ഇവിടെ ടെക്സ്റ്റൈൽ ടാക്സ് പിൻവലിക്കേണ്ടത് ഈ സമയത്ത് ആവശ്യമാണ്. ചെറുകിട കച്ചവടക്കാർക്കും വ്യാപാരികൾക്കും പ്രത്യേകിച്ച് ഉപഭോക്താക്കൾക്കുമൊക്കെ അത് വളരെ വിഷമം ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ തന്നെ ഈ ബഡ്ജറ്റിൽ 7 ലക്ഷം രൂപ വരെ കിട്ടത്തക്കവിധത്തിൽ ഇവിടത്തെ സർക്കാർ ഉദ്യോഗസ്ഥർക്ക് ചികിത്സാ ഇൻഷ്വറൻസ് ഏർപ്പെടുത്തിയ നടപടിയെ സ്വാഗതം ചെയ്യേണ്ട കാര്യമാണ്. ഞാൻ ഒരു കാര്യം കൂടി പറയട്ടെ. നമ്മുടെ സംസ്കാരവും സമൂഹവുമൊക്കെ 'ആചാര്യ ദേവ ഭവോ' എന്ന് പറയുന്ന സംസ്കാരമാണ്. ഈ സംസ്ഥാനത്ത് അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ഉണ്ടായിരുന്നു. 1997-ന് ശേഷം പ്രൊട്ടക്ഷനില്ല. അതുകൊണ്ടുതന്നെ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ഏർപ്പെടുത്തണമെന്നുള്ള ആവശ്യം ഒന്നുകൂടി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ മുൻപിൽ ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ നമ്മുടെ നാട്ടിൽ റേഷൻകാർഡ് ഉണ്ടെങ്കിലും 70 ശതമാനം ആളുകൾ മാത്രമേ റേഷൻ വാങ്ങുന്നുള്ളൂ. 30 ശതമാനം ആളുകളും റേഷൻ വാങ്ങുന്നില്ല. അതിനു കാരണം പ്രധാനമായും ദാരിദ്ര്യമാണ്. ആ സാമ്പത്തികമായ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ നമ്മുടെ രാജ്യത്ത് പാവങ്ങൾക്ക് 16 കിലോ അരിയും 9 കിലോ ഭക്ഷ്യ സാധനങ്ങളും നൽകാനുള്ള ഗവൺമെന്റിന്റെ തീരുമാനത്തേയും അതിന് ഈ ബഡ്ജറ്റിലൂടെ പണം കണ്ടെത്താനുള്ള ശ്രമത്തേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. അതുപോലെ തന്നെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് 1,30,00,000 രൂപ നീക്കി വച്ചിട്ടുണ്ട്. എസ്.ടി. മേഖലയിലെ ഒരു എം.എൽ.എ. കൂടിയാണ് ഞാൻ. എന്റെ നിയോജക മണ്ഡലത്തിൽ 27,000 എസ്.ടി. വിഭാഗത്തിൽപ്പെട്ട ആളുകളുണ്ട്. ആ ജനങ്ങളുമായി നേരിട്ട് ബന്ധമുള്ള ഒരു ജനപ്രതിനിധി എന്ന നിലയ്ക്ക് എസ്.ടി. കുട്ടികളുടെ സ്റ്റൈപ്പന്റ് മുടങ്ങിയത് ചില സാങ്കേതിക കാരണങ്ങൾ കൊണ്ടാണ്. അതുകൊണ്ട് എസ്.ടി. കുട്ടികളുടെ ആ സ്റ്റൈപ്പന്റ് പുനഃസ്ഥാപിക്കാൻ 1,30,00,000 രൂപ എസ്.ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം കൊടുത്ത ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. അതോടൊപ്പം ഇവിടെ കാടിനെ സംരക്ഷിച്ച കാട്ടുരാജാക്കൻമാരാണ് ഇവിടത്തെ ആദിവാസികൾ. അവരിലെ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട 50 വയസ്സ് കഴിഞ്ഞ പാവങ്ങൾക്ക് പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ച നടപടിയെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ കാട്ട് നായ്ക്കർ, ചോല നായ്ക്കർ, കുറുമ്പ മേഖല തുടങ്ങിയ 5 വിഭാഗം പ്രിമിറ്റീവ് ട്രൈബ് സമൂഹത്തിലുണ്ട്. ഈ പ്രിമിറ്റീവ് ട്രൈബ്സിനു മാത്രം പെൻഷൻ ഏർപ്പെടുത്താൻ പാടില്ല. എല്ലാ ആദിവാസികൾക്കും പെൻഷൻ കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. കാരണം ആദിവാസികളിൽ 4 വിഭാഗമാണ് അവരുടെ ഊരിനെ ബെയ്സ് ചെയ്തിട്ടുള്ളത്. മൂപ്പർ, മണ്ണൂക്കാരൻ, കുറുതല, പണ്ടാരി. ഇവരിൽ തന്നെ 50 വയസ്സ് കഴിഞ്ഞാൽ അവരുടെ സോഷ്യൽ സെറ്റപ്പിന്റെ ഭാഗമായി മുഴുവൻ ആദിവാസികൾക്കും കേരളത്തിൽ പെൻഷൻ കൊടുക്കാൻ വളരെ പരിമിതമായ സംഖ്യ മതി. എല്ലാ മൂപ്പന്മാർക്കും പെൻഷൻ കൊടുക്കാൻ കഴിയണം.

കേരളത്തിലെ യു.ഡി.എഫ് ഗവൺമെന്റ് നിരവധി മൂപ്പൻമാരെ ട്രൈബൽ പ്രൊമോട്ടർമാരായി എടുത്തത് ഏറെക്കുറെ സ്വാഗതം ചെയ്യേണ്ട ഒരു കാര്യമാണ്. ഇന്നും അറിയപ്പെടാത്ത ഊരുകളിലെ മൂപ്പൻമാരുണ്ട്. അവർ സാമ്പത്തികമായി

LIBRARY ARCHIVES Kerala Legislative Assembly

വളരെ ബുദ്ധിമുട്ടുന്നു. അതുകൊണ്ട് മൂപ്പൻ കൗൺസിലുകൾക്ക് അംഗീകാരം കൊടുക്കുകയും മൂപ്പൻമാർക്ക് ഈ രാജ്യത്തിൽ പെൻഷൻ കൊടുക്കാനുള്ള ഒരു നടപടിയെടുക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ഇവിടെ ബീഡിത്തൊഴിലാളികൾക്ക് ഇന്റഗ്രേറ്റഡ് ഹൗസിംഗ് സിസ്റ്റം നടപ്പിലാക്കിയ ഗവൺമെന്റിനെ ഞാൻ അനുമോദിക്കുന്നു. ബീഡിവലിക്കൽ തെറ്റായിരിക്കാം, സിഗരറ്റ് വലിക്കൽ തെറ്റായിരിക്കാം. പക്ഷെ നമ്മുടെ സമൂഹത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതയ്ക്ക് ഒരു കാലത്ത് ഏറ്റവും ആക്കം കൂട്ടിയ വിഭാഗമാണ് നമ്മുടെ ബീഡിത്തൊഴിലാളികൾ. ആ ബീഡിത്തൊഴിലാളികളെ സംബന്ധിച്ച് അവർക്ക് ഇന്റഗ്രേറ്റഡ് ഹൗസിംഗ് സ്കീം നടപ്പിലാക്കാൻ ശ്രമിച്ചത് വളരെ കാര്യമാണെങ്കിൽ സംസ്ഥാന ഗവൺമെന്റുതന്നെ ഏതെങ്കിലും തരത്തിൽ ഒരു ക്ഷേമനിധി രൂപീകരിച്ച് സംസ്ഥാന ചെലവിൽ ഈ ബീഡിത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കണം. ഇന്ന് ബാംഗ്ലൂർ ആസ്ഥാനമാക്കി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണ് അവർക്ക് പെൻഷൻ കൊടുക്കുന്നതെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് ഈ കാര്യത്തെക്കുറിച്ച് ആലോചിക്കണമെന്നു മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം ഒരു കാര്യം കൂടി പറയട്ടെ. ബീഡിത്തൊഴിലാളികൾക്ക് ഹൗസിംഗ് സ്കീം നടപ്പിലാക്കിയതുപോലെ നമ്മുടെ കർഷക തൊഴിലാളികൾക്കും ഇക്കാര്യത്തിൽ വേണ്ടതു ചെയ്യണം. ബീഡിത്തൊഴിലാളികളെപ്പോലെതന്നെ downtrodden ആയിട്ടുള്ള ഒരു വിഭാഗമാണ് കർഷകത്തൊഴിലാളികൾ. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നാൽ തീർച്ചയായും അത് ചെയ്യുമെന്നുള്ള വിശ്വാസം ഞങ്ങൾക്കുണ്ട്. അതുകൊണ്ട് ആ നിലയ്ക്കുകൂടി ഗവൺമെന്റിന് ദിശാബോധം ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് 5 കൊല്ലം ഭരിച്ചപ്പോൾ, ഈ യു.ഡി.എഫ്. ഗവൺമെന്റിന്റെ 5 കൊല്ലത്തെ ഭരണം അത്ഭുതങ്ങളാണ് സൃഷ്ടിച്ചത്. അതിലെ ഏറ്റവും വലിയ അത്ഭുതമേഖല പഞ്ചായത്തീ രാജ് സംവിധാനമാണ്. 5 കൊല്ലക്കാലം പഞ്ചായത്ത് ഭരണം മാതൃകാപരമായി നടത്തി. 14,000 കോടി രൂപയാണ് നമ്മുടെ ഗവൺമെന്റ് പഞ്ചായത്തുകൾക്ക് കൊടുത്തത്. അതിന്റെ അനന്തരഫലമായി ഇൻഡ്യയിലെ ഏറ്റവും നല്ല പഞ്ചായത്തീ രാജ് സിസ്റ്റം നടപ്പിലാക്കിയ ഗവൺമെന്റെന്നുള്ള സ്ഥാനം ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടിക്കും, ശ്രീ. ചെർക്കളം അബ്ദുള്ളയ്ക്കും അതുപോലെ മുൻ മുഖ്യമന്ത്രിമാരായ ശ്രീ. എ. കെ. ആന്റണിക്കും ശ്രീ. ഉമ്മൻ ചാണ്ടിക്കും കിട്ടിയ പൊൻതൂവലും കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിന് കിട്ടിയ ഏറ്റവും വലിയ അംഗീകാരവുമാണ് ഇൻഡ്യാ ഗവൺമെന്റ് പ്രഖ്യാപിച്ച 5 കോടി രൂപ എന്ന് അഭിമാനത്തോടുകൂടി പറയുന്ന കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. അത് നേടിയെടുക്കാൻ ഭഗീരഥപ്രയത്നം ചെയ്ത ധനമന്ത്രിയടക്കമുള്ള ശ്രീ ശങ്കർജി, ശ്രീ. വക്കം, അതുപോലെ ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. കുട്ടി അഹമ്മദ് കുട്ടി അതുപോലെ മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി, ശ്രീ. ഉമ്മൻ ചാണ്ടി തുടങ്ങിയ എല്ലാപേരും അതുപോലെ അവരോട് സഹകരിച്ച കേരളത്തിന്റെ പഞ്ചായത്തീ രാജ് സംവിധാനത്തിന്റെ വക്താക്കളും ഒക്കെ ഈ അവാർഡിനർഹരാണ് എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. അതോടൊപ്പം ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്. നാളികേരത്തിന് 4 ശതമാനം പ്രവേശന നികുതി നടപ്പിലാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം കേരളത്തിലെ നാളികേര കർഷകർ അത്ഭുതത്തോടുകൂടിയും ആഹ്ലാദത്തോടുകൂടിയുമാണ് സ്വാഗതം ചെയ്യുന്നത്. മറ്റ് സ്റ്റേറ്റുകളിൽ നിന്ന് ഇങ്ങോട്ടുവരുന്ന നാളികേരത്തിന് പ്രവേശന നികുതി ഏർപ്പെടുത്തിയത് തീർച്ചയായും ഒരു വലിയ കാര്യമാണ്. സാംസ്കാരിക രംഗത്ത് എക്സൈസ് വകുപ്പിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ 140 കോടി രൂപയുടെ കഞ്ചാവാണ് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ വെട്ടിനശിപ്പിച്ചത്. 140 കോടി രൂപയുടെ കഞ്ചാവ് വെട്ടിനശിപ്പിക്കാൻ ഭഗീരഥപ്രയത്നം നടത്തിയ എക്സൈസ് വകുപ്പിനേയും അതിന്റെ മന്ത്രിയേയും അഭിനന്ദിക്കുന്നതിൽ എനിക്ക് യാതൊരു മടിയുമില്ല. അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിൽ നടത്തിയ പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിക്കുവേണ്ടി 66 കോടി രൂപയാണ് ചെലവാക്കിയത്. അനന്തരഫലമായി വറ്റി വരണ്ടിരുന്ന കൊടങ്കരപ്പള്ളം എന്ന നദി അട്ടപ്പാടിയിൽ പുനർജനിച്ചെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ ഇനിയും പുനർജനിക്കും എന്ന കാര്യത്തിൽ എനിക്ക് അഭിപ്രായ വ്യത്യാസമില്ല. ജനങ്ങൾക്കു വേണ്ടി, മനുഷ്യനുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്ത ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നതോടൊപ്പം തന്നെ ഒരു നിർദ്ദേശം കൂടി ഞാൻ പറയട്ടെ. കേരളത്തിൽ ഒരു മീഡിയ സിറ്റി ആരംഭിക്കണം. കേരളത്തിലെ മാധ്യമലോകം അംഗീകാരം ലഭിച്ച മാധ്യമലോകമാണ്. അതുകൊണ്ടുതന്നെ കേരളത്തിലൊരു മീഡിയ സിറ്റി ആരംഭിക്കാൻ നമുക്ക് ഈ ബഡ്ജറ്റിൽ പണം കണ്ടെത്തണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. അതുപോലെതന്നെ ഡോ.തോമസ് ഐസക്കിന്റെ കയ്യിൽ എല്ലാറ്റിനും കണക്കുണ്ട്. കണക്കിന്റെ കമ്മിയല്ല ഡോ. തോമസ് ഐസക്കിനേയും മാർക്സിസ്റ്റ് പാർട്ടിയേയും ഈ രാജ്യത്ത് തളർത്തുന്നത്. മറിച്ച് അവരെ തളർത്തുന്നത് പ്രായോഗികമായ പ്രവർത്തനം ഉണ്ടോയെന്നതാണ്. അവർ ഭരിക്കുന്ന സ്റ്റേറ്റുകളിൽ ജനങ്ങളും അതുപോലെ വിദേശ ശക്തികളും ഒക്കെ നിക്ഷേപിക്കുമ്പോൾ കേരളത്തിൽ നടക്കില്ല, ഒക്കത്തില്ല, അനങ്ങത്തില്ല, സമ്മതിക്കത്തില്ല, എന്ന വാക്കുകളുടെ പ്രയോഗമാണ്. വിദേശ രാഷ്ട്രമായ ദുബൈയിൽ യു.എ.ഇ.-യിലെ സിറ്റി ഈ സി.പി.എം.-ന്റെ നേതാക്കൾ ഒന്നുപോയി കാണട്ടെ. അവിടെ ഇത്തരം വികസന പ്രവർത്തനങ്ങൾ നടക്കുന്നത് പ്രധാനമായും അച്ചുതാനന്ദനെപ്പോലുള്ള സഖാക്കൾ ഇല്ലാത്തതു കൊണ്ടാണെന്നാണ് എനിക്ക് ഈ സഭയിൽ പയാനുള്ളത്. എല്ലാം മുടക്കുക, എല്ലാം തകർക്കുക, എല്ലാം വിമർശിക്കുക, നടക്കത്തില്ല, ഒക്കത്തില്ല, സമ്മതിക്കില്ല, മസിൽ പവർ ഉപയോഗിക്കുക, ഏതായാലും മാറുന്നുണ്ട്, ഈ മാറ്റം നല്ലതാണ്. ഭാവിയിൽ ഇനിയും ഞങ്ങൾ കേരളത്തിൽ അധികാരത്തിൽ വരും. നിങ്ങൾ പ്രതിപക്ഷത്തും ഇരിക്കും. അപ്പോൾ ഈ മാറ്റങ്ങളുമായി നിങ്ങൾ സഹകരിച്ചാൽ തീർച്ചയായും ഗുണമുണ്ടാകും. ഞാൻ എന്റെ വാക്കുകൾ നിറുത്തുന്നു. വളരെ പ്രായോഗികമായ കാര്യം ഇവിടെ അവതരിപ്പിച്ച ഗവൺമെന്റാണിത്. കേരളത്തിൽ ഒന്നും നടക്കുന്നില്ല എന്ന് സഖാവ് കെ. പി. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ചു. കേരളത്തിലെ നിർമ്മാണ മേഖല ഏറ്റവും ശക്തമാണ്. അതാണല്ലോ പുഴകളിൽനിന്ന് ഏറ്റവും കൂടുതൽ കരിമണൽ ഊറ്റ് നടക്കുന്നത്. അങ്ങനെ ഏത് മേഖലയിലാണ് വികസനം വരാത്തത്, ഏത് രംഗത്താണ് ഇവിടെ പുരോഗതിയില്ലാത്തത് ? റോഡുകൾ ഇവിടെ നല്ല രീതിയിൽ ക്ലീൻ സിറ്റി റോഡുകൾ ആക്കിയില്ലേ, ഏതു മേഖലയിലാണ്

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്ത് മാറ്റം ഉണ്ടാകാത്തത് ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാനൊരു കാര്യം അഭ്യർത്ഥിക്കട്ടെ. പതിനായിരം കിലോമീറ്റർ റോഡാണ് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് ഏറ്റെടുത്തത്. ആ പതിനായിരം കിലോമീറ്റർ റോഡുകൾ ഏറ്റെടുത്തതിന് തീർച്ചയായും ബഡ്ജറ്റിൽ പണം കണ്ടെത്തിയേ പറ്റൂ. ഗ്രാമീണ റോഡുകളും ന്യായമായ റോഡുകളാണ്. അതുകൊണ്ട് അതിന് പണം കണ്ടെത്തണം. അതോടൊപ്പം ഒറ്റ കാര്യംകൂടി പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.· മലബാറിൽ പ്ലസ് ടു രംഗത്ത് കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് തടസ്സം നേരിടുകയാണ്. അതുകൊണ്ട് എയിഡഡ് മേഖലയിൽ പ്ലസ് ടു കൂടുതൽ ഉണ്ടാകണം. തീർച്ചയായും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കാൻ കൂടി യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു. നല്ല കാര്യങ്ങളെ സ്വാഗതം ചെയ്യുന്ന, .ഗർഭിണികളുടെ പ്രാർത്ഥനയുള്ള, കുട്ടികളുടെ പ്രാർത്ഥനയുള്ള, നാട്ടുകാരുടെ പ്രാർത്ഥനയുള്ള, കൃഷിക്കാരന്റെ പ്രാർത്ഥനയുള്ള ഈ ഗവൺമെന്റ് തീർച്ചയായും കേരളത്തിൽ അധികാരത്തിൽ വരും, നാട്ടിൽ അതിന് അനുകൂലമായ ചലനമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ പിൻതാങ്ങുകയാണ്. സർ, ലോകത്തിലെ ഏറ്റവും മനോഹരമായ നഗരങ്ങളിൽ ഒന്നായിരുന്ന ലെബനോണിന്റെ തലസ്ഥാനമായ ബെയ്റൂട്ട് നഗരം നിരന്തരമായി നടന്ന യുദ്ധങ്ങളുടെ സ്മാരകമായി മാറിയിരിക്കുകയാണ്. തകർന്നു തരിപ്പണമായ ബെയ്റൂട്ട് നഗരത്തെയാണ് ഇപ്പോൾ എല്ലാപേർക്കും കാണാൻ കഴിയുക. ആ ബെയ്റൂട്ട് നഗരത്തിന് സമാനമായ അവസ്ഥയാണ് 2001-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയ്ക്കുണ്ടായിരുന്നത്. അഞ്ച് വർഷക്കാലം തിരിഞ്ഞുനോക്കുമ്പോൾ നമ്മുടെ സമ്പദ്വ്യവസ്ഥയ്ക്ക് ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് ഗൗരവമായ പഠനം ആവശ്യമാണ്. ആ ഉണ്ടായ മാറ്റങ്ങളെ നിസ്സാരവൽക്കരിക്കാനുള്ള ശ്രമമാണ് ചില പ്രസംഗങ്ങളിൽ ഞാൻ കണ്ടത്. നമ്മുടെ സാമ്പത്തിക വളർച്ചാനിരക്ക് 9.2 ശതമാനമായി എന്ന് പറയുമ്പോൾ ആധികാരികമായി അതിനെ വിമർശിക്കാതെ അത് കേരളം കുതിക്കുന്നു എന്നുള്ള ഒരു മുദ്രാവാക്യമാക്കി അതിനെ മാറ്റാൻ ശ്രമിക്കേണ്ടതാണ്. അതൊരു യാഥാർത്ഥ്യമാണ്. മികച്ച ധനകാര്യ മാനേജുമെന്റിലൂടെ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് കേരളം കൈവരിച്ച നേട്ടത്തെ എന്തിനാണ് നമ്മൾ അസൂയകൊണ്ടും നിരാശകൊണ്ടും തെറ്റായി വിമർശിക്കുന്നതെന്നാണ് എന്റെ വിനീതമായ ചോദ്യം. എല്ലാ മേഖലകളിലും വളർച്ചയുടെ പ്രതിഫലനമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ 2020-ൽ ലോകത്തിലെ തന്നെ വലിയ സാമ്പത്തിക ശക്തിയാകുമെന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള നമ്മുടെ രാജ്യത്തിന്റെ ദേശീയ ശരാശരി വളർച്ചാനിരക്ക് 8 ശതമാനമായിരിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് 9.2 ആയി എന്നത് വളരെ ചരിതാർത്ഥ്യജനകമായ വസ്തുതയാണെന്നത് ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. നമ്മുടെ സർവ്വീസ് സെക്ടറിന് 13.8 ശതമാനം വളർച്ചാനിരക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരിക്കുന്നു. എല്ലാപേർക്കും കാണാൻ കഴിയുന്ന വളർച്ചാ നിരക്കാണ് നമ്മുടെ സർവ്വീസ് സെക്ടറിൽ ഉണ്ടായിരിക്കുന്നത്. ടൂറിസത്തെക്കുറിച്ച് ബഡ്ജറ്റിൽ സൂചിപ്പിച്ചു. ടൂറിസത്തെക്കുറിച്ചുള്ള ആധികാരികമായ വിവരങ്ങളിൽ നിന്ന് സർവ്വകാല റിക്കാർഡാണ് ഈ രംഗത്തുണ്ടായിരിക്കുന്നതെന്ന് മനസ്സിലാക്കാം. സംസ്ഥാനത്ത് 11.7 ശതമാനം വളർച്ചാനിരക്കാണ് ഈ രംഗത്തുണ്ടായിരിക്കുന്നത്. വൈദ്യുതി രംഗത്ത് 5.7 ശതമാനം ഉൽപ്പാദന വർദ്ധനവാണ് സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ സാമ്പത്തിക മാനേജുമെന്റ് കൊണ്ടുള്ള അംഗീകാരം സമ്മതിക്കാൻ കഴിയാതെ എന്റെ സുഹൃത്ത് ഡോ. തോമസ് ഐസക്ക് 90-കളുടെ അവസാന കാലഘട്ടത്തിൽ കണ്ടുതുടങ്ങിയതാണ് ഈ മാറ്റം എന്നാണ് സൂചിപ്പിച്ചത്. 90-കളുടെ അവസാനമെന്നു പറഞ്ഞത്, 1999 എന്നു പറയുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും worst financial year ആണ്. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് പാസ്സാക്കിയിട്ട് നിങ്ങൾ ആ ലക്ഷ്യത്തിലേക്ക് കടന്നോയെന്ന് ഇപ്പോൾ ഇവിടെ ചോദിച്ചു. ഞാൻ സൂചിപ്പിക്കട്ടെ നമ്മുടെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 5.8 ശതമാനമായിരുന്നു റവന്യു കമ്മി. 2005-2006-ൽ 3.6 ശതമാനമാക്കി നമ്മുടെ ഗവൺമെന്റ് അത് കുറച്ചു. ധനകമ്മി 2 ശതമാനമാക്കി കുറയ്ക്കണമെന്നാണ് നമ്മുടെ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിൽ പറയുന്നത്. 1999-ൽ അത് 7.25 ശതമാനമായിരുന്നത് 4.4 ശതമാനമാക്കി കുറച്ചു. യൂറോപ്യൻ ആവറേജ് എന്നുതന്നെ പറയുന്നത് 3 ശതമാനമാണ്. ആ 3 ശതമാനത്തിന് കുറേക്കൂടി നിയന്ത്രണമുണ്ടാക്കിക്കഴിഞ്ഞാൽ നമുക്ക് ആ നിയമത്തിൽ പാസ്സാക്കിയതുപോലെയുള്ള ധനകമ്മിയിൽ എത്തിച്ചേരാൻ കഴിയും. പ്രൈമറി ഡെഫിസിറ്റെന്ന് പറയുന്നത് 4.13 ശതമാനം, 2582 കോടിയാണ്. 2005-06-ൽ അത് 0.8 ശതമാനമായിരുന്നു. 2582 കോടി രൂപയിൽനിന്നും 833 കോടി രൂപയായി പ്രൈമറി ഡെഫിസിറ്റ് കുറയ്ക്കാൻ നമുക്ക് കഴിഞ്ഞു. ഇവിടെ ഇറക്കിയിരിക്കുന്ന സെക്കണ്ടറി സെക്ടറിനെക്കുറിച്ചുള്ള കിക്ക് എസ്റ്റിമേറ്റ് എടുത്തുകൊണ്ടിരിക്കുന്നതു കൊണ്ട് തെറ്റ് പറ്റിയെന്നാണ് ഞാൻ കരുതുന്നത്. കാരണം സെക്കണ്ടറി സെക്ടറിൽ സാധാരണ മാനുഫാക്ചറിംഗ് സെക്ടർ, കൺസ്ട്രക്ഷൻ സെക്ടർ കൂട്ടിച്ചേർക്കാറുണ്ട്. കൺസ്ട്രക്ഷൻ സെക്ടറിനെക്കുറിച്ചുള്ള കിക്ക് എസ്റ്റിമേറ്റിൽ പറയുന്നത് മൈനസ് ഗ്രോത്താണ്. നമ്മുടെ കോമൺസെൻസ് അപ്ലൈ ചെയ്താൽ, കഴിഞ്ഞ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ വളർച്ച ഉണ്ടായ മേഖലയാണ് കൺസ്ട്രക്ഷൻ സെക്ടർ. ഈ കറക്ഷൻകൂടി നടന്നുകഴിഞ്ഞാൽ നമ്മുടെ സാമ്പത്തിക വളർച്ച 9.2 ശതമാനത്തിൽ നിന്നും വീണ്ടും വർദ്ധിക്കാനുള്ള എല്ലാവിധ സാദ്ധ്യതകളുമുണ്ട്. വളരെ ശുഭോതർക്കമായ സൂചനകളാണ് നമ്മുടെ സാമ്പത്തിക സൂചകങ്ങൾ കാണിക്കുന്നത്. ഒരു വർഷത്തെ കടത്തിന് എടുത്തിരിക്കുന്ന ഇന്ററസ്റ്റുതന്നെ മൂവായിരംകോടി രൂപയാണ്. നാലായിരം കോടി രൂപയിൽ ചില്വാനമാണ് നമ്മുടെ റവന്യു കമ്മി. മൊത്തം കടത്തിന്റെ പലിശ കൊടുത്തില്ലായിരുന്നെങ്കിൽ നമുക്ക് കാര്യമായ റവന്യു കമ്മി ഇല്ലാത്ത അവസ്ഥയിലേക്ക് എത്തിച്ചേരാൻ കഴിയും. കടത്തെക്കുറിച്ച് വ്യാപകമായി സൂചിപ്പിച്ചു. കടം എല്ലാ സംസ്ഥാനങ്ങളിലും വർദ്ധിക്കുകയാണ്. ഈ പറയുന്ന ആളുകൾക്ക് എക്സ്പെൻഡിച്ചർ കുറയ്ക്കാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകാനുണ്ടോ ? നിയമസഭയ്ക്ക് അകത്ത് എക്സ്പെൻഡിച്ചർ കൂടിക്കൊണ്ടിരിക്കുന്നു എന്നു പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പുറത്ത് ജീവനക്കാരെയും അദ്ധ്യാപകരെയും അടക്കമുള്ളവരെ സമരത്തിന് തയ്യാറാക്കി നിർത്തിയിരിക്കുകയാണ്. ഏതെങ്കിലും കാരണവശാൽ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കിയില്ലെങ്കിൽ ഗവണ്മെന്റിനെതിരെ സമരം ചെയ്യാൻ ആളുകളെ തയ്യാറാക്കി നിർത്തിയിരിക്കുന്നു. ഏതെങ്കിലും വെൽഫെയർ സെക്ടറിൽ ഒരു ശതമാനം കുറച്ചാൽ അതിനെതിരായി സമരം ചെയ്യും. നിയമസഭയ്ക്ക് പുറത്ത് ഗവണ്മെന്റിന്റെ ചെലവ് ചുരുക്കലിനെതിരായി വ്യാപകമായി സമരം ചെയ്യുകയും നിയമസഭയ്ക്ക് അകത്ത് വന്ന് ചെലവ്. ചുരുക്കണമെന്ന് വളരെ ഐഡിയോളജിക്കലായി സംസാരിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പു നയമാണ് നിങ്ങൾ പലപ്പോഴും കാണിക്കുന്നത്. 1991-ൽ നമ്മുടെ സംസ്ഥാനത്തിന്റെ കടം നാലായിരം കോടി രൂപയായിരുന്നു. അന്ന് വെസ്റ്റ് ബംഗാളിന്റെ കടം ഏഴായിരം കോടി രൂപയായിരുന്നു. 2006 അവസാനിക്കുമ്പോൾ നമ്മുടെ കടം 47,000 കോടി രൂപയാകുമെന്നാണ്. നമുക്കൊപ്പമുണ്ടായിരുന്ന വെസ്റ്റ് ബംഗാളിന്റെ പൊതു കടം എത്രയാണെന്നോ? ഒരുലക്ഷത്തി പതിനയ്യായിരം കോടി രൂപയാണ്. എന്നിട്ടും ഇവിടെ വന്നിട്ട് പറയുകയാണ് വെസ്റ്റ് ബംഗാളിനെപ്പോലെയാകണമെന്ന്. അവിടെ ഇതിന്റെ മൂന്നിരട്ടിയാണ് പൊതുക്കടം. പ്ലാൻ ഫണ്ട്, ബഡ്ജറ്റ് അവതരിപ്പിച്ച ഉടൻതന്നെ ആദ്യമായുള്ള പ്രതിപക്ഷത്തിന്റെ റിയാക്ഷൻ എന്തായിരുന്നു; കണ്ടില്ലേ; കഴിഞ്ഞ പ്രാവശ്യത്തെ പ്ലാൻ ഫണ്ടെന്നു പറയുന്നത് 5662 കോടി രൂപ. ഈ പ്രാവശ്യത്തെ പ്ലാൻ ഫണ്ട് വെട്ടിച്ചുരുക്കിയിരിക്കുന്നു. ശ്രീ. വക്കം പുരുഷോത്തമൻ, 5112 കോടി രൂപയായിരിക്കുന്നു എന്നുപറഞ്ഞു. എല്ലാപേരുമൊന്ന് സ്റ്റണ്ടായിപ്പോയി... പിന്നെയാണറിയുന്നത്, ലോക്കൽ ബോഡീസിന്റെ 1400 കോടി രൂപ നോൺ പ്ലാൻ ഫണ്ടിലാണ് ഇപ്രാവശ്യം ഉൾപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ എത്രയായി? 6512 കോടി രൂപയായി കേരളത്തിന്റെ പ്ലാൻ ഫണ്ട് കൂടിയിരിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും വലിയ ഒരു പ്ലാൻ ഫണ്ട് ഉണ്ടായിട്ടില്ല. അപ്പോൾ അത് അപ്രീഷിയേറ്റ് ചെയ്യണ്ടേ? പ്ലാൻ ഫണ്ട് എസ്റ്റിമേറ്റ് വല്ലാതെ കുറച്ചിരിക്കുന്നു എന്നു പറഞ്ഞ് ആക്ഷേപിച്ച ആളുകളാണ്. ആയിരം കോടി രൂപയാണ് കഴിഞ്ഞ വർഷത്തെക്കാൾ ഈ പ്രാവശ്യം പ്ലാൻ ഫണ്ടിൽ കൂട്ടിവച്ചിരിക്കുന്നത്. നമുക്ക് 1991-ൽ 422 കോടി രൂപയാണ് റവന്യൂ കമ്മി ഉണ്ടായിരുന്നത്. 1996-ൽ ഞങ്ങളുടെ ഗവണ്മെന്റ് പോകുമ്പോൾ അത് 402 കോടി രൂപയായി കുറഞ്ഞു. 2001-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ അത് 3147 കോടി രൂപയായി. 1990-കളുടെ അവസാനം ഇപ്പോഴത്തെ സാമ്പത്തിക വളർച്ചയുടെ സൂചനകൾ കണ്ടുതുടങ്ങിയെന്ന് ഡോ. തോമസ് ഐസക് പറഞ്ഞു. 3700 കോടി രൂപയാണ് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി. കണക്കുകൾ സൂചിപ്പിക്കുന്നത് ആ കാര്യത്തിൽ വളരെ വലിയ മിസ്മാനേജുമെന്റാണെന്നാണ്. ഞങ്ങൾ ആക്ഷേപിക്കുന്നതിൽ തെറ്റുണ്ടോ? 2001-ൽ പതിനായിരക്കണക്കിനാളുകൾ, കഴിഞ്ഞ ഗവണ്മെന്റിന്റെ അവസാനകാലത്ത് കൊടുത്ത വണ്ടിച്ചെക്കുകളുമായി, കടലാസിന്റെ വില പോലുമില്ലാതെ കേരളത്തിന്റെ തെരുവുകളിലൂടെ അലഞ്ഞുനടന്ന കാലഘട്ടമാണോ ഇത്? ഞങ്ങൾ അഭിമാനപൂർവ്വം പറയുന്നു, ട്രഷറി നിയന്ത്രണം ഞങ്ങൾ ഇല്ലാതാക്കി. ട്രഷറി മാനേജുമെന്റ് ഞങ്ങൾ ഇംപ്രൂവ് ചെയ്തു. ഇവിടെ ലോക്കൽ ബോഡീസിനെക്കുറിച്ചു പറഞ്ഞു. എത്രയാണ് കൊടുത്തത്? അലോക്കേഷനെക്കുറിച്ച് ചോദിച്ചു. ബഡ്ജറ്റ് പ്രസംഗത്തിൽ അല്ല പൈസ അലോട്ടു ചെയ്യുന്നത്, ബഡ്ജറ്റ് ഡോക്യുമെന്റ്സ്

LIBRARY ARCHIVES Kerala Legislative Assembly

വേറെയുണ്ട്. എവിടെയാണ് പണം വകയിരുത്തിയിരിക്കുന്നതെന്ന് അതിൽ നോക്കണം. 700 കോടി രൂപ 2001-ൽ കൊടുത്തപ്പോൾ ഞങ്ങൾ നീക്കിവച്ചിരിക്കുന്നത് 1400 കോടി രൂപയാണ്. ഇരട്ടി തുകയാണ്. അന്നു ചെയ്തത് പി.ഡി. അക്കൗണ്ടിലേക്കും ടി.പി. അക്കൗണ്ടിലേക്കും പൈസ മാറ്റിക്കൊടുത്തെന്ന് രേഖയുണ്ടാക്കുകയാണ്. ഇപ്പോൾ അതല്ലല്ലോ എല്ലാ മാസവും ലോക്കൽ ബോഡീസിലേക്കുള്ള പൈസ കൊടുത്തുകൊണ്ടിരിക്കുകയാണ്. ശ്രീ. കെ. പി. രാജേന്ദ്രൻ നെൽക്കൃഷിയുടെ കാര്യം പറഞ്ഞു. നെൽക്കൃഷി കേരളത്തിൽ തകർത്തത് നിങ്ങളല്ലേ? 1970-ൽ 12 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ഉണ്ടായിരുന്നു. ആ കൃഷിക്കാർ നെൽക്കൃഷി ഉപേക്ഷിക്കാൻ കാരണം കമ്മ്യൂണിസ്റ്റു പാർട്ടിയല്ലേ? കർഷകരേയും കർഷക തൊഴിലാളികളെയും തമ്മിൽ അടിപ്പിച്ച്, വർഗ്ഗ ശത്രുക്കൾ എന്നു പറഞ്ഞ്, ശാസ്ത്രീയമായ യാതൊരു കാർഷിക സമ്പ്രദായവും കേരളത്തിൽ ആവിഷ്ക്കരിക്കാൻ കഴിയാതെ, 1998-ലെ സാമ്പത്തിക സർവ്വേയിൽ പറഞ്ഞത് 1970-ൽ 12 ലക്ഷം ഹെക്ടർ സ്ഥലത്ത് ഉണ്ടായിരുന്ന നെൽക്കൃഷി 3 ലക്ഷം ഹെക്ടറായി കുറഞ്ഞു എന്നുള്ളതാണ്. അത് നാലിലൊന്നായി കുറഞ്ഞു. ഈ പ്രാവശ്യം, 1970-കൾക്കുശേഷം ആദ്യമായി തരിശിട്ടിരുന്ന മൂവായിരം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ കഴിഞ്ഞിരിക്കുന്നു. ഇതൊരു ചെറിയ തുടക്കം മാത്രമാണ്. നമ്മുടെ കുറഞ്ഞുവരുന്ന നെൽക്കൃഷി മേഖല കുടുംബശ്രീ യൂണിറ്റുകൾ വഴി വർദ്ധിപ്പിച്ചിരിക്കുകയാണ്. ലീസ് ലാൻഡ് ഫാമിംഗ് പ്രൊമോട്ട് ചെയ്യാനുള്ള സംവിധാനം ഗവണ്മെന്റ് ഏർപ്പെടുത്തണം. മൂവായിരം ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി നടത്തുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് സാമ്പത്തിക ഏജൻസികളുമായി ബന്ധപ്പെട്ട് ധനസഹായം ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്യണം. കൃഷിയുമായി ബന്ധപ്പെട്ട ഒരുപാട് കാര്യങ്ങൾ ഈ ഗവണ്മെന്റ് ചെയ്യുന്നില്ലേ? കാർഷികമേഖലയിൽ ഇപ്പോൾത്തന്നെ പ്രഖ്യാപിച്ചിട്ടുള്ള റിസർജൻസ് ഫണ്ട് ഉൾപ്പെടെയുള്ള കാര്യങ്ങളുണ്ട്. വയനാട് പാക്കേജിന് പണം വകയിരുത്തിയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുപോലെ പരമ്പരാഗത വ്യവസായ മേഖലയിൽ ഇവിടെ തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട കാര്യമാണ് പറഞ്ഞത്. സംസ്ഥാനത്തിന്റെ സമീപകാല ചരിത്രത്തിൽ ആദ്യമായി കശുവണ്ടി മേഖലയിൽ 270 തൊഴിൽ ദിനങ്ങളാണ് ഈ ഗവണ്മെന്റ് ഉണ്ടാക്കിക്കൊടുത്തത്. അവർക്കുവേണ്ടി ഒരു പാക്കേജുണ്ടാക്കി 500 കോടി രൂപയുടെ കോർപ്പസ് രൂപീകരിച്ചു, 50 കോടി രൂപ നീക്കിവച്ചു, പൈസ കൊടുത്തില്ല എന്നാണ് പറഞ്ഞത്. 125 കോടിയോളം രൂപ ആ വർഷം പരമ്പരാഗത മേഖലയിൽ ചെലവഴിച്ചു. കൈത്തറി മേഖലയിൽ കേന്ദ്രത്തിന്റെ സഹായത്തോടുകൂടിയുള്ള നിരവധി പദ്ധതികളും കയർ മേഖലയിൽ യന്ത്രവൽക്കരണത്തിനുള്ള നിരവധി പദ്ധതികളും കൊണ്ടുവരുന്നു. കൈത്തറിയും പരമ്പരാഗത വ്യവസായവും ഉൾപ്പെട്ട മേഖലകളെക്കുറിച്ച് ഒരഭിപ്രായമുണ്ട്. കോ-ഓപ്പറേറ്റീവ് സൊസൈറ്റീസുണ്ട്, കൂടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ റിബേറ്റ് കൊടുക്കുന്ന പണം തട്ടിയെടുക്കുന്നു. ഈ സൊസൈറ്റികളിൽ പത്തുനൂറു സൊസൈറ്റികളെ സെലക്ട് ചെയ്ത് ഒരു തവണ അവരെയൊന്നു സഹായിക്കണം. അവരുടെ ലയബിലിറ്റീസ് എല്ലാം ഇല്ലാതാക്കി ബാലൻസ് ഷീറ്റ് ക്ലിയർ ചെയ്ത് കഴിഞ്ഞാൽ അവർക്കു മറ്റു ബാങ്കുകളിൽനിന്നും ലോൺ കിട്ടുകയും വിദേശ മാർക്കറ്റുകളിലേക്ക് കയറ്റുമതി ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യും. ആ പരമ്പരാഗത മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

സംഘങ്ങൾക്ക് ആവശ്യമായ സഹായം കൊടുത്താൽ ആ സംഘങ്ങളെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കേരളത്തിലെ 100 ഫാക്ടറികളാക്കി മാറ്റാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെ വാറ്റുമായി ബന്ധപ്പെട്ട കാര്യം. റീഡ് ആന്റ് റെറ്റൺ എന്നു പറയുന്ന ഐറ്റം മുളയും ചൂരലുമാണ്. അത് ടാക്സ് അടയ്ക്കേണ്ടാത്ത ഷെഡ്യൂളിലാണ്. അതേ പേരുതന്നെയുള്ള ബാംബൂ ആന്റ് കെയിൻ രണ്ടും ഒന്നു തന്നെയാണ്. അത് 4 ശതമാനം ടാക്സ് കൊടുക്കുന്ന ഷെഡ്യൂളിൽപ്പെടുത്തിയിരിക്കുകയാണ്. അതിലിപ്പോൾ ടാക്സ്,കളക്ഷനൊന്നും കിട്ടുന്നില്ല. അതു മാറ്റുകയാണെങ്കിൽ, എക്സ്പോർട്ടിനൊക്കെ സാദ്ധ്യതയുള്ള പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന ജനവിഭാഗങ്ങൾ ജോലി ചെയ്യുന്ന ഒരു വലിയ മേഖലയാണ്, ഒരുപാട് ഫർണിച്ചറൊക്കെ ചെയ്ത് പോകുന്നുണ്ട്, തീർച്ചയായും അക്കാര്യങ്ങൾ ശ്രദ്ധിക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ നയങ്ങളെക്കുറിച്ചാണ് സൂചിപ്പിച്ചത്. ഡോ. തോമസ് ഐസക് പറഞ്ഞപ്പോൾ എ.ഡി.ബി.-യിലുണ്ടായ മാറ്റം പറഞ്ഞു. നേരത്തെയുണ്ടായിരുന്ന കമ്മിറ്റിയിൽ മേയറാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അവിടത്തെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനെക്കൂടി ആ കമ്മിറ്റിയിൽ വച്ചു എന്നു പറഞ്ഞു. അത് വലിയ ചെയിഞ്ചാണ്. എ.ഡി.ബി. ഉണ്ടാക്കിയിരിക്കുന്ന കണ്ടീഷനിൽ അവർ ഇംപോസ് ചെയ്തിരിക്കുന്ന ചെയിഞ്ചാണ്. ഇത്തരം കാര്യങ്ങളിൽ നിങ്ങളുടെ നയം എന്താണ്? നിങ്ങൾക്കൊരു പാർട്ടിയുണ്ട്. തീരുമാനിക്കുന്നത് സെക്രട്ടേറിയേറ്റാണോ; പോളിറ്റ് ബ്യൂറോയാണോ? ബജറ്റുമായി ബന്ധപ്പെട്ട കാര്യമാണ്. ഞാൻ കഴിഞ്ഞ ദിവസം ഒരു ചിത്രം കണ്ടു. ബംഗാളിലെ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ അനിൽ അംബാനിക്ക് ഒരു അനുമതി പത്രം കൊടുക്കുകയാണ്. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സിറ്റിയിൽ 50 ഏക്കറാണ് സൗജന്യമായി അനിൽ അംബാനിക്കു കൈമാറുന്നത്. അവിടെ സ്കൂയർ ഫീറ്റിന് സ്വർണ്ണത്തിന്റെ വിലയാണുള്ളത്. 50 ഏക്കർ സ്ഥലമാണ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വാശ്രയ കോളേജ് തുടങ്ങാൻ വേണ്ടി കൊടുത്തത്. ശ്രീ. മത്തായി ചാക്കോ എവിടെപ്പോയി? അദ്ദേഹത്തിന്റെ പഴയ പ്രസംഗം എനിക്ക് ഓർമ്മയുണ്ട്. ശ്രീ. എ. കെ. ആന്റണി ഇവിടെ ഇരിക്കുമ്പോൾ പറഞ്ഞു, മിസ്റ്റർ ആന്റണീ നിങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സ്വാശ്രയ കോളേജ് സംവിധാനം, അംബാനിമാരും ബിർളമാരും കേന്ദ്ര ഗവണ്മെന്റിനെഴുതിക്കൊടുത്ത വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായിട്ടാണ് ഇവിടെ നടപ്പിലാക്കുന്നതെന്ന്. ആ അനിൽ അംബാനിക്ക് സ്വാശ്രയ കോളേജ് തുടങ്ങാൻ, സാൾട്ട് ലേക്ക് സിറ്റിയിലെ വിലമതിക്കാനാകാത്ത സ്ഥലം 50 ഏക്കർ ബംഗാളിലെ മുഖ്യമന്ത്രി കൊടുക്കുന്നു. നിങ്ങളുടെ പോളിറ്റ് ബ്യൂറോയാണോ നിങ്ങളുടെ നയം തീരുമാനിക്കുന്നത്? അങ്ങനെ ആ പോളിറ്റ് ബ്യൂറോയുടെ നെറ്റ്വർക്ക് ഏരിയായിൽ ബംഗാൾ വരില്ലേ? ബംഗാളിൽ ഇൻഡിപെൻഡന്റായി തീരുമാനം എടുക്കാനുള്ള അവകാശം നിങ്ങൾ കൊടുത്തിട്ടുണ്ടോ? ഞാൻ ഇവിടെ പറയുന്നില്ല. ഇവിടെ കോർപ്പറേഷനിൽ എ.ഡി.ബി. വച്ചിരിക്കുന്ന കണ്ടീഷൻ പറഞ്ഞു. കൽക്കട്ട കോർപ്പറേഷനിൽ എ.ഡി.ബി. വച്ചിരുന്ന കണ്ടീഷൻസ് ഇവിടെ വായിക്കട്ടെ. അത് വായിച്ചുകഴിഞ്ഞാൽ അവരുമായി എത്രയോ കാര്യങ്ങൾ നെഗോഷ്യേറ്റ് ചെയ്ത് വളരെയധികം കണ്ടീഷൻസ് കുറയ്ക്കാൻ കഴിഞ്ഞ ഒരു സംസ്ഥാനമാണ് കേരളമെന്ന് നിങ്ങൾക്ക് മനസ്സിലാകും. നിങ്ങളുടെ ഗവൺമെന്റല്ലേ എഴുതിയത്, നായനാർ ഗവൺമെന്റ് ഗുജറാത്തിനും മഹാരാഷ്ട്രയ്ക്കും കൊടുത്തതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ ഞങ്ങൾ ലോൺ വാങ്ങിക്കാം എ.ഡി.ബി.യിൽ നിന്ന്. അവിടെ ഏതെല്ലാം കണ്ടീഷൻസ് impose ചെയ്തിട്ടുണ്ട് ആ കണ്ടീഷൻസെല്ലാം അനുസരിക്കാൻ ഞങ്ങൾ തയ്യാറാണെന്ന് കത്തയച്ചതാണല്ലോ ? പിന്നെ ആരെയാണ് നിങ്ങൾ കബളിപ്പിക്കുന്നത് ? ഇത് നയത്തിന്റെ പ്രശ്നമല്ല. നിങ്ങളെക്കൊണ്ട് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ഞങ്ങൾ ചെയ്യുമ്പോഴുള്ള പരിഭവവും നിരാശയും ദു:ഖവും അസൂയയും നിങ്ങൾ രേഖപ്പെടുത്തുകയാണ്. അതല്ലാതെ ഈ കാര്യങ്ങളിലൊന്നും നയപരമായ വ്യത്യാസമില്ല. ഇപ്പോൾ പ്ലാൻ ഫണ്ട് കുറച്ചു എന്നു പറയുന്നു. 2001 അവസാനം പ്ലാൻ എന്തായിരുന്നു ? ഇപ്പോൾ ഞങ്ങൾ പ്ലാൻ കട്ട് ചെയ്തു എന്നല്ലേ പറയുന്നത് ? 2001 അവസാനം പ്ലാനുണ്ടായിരുന്നോ ? ഞങ്ങൾ എത്ര ഭദ്രമായി ഏൽപ്പിച്ചുതന്ന സമ്പദ്വ്യവസ്ഥയാണ് ? ഞങ്ങളുടെ പൊളിറ്റിക്കലായ അപ്രോച്ചാണ് ഞങ്ങൾ ജനങ്ങളോട് പറയുന്നത്. 1996 മുതൽ 2001 വരെയുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയങ്ങളും സമീപനങ്ങളുമാണ്. അത് 2001 മുതൽ 2006 വരെയുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ നയങ്ങളുമായി താരതമ്യപ്പെടുത്തണം. നിങ്ങളുടെ കയ്യിൽ ഭദ്രമായി ഏൽപ്പിച്ചുതന്ന സമ്പദ്വ്യവസ്ഥയെ സിമന്റ് പ്രതലത്തിലിട്ട സ്ഫടിക പാത്രം പോലെ ചിതറിപ്പിച്ച് ഞങ്ങളുടെ കയ്യിൽ തന്നപ്പോൾ ഞങ്ങൾ അതിനെ കൂട്ടിയിണക്കി മനോഹരമായ സാദ്ധ്യതകളുള്ള ശുഭോതർക്കമായ സമ്പദ്വ്യവസ്ഥയാക്കി മാറ്റി. നിങ്ങളുടെ കുപ്രചരണങ്ങൾകൊണ്ട് അതിനെ തകർക്കാൻ കഴിയില്ല. നിങ്ങൾ ആദ്യം ആടിനെ പട്ടിയാക്കും പിന്നെ അതിനെ പേപ്പട്ടിയാക്കും. എന്നിട്ട് ആ പേപ്പട്ടിയെ കല്ലെറിയാൻ ആളുകളോട് പറയും അങ്ങനെ കല്ലെറിയുമ്പോൾ അവിടെ ആട് വീഴും. ആ ആടിനെ വീട്ടിൽ എടുത്തുകൊണ്ടുപോയി മട്ടൻ ഫ്രൈ ഉണ്ടാക്കി കഴിക്കുന്ന ബീഭത്സനെ വെല്ലുന്ന തന്ത്രമാണ് നിങ്ങളുടേത്. ആ കുപ്രചരണം ഇനി കേരളത്തിൽ വിലപോകില്ല. അതിനെതിരെ ശക്തമായ പ്രചാരണം തന്നെയാണ് നടക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം നടത്തിയ സാമ്പത്തിക അച്ചടക്കവും സംസ്ഥാനത്ത് സാമ്പത്തിക വളർച്ചയുണ്ടാക്കിയതിന്റെ ചാരിതാർത്ഥ്യവും ആഹ്ലാദവും പ്രതിഫലിക്കുന്ന ഒരു ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റ് ഞങ്ങൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് അടുത്ത വർഷവും ഞങ്ങൾ തന്നെയാണ് കേരളം ഭരിക്കുന്നത് എന്ന പ്രതീക്ഷയിൽത്തന്നെയാണ്. ഇനി അല്ലാത്ത ഒരു സാഹചര്യം വന്നാൽ അപ്പോൾ നിങ്ങൾ ആലോചിച്ചാൽ മതി. ശ്രീ. രാജേന്ദ്രൻ ഒരു സീനിയർ എം.എൽ.എ. ആണ്. ഗവൺമെന്റിന് നാണമില്ലേ, ജനാധിപത്യ മര്യാദയുണ്ടോ ഇങ്ങനെ ബഡ്ജറ്റ് അവതരിപ്പിക്കാൻ എന്ന് അദ്ദേഹം ചോദിച്ചു. ശ്രീ. രാജേന്ദ്രൻ ഏതായാലും മന്ത്രിയാകാൻ സാദ്ധ്യതയുള്ള ഒരാളാണ്. ആദ്യം ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള ഒരു കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷൻസ്, ഈ ഗവൺമെന്റിന് ഭരണഘടനാപരമായ ബാദ്ധ്യതയുള്ള പ്രൊവിഷൻസുണ്ട്. അത് വായിച്ചു നോക്കണം. ഏത് ഗവൺമെന്റായാലും, ഏത് ധനകാര്യ വകുപ്പുമന്ത്രിയായാലും ബഡ്ജറ്റ് അവതരിപ്പിക്കണം, ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് അവതരിപ്പിക്കണം, വരവുചെലവ് കണക്കുകൾ കാണിക്കണം, അടുത്ത വർഷത്തേക്കുള്ള എസ്റ്റിമേറ്റ് സൂചിപ്പിക്കണം. ഇതെല്ലാം ഭരണഘടനയിൽ പറയുന്ന കാര്യങ്ങളാണ്. ഇതിൽ നിന്ന് ശ്രീ. വക്കം പുരുഷോത്തമൻ എന്ന ധനകാര്യ വകുപ്പുമന്ത്രിക്ക് മാത്രം ഒഴിഞ്ഞുനിൽക്കാൻ കഴിയുന്ന കാര്യമല്ല. അടുത്ത മൂന്ന് മാസത്തിന് വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മാത്രം ബഡ്ജറ്റ് കൊണ്ടുവരാൻ പറ്റില്ല. ബഡ്ജറ്റ് എന്നുപറയുന്നത് ഒരു Financial Year-ലേക്കുള്ളതാണ്. ഞാൻ ഒരിക്കൽ കൂടി സർവ്വാത്മനാ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എ. എ. അസീസ് : സർ, യാഥാർത്ഥ്യമല്ലാത്തതും വസ്തുതാവിരുദ്ധവും പരസ്പരവിരുദ്ധവുമായ കണക്കുകൾ കൊണ്ടുള്ള കൺകെട്ട് വിദ്യയാണ് ഈ ബഡ്ജറ്റ്. ഏതായാലും ഗവർണ്ണറെക്കൊണ്ട് വായിപ്പിച്ച നയപ്രഖ്യാപനത്തിലും ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിലും തെറ്റായ കണക്കുകൾ എഴുതിപ്പിടിപ്പിച്ച് കബളിപ്പിക്കാൻ ശ്രമിച്ചത് എഴുതിത്തന്ന ഉദ്യോഗസ്ഥരാണെന്ന് ഞാൻ കരുതുന്നില്ല. നിങ്ങൾ തന്നെ എഴുതി ചേർത്തതായിരിക്കും. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ കശുവണ്ടി വികസന കോർപ്പറേഷനിൽ 233 ദിവസം തൊഴിൽ നൽകിയതായിട്ടാണ് പറയുന്നത്. ധനകാര്യവകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ 207 ദിവസം ജോലി നൽകിയതായിട്ടാണ് പറയുന്നത്. ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് 207-ഉം 233-ഉം അല്ല 270 എന്നാണ്. ഇത് കുരുടൻ ആനയെ കണ്ടതുപോലെയാണ്. ധനകാര്യവകുപ്പുമന്ത്രിയുടെ ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലും പറഞ്ഞത് തെറ്റാണെന്ന് സ്ഥാപിക്കാൻ കോർപ്പറേഷന്റെ 30 ഫാക്ടറികളിലെയും കണക്ക് എന്റെ കയ്യിലുണ്ട്. നാല് ഫാക്ടറികൾ സ്വകാര്യ മുതലാളിമാർക്ക് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തിരിച്ചുകൊടുത്തു. 2001-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001 ഡിസംബർ വരെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി തുറന്നില്ല. 2002-ൽ ഒരു ദിവസം പോലും തുറന്നില്ല. 2003-ൽ 17 ദിവസം ജോലി കൊടുത്തു. 2004 ഡിസംബർ അവസാനിച്ചപ്പോൾ 14 ദിവസം ജോലി കൊടുത്തു. 2005-ൽ ഇപ്പോൾ 233 എന്നും 207 എന്നും 270 എന്നും പറയുന്നത് അവിടെ ഒരു ഫാക്ടറിയിൽ മാത്രം 202 ദിവസം ജോലി കൊടുത്തതാണ്. ഒന്നാം നമ്പർ ഫാക്ടറിയിൽ മാത്രം. ബാക്കിയുള്ള ഫാക്ടറികളിൽ എല്ലാം തന്നെ 140 മുതൽ 175 ദിവസം വരെയാണ് ജോലി കൊടുത്തത്. 30 ഫാക്ടറികളുടെയും കണക്ക് എന്റെ കൈവശമുണ്ട്. 30 ഫാക്ടറികളുടെയും കണക്ക് ആവശ്യപ്പെട്ടാൽ ഞാൻ തരാം. ഒന്നാം നമ്പർ ഫാക്ടറി-175, രണ്ടാം നമ്പർ ഫാക്ടറി-175, മൂന്നാം നമ്പർ ഫാക്ടറി-176, നാലാം നമ്പർ ഫാക്ടറി-174, അഞ്ചാം നമ്പർ ഫാക്ടറി-170, ആറാം നമ്പർ ഫാക്ടറി-170 ഇങ്ങനെ പോകുന്നു. ഈ ബഡ്ജറ്റിൽ കടന്നുകൂടിയിരിക്കുന്ന എല്ലാ കാര്യങ്ങളെയും സംബന്ധിച്ചുള്ള കണക്കുകൾ തെറ്റാണെന്ന് ഞാൻ ഈ ഒരു കാര്യം കൊണ്ടുതന്നെ സഭയിൽ ബോധിപ്പിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്നും വാർദ്ധക്യംമൂലം പിരിച്ചുവിട്ട തൊഴിലാളികൾക്ക് 27,38,00,000 രൂപ ഗ്രാറ്റുവിറ്റി ഇനത്തിൽ നൽകാനുണ്ട്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഈ പറയുന്ന 30 ഫാക്ടറികളിൽ നിന്ന് പിരിച്ചുവിട്ട തൊഴിലാളികൾക്ക് നൽകാനുള്ളതാണ്. അതിന് യാതൊരു സംരക്ഷണവുമില്ല. കൂടാതെ കശുവണ്ടി വ്യവസായ രംഗത്ത് 43,764 തൊഴിലാളികൾ പെൻഷൻ പറ്റുന്നവരായിട്ടുണ്ട്. രണ്ടര ലക്ഷം വരുന്ന കശുവണ്ടി തൊഴിലാളികളിൽ കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള 43,764 പെൻഷൻകാരുണ്ട്. അതിൽ 90 ശതമാനവും സ്ത്രീകളാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് 8,83,59,880 രൂപ പെൻഷൻ കുടിശ്ശികയുണ്ട്. 11,000 തൊഴിലാളികൾക്ക് 26 മാസത്തെ കുടിശ്ശികയുണ്ട്. 11,000 തൊഴിലാളികളുടെ പെൻഷൻ സർക്കാർ നേരിട്ട് നൽകുന്നതാണ്. അത് 26 മാസമായി കുടിശ്ശികയാണ്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് അംശദായം 50 പൈസയായിരുന്നത് ഒരു രൂപയാക്കി ഈ സഭയിൽ നിയമം പാസ്സാക്കിയതാണ്. ആ ഒരു രൂപ പിടിക്കുന്നുണ്ട്. അവർക്ക് 13 മാസമായി കുടിശ്ശികയാണ്. 17 മാസത്തെ കുടിശ്ശികയുണ്ടായിരുന്നതിൽ ഇപ്പോൾ 4 മാസത്തെ കുടിശ്ശിക നൽകുന്നു. അങ്ങനെ ഒട്ടാകെ 8,32,59,880 രൂപയാണ് പാവപ്പെട്ട കശുവണ്ടി തൊഴിലാളികളായിട്ടുള്ള, സ്ത്രീകളായ അമ്മമാർക്ക് കുടിശ്ശികയായി ഈ ഗവൺമെന്റ് കൊടുക്കാനുള്ളത്. അത് എന്ന് കൊടുക്കുമെന്ന് വ്യക്തമാക്കണം. യു.ഡി.എഫ്. ഗവൺമെന്റ് ഈ കാര്യങ്ങളെല്ലാം പറഞ്ഞ് കശുവണ്ടിത്തൊഴിലാളികളെ സമീപിച്ചാൽ അവർ കാർക്കിച്ച് തുപ്പും. നിങ്ങൾ ആ നിലയിലായിരിക്കുകയാണ്. ഇ.എസ്.ഐ. സ്കീമിൽ അംഗങ്ങളായിട്ടുള്ള കശുവണ്ടിത്തൊഴിലാളികളുടെയും സംഘടിതവും അസംഘടിതവുമായ വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരുടെയും പരിരക്ഷയ്ക്ക് വേണ്ടി ഏർപ്പെടുത്തിയതാണ് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ. അതിൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 3 കോടി രൂപ കൊടുക്കാനുണ്ട്. അതുപോലെ തിരുവനന്തപുരം മെഡിക്കൽ കോളേജിലും ശ്രീചിത്ര മെഡിക്കൽ സെന്ററിലും പോയി ശസ്ത്രക്രിയ നടത്തിയ ഇനത്തിൽ തൊഴിലാളികൾക്ക് കിട്ടാനുള്ളത് മൂന്നു കോടി രൂപയാണ്. അത് ഇ.എസ്.ഐ. വഴി കൊടുക്കണം. ഇ.എസ്.ഐ. എന്നു പറയുന്ന നമ്മുടെ സംസ്ഥാനത്തെ 138 . ഡിസ്പെൻസറികളിലും 13 ഹോസ്പിറ്റലുകളിലുമായി 200 ഡോക്ടർമാർ ഇല്ല. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ എന്റെ ഒരു സബ്മിഷന് അന്ന് തൊഴിൽ വകുപ്പുമന്ത്രി മറുപടി പറഞ്ഞതാണ്. 200 ഡോക്ടർമാരില്ല; ഉടനെ ആ ഡോക്ടർമാരെ നിയമിക്കുമെന്ന്. ഉള്ള ഡോക്ടർമാർ ഡിസ്പെൻസറിയിൽ എത്തുന്നില്ല. അവർ കൂടുതൽ ലാഭത്തിനു വേണ്ടി വേറെ പോവുകയാണ്. തൊഴിലാളികൾക്ക് സംരക്ഷണമില്ല. ചികിത്സാ സൗകര്യം ലഭിക്കുന്നില്ല. അതുപോലെ തന്നെ പൊതുജനാരോഗ്യവകുപ്പിൽ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ 1200 തസ്തികകൾ സൃഷ്ടിക്കുന്നതായി പറഞ്ഞു. 600 ഡോക്ടർമാരില്ല. അവിടെ മറ്റ് ജീവനക്കാരില്ല. 1200 തസ്തികകൾ സൃഷ്ടിക്കാൻ ആദ്യം ഒരുക്കമിട്ടത് ശ്രീ. കടവൂർ ശിവദാസൻ പൊതുജനാരോഗ്യ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ്. ശ്രീ. രാമചന്ദ്രൻ മാസ്റ്റർ 1200 തസ്തികകൾ നികത്തുമെന്നു പറഞ്ഞതാണ്. ഇന്നും 1200 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരില്ല. അതുസംബന്ധിച്ച് ഈ ബഡ്ജറ്റിൽ ഒന്നും പ്രതിപാദിച്ചിട്ടില്ല. അതുപോലെ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഉണ്ടായ ഒരു സംഭവമാണ്. പുനലൂർ പേപ്പർ മിൽ ഏകദേശം 2500-3000-ൽപ്പരം തൊഴിലാളികൾ പണിയെടുത്തിരുന്ന ഒരു സ്ഥാപനമായിരുന്നു. അത് തുറക്കുമെന്നു പറഞ്ഞ് തട്ടിപ്പ് നടത്തി. അതിനുവേണ്ടി കോൺഫറൻസ് നടത്തിയില്ലേ? ഡാൽമിയാ കമ്പനിയെ വിളിച്ച് അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു എഗ്രിമെന്റ് ഉണ്ടാക്കി. ആരെ സഹായിക്കാൻ? ഡാൽമിയ ടാക്സ് ഇനത്തിൽ സർക്കാരിന് കൊടുക്കാനുണ്ടായിരുന്ന കാശ് ഇളവ് ചെയ്ത് കിട്ടണം, ബാങ്കുകൾക്ക് കൊടുക്കാൻ ഉണ്ടായിരുന്നത് ഇളവ് ചെയ്തു കിട്ടണം എന്ന് ആവശ്യപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകളുടെ കാര്യത്തിലും ഗവൺമെന്റിന്റെ കാര്യത്തിലും എല്ലാം ഇളവ് ചെയ്ത് കൊടുത്തു. ശ്രീ.കുഞ്ഞാലിക്കുട്ടി ഉൾപ്പെടെയുള്ള ആളുകൾ ഇരുന്ന് എഗ്രിമെന്റ് കരാർ ഒപ്പിട്ടു. ഇന്ന് പുനലൂർ പേപ്പർ മിൽ തുറന്നോ ? തുറന്നില്ല എന്നു മാത്രമല്ല അവിടെ കെട്ടിടങ്ങളുടെ കഴുക്കോൽ പോലും ഇന്നില്ല. എന്താണ് നിങ്ങൾക്ക് ഇതേക്കുറിച്ച് പറയാനുള്ളത് ? അടഞ്ഞു കിടക്കുന്ന ഫാക്ടറികൾ തുറപ്പിക്കുന്നതു സംബന്ധിച്ച് നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞോ ? ഞങ്ങളാണോ പൂട്ടിയത് ? ഈ കാര്യങ്ങളെ സംബന്ധിച്ച് അറിയാൻ പാടില്ലായെങ്കിൽ അറിവില്ലാത്ത കാര്യങ്ങൾ ചോദിക്കാതിരിക്കണം. എല്ലാ കാര്യത്തിലും ശ്രീ. ബി. വിജയകുമാർ ചാടി വീഴാതിരിക്കുക. അണ്ടിയും മാങ്ങയും അറിയാതെ മാങ്ങയുടെ പുളിപ്പ് നിങ്ങൾക്ക് അറിയാൻ പാടില്ല. പുനലൂർ പേപ്പർ മില്ലിനെ സംബന്ധിച്ച് നിങ്ങൾക്ക് അറിയില്ല. നിങ്ങൾ തിരുവനന്തപുരത്തുകാരനാണ്. പുനലൂർ പേപ്പർ മില്ലിൽ എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും ഉണ്ടായിരുന്നതാണ്. പുനലൂർ പേപ്പർ മിൽ തുറക്കുമെന്നു പറഞ്ഞ് തട്ടിപ്പ് നടത്തി നിങ്ങൾ കമ്മീഷൻ വാങ്ങുകയല്ലേ ചെയ്തത് ? എന്തിന് ഡാൽമിയയുമായി കരാറുണ്ടാക്കി ? ആ കരാർ ഉണ്ടാക്കിയപ്പോൾ നിങ്ങൾ കൊട്ടിഘോഷിച്ചില്ലേ, പേപ്പർ മിൽ തുറക്കാൻ പോകുന്നുവെന്ന് ? എന്തിനാണ് ഈ എഗ്രിമെന്റ് ഉണ്ടാക്കിയത്? അപ്പോൾ കാശ് വാങ്ങി അങ്ങനെ ഒരു കരാറുണ്ടാക്കി. ആ കരാർ ഉണ്ടാക്കിയതിനുശേഷം ഫാക്ടറി തുറന്നോ ? ഇല്ല. നിരവധി ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണ്. അടച്ച ഫാക്ടറികൾ തുറക്കുന്നതുസംബന്ധിച്ചും അവർക്ക് എംപ്ലോയ്മെന്റ് കൊടുക്കുന്നതിനെ സംബന്ധിച്ചും യാതൊരു കാര്യവും ബഡ്ജറ്റിലില്ല. നമ്മുടെ സംസ്ഥാനത്തെ ധാരാളം ഫാക്ടറികൾ വർഷങ്ങളായി അടച്ചുപൂട്ടിക്കിടക്കുന്നു. ഈ ഗവൺമെന്റ് വന്നതിനു ശേഷം ഈ ഗവൺമെന്റിന്റെ നയംമൂലം അടച്ചുപൂട്ടിയ ഫാക്ടറികളുണ്ട്. അത് തുറപ്പിക്കുന്നതിനെ സംബന്ധിച്ചോ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനെ സംബന്ധിച്ചോ യാതൊരു കാര്യവും ബഡ്ജറ്റിൽ ഇല്ല. ഇന്നിപ്പോൾ എല്ലാ സഹകരണ സ്പിന്നിംഗ് മില്ലുകളുടേയും തലപ്പത്ത് ചെയർമാൻമാർ ലീഗുകാരാണ്. ശ്രീ. പ്രതാപവർമ്മ തമ്പാന്റെ മണ്ഡലമായ ചാത്തന്നൂരിൽ ഒരു സ്പിന്നിംഗ് മില്ലുണ്ട്. യശഃശ്ശരീരനായ പി. രവീന്ദ്രനും പഴയ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പത്മരാജൻ സാറും കൂടി ചേർന്നുണ്ടാക്കിയതാണ്. ഇന്നിപ്പോൾ അത് ഊർദ്ധശ്വാസം വലിക്കുകയാണ്. ആ സ്ഥാപനത്തെ വൈന്റപ് ചെയ്യാൻ, ആ സ്ഥാപനം നിലനിൽക്കണം. ആ സ്ഥാപനത്തെ നിലനിർത്താൻ എന്തെങ്കിലും ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ടോ ? കഴിഞ്ഞ ബഡ്ജറ്റിൽ പാലായിൽ ഒരു സഹകരണ സ്ഥാപനം തുറക്കുന്നതിനായി മാണിസാറിന് വേണ്ടി പറഞ്ഞിരുന്നു. ആ സ്ഥാപനം തുറന്നോ ഇല്ലയോയെന്നു എനിക്കറിയില്ല. കുറ്റിപ്പുറത്ത് സഹകരണ മിൽ നടക്കുന്നുണ്ടോയെന്നു എനിക്കറിയില്ല. ഈ സ്പിന്നിംഗ് മില്ലുകളെ സംബന്ധിച്ചിടത്തോളം അനേകായിരം തൊഴിലാളികൾ പണിയെടുക്കുന്ന, പരമ്പരാഗതമെന്ന് വേണമെങ്കിൽ പറയാവുന്ന ഒരു വ്യവസായമാണല്ലോ. സഹകരണ മേഖലയിൽ സ്ഥാപിച്ച ആ സ്പിന്നിംഗ് മില്ലുകളെ സഹായിക്കാൻ യാതൊരു നടപടിയും ഈ ബഡ്ജറ്റിലില്ല. നമ്മുടെ സംസ്ഥാനത്തെ രജിസ്ട്രേഷൻ വകുപ്പ് ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നുണ്ട് കമ്പ്യൂട്ടറൈസേഷൻ. ആ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതുമൂലം അനേകായിരം ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടും. എല്ലാ ആളുകൾക്കും അറിയാം. ഈ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ അവരെ സംബന്ധിച്ച് എന്തെങ്കിലും പ്രതിപാദിച്ചിട്ടുണ്ടോ ? ആയിരക്കണക്കിന് ആധാരമെഴുത്തുകാർ ഇന്ന് പ്രക്ഷോഭണ രംഗത്താണ്. എല്ലാത്തിനും പുകമറയായി ശ്രീ. എം. എം. ഹസ്സന്റെ കയ്യിൽ ലാവ്‌ലിൻ എന്നു പറയുന്ന പഴമുറം ഉണ്ട്. പഴമുറവുമായിട്ട് വരട്ടെ. ഈ മുറം കൊണ്ട് തടുക്കാമെന്നു വിചാരിച്ചാൽ ഈ ആരോപണങ്ങളൊന്നും നിങ്ങൾക്ക് തടുക്കാനാവുകയില്ല. അതുകൊണ്ട് ഈ ബഡ്ജറ്റിനെ അതിശക്തമായി ഞാൻ എതിർക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ പത്താം തീയതി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയുടെ ഒരു യഥാർത്ഥരൂപം സഭയ്ക്ക് നൽകുന്നതിൽ പരാജയപ്പെട്ടിട്ടുണ്ട്. ഇവിടെ ഈ ഗവൺമെന്റിന്റെ അല്ലെങ്കിൽ ഇപ്പോൾ ഭരിക്കുന്ന ആളുകളുടെ അവസാനത്തെ ബഡ്ജറ്റാണെന്നു അദ്ദേഹം തന്നെ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ഒരു ധവളപത്രം ഇറക്കിക്കൊണ്ടാണ് ഗവൺമെന്റ് പ്രവർത്തനം ആരംഭിക്കുന്നത്. ആ ധവളപത്രത്തിൽ അന്ന് ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ കൊടുത്തുതീർക്കാനുള്ള ബാധ്യതകൾ 4,020 കോടി രൂപയാണെന്നു സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ അന്നത്തെ സാഹചര്യത്തിൽ പൊതു കടം 23,919 കോടി രൂപയാണെന്നു പറഞ്ഞിരുന്നു. അതുപോലെ തന്നെ കമ്മിയെ സംബന്ധിച്ചും ധവളപത്രത്തിൽ പറഞ്ഞിട്ടുണ്ട്. കമ്മിയായി ധവളപത്രത്തിൽ പറഞ്ഞിരിക്കുന്നത് 2,045 കോടി രൂപയാണ്. അതിലെ പത്താമത്തെ പാരഗ്രാഫ് ഞാൻ വായിക്കാം. പ്രതിസന്ധിയുടെ കാരണം തേടി വാഴൂർപടിപ്പുരവരെ പോകേണ്ടതില്ല. അനിയന്ത്രിതമായ റവന്യൂ ചെലവ് തന്നെയാണ് മൂലകാരണം. മറ്റ് പല സംസ്ഥാന സർക്കാരുകളെയും പോലെ നമ്മളും സാമ്പത്തിക വിദഗ്ദന്മാർ നൽകിയ അപകടസൂചനകൾക്ക് ചെവി കൊടുത്തില്ല. എല്ലാം തനിയെ നേരെയാകുമെന്ന മൂഢ വിശ്വാസത്തിൽ പ്രശ്നങ്ങൾക്ക് നേരെ കണ്ണടച്ചു. റവന്യൂകമ്മിയുടെ അനിയന്ത്രിതമായ വർദ്ധനവ്, മൊത്തം ആഭ്യന്തര ഉല്പാദനത്തിന് ആനുപാതികമായി നോക്കുമ്പോൾ പൊതുകടത്തിൽ ഉണ്ടായ അസാധാരണമായ വളർച്ച, നിത്യനിദാന ചെലവുകൾക്ക് വേണ്ടി കടം വാങ്ങൽ, വരവുമായി പൊരുത്തമില്ലാതെ കൊല്ലംതോറും വർദ്ധിച്ചു വരുന്ന ശമ്പളം, പെൻഷൻ ബാധ്യത, കടവും പലിശയും തിരിച്ചടയ്ക്കാനുള്ള ബാധ്യത എല്ലാം നാം ചെന്നുപറ്റിയിട്ടുള്ള ഊരാക്കുടുക്കുകളുടെ ഉത്തമ ദൃഷ്ടാന്തങ്ങളാണ്. ഈ അവസാനത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും പത്താമത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളോട് ഗവൺമെൻറ് എന്ത് സമീപനമാണ് സ്വീകരിച്ചത് ? ആ പറഞ്ഞ കാര്യങ്ങളിലേയ്ക്ക് നീതിപൂർവ്വകമായ ഒരു സമീപനം എടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയ്യേണ്ടത് ഇന്നത്തെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ഒരു പുതിയ ധവളപത്രം ഇറക്കുക എന്നുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 2001-ജൂൺ മാസത്തിൽ ഒരു ധവളപത്രം ഇറക്കി. ഇപ്പോഴത്തെ സ്ഥിതിയെസംബന്ധിച്ച് അങ്ങയുടെ ബഡ്ജറ്റിൽ അവ്യക്തമായി പലതും നിലനിൽക്കുന്നതുകൊണ്ട് ഒരു പുതിയ ധവളപത്രം ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. അതുപോലെ തന്നെ യഥാർത്ഥ ചെലവ് കാണിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

റസീപ്റ്റ്സിൽ തെറ്റായിട്ടുള്ള കുറെ കണക്കുകൾ ഇതിനകത്ത് പറഞ്ഞ് കമ്മി കുറച്ചു കാണിക്കാനുള്ള ശ്രമം അങ്ങ് നടത്തിയിട്ടുണ്ട്. ഞാൻ അതിനെക്കുറിച്ച് ഒന്നു-രണ്ട് കാര്യങ്ങളിലേയ്ക്ക് കടക്കുമ്പോൾ പറയാം. ഇപ്പോഴത്തെ സ്ഥിതി എന്താണ് ? അങ്ങ് തന്നെ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് 2004-2005-ൽ 41,878 കോടി രൂപയായി പൊതു കടം വർദ്ധിച്ചു എന്നു പറയുമ്പോൾ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന കണക്കനുസരിച്ച് പൊതുക്കടം നാല് വർഷം കൊണ്ട് 18,000 കോടി രൂപയായി വർദ്ധിച്ചു. അങ്ങയുടെ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നുണ്ട് പലിശ നിരക്ക് 10 ശതമാനം മുതൽ 17 ശതമാനം വരെയായിരുന്നത് കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞുവെന്ന്. അതൊരു വലിയ നേട്ടമായിട്ട് അങ്ങ് എടുത്ത് പറയുന്ന ഒരു സംഗതിയാണ്. ഇതിനകത്ത് ഒരു കാര്യം വളരെ വ്യക്തമാണ്. ഇപ്പോഴത്തെ നമ്മുടെ പൊതുകടത്തിന്റെ യഥാർത്ഥ സ്ഥിതി എന്താണ് ? അത് ഈ ബഡ്ജറ്റ് പരിശോധിച്ചപ്പോൾ ഒരു സ്ഥലത്തും വ്യക്തമായി ഞാൻ കണ്ടില്ല. ഇപ്പോൾ ഈ പറഞ്ഞ കണക്ക്, കഴിഞ്ഞ മാർച്ച് മാസത്തിൽ 2004-2005 അവസാനം ആയപ്പോൾ 41,878 കോടി രൂപയായി വർദ്ധിച്ചു. അതായത് നാല് വർഷം കൊണ്ട് 75 ശതമാനം. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിലെ അതേ വാചകമാണ്. അപ്പോൾ ഒരു വർഷം ആവറേജ് കൂട്ടുമ്പോൾ 4,500 കോടി രൂപ പൊതു കടമായി വർദ്ധിച്ചുവരികയാണ്. അങ്ങനെയെങ്കിൽ ഈ 2004-2005 കഴിഞ്ഞ് 2005-2006-ൽ നിൽക്കുമ്പോൾ ഈ കണക്ക് മാത്രം എടുത്താൽ ഒരു ആവറേജ് വർദ്ധനവ് എടുത്ത് നോക്കിയാൽ ഈ വർദ്ധിക്കുന്ന 5,000 കോടി രൂപ കൂടി കണക്കാക്കിയാൽ 46,000 കോടി രൂപ വരേണ്ടതാണ്. ഈ ബഡ്ജറ്റിലെ പരാമർശം വച്ചിട്ട് ഞാൻ പറയുകയാണ്. പക്ഷേ .....

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ആധികാരികമായി കിട്ടിയിരിക്കുന്ന കണക്കാണ്. 1-4-2005 വരെയുള്ളതാണ്. മറ്റേത് അൺഒഫിഷ്യലായി നമുക്ക് 31-12-2005 വരെ കിട്ടിയിട്ടുണ്ട്. ഇത് രണ്ടും ഞാൻ ഇവിടെ ഹൗസിൽ പറഞ്ഞതാണ്. പക്ഷേ ആധികാരികമായി കിട്ടിയത് മാത്രമേ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളൂ. അതേസമയത്ത് 31-12-2005 വരെ അൺഒഫിഷ്യലായി കിട്ടിയതും ഞാൻ പറഞ്ഞിട്ടുണ്ട്. 44,380 എന്ന് പറഞ്ഞിട്ടുണ്ട്. ഈ 47,000 വരുന്നത്. എങ്ങനെയാണ് ? ഈ വർഷത്തെ പ്ലാനിംഗ് കമ്മീഷൻ അപ്രൂവ് ചെയ്ത ഡെഫിസിറ്റ് ഉണ്ട്. ആ ഡെഫിസിറ്റ് കൂടി കൂട്ടുമ്പോഴാണ് 47,000 വരുമെന്നു പറഞ്ഞത് അത് അത്രയും വരണമെന്നില്ല. ഡെഫിസിറ്റ് അത്രയും വന്നില്ലെങ്കിൽ അത്രയും വരികയില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ഡെഫിസിറ്റ് കൂടാനാണല്ലോ സാധ്യത. ഇന്ന് അങ്ങ് നക്ഷത്രചിഹ്നമിട്ട 78-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി എന്റെ കൈയിൽ ഇരിപ്പുണ്ട്. ഞാൻ ഇവിടെ പറഞ്ഞത് എന്താണ് ? ഒരു യഥാർത്ഥ വസ്തുത. ഇന്നത്തെ ചോദ്യത്തിന് അങ്ങ് നൽകിയിരിക്കുന്ന മറുപടി വസ്തുതാപരമായിട്ടുള്ള ഒരു മറുപടിയായി അംഗീകരിക്കണ്ടേ ? സഭയ്ക്ക് തരുന്നതല്ലേ ? അങ്ങനെ വരുമ്പോൾ ഒരു യഥാർത്ഥ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് നമ്മുടെ സഭയിൽ വന്നിട്ടില്ല എന്നുള്ളതാണ് ഞാൻ പറഞ്ഞതിന്റെ രത്നച്ചുരുക്കം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ശ്രീ. ടി. എം. ജേക്കബ് പ്രസംഗിച്ചത് കൊണ്ടാണ് ഞാൻ പറഞ്ഞത്. സംശയം വേണ്ട. എന്താണ് വ്യക്തമല്ലാത്തതെന്നുള്ളത് പറയുക. ഞാൻ വിശദീകരിക്കാം.

ശ്രീ. ടി. എം. ജേക്കബ് : സർ, അങ്ങ് മറുപടി പറയുമ്പോൾ പറഞ്ഞാൽ മതി. അങ്ങ് പറഞ്ഞതനുസരിച്ച് 2005 ഡിസംബർവരെയുള്ളത് 44,000 കോടി രൂപ. ഈ സാമ്പത്തിക വർഷം അവസാനിക്കാൻ പോകയാണല്ലോ. 2006 ഫെബ്രുവരി, മാർച്ചാകുമ്പോൾ. അങ്ങ് മറുപടി പറയുമ്പോൾ പറയുക. സാമ്പത്തിക വർഷത്തിന്റെ അവസാനത്തെ സംബന്ധിച്ചിടത്തോളം, ധനകാര്യ ഉദ്യോഗസ്ഥർ പ്രസംഗം കേട്ടുകൊണ്ടിരിക്കുകയല്ലേ ? അവർ അങ്ങേയ്ക്ക് തരുന്ന മറുപടി സംബന്ധിച്ച് അങ്ങ് ഈ സഭയിൽ മറുപടി പറയുമ്പോൾ പറയണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അങ്ങ് പറഞ്ഞു 44,000 കോടിയെന്ന്. ഞാൻ പറഞ്ഞത് 46,000 കോടി രൂപയെന്നാണ്. ആവറേജ് വച്ചിട്ട് അങ്ങ് പറയുന്നതിനോട് എനിക്ക് വിയോജിപ്പില്ല. വസ്തുനിഷ്ഠമായ ഒരു അവതരണം ഉണ്ടായിട്ടില്ല എന്നുള്ളതാണ് എന്റെ പോയിന്റ്. അതുകൊണ്ട് പൊതു കടം കുറച്ചുകൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അങ്ങ് പറയുന്നത് 10 ശതമാനം മുതൽ 17 ശതമാനംവരെ പലിശ നിരക്കിൽ കുറവ് വരുത്തിയെന്നാണ്. അങ്ങേയ്ക്ക് അറിയാവുന്ന ഒരു സംഗതിയുണ്ടല്ലോ, ഇപ്പോൾ ചെയ്തിരിക്കുന്നത് എന്താണ് ? കൂടിയ പലിശയ്ക്ക് എടുത്തിരിക്കുന്ന പണം നമ്മൾ കുറഞ്ഞ പലിശയ്ക്ക് എടുത്തിട്ട് ആ കടം അടച്ചു തീർത്തിരിക്കുകയാണ്. ഇപ്പോൾ കേരളത്തിലെ ബാങ്കിംഗ് വ്യവസായം എടുത്താൽ നമ്മൾ പല ബാങ്കുകളിൽ നിന്ന് പണം എടുക്കുന്നുണ്ടല്ലോ. പഴയതുപോലെ പലിശ 17 ശതമാനം 18 ശതമാനമാണോ ? ഇപ്പോൾ ആറ് ശതമാനം അഞ്ച് ശതമാനം നിരക്കിലൊക്കെ പണം കിട്ടുന്നുണ്ട്. പലിശ താഴോട്ട് വന്നു. ഇപ്പോൾ പണം കടം കൊടുക്കാൻ മൽസരമാണ്. അങ്ങ് പറഞ്ഞിരിക്കുന്നത് എന്താണ് ? എടുത്തിരുന്ന കടങ്ങൾ തിരിച്ചടയ്ക്കുകയുണ്ടായി. അതുപോലെ തന്നെ പരമാവധി പലിശയിലുള്ള ചെലവ് കുറയ്ക്കാൻ സാധിച്ചു. അത് സ്വാഭാവികമായി നമ്മുടെ രാജ്യത്തുണ്ടായ മാറ്റമാണ്. പൊതുവായ ഒരു സമീപനം എടുക്കുമ്പോൾ അതാണ് പൊതു കടം കുറയ്ക്കാൻ വേണ്ടി കൊണ്ടുവന്ന സംഗതി എന്നു പറയുന്നത് ശരിയല്ല. അതുപോലെ തന്നെ വേറൊരു സംഗതി അങ്ങ് പറഞ്ഞല്ലോ letter of credit-നെ സംബന്ധിച്ച്. പതിമൂന്നാമത്തെ പാരഗ്രാഫിൽ അങ്ങ് പറഞ്ഞിട്ടുണ്ട്. എൽ. സി. ചെക്കുകൾക്ക് യാതൊരുവിധത്തിലുള്ള നിയന്ത്രണങ്ങളും ബാധകമാക്കിയിട്ടില്ല. എൽ.സി. എന്നു പറയുന്നത് എന്താണ് ? letter of credit. ഇത് എങ്ങനെയാണ് കൊടുക്കുന്നത് ? ഓരോ വർഷത്തേയും ബഡ്ജറ്റിൽ ഓരോ ഡിപ്പാർട്ടുമെന്റിനും അലോട്ട് ചെയ്തിരിക്കുന്ന, പ്രത്യേകിച്ച് വർക്സ് നടക്കുന്ന ഡിപ്പാർട്ടുമെന്റുകളിലേയ്ക്ക് കൊടുത്തിരിക്കുന്ന ടോട്ടൽ പണത്തിന്റെ letter of credits ഒന്നുകിൽ രണ്ട് മാസം കൂടുമ്പോഴോ മൂന്ന് മാസം കൂടുമ്പോഴോ കൊടുക്കുന്നതാണ്. എന്നുവരെയാണ് ഇഷ്യു ചെയ്തിരിക്കുന്നത് ? എൽ. സി. കഴിഞ്ഞ ജനുവരിവരെ ഇഷ്യു ചെയ്തിട്ടുണ്ട്. പി.ഡബ്ലിയു.ഡി. ബിൽഡിംഗ്സിന്റെ എൽ.സി.-യെ സംബന്ധിച്ച് അപ്-ടു-ഡേറ്റ് ആയിട്ട് വന്നിട്ടുണ്ട്. ഇപ്പോൾ റോഡ്സിന്റെ സ്ഥിതി എന്താണ് ? റോഡ്സിന്റെ കുടിശ്ശിക ഡിപ്പാർട്ടുമെന്റിൽ കിട്ടേണ്ട പണം നിങ്ങൾ കൊടുത്തിരിക്കുന്നത് 30-3-2004 വരെ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളതാണ്. പിന്നെ ഞങ്ങൾ ചെക്കുകൾ കൃത്യമായിട്ട് കൊടുക്കുന്നുണ്ടെന്ന് എങ്ങനെയാണ് പറയുക ? അതുപോലെ തന്നെ റോഡ്സിന് മാത്രം 800 കോടി രൂപയുടെ കുടിശ്ശിക ഇപ്പോൾ നിലനിൽക്കുന്നുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ 2004 നവംബർ വരെ മാത്രമെ എൽ.സി. കൊടുത്തിട്ടുള്ളു. എന്നിട്ടാണ് അങ്ങ് വലിയ ഒരു അവകാശവാദമായിട്ട് എൽ.സി. ചെക്കുകൾക്ക് ഇപ്പോൾ യാതൊരു നിയന്ത്രണങ്ങളും ഇല്ലായെന്നു പറഞ്ഞിട്ടുള്ളത്. എൽ.സി. ചെക്ക് നിങ്ങൾ ഇഷ്യൂ ചെയ്യണ്ടേ ? എൽ.സി. ഇഷ്യൂ ചെയ്താൽ അല്ലേ ചെക്ക് കൊടുക്കാൻ പറ്റൂ. ഞാൻ പറയുന്ന കാര്യം ശരിയാണോയെന്നു പരിശോധിച്ച് നോക്കണം. എൽ.സി. ചെക്ക് നിങ്ങൾ ഇഷ്യൂ ചെയ്യുന്നില്ല. Letter of credit കൊടുക്കുമ്പോഴാണ് ചെക്ക് കൊടുക്കുക. അതൊരു പൊള്ളയായ അവകാശവാദമല്ലേ ? അതുപോലെതന്നെ പാരഗ്രാഫ് 15-ൽ അങ്ങ് പറയുന്നുണ്ട് 31-3-2005 വരെ കരാറുകാർക്ക് നൽകേണ്ടിയിരുന്ന 2,430 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. അതാണ് അങ്ങ് പറഞ്ഞിരിക്കുന്നത്. അത് തെറ്റായ ഒരു ഫിഗറാണ്. ഇവിടെ കൊടുക്കേണ്ട യഥാർത്ഥത്തിലുള്ള കുടിശിക കൊടുക്കാതെ അയഥാർത്ഥമായ ഒരു കണക്കാണ് ഈ സഭയിൽ അങ്ങ് നൽകിയിരിക്കുന്നത്. മറ്റൊന്നു പാരഗ്രാഫ് 17-ൽ ഇവിടെ വിഷൻ 2010-നെക്കുറിച്ച് എന്താണ് പറഞ്ഞത് ? കേന്ദ്ര സർക്കാർ സഹായം ലഭ്യമാക്കുന്നതോടൊപ്പം സംസ്ഥാന സർക്കാർ വിഹിതവും നൽകുന്നതാണ്. അങ്ങ് പറഞ്ഞിരിക്കുന്ന വാക്കാണ്. ഇതിന്റെ സ്റ്റേറ്റ് ഷെയർ എത്രയാണ് ? ഈ വിഷൻ 2010-ന്റെ 13,495 കോടി രൂപയിൽ സ്റ്റേറ്റ് ഷെയർ 2,182 കോടി രൂപയാണ്. ആവറേജ് എടുത്താൽ 400 കോടി രൂപ വച്ച് പ്രതിവർഷം നൽകണമല്ലോ ? ഈ പ്രാവശ്യം ഈ ബഡ്ജറ്റിൽ എവിടെയെങ്കിലും ഒരു പൈസ മാറ്റിവച്ചിട്ടുണ്ടോ ? ഇല്ല. അങ്ങ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന സപ്ലിമെന്ററി ഡിമാന്റിൽ കറണ്ട് ഇയർ, അതായത്. നടപ്പ് വർഷത്തേയ്ക്ക് 40,45,00,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്. പേജ് 65-ൽ അതേക്കുറിച്ച് പറയുന്നുണ്ട്. അത് കറണ്ട് ഇയറിലേതാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ അടുത്ത വർഷത്തേത് എങ്ങനെയാണ് ? നിങ്ങൾ അഞ്ച് വർഷത്തേത് പറയുമ്പോൾ അതിനകത്ത് കാണിക്കണ്ടേ ? അത് കാണിച്ചാലല്ലേ ബഡ്ജറ്റ് എന്നു പറയാൻ പറ്റൂ. അതുപോലെ തന്നെ കമ്മിയെ സംബന്ധിച്ച് പറഞ്ഞു. കമ്മിയുടെ സ്ഥിതി ബഡ്ജറ്റ് ഇൻ ബ്രീഫിൽ നോക്കുക. അതിൽ ടേബിൾ എ2, അതിനകത്ത് Grants from Finance Commission 2005-2006 ബഡ്ജറ്റ് എസ്റ്റിമേറ്റ്—242.27 കോടി. ഇപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് 2005-2006—766.3 കോടി രൂപ. നോൺ പ്ലാൻ ബഡ്ജറ്റ് എസ്റ്റിമേറ്റ് 2005-2006—242.27 കോടി രൂപ, റിവൈസ്ഡ് എസ്റ്റിമേറ്റ് 766.30 കോടി രൂപ. ഇതുവച്ചു വരുമ്പോൾ കഴിഞ്ഞ പ്രാവശ്യം അതായത് ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 306.09 കോടി രൂപയായിരുന്നത് നിങ്ങൾ റെസീപ്റ്റ്സായിട്ട് ഇപ്പോൾ പറഞ്ഞിരിക്കുന്നു. എന്നുവച്ചാൽ 1,537.92 കോടി രൂപ. ഇപ്പോൾ നിങ്ങൾ പറയുമ്പോൾ യഥാർത്ഥത്തിൽ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിന്റെ സംഗ്രഹത്തിൽ പറയുന്നത് വർഷാന്ത്യ കമ്മി—771.83 എന്നാണ്. ആ സ്ഥാനത്ത് ഇപ്പോൾ വരാൻ പോകുന്നത് ഈ 1,231 കോടി രൂപ നിങ്ങൾ കാണിച്ചിരിക്കുന്നതും കൂടി കൂട്ടിയാൽ 2,003.66 കോടിയായിട്ട് വർദ്ധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ച ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് എന്ന ബുക്കിൽ പറയുന്നത് 2004-2005-ലെ യഥാർത്ഥ റസീപ്റ്റ്സ് 9 കോടി രൂപയിൽ ചിലാനമെന്നാണ്. 2005-2006-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 237 കോടി

2.00 P.M.] രൂപയെന്നാണ് പറഞ്ഞിരിക്കുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇപ്പോൾ പറഞ്ഞിരിക്കുന്നത് 468 കോടി രൂപ. ഇത്രയും തുക സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും സ്റ്റേറ്റിന് കിട്ടുമോ? ഏതെങ്കിലും ഒരു കാലത്ത് കിട്ടിയിട്ടുണ്ടോ? 2004-05-ൽ 9 കോടി ഉണ്ടായിരുന്ന സ്ഥാനത്ത് 2005-06-ൽ 468 കോടി രൂപ റസീപ്റ്റ്സായി ഡ്യൂട്ടിയിനത്തിൽ സ്റ്റേറ്റ് ഗവൺമെന്റിന് വരുമെന്ന് നിങ്ങൾ കാണിച്ചിരിക്കുകയാണ്. അതുംകൂടി ഇപ്പോൾ കണക്കിൽപ്പെടുത്തിയാൽ ഏകദേശം മൂവായിരം കോടി രൂപയുടെ കമ്മി ഈ വർഷം പ്രതീക്ഷിക്കേണ്ടതായിട്ടുണ്ട്. അതുപോലെ നമ്മൾ കൊട്ടിഘോഷിച്ച് പ്രഖ്യാപിച്ച ഒരു സംഗതിയാണല്ലോ ഇലക്ട്രിസിറ്റിക്ക് 20 പൈസ കുറച്ചത്. ഇതിനുവേണ്ടി എത്ര കോടി രൂപ സബ്സിഡൈസ് ചെയ്യേണ്ടിവരും? 120 കോടി രൂപ. മീറ്റർ ചാർജ്ജ് കുറച്ചു. 180 കോടി രൂപ ഇതിന് വേണ്ടിവരും.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, മീറ്റർ ചാർജ്ജ് കുറച്ചു എന്നുപറഞ്ഞു. അത് എവിടെ നോക്കിയാണ് വായിച്ചത്. പത്രത്തിൽ നോക്കിയാണോ? ബഡ്ജറ്റ് പ്രസംഗത്തിൽ വരുന്നില്ലല്ലോ.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറഞ്ഞതു മുഴുവൻ അങ്ങ് ശ്രദ്ധിച്ചില്ല. 20 പൈസ വച്ച് ഇലക്ട്രിസിറ്റി ചാർജ്ജ് കുറച്ചതായി പ്രഖ്യാപിച്ചു. പിന്നെ മനസ്സിലാക്കുന്നു മീറ്റർ ചാർജ്ജ് കൂടി എടുത്തുകളയാനുള്ള തീരുമാനം എടുത്തു എന്ന് ..... (ബഹളം) ..... 180 കോടി ഞാൻ വിട്ടിരിക്കുന്നു. 120 കോടി, അത് സമ്മതിക്കുന്നുണ്ടല്ലോ. ആ 120 കോടി രൂപ എവിടെയാണ് വച്ചിരിക്കുന്നത്? പാരഗ്രാഫ് 41-ൽ കിലോഗ്രാമിന് 3 രൂപ നിരക്കിൽ 35 കിലോഗ്രാം അരി നൽകുന്ന അന്ത്യോദയ-അന്നയോജന പദ്ധതിക്കായി 10 കോടി രൂപ നീക്കിവയ്ക്കുന്നു. എന്തിനാണ് അത് പറഞ്ഞത്? ..... (ബഹളം) ..... അത് കൊടുക്കണം. അതിന് പത്ത് കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അപ്പോൾ വൈദ്യുതിയുടെ സബ്സിഡി ആരാണ് കൊടുക്കുന്നത്? ഇലക്ട്രിസിറ്റി ബോർഡ് നിയമം അനുസരിച്ച് നടക്കുന്നതല്ലേ? അതിന് പണം കൊടുക്കണ്ടേ? അല്ല, ഇത് തട്ടിപ്പാണെങ്കിൽ പറഞ്ഞാൽ മതി. ലോട്ടറിയെ സംബന്ധിച്ച് 238-ാം പാരഗ്രാഫിൽ പറയുന്നു. 1 കോടി 45 ലക്ഷം രൂപയായിരുന്ന നികുതി വരുമാനം 2005 നവംബർ 30 ആയപ്പോൾ 29 കോടി രൂപയായി വർദ്ധിച്ചു. യഥാർത്ഥത്തിൽ ഒരു എൺപതോ എൺപത്തിയഞ്ചോ കോടി രൂപ സംസ്ഥാനത്തിന് ലഭ്യമാക്കാൻ കഴിയും. പേപ്പർ ലോട്ടറി നടത്തുന്ന മാഫിയയെ സഹായിക്കാനുള്ള തീരുമാനമെടുക്കുന്നില്ലെങ്കിൽ ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനങ്ങൾ പുനഃപരിശോധിക്കുമെങ്കിൽ ഈ സ്റ്റേറ്റിന്റെ വരുമാനം 80 കോടി രൂപയാക്കി മാറ്റാൻ കഴിയും. ഒരു നറുക്കെടുപ്പിന് രണ്ടര ലക്ഷം രൂപയാണ് നമ്മൾ വച്ചിട്ടുള്ളത്. കൂടുതൽ നറുക്കെടുപ്പ് നടത്താൻ അനുവാദം കൊടുക്കണമെന്ന് സ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറിക്കാർ ആവശ്യപ്പെടുന്നുണ്ടല്ലോ. എന്താണ് അവർക്ക് അനുവാദം കൊടുക്കാത്തത്? അതുപോലെ കുയിൽ, കരടി ലോട്ടറിക്കാർ നടത്തുന്ന തട്ടിപ്പ് എത്രയാണ്? എന്തുമാത്രം പരസ്യമാണ് അവർ കൊടുക്കുന്നത്? കേന്ദ്ര നിയമമനുസരിച്ച് വ്യാജലോട്ടറി നടത്തിയ ആളിന്റെ പേരിൽ കേസ്സെടുത്തു. ആ കേസ്സുകൾ മുഴുവൻ ഗവൺമെന്റ് പിൻവലിച്ചില്ലേ? അങ്ങ് മറുപടി പറയുമ്പോൾ പറയണം.

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ബഹുമാനപ്പെട്ട ജേക്കബ്പിനെപ്പോലുള്ളവർ ഇങ്ങനെ സംസാരിച്ചാലോ..... ഒരു കേസും വിത്ത്ഡ്രോ ചെയ്തിട്ടില്ല എന്ന് ഈ ഹൗസിൽത്തന്നെ ആൻസർ ചെയ്തിട്ടുണ്ട്. ഞാനല്ലേ പറഞ്ഞിട്ടുള്ളത്?

ശ്രീ. ടി. എം. ജേക്കബ്ബ് : സുപ്രീംകോടതി പറഞ്ഞ ഏതാനും കേസ്സുകൾക്ക് പകരം ഏഴ് കേസ്സുകളേ ഇന്ന് നിലവിലുള്ളൂ. ഞാൻ ആ കേസ്സിന്റെ നമ്പർ സഹിതം കളക്ട് ചെയ്ത് തരാം. ശമ്പള പരിഷ്ക്കരണത്തെക്കുറിച്ച് പറഞ്ഞല്ലോ. കൂടിയ ശമ്പളം മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം കൊടുക്കുമെന്ന് പറഞ്ഞിരിക്കുന്നു. പക്ഷേ അതിനുള്ള പണം ബഡ്ജറ്റിൽ എവിടെ വച്ചിരിക്കുന്നു? ആ പണം വകകൊള്ളിക്കണ്ടേ? അതുപോലെ പല സ്കീമുകളെക്കുറിച്ച് പറയുന്നുണ്ട്. ഇപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇരിപ്പുണ്ട്. ഏഴ് ജലസേചന പദ്ധതികളുടെ പണി നടന്നുവരുന്നുണ്ടെന്ന് പറഞ്ഞു. അതിൽ ഇടമലയാർ, മീനച്ചിൽ, പലകപ്പാണ്ടി എന്നിവയ്ക്ക് 10 കോടിരൂപ വകയിരുത്തിയതല്ലാതെ ബാക്കിയുള്ളതിനൊന്നും പണം വകയിരുത്തിയതായി കാണുന്നില്ല.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്....

ശ്രീ. ടി. എം. ജേക്കബ്ബ് : ഞാൻ അവസാനിപ്പിക്കാം. അദ്ദേഹം അസ്വസ്ഥനാകേണ്ട കാര്യമില്ല. അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റുമായി പൊരുത്തപ്പെടാത്ത ഒരുപാട് കാര്യങ്ങളുണ്ട്. അതുകൊണ്ടാണ് പറഞ്ഞത്. ഇവിടെ വളരെ വേഗത്തിൽ നടന്നുവന്ന മൂവാറ്റുപുഴ പദ്ധതിയുടെ സ്ഥിതി എന്തായി? അത് എങ്ങുമെത്താതെ നിൽക്കുന്നു. ഞാൻ കാളിംഗ് അറ്റൻഷനിൽ പിന്നീട് പറഞ്ഞുകൊള്ളാം. ഇലക്ട്രിസിറ്റിയുടെ സ്മാൾ സ്കീമുകൾ, ചൈനീസ് പ്രോജക്ടുകൾ നമ്മൾ വളരെ കൊട്ടിഘോഷിച്ചതല്ലേ? നടപ്പുവർഷം 8 കോടി രൂപ മാറ്റിവച്ചു. അടുത്ത വർഷത്തേക്ക് 40 ലക്ഷം രൂപയാണ് അതിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. മീഡിയം ആന്റ് ലാർജ് ഇൻഡസ്ട്രീസിന് നടപ്പുവർഷം 105.47 കോടിയിൽ നിന്ന് 136.18 കോടി രൂപയാക്കി. അടുത്ത വർഷത്തേക്ക് വെറും 26.58 കോടി രൂപ മാത്രമാണ് നീക്കിവച്ചിരിക്കുന്നത്. കെ.എഫ്.സി.-ക്ക് നടപ്പുവർഷം 13 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. വരും വർഷത്തേക്ക് 'നിൽ' ആണ്. കെ.എസ്.ഐ.ഡി.സി.-ക്ക് നടപ്പുവർഷം 25.70 കോടി രൂപയാണ്. വരും വർഷം 'സീറോ' ആണ്. പബ്ലിക് സെക്ടർ റിഫോംസിന് നടപ്പുവർഷം 48 കോടിരൂപയും അടുത്ത വർഷത്തേക്ക് 5 കോടി രൂപയുമാണ്. മൈത്രി ഭവന നിർമ്മാണ പദ്ധതിക്ക് നടപ്പുവർഷം 60 കോടി രൂപയും അടുത്ത വർഷത്തേക്ക് 43 കോടി രൂപയുമാണ്. സെക്രട്ടേറിയറ്റിലെ എക്കണോമിക് സർവ്വീസിനെ സംബന്ധിച്ച് പറയുന്നതിനു മുമ്പ്, നബാർഡിൽ നിന്നും ആർ.ഐ.ഡി.എഫ്. സ്കീമിൽ ലോണെടുക്കുന്നതിന് നടപ്പുവർഷം 100 കോടി രൂപ വച്ചിരുന്നു. ഈ വർഷത്തെ

LIBRARY ARCHIVES Kerala Legislative Assembly

റിവൈസ്ഡ് എസ്റ്റിമേറ്റിൽ 'നിൽ' ആയാണ് കാണിച്ചിരിക്കുന്നത്. അപ്പോൾ ഈ വർഷം നബാർഡിൽ നിന്ന് ലോണെടുക്കാൻ സാധിച്ചിട്ടില്ല എന്നുള്ളതല്ലേ അർത്ഥം ? 100 ശതമാനം സെൻട്രലി അസിസ്റ്റഡ് സ്കീമിന് നടപ്പുവർഷം 141.20 കോടി രൂപയും, വരും വർഷത്തേക്ക് 87.26 കോടി രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. 100 ശതമാനം സെൻട്രലി അസിസ്റ്റഡ് പ്രോഗ്രാമാണ്. എത്ര ക്രൈസിസ് ഉള്ളപ്പോഴും നമ്മൾ അതിന് തടസ്സം നിന്നിട്ടില്ല. ഒരു എറർ ഉണ്ട്. ബഡ്ജറ്റ് ഡോക്യുമെന്റ് പ്രിന്റ് ചെയ്ത് തന്നിട്ടുണ്ടല്ലോ. ഇവിടെ സ്റ്റേറ്റുമെന്റ് ഫോർ സ്റ്റേറ്റ് പ്ലാനിലെ പരിപാടി ആദ്യത്തെ അക്കൗണ്ട്സും ബഡ്ജറ്റ് എസ്റ്റിമേറ്റും റിവൈസ്ഡ് എസ്റ്റിമേറ്റും ലക്ഷത്തിൽ കൊടുത്തിട്ട് 2006-07 വന്നപ്പോൾ അത് ആയിരത്തിലാണ് കൊടുത്തിരിക്കുന്നത്. ഒരിക്കലും അങ്ങനെ ചെയ്യാറില്ല. അത് വളരെ കെയർഫുളായി ചെയ്യേണ്ടതാണ്. ഇങ്ങനെ വന്നാൽ അവസാനം റിവൈസ്ഡ് എസ്റ്റിമേറ്റ് 2005-06, ലക്ഷത്തിൽ പറയുമ്പോൾ 103 കോടി രൂപ. 2006-07-ലേത് ആയിരത്തിൽ പറയുമ്പോൾ 1 കോടി 33 ലക്ഷം രൂപ. ബഡ്ജറ്റ് ഡോക്യുമെന്റൊക്കെ തയ്യാറാക്കി നിയമസഭയിലും അതുപോലെ അംഗങ്ങൾക്കും നൽകുമ്പോൾ നൽകേണ്ട രൂപത്തിലാണോ നൽകിയിരിക്കുന്നത് ? അപ്പോൾ ഇതിനകത്ത് വളരെ കുറ്റകരമായ അനാസ്ഥകൾ പലതും വന്നിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി വളരെ മോശമായ നിലയിലാണ് പറഞ്ഞിരിക്കുന്നത്. അങ്ങ് പറഞ്ഞു ആവനാഴിയിലെ ഒടിഞ്ഞ അമ്പുകളൊക്കെയാണ് ഇവിടെയുള്ളതെന്ന്. അങ്ങയുടെ ആവനാഴിയിലെ അമ്പുകൾ ഒടിഞ്ഞതിനെക്കുറിച്ചായിരിക്കും അങ്ങ് പറഞ്ഞത്. എന്തായാലും അങ്ങ് ഈ ഒടിഞ്ഞ അമ്പുമായി പോകുന്നെന്ന് കേട്ടു. പോകുന്നതിൽ ഞങ്ങൾക്കൊക്കെ ദുഃഖമുണ്ട്. പക്ഷേ അങ്ങ് പ്രഖ്യാപിച്ചു കഴിഞ്ഞു. എങ്കിലും ഈ ബഡ്ജറ്റ് ജനോപകാരപ്രദമായ ബഡ്ജറ്റാണെന്ന് സമ്മതിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

ശ്രീ. എം. എ. വാഹീദ് : വളരെയേറെ ജനോപകാരപ്രദമായ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സാമ്പത്തികമായ കെടുകാര്യസ്ഥതയിൽ നിന്ന് കാര്യമായ സാമ്പത്തിക മാനേജ്മെന്റിലൂടെ സാമ്പത്തിക ഭദ്രത കൈവരിക്കാൻ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 5 വർഷം പൂർത്തിയാക്കുകയാണ്. 2000-01 വർഷത്തിൽ നമ്മുടെ ഖജനാവ് കാലിയായിരുന്നു. ഇന്ന് ആ ഖജനാവ് സമ്പന്നമാണ്. 2000-01-ൽ 500 രൂപയുടെ ചെക്ക്പോലും ഗുണഭോക്താക്കൾക്ക് മാറാൻ കഴിയാതെ തെക്ക് വടക്ക് നടക്കുന്ന സാഹചര്യമായിരുന്നു. ആ സ്ഥിതിക്ക് മാറ്റം വന്നിരിക്കുന്നു. മടങ്ങുന്ന ചെക്കുകൾ ഒന്നും തന്നെ നമ്മുടെ ഖജനാവിൽ ഇല്ലാത്ത സ്ഥിതി വന്നിരിക്കുന്നു. 2000-01-ൽ ട്രഷറി പൂർണ്ണായി അടച്ചിട്ടിരുന്നു ; പ്രവർത്തനം ഇല്ലായിരുന്നു. ഇപ്പോൾ ട്രഷറികൾ സജീവമാണ്. 2000-01 ൽ ട്രഷറി നിയന്ത്രണം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് ആ നിയന്ത്രണം ഇല്ല. 2000-01-ൽ 230 ദിവസമാണ് നമ്മൾ ഓവർ ഡ്രാഫ്റ്റ് എടുത്തിരുന്നത്. ഇന്ന് ഒരു ദിവസം പോലും ഓവർ ഡ്രാഫ്റ്റ് ഇല്ലാത്ത സ്ഥിതിവിശേഷത്തിലേക്ക് നമ്മൾ മടങ്ങിയിരിക്കുന്നു. 2000-01-ൽ 4200 കോടി രൂപ കരാറുകാർക്കും പ്ലസ് ടു അധ്യാപകർക്കും എല്ലാം കൂടി ഒട്ടാകെ കൊടുത്തുതീർക്കേണ്ട ബാധ്യതയുമായിട്ടാണ് ഈ സർക്കാർ കടന്നുവന്നത്. 1996-ൽ

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ്. അധികാരത്തിൽനിന്ന് പോകുമ്പോൾ 460 കോടി രൂപ ഖജനാവിൽ ഉണ്ടായിരുന്നു. ആ സ്ഥാനത്ത് 2000-01 ൽ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ കോടികളുടെ കടബാധ്യതകളുമായിട്ടാണ് ഈ സർക്കാർ അധികാരം ഏറ്റെടുക്കുന്നത്. ഇവിടെയാണ് സർക്കാരിന്റെ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുവാൻ ഒരുപാട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. ഇതെല്ലാം കയ്പേറിയ അനുഭവങ്ങളായിരുന്നു. എം.എൽ.എ.-മാർക്കും ഉദ്യോഗസ്ഥർക്കും എല്ലാവർക്കും ബുദ്ധിമുട്ടുണ്ടാക്കിയ നടപടി യു.ഡി.എഫ്. സർക്കാർ ആദ്യ കാലഘട്ടങ്ങളിൽ നടത്തി. അതിന്റെ ഗുണഫലം അനുഭവിക്കുന്നത് ഇപ്പോഴാണ്. ഇപ്പോൾ ഇതിന്റെ ഗുണഫലം അനുഭവിക്കുന്നത് വികസന പ്രവർത്തനത്തിന്റെ നീണ്ട നിര നടത്തിയാണ്. 2000-01 കാലഘട്ടത്തിലുള്ള റോഡുകളല്ല ഇന്ന് നമ്മൾ സഞ്ചരിക്കുന്ന റോഡുകൾ. 2000-01-ൽ റോഡുകൾ കുഴികളായി, കുളങ്ങളായി, നദികളായി മാറിയ ഒരു കാലമായിരുന്നു. ഇന്ന് റോഡുകൾ വളരെ മനോഹരമാണ്. യാത്ര ചെയ്യുവാൻ യാതൊരു ബുദ്ധിമുട്ടും ഇല്ലാത്ത സ്ഥിതിവിശേഷത്തിൽ എത്തിയിരിക്കുന്നു. മാർക്സിസ്റ്റ് പാർട്ടിക്ക് ഇന്ന് ഈ സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ വിലക്കയറ്റത്തിന് എതിരെയുള്ള സമരത്തിലേക്ക് പോകേണ്ടിവരുന്നില്ല. ഇപ്പോൾ അവർ നടത്തുന്നത് വികസന വിരുദ്ധ സമരങ്ങളാണ്. എല്ലാകാലത്തും നടത്തുന്ന വികസന വിരുദ്ധ സമരങ്ങളാണ് ഇന്നും നടത്തിവരുന്നത്. ഓരോന്നോരോന്നായി കേരളത്തിലെ യു.ഡി.എഫ്. സർക്കാർ കൊണ്ടുവരുന്ന വികസന പ്രവർത്തനങ്ങളെ അല്ലെങ്കിൽ ഈ നാടിന് ഗുണപ്രദമായ പദ്ധതികളെ തകർക്കുവാനുള്ള ഏതെങ്കിലും മുടന്തൻ ന്യായം കണ്ടുപിടിക്കലാണ്, അതിനുള്ള ഗവേഷണമാണ് ഇന്ന് എ.കെ.ജി. സെന്ററിൽ നടന്നു കൊണ്ടിരിക്കുന്നത്. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ കിട്ടുന്നതിനുവേണ്ടി നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുവാൻ വളരെ പണിപ്പെട്ട പരിശ്രമമാണ് യു.ഡി.എഫ്. നടത്തിയത്. ഇതിനാണ് 'ജിം' വന്നത്. 'ജിം'-ലൂടെ ഒരുപാട് പ്രോജക്ടുകൾ കടന്നു വരുവാനുള്ള സാഹചര്യം ഉണ്ടാകുമ്പോൾ ഈ നാട്ടിലെമ്പാടും സമരമാണ്. വില്ലേജാഫീസിൽ സമരം, താലൂക്കാഫീസിൽ സമരം, മാസങ്ങളോളം സമരമാണ്. 'ജിം'-നെ പൊളിക്കാൻ ശ്രമിച്ചിട്ടുള്ള, 'ജിം'-ലൂടെ വന്ന വ്യവസായത്തെ തകർക്കാൻ, അതിലൂടെ വന്ന തൊഴിലവസരങ്ങളെ ഇല്ലാതാക്കുവാനുള്ള സമരങ്ങളിലാണ് ഇവർ ഏർപ്പെട്ടിട്ടുള്ളത്. ഇതിൽ ഒന്ന് സ്മാർട്ട് സിറ്റിയാണ്. സ്മാർട്ട് സിറ്റി ഇവിടെ നടപ്പിലായാൽ ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് നേരിട്ടും അല്ലാതെയും ജോലി ലഭിക്കും. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുൾപ്പടെ ഉള്ളവർക്ക് തൊഴിൽ സാധ്യതയുണ്ടാക്കുന്ന ഏറ്റവും വലിയ പ്രോജക്ടാണ്. ആ പ്രോജക്ടിനെ തകിടം മറിക്കുവാൻ വേണ്ടി ഇല്ലാത്ത ആരോപണങ്ങൾ ഉണ്ടാക്കി, ഇല്ലാത്ത പ്രശ്നങ്ങൾ ഉണ്ടാക്കി അതിനെ തകർക്കുന്ന വികസന വിരുദ്ധ സമീപനമാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഏറ്റവും അവസാനം എന്റെ നിയോജകമണ്ഡലത്തിൽ വന്ന ടെക്നോ സിറ്റിക്കെതിരെ സമരം നടത്തി. അതിനു മുൻപ് വന്ന ഇൻഫോസിസിന് എതിരെ ടെക്നോ പാർക്കിന് സമീപം കുളത്തൂരിൽ സ്ഥലം എടുക്കുന്നതിനെതിരെ വലിയ പ്രക്ഷോഭങ്ങൾ ഇവർ സംഘടിപ്പിച്ചു. ഒരാളിനെപ്പോലും കുടിഒഴിപ്പിക്കാതെ ഒരിടത്തും വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയില്ല. അന്ന് ഇതിനെ സംബന്ധിച്ച് നിയമസഭയിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നു. അന്ന് സർക്കാർ പറഞ്ഞു കേവലം 25 വീടുകളിലുള്ളവരെ മാത്രമേ മാറ്റി പാർപ്പിക്കുന്നുള്ളു എന്ന്. സമരം നീണ്ടുപോയി. ആ പദ്ധതി സമയബന്ധിതമായി നടപ്പാക്കാതിരിക്കാൻ വേണ്ടി ആ സമരത്തെ നീട്ടിക്കൊണ്ടുപോയി തകർക്കാൻ ശ്രമിച്ചപ്പോൾ അവസാനം വന്നത് എട്ട് വീടുകൾ മാറ്റി പാർപ്പിക്കുന്നതാണ്. ഇപ്പോൾ പതിനായിരത്തോളം വരുന്ന ചെറുപ്പക്കാർക്ക് തൊഴിലവസരം ഉണ്ടാക്കുന്ന ഇൻഫോസിസ് പദ്ധതി നടപ്പാകുന്ന സ്ഥിതിയിലാണ്. അതിനേക്കാളേറെ ഗുണമുള്ളതാണ് എന്റെ നിയോജകമണ്ഡലത്തിൽ വരുന്ന ടെക്നോസിറ്റി. ഇതിനെതിരായി വ്യാജ പ്രചരണങ്ങൾ നടത്തി ഈ പദ്ധതിയെ പൊളിക്കുവാനും തകർക്കുവാനുമുള്ള ശ്രമമാണ് നടക്കുന്നത്. ഒരു സ്ഥലത്ത് തൊഴിലിനുവേണ്ടി സമരം നടത്തുന്നു, മറു സ്ഥലത്ത് തൊഴിൽ ലഭ്യമാകുന്ന പദ്ധതികളെ തകർക്കുന്ന സ്ഥിതിവിശേഷമാണ്. ഈ ഇരട്ടത്താപ്പ് നയം കൊണ്ട് ഈ സംസ്ഥാനത്തിന് നഷ്ടമാകുന്ന ഒരുപാട് പ്രോജക്ടുകൾ. ഉണ്ട്. നിക്ഷേപങ്ങൾ നമ്മുടെ സംസ്ഥാനത്ത് വരികയും തൊഴിൽ സാധ്യതകൾ കൂടുകയും ചെയ്താൽ മാത്രമേ വരുമാനം ഉണ്ടാകുകയുള്ളൂ. അങ്ങനെ വരുമാനം ഉണ്ടാകാൻ കഴിയുന്ന ഒരു സാഹചര്യം ഈ സംസ്ഥാനത്ത് ഉണ്ടാക്കുവാൻ ഇവർ സമ്മതിക്കുകയില്ല. ഇന്നല്ല, പണ്ടേക്കുപണ്ടേ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഭരണം തുടങ്ങിയ കാലം മുതൽക്കേ എല്ലാ നല്ല കാര്യങ്ങൾക്കെതിരെയും സമരം ചെയ്യുന്ന സ്വഭാവമാണ് ഇവർക്ക് ഉള്ളത്. എല്ലാ വികസന പ്രവർത്തനങ്ങളേയും എല്ലാ ഗുണങ്ങളേയും പുറകോട്ട് പിടിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്. നമ്മൾ പത്തിരുപത്തഞ്ച് വർഷക്കാലം പിറകിലേക്ക് നിൽക്കുകയാണ്. മറ്റ് സംസ്ഥാനങ്ങൾ മുന്നോട്ടുപോകുമ്പോൾ വെറും ആദർശത്തിന്റെ പേരിൽ അല്ലെങ്കിൽ വെറും ആശയ സമരത്തിന്റെ പേരിൽ കേരളത്തെ പിറകിലേക്ക് നയിക്കുന്നതുകൊണ്ട് സാമ്പത്തികമായും സാമൂഹികമായും നമ്മൾ പിറകിലേക്ക് പോയികൊണ്ടിരിക്കുകയാണ്. ഈ സമരങ്ങൾ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയണം. സമരങ്ങൾ നടത്തുന്നവർക്കെതിരെ ജനകീയ കൂട്ടായ്മ ഉണ്ടാക്കുവാനുള്ള ഒരു നല്ല ശ്രമം നമ്മൾ നടത്തേണ്ടിയിരിക്കുന്നു. അതിലൂടെ മാത്രമേ സാമ്പത്തികമായ മാറ്റം നമ്മുടെ സംസ്ഥാനത്ത് വരുത്താൻ കഴിയൂ എന്ന് ഉറച്ച് വിശ്വസിക്കുന്ന ആളാണ് ഞാൻ. അങ്ങനെയുള്ള മാറ്റങ്ങൾക്കുവേണ്ടി ദാഹിക്കുന്ന ഒരു സർക്കാർ ആ മാറ്റങ്ങൾ പ്രതിഫലിപ്പിക്കുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ സർവ്വാത്മനാ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു : സാർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ബഹുമാനപ്പെട്ട സതീശൻ സംസാരിക്കുമ്പോൾ കമ്മി വർദ്ധിക്കുന്നത് ഒരു വലിയ സംഭവമല്ല എല്ലാ സ്റ്റേറ്റുകളിലും ഉണ്ട് എന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ കഴിഞ്ഞ യു.ഡി.എഫ്. അധികാരത്തിൽ വന്ന ഉടനെ വൈറ്റ് പേപ്പർ അവതരിപ്പിച്ചു കൊണ്ട് അന്നത്തെ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും വൈറ്റ് പേപ്പർ പ്രദർശിപ്പിച്ചുകൊണ്ട് എൽ.ഡി.എഫ്.-ന്റെ കാലത്ത് കേരളത്തെ സാമ്പത്തികമായി തകർത്തു എന്നു പറഞ്ഞു. വളരെ സന്തോഷപൂർവ്വം അതിന്റെ ഫോട്ടോയൊക്കെ പത്രത്തിൽ വന്നു. അത്തരത്തിലുള്ള ഒരു പ്രചരണം നടത്തിയതിന്റെ ആവശ്യമുണ്ടോ ? അഞ്ച് കൊല്ലം കഴിഞ്ഞ് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുമ്പോൾ നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

അനുഭാവികൾക്കടക്കം നിങ്ങൾ അന്ന് ചെയ്തത് അങ്ങേയറ്റം തെറ്റായിപ്പോയി എന്ന് വസ്തുതകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെടുന്ന അവസരത്തിൽ ഇന്ന് ഈ രൂപത്തിൽ നിങ്ങൾക്ക് വിശകലനം നടത്തി രക്ഷപ്പെടാൻ സാധിക്കുമോ ? രണ്ടാമത്തേത് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട, ഗ്രാമീണ നിലവാരത്തിലുള്ള സാമാന്യ ജനങ്ങൾ ആശ്രയിക്കുന്ന ഒന്ന് പരമ്പരാഗത മേഖലയാണ്. അങ്ങനെ വരുമ്പോൾ ഈ ഗവൺമെന്റിന്റെ ഭരണം തികയ്ക്കുന്ന അവസരത്തിൽ നമ്മുടെ നാട്ടിലെ പരമ്പരാഗത മേഖലയിലെ പാവപ്പെട്ട ആളുകളോട് നീതി ചെയ്യാൻ ഈ ഗവൺമെന്റിന് സാധിച്ചു എന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ? ഒരു ഉദാഹരണം, പലപ്പോഴായി ഇവിടെ സംസാരിച്ചതാണ്. ഞാൻ പറയുമ്പോൾ കൈത്തറി തൊളിലാളികളുടെ കാര്യം പറയും. ബഹുമാനപ്പെട്ട മന്ത്രി മൂന്ന് കോടി ഉറുപ്പിക നീക്കി വച്ചു എന്ന് പറഞ്ഞു. ഞാൻ കഴിഞ്ഞ പ്രാവശ്യം ഒരു ശ്രദ്ധക്ഷണിക്കലിൽ പറഞ്ഞു കോഴിക്കോട് ജില്ലയിൽ മാത്രം മൂന്നരക്കോടി ഉറുപ്പിക കൈത്തറി സഹകരണ സംഘങ്ങൾക്ക് കൊടുക്കാനുണ്ട്. പകുതിയെങ്കിലും കിട്ടിയാൽ സ്വാഭാവികമായും ഇന്ന് അടഞ്ഞു കിടക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾക്ക് തുറന്ന് പ്രവർത്തിക്കാൻ സാധിക്കും. പക്ഷേ അത് കൊടുക്കാതെ, കൈത്തറി തൊഴിലാളികളും പാവപ്പെട്ട പരമ്പരാഗത തൊഴിലാളികളും നിരന്തരമായി സമരം ചെയ്യുമ്പോൾ ആ സമരം ചെയ്യുന്ന ആളുകളെ ആശ്വസിപ്പിക്കുന്ന നിലയിൽ എന്തെങ്കിലുമുണ്ടോ ? ബഹുമാനപ്പെട്ട മന്ത്രി ഇതിൽ എഴുതിയിരിക്കുന്നു, പരമ്പരാഗത വ്യവസായങ്ങളെ ഏറ്റവും മാന്യമായ രീതിയിൽ വിലിയിരുത്തും; അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന്. ഇത് പറഞ്ഞിട്ട് അടിസ്ഥാനപരമായി പരമ്പരാഗത വ്യവസായ മേഖലയിലെ ഏത് പ്രശ്നം പരിഹരിക്കാൻ സാധിച്ചു? മൂന്ന് കോടി ഉറുപ്പിക നൽകി എന്ന് പറഞ്ഞതിൽ പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ അടച്ചിട്ടിരിക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കുമോ ? ഒരു സ്റ്റേറ്റിന്റെ ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയ്ക്ക് ഒരു കൊല്ലത്തെ ഭരണത്തിന്റെ ഫലമായി നാട്ടിലുണ്ടായിരിക്കുന്ന പ്രതിസന്ധികൾ വിലയിരുത്തി ആ പ്രതിസന്ധികൾക്ക് ചെറിയ തോതിലെങ്കിലും ഒരു പരിഹാരം കാണാൻ സാധിക്കുന്നില്ലെങ്കിൽ, അല്ലെങ്കിൽ ബഡ്ജറ്റിന് സാധിക്കുന്നില്ലെങ്കിൽ ആ ബഡ്ജറ്റ് കൊണ്ട് രാജ്യത്തെ ഭൂരിപക്ഷം ആളുകൾക്ക് എന്ത് ഗുണം? അതുപോലതന്നെ കാർഷിക മേഖല നമ്മുടെ നാട്ടിലെ കൃഷിക്കാർ ഒരു കാലത്തും ഉണ്ടാകാത്തവിധം ആത്മഹത്യ ചെയ്തത് യു.ഡി.എഫ്.-ന്റെ ഭരണ കാലത്താണ്. വേറെ ആരേയും ആക്ഷേപിച്ചിട്ട് കാര്യമില്ല. കൃഷിക്കാർ നിങ്ങളുടെ ഭരണ കാലത്ത് ആത്മഹത്യ ചെയ്തു. എന്താണ് കാരണം ? കേരളത്തിലെ കൃഷിക്കാർ ഇതുപോലെ കടക്കാരായ ഒരു കാലഘട്ടം മുമ്പുണ്ടായിട്ടുണ്ടോ? ദേശീയമായി കണക്കുകൾ പറയുന്ന അവസരത്തിൽ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലുമുള്ള കൃഷിക്കാരുടെ കടബാധ്യത വിലയിരുത്തുമ്പോൾ നിങ്ങൾ ഭരിക്കുന്ന ഈ കേരളത്തിലാണ് രണ്ടാം സ്ഥാനത്തും മൂന്നാം സ്ഥാനത്തുമായി കൃഷിക്കാർ കടക്കാരായി മാറിയിരിക്കുന്നത്. ഈ കൃഷിക്കാരെ കടത്തിൽ നിന്ന് രക്ഷിക്കാൻ എന്തെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിച്ചോ ? ഇന്ന് കൃഷിക്കാർ അവരുടെ കഴുത്തറുക്കുന്ന ബ്ലേഡുകാരുടെ ഇരകളാകുന്ന രൂപത്തിൽ മാറിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകാൻ എന്തെങ്കിലുമൊരു സംവിധാനം സഹകരണ മേഖലയിലായാലും തരക്കേടില്ല, ഗവൺമെന്റ് ഏർപ്പെടുത്തണം. ഏതെങ്കിലും തരത്തിൽ നമ്മുടെ നാട്ടിലെ കൃഷിക്കാരെ സഹായിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ ? വേറെ പ്രധാനപ്പെട്ട ഒരു കാര്യം, രോഗം വന്നാൽ നമ്മുടെ നാട്ടിലെ പാവങ്ങൾ ആശ്രയിക്കുന്നത് സർക്കാർ ആശുപത്രികളെയാണ്. ഇവിടെ പുതിയ പുതിയ വൻകിട ഫൈവ്സ്റ്റാർ ആശുപത്രികൾ വരുന്നു–ഹെൽത്ത് ടൂറിസം. അതിനൊക്കെ ഉപയോഗിച്ചു കൊള്ളൂ, ഒരു ആക്ഷേപവുമില്ല. പക്ഷേ നമ്മുടെ നാട്ടിലെ പാവങ്ങൾക്ക് രോഗം വന്നാൽ പോകുന്ന മെഡിക്കൽ കോളേജുകൾ, ഡിസ്ട്രിക്ട് ഹോസ്പിറ്റലുകൾ, താലൂക്ക് ആശുപത്രികൾ അതിന്റെയൊക്കെ സ്ഥിതി എന്താണ് ? അവിടെ രോഗികൾ വന്നാൽ കിടക്കാൻ ബെഡ് ഉണ്ടോ ? പഴയ കാലത്തുള്ള ഡോക്ടർമാരും മറ്റ് സ്റ്റാഫുകളും അതിന്റെ സംവിധാനങ്ങളും മാത്രമാണ് ഇന്നുമുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ വരുമ്പോൾ വലിയ വലിയ ഫൈവ്സ്റ്റാർ ഹോസ്പിറ്റലുകളിൽ ആധുനികമായ എല്ലാ യന്ത്ര സാമഗ്രികളും ഉപയോഗിച്ച് ചികിത്സിക്കാൻ പറ്റുന്ന രൂപത്തിൽ രോഗികൾക്ക് സഹായകമാകുന്നു. മെഡിക്കൽ കോളേജുകളിൽ ആ രൂപത്തിലുണ്ടോ ? ഗവൺമെന്റിനെക്കൊണ്ടുള്ള ആവശ്യം ജനങ്ങൾക്കാണ് ; ഇടത്തരക്കാർക്കാണ്. അവരെ സഹായിക്കണമെങ്കിൽ സർക്കാർ ആശുപത്രികളിൽ അലോപ്പതി ആയാലും ആയുർവേദം ആയാലും ഹോമിയോ ആയാലും ഈ ആശുപത്രികളിൽ മെച്ചപ്പെട്ട നിലയിൽ കൂടുതൽ സൗകര്യങ്ങൾ ചെയ്ത് കൊടുക്കാൻ ഗവൺമെന്റ് ഏത് രൂപത്തിൽ സന്നദ്ധമാകുന്നു ? അതിനെ സംബന്ധിച്ച് വ്യക്തമായി ബോധ്യപ്പെടുത്താൻ നിങ്ങൾക്ക് സാധിച്ചോ ? ആശുപത്രികളിൽ എത്ര ശതമാനം ഡോക്ടർമാരില്ലാത്ത അവസ്ഥ ഉണ്ട് ? എം.എൽ.എ.-മാർ ബഹുമാനപ്പെട്ട മന്ത്രിമാരെ കണ്ട് അവരുടെ പ്രദേശത്തുള്ള ആശുപത്രികളിൽ ഡോക്ടർമാരെ തരാൻ ആവശ്യപ്പെടുന്നു. ഇപ്പോൾ ശ്രീ. മത്തായി ചാക്കോയും ശ്രീ. ബിനോയ് വിശ്വവും ഒക്കെ അവരുടെ മണ്ഡലത്തിലുള്ള ആശുപത്രികളുടെ മുമ്പാകെ സമരം നടത്തി വരുന്നു. പാവപ്പെട്ട ആളുകൾ പറയുന്നു ഡോക്ടർമാരില്ല. ഇതിന് പരിഹാരം കാണാൻ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടിയില്ല. ഞാൻ പറയുന്നത്, നമ്മുടെ സർക്കാർ ആശുപത്രികളെ വേണ്ടപോലെ സർക്കാർ ശ്രദ്ധിക്കുന്നുണ്ടോ ? നേരെ മറിച്ച്, സ്വകാര്യ മേഖലയിൽ വളർന്നുവരുന്ന ആശുപത്രികൾക്ക് സഹായകരമായ രൂപത്തിലുള്ള നിലപാടുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നു എന്ന് പറഞ്ഞാൽ അതിനെ നിഷേധിക്കാൻ കഴിയുന്ന രൂപത്തിലാണോ നമ്മൾ സർക്കാർ ആശുപത്രികളെ കൈകാര്യം ചെയ്യുന്നത്? യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ പറഞ്ഞത് ഞങ്ങൾ കഴിഞ്ഞ കാലത്തുള്ള ഗവൺമെന്റുകൾ ചെലവഴിച്ചതിനേക്കാളും ആരോഗ്യ സംരക്ഷണത്തിനും അതുപോലെ വിദ്യാഭ്യാസത്തിനും പണം അനുവദിക്കുമെന്നാണ്. രണ്ട് കൊല്ലമായി, യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആരോഗ്യ രംഗത്ത് കേരളത്തിലെ ഗവൺമെന്റിന് കൂടുതൽ സാമ്പത്തിക സഹായം കേന്ദ്രത്തിൽ നിന്ന് ലഭ്യമാകുന്നുണ്ടോ ? നമ്മുടെ ആശുപത്രികളെ രക്ഷപ്പെടുത്താൻ പറ്റുന്ന രൂപത്തിൽ നമുക്ക് സാധിക്കുന്നുണ്ടോ ? അതുപോലെ നമ്മുടെ നാട്ടിലെ ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന ഒരു മേഖല, വർഷംതോറും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന, കാർഷിക രംഗത്ത് കണക്കുകൾ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പത്ത് കൊല്ലം കൊണ്ട് പുതിയ തൊഴിൽ സാധ്യത കുറഞ്ഞുവെന്നാണ്. വൻകിട വ്യവസായ മേഖലയിൽ തൊഴിൽ സാധ്യത കുറഞ്ഞു. ചെറുകിട വ്യവസായ മേഖലയിൽ തൊഴിൽ സാധ്യത കുറഞ്ഞു. ഇൻഡ്യയിലെ കണക്ക് പ്രകാരം ഏതെങ്കിലും ഒരു മേഖലയിൽ തൊഴിൽ സാധ്യതയുള്ളത്, കഴിഞ്ഞ പത്ത് കൊല്ലത്തിനകം 33 ലക്ഷം ആളുകൾക്ക് പുതുതായി തൊഴിൽ ലഭിച്ചത് ചെറുകിട വ്യാപാര മേഖലയിലാണ്. ആ ചെറുകിട വ്യാപാര മേഖലയെ തകർക്കാൻ ഞാൻ അതിന്റെ കണക്കുകളൊന്നും പറയുന്നില്ല. അന്തർദേശീയ ഏജൻസികൾ ഇന്ന് ഇൻഡ്യാ രാജ്യത്തെ ഏറ്റവും കൂടുതൽ ആക്രമിക്കാൻ വരുന്നത് പാവപ്പെട്ട ഒരു കുടുംബത്തിലെ ഒന്നോ രണ്ടോ മൂന്നോ ആളുകൾ കച്ചവടം ചെയ്യുന്ന ചെറുകിട കച്ചവടക്കാരെയാണ്. അതിനെ സ്വാധീനിക്കാൻ അവർ വരുന്നു. കേരളത്തിലേക്ക് ഇത് വരുന്ന അവസരത്തിൽ അതിനെ തടഞ്ഞുനിർത്താൻ പറ്റുന്ന എന്തെങ്കിലും നടപടികൾ നമ്മൾ സ്വീകരിക്കുമോ ? എന്ന് പറഞ്ഞാൽ അവർക്ക് ഇന്നുള്ള ഈ ഭീഷണിയിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ ഇന്ന് അവർക്ക് ലഭിക്കുന്നതിനേക്കാൾ കൂടുതൽ സാമ്പത്തിക സഹായം നൽകണം. ആ സാമ്പത്തിക സഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കേരളത്തിൽ ഈ മൾട്ടി നാഷണൽ കോർപ്പറേഷൻസ് ചെറുകിട വ്യാപാര മേഖലയിലേക്ക്, കച്ചവട മേഖലയിലേക്ക് വരുമ്പോൾ അതിനെ തടയാൻ നിയമപരമായ ഒരു നടപടി സ്വീകരിക്കാൻ നമ്മുടെ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമായി സാധാരണക്കാർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള മേഖലയെ സംരക്ഷിക്കുമോ ? ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കുറച്ചു ദിവസം മുമ്പ് ഒരു ലേഖനം വായിച്ചു. അതിൽ പറഞ്ഞിരിക്കുന്നത് അമേരിക്കയിൽ 19-ാം നൂറ്റാണ്ടിൽ തുടങ്ങി 1970 വരെ സൗജന്യ വിദ്യാഭ്യാസമായിരുന്നു എന്നാണ്. സാർവത്രികമായി എല്ലാവർക്കും ഉന്നത വിദ്യാഭ്യാസമടക്കം അമേരിക്കയിൽ സൗജന്യം. അമേരിക്കയിലെ കൊമേഴ്സ് സെക്രട്ടറി ബ്രൗൺ എന്നു പറയുന്ന ആളോട് ഇതുസംബന്ധിച്ച് അഭിപ്രായം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു അമേരിക്കയെ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തികമായി കഴിവുള്ള രാഷ്ട്രമാക്കി മാറ്റിയതിന്റെ കാരണം 19-ാം നൂറ്റാണ്ടു മുതൽ 1970 വരെ ഉന്നത വിദ്യാഭ്യാസമടക്കം അമേരിക്കയിൽ സൗജന്യമായിരുന്നു. അതുകൊണ്ട് അമേരിക്കയിലെ കറുത്ത വർഗ്ഗക്കാർക്കടക്കം ലോകത്തിൽ വിദ്യാഭ്യാസത്തിൽ മുന്നോട്ടുവരാൻ സാധിച്ചു. ശ്രീ. സതീശൻ സാമ്പത്തിക രംഗത്തെക്കുറിച്ച് പറയുന്നു. ഞാൻ പറയുന്നത് ഇവിടുത്തെ ജനങ്ങളെ സംബന്ധിച്ചാണ്. നമ്മുടെ നാട്ടിലെ പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നീ വിഭാഗങ്ങൾക്ക് പഠിക്കാൻ സാധിക്കണമെങ്കിൽ, ഇൻഡ്യാ രാജ്യത്തെ ഒരു വലിയ ശക്തിയാക്കണമെങ്കിൽ മറ്റേത് സമ്പത്തിനേക്കാളും ഒരു സ്റ്റേറ്റിന് നൽകാൻ സാധിക്കുന്ന സമ്പത്ത് വിദ്യാഭ്യാസമാണ്. 1970 വരെ അമേരിക്ക അവിടെത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകിയതിന്റെ ഫലമായി ലോകത്തെ വെല്ലുവിളിക്കാൻ അമേരിക്കയ്ക്ക് സാധിച്ചു. ശ്രീ. സതീശനും മറ്റും പുകഴ്ത്തുന്ന വിദ്യാഭ്യാസ നയം, കഴിഞ്ഞ കാലത്ത് ഇവിടെത്തെ സാമൂഹ്യ പരിഷ്കർത്താക്കൾ നമ്മുടെ നാട്ടിൽ സമരം നടത്തിനേടിയെടുത്ത സംവരണത്തേയും ആനുകൂല്യങ്ങളേയും തകർത്തുകൊണ്ട് 150 കോടിയോളമുള്ള ഇൻഡ്യയിലെ ജനങ്ങളിൽ പത്തോ ഇരുപതോ കോടി ആളുകൾക്ക് മാത്രമായി ചുരുക്കുന്ന രൂപത്തിലുള്ള വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

സമീപനത്തിലേക്ക് നിങ്ങൾ ഈ രാജ്യത്തെ കൊണ്ടുപോകുന്നു. യാഥാർത്ഥ്യ ബോധത്തോടെ ഈ പ്രശ്നത്തെ കാണണം. നിങ്ങൾക്ക് പണം വേണ്ടേ? ഇവിടെത്തെ ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ ഇവിടെ ഇന്ന് വൻകിട വ്യവസായങ്ങൾക്ക് പണം മുടക്കുന്നു. എവിടെ ഇന്ന് കാശ്? അതുപോലെതന്നെ മഹാരാഷ്ട്രയിലെ വൈദ്യുതി പദ്ധതി എടുത്തുനോക്കൂ. അമേരിക്കൻ കമ്പനി വന്നു. ആ കമ്പനി പൊളിഞ്ഞു. ആരിൽ നിന്ന് കാശ് വാങ്ങി? അമേരിക്കയിൽ നിന്ന് കൊണ്ടുവന്നോ? ഇൻഡ്യയിലെ ദേശസാൽക്കരിച്ച ബാങ്കുകൾ അവർക്ക് പണം കൊടുത്തതിന്റെ ഫലമായി ആ കമ്പനി പൊളിഞ്ഞപ്പോൾ ഇൻഡ്യയിലെ ദേശസാൽക്കരിച്ച ബാങ്കുകൾ തകർത്തു. വിദേശത്തുനിന്ന് ഇവിടെ വരുന്നവർ .....

•മി. സ്പീക്കർ: മൂന്നിരട്ടി സമയമെടുത്തു. അങ്ങയോടുള്ള വ്യക്തിപരമായ ബന്ധത്തിലാണ് .....

ശ്രീ. സി. കെ. നാണു: ശ്രീ. സതീശനോട് ഞാൻ പറഞ്ഞത് ഈ പ്രശ്നത്തെ വിലയിരുത്തുന്ന അവസരത്തിൽ നമ്മുടെ നാട്ടിലെ ജനങ്ങളെ കാണണം. അവരുടെ വളർച്ചയ്ക്ക് ആവശ്യം വിദ്യാഭ്യാസമാണ്. അത് നൽകാൻ സ്റ്റേറ്റിന് സാധിക്കുമോ? അത് നൽകാതെ കുത്തക മുതലാളിമാർക്ക് കൊള്ള ലാഭം എടുക്കുന്നതിന് ഈ സ്റ്റേറ്റിനെ എറിഞ്ഞുകൊടുക്കുന്നത് ശരിയല്ല. ഞാൻ ഇതിനെ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. വി. കെ. ചന്ദ്രൻ]

ശ്രീ. കെ. മുഹമ്മദാലി: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി പ്രതീക്ഷ നൽകുന്ന ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് 2.00 P.M. വ്യക്തമായ ഒരു ധാരണയിലെത്താൻ നമുക്ക് കഴിയണമെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനകാലത്ത് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജറ്റിലൂടെ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഉണ്ടായ ധാരണകളുമായി താരതമ്യപ്പെടുത്താൻ നമ്മൾ ശ്രമിക്കണം. തകർന്ന് തരിപ്പണമായ ഒരു സാമ്പത്തിക രംഗത്തുനിന്നുകൊണ്ട് ഇന്നത്തെ സ്ഥിതിയിലേക്ക് നമ്മുടെ സംസ്ഥാനത്തെ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഐക്യജനാധിപത്യമുന്നണിയുടെ അഞ്ചാമത്തെ ബഡ്ജറ്റാണ് ഇവിടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. നാലാമത്തെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചപ്പോൾ ആ ബഡ്ജറ്റിനെ അനുകൂലിച്ച് സംസാരിച്ച ശ്രീ. ടി. എം. ജേക്കബ് ഈ ബഡ്ജറ്റിനെ എതിർക്കാൻ ശ്രമിച്ചത് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. പക്ഷേ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്ന സാഹചര്യങ്ങൾ അത് നിഷ്പക്ഷമായി വിലയിരുത്താനും പരിശോധിക്കാനും കഴിയുമെന്ന് എല്ലാവർക്കുമറിയാം. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്ന മാന്ദ്യത മാറുന്ന സൂചനകൾ ഉണ്ടായിരിക്കുന്നുയെന്നുള്ളത് വളരെയേറെ ആശ്വാസം നൽകുന്ന ഒരു കാര്യമാണ്. കാർഷികമേഖല നമ്മളെ സംബന്ധിച്ചിടത്തോളം ആശങ്കയുണ്ടാക്കുന്ന രംഗമായിരുന്നു. നെൽക്കൃഷിയുടെ ഉൽപ്പാദനം വളരെ കുറഞ്ഞു. മറ്റ് മേഖലകളിൽ ക്ഷീണങ്ങളുണ്ടായി. വളരെ ബുദ്ധിമുട്ടുകൾ കർഷകർ അനുഭവിച്ചു. പക്ഷേ ഇതുവരെയുള്ള നമ്മുടെ സാമ്പത്തികരേഖ സൂചിപ്പിക്കുന്നത് കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിലും മറ്റും നമുക്ക് ഉണർവ് ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളതാണ്. അത് പൂർണ്ണമാണെന്നു കരുതുന്നില്ല. കൂട്ടായ ശ്രമങ്ങളിലൂടെ മാത്രമേ ഇനിയും ഊർജ്ജസ്വലമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. എങ്കിലും ഒരു നല്ല ലക്ഷണമാണ് കാണുന്നത്. വ്യവസായ മേഖലകളിലും വളരെ തിരിച്ചടികൾ ഉണ്ടായ മേഖലകളിലും ഉണർവിന്റെ ലക്ഷണങ്ങൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം സാമ്പത്തികരംഗം സജീവമാകുന്നതിന്റെ ഒരു സൂചനയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കാൻ പോകുകയാണ്. ആ സന്ദർഭവുമായി നമ്മൾ താരതമ്യപ്പെടുത്തണം. വലിയ മാറ്റമല്ലേ നമ്മുടെ നാട്ടിലുണ്ടായിട്ടുള്ളത്. എല്ലാ മേഖലകളിലും മാന്ദ്യത മാറി ഊർജ്ജസ്വലത കൈവന്നു. സംസ്ഥാനത്തിന്റെ കടബാധ്യത വർദ്ധിക്കുന്നു എന്നുള്ളതാണ് ആക്ഷേപം. ഈ ഗവൺമെന്റിന്റെ കാലത്ത് വായ്പ വാങ്ങിയ കാര്യത്തിൽ 75 ശതമാനം വർദ്ധനവുണ്ടായി. കഴിഞ്ഞ കാലങ്ങളിൽ 137 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വായ്പകൾ അനിവാര്യമാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഭരണത്തിൽ വരുമ്പോൾ അതിനെ അനുകൂലിക്കുകയും പ്രതിപക്ഷത്തിരിക്കുമ്പോൾ അതിനെ നഖശിഖാന്തം എതിർക്കുകയും ചെയ്യുന്ന സമീപനം സ്വീകരിക്കുന്നത് ഉത്തരവാദിത്വബോധമുള്ള ഒരു പ്രതിപക്ഷത്തിന്റെ സമീപനമായി കാണാൻ കഴിയില്ല. അതാണ് എ.ഡി.ബി. വായ്പയെക്കുറിച്ച് നമ്മൾ കണ്ടത്. അതിനെതിരായി രാജ്യം മുഴുവൻ പ്രചാരണം നടത്തിയവരാണ് നിങ്ങൾ. എത്രയോ പേരെ മർദ്ദനത്തിനിരയാക്കി. എ.ഡി.ബി.-യുടെ ഉദ്യോഗസ്ഥരെ പല രംഗങ്ങളിലും നിങ്ങൾ ഉപരോധിക്കാൻ ശ്രമിച്ചു. ഉപരോധമാണല്ലോ നിങ്ങളുടെ മുഖമുദ്ര. ഈ കോർപ്പറേഷനൊക്കെ നിങ്ങളുടെ നിയന്ത്രണത്തിൽ വന്നപ്പോൾ എ.ഡി.ബി. വായ്പ വാങ്ങുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. അത് നിങ്ങൾ അംഗീകരിച്ചു. അതിനെ സംബന്ധിച്ച് ശ്രീ. വെളിയം ഭാർഗ്ഗവനും ശ്രീ. ബിനോയ് വിശ്വവും ഒക്കെ എതിർത്തതുകൊണ്ട് വലിയ കാര്യമില്ല. നിങ്ങൾ എവിടെയെങ്കിലും ചെന്ന് ഇതേക്കുറിച്ച് ശബ്ദമുണ്ടാക്കിയതുകൊണ്ടൊന്നും സി.പി.ഐ. (എം)-നെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നവുമുണ്ടാകാൻ പോകുന്നില്ല. എ.ഡി.ബി. വായ്പയെക്കുറിച്ച് ഇനി ചർച്ച ചെയ്യാനൊന്നും പോകുന്നില്ല. നേരത്തെ ഉണ്ടായിരുന്ന കണ്ടിഷൻസ് ഒക്കെ മാറിയെന്നാണ് പറയുന്നത്. മാറിയ കണ്ടിഷൻസ് ഇവിടെ നേരത്തെ ബഹുമാനപ്പെട്ട പല മെമ്പർമാരും സൂചിപ്പിച്ചിട്ടുണ്ട്. നിങ്ങൾക്ക് വാങ്ങിക്കാൻ ഒരു ന്യായീകരണവും, എതിർക്കാൻ മറ്റൊരു ന്യായീകരണവും. എല്ലാ കാര്യത്തിലും നിങ്ങൾ സ്വീകരിക്കുന്ന സമീപനം അതുതന്നെയാണ്. നേരത്തെതന്നെ സ്വാശ്രയ സ്ഥാപനങ്ങളെക്കുറിച്ച് വലിയ പ്രചരണമാണ് നിങ്ങളുടെ സംഘടനകളും, എസ്.എഫ്.ഐ.-യും സംഘടിപ്പിക്കുന്നത്. കഴിഞ്ഞ ദിവസം ബുദ്ധദേവ് ഭട്ടാചാര്യ അംബാനിക്ക് കൈ കൊടുത്തു നിൽക്കുന്ന ചിത്രം പല ദേശീയപത്രങ്ങളിലും വന്നതാണ്. കാരണം 50 ഏക്കറോളം സ്ഥലം-ഇത് നേരത്തെ ഇവിടെ പറഞ്ഞുകഴിഞ്ഞ കാര്യമാണ്-സ്വാശ്രയസ്ഥാപനം തുടങ്ങുവാൻ അംബാനിക്ക് മുഖ്യമന്ത്രി നേരിട്ട് നൽകുന്ന പടം നമ്മൾ കണ്ടതാണ്. അപ്പോൾ ബംഗാളിൽ ഇതെല്ലാം ആകാം. ഇവിടെ കേരളത്തിന്റെ ചരിത്രത്തിൽ വളരെ പ്രാധാന്യമുള്ള ഇന്റർനാഷണൽ എഡ്യൂക്കേഷൻ മീറ്റ് സംഘടിപ്പിച്ചു. എന്തെല്ലാം കോലാഹലങ്ങളാണ് നാട്ടിലുണ്ടാക്കിയത്. കുരുടന്മാർ ആനയെ കണ്ടതു പോലെയായിരുന്നു. ഒരു ഇന്റാക്ഷൻ ഉദ്ദേശിച്ചുകൊണ്ട് ലോകത്തുണ്ടാകുന്ന മാറ്റങ്ങൾ—

LIBRARY ARCHIVES Kerala Legislative Assembly

ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച് ശ്രീ. സി. കെ. നാണു ഇവിടെ പറഞ്ഞതാണ്. ലോകത്തുണ്ടാകുന്ന മാറ്റങ്ങൾ നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ഉപയോഗപ്പെടുത്താൻ ശ്രമിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ഇന്റർനാഷണൽ എഡ്യൂക്കേഷൻ മീറ്റിനെ സംബന്ധിച്ച് നിങ്ങൾ എന്തെല്ലാം സമീപനമാണ് സ്വീകരിച്ചത്. ആ മീറ്റിന്റെ ഉദ്ഘാടന സമയത്ത് അവിടേയും നിങ്ങൾ ഉപരോധം സംഘടിപ്പിച്ചു. അവസാനമതിന്റെ ചർച്ചയുണ്ടായി. അപ്പോൾ അതിൽ ചില അഭിപ്രായങ്ങൾ ഉരുത്തിരിഞ്ഞുവന്നു. അതെല്ലാം വ്യക്തമാക്കി. അതിൽ ഏതിനേയും എതിർക്കാൻ കഴിയുന്നില്ല. രാഷ്ട്രീയരംഗത്തേതുപോലെ എല്ലാ കാര്യങ്ങളിലും നിഷേധാത്മകമായ സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത് എന്നതിൽ യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനം ഇങ്ങനെ മുമ്പോട്ടുപോയാൽ മതിയോ? ഇന്ന് പശ്ചിമബംഗാളിൽ നടക്കുന്ന മാറ്റങ്ങൾ പോലും കേരള സംസ്ഥാനത്ത് ഉണ്ടാകാൻ പാടില്ല എന്ന് നിർബന്ധബുദ്ധി പിടിക്കാൻ കഴിയുമോ? വളരെ കാലങ്ങളായി പശ്ചിമബംഗാൾ നിങ്ങൾ ഭരിക്കുന്നില്ലേ? അവിടത്തെ സ്ഥിതിയെന്താണ്? അവിടെയാണ് കുറഞ്ഞ കൂലിക്ക് ആളെ കിട്ടുന്നതെന്ന് നമുക്കറിയാം. അതിനെപ്പറ്റി ഡോ. തോമസ് ഐസക് അന്വേഷിച്ചിട്ടുണ്ടോ? നേരത്തെ തമിഴ്നാട്ടിലുള്ളവരെയാണ് നമ്മൾ ഉപയോഗിച്ചു കൊണ്ടിരുന്നത്. അപ്പോൾ പശ്ചിമ ബംഗാളിൽ മാറ്റങ്ങൾ ഉണ്ടായെങ്കിൽ കുറഞ്ഞ കൂലി വാങ്ങി ഇവിടെ ഫ്ളാറ്റ് പണിയുന്നതും മറ്റ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതും ബംഗാളികളാണ്. ആ സ്ഥിതി തിരുവനന്തപുരം സിറ്റിയിൽത്തന്നെ സംഭവിച്ചില്ലേ? ആ ഒരു സ്ഥിതിയിലേക്ക് മാറി. ഇപ്പോൾ പശ്ചിമ ബംഗാളിൽനിന്നുള്ളവർ ഗൾഫിലേക്കുപോകുന്നതുപോലെയാണ് കേരളത്തിലേക്ക് വരുന്നത്. കേരളം ഗൾഫായിട്ടാണ് ബംഗാളികൾ കാണുന്നത്. ഇന്ന് വളരെ കുറഞ്ഞ കൂലിക്ക് നമ്മുടെ സംസ്ഥാനത്ത് ലഭിക്കുന്നത് ബംഗാളികളെയാണ്. ആ സ്ഥിതിയാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. അങ്ങനെ സാമൂഹ്യനീതി ഉറപ്പുവരുത്താൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നമ്മൾ സ്വീകരിക്കുന്നത്. ശ്രീ. പിണറായി വിജയൻ ഇവിടെ സാമൂഹ്യ നീതിക്കുവേണ്ടി സമരം നടത്തി, ജാഥ നടത്തി. സാമൂഹ്യനീതി ബംഗാളിലുണ്ടോ? കേരളത്തേക്കാൾ ഏറെ ന്യൂനപക്ഷങ്ങൾ താമസിക്കുന്ന സംസ്ഥാനത്ത് ന്യൂനപക്ഷ സംരക്ഷണം നിങ്ങൾ നൽകിയിട്ടുണ്ടോ? ഇവിടെ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കിയ കാര്യങ്ങളെക്കുറിച്ചൊക്കെ എന്തെല്ലാം പറഞ്ഞു? നിങ്ങളുടെ അഭിപ്രായം നിങ്ങൾ പറഞ്ഞിട്ടില്ല. ഞങ്ങൾ ഇവിടെ സാമൂഹ്യ സംഘർഷമുണ്ടാക്കാതെ സാമൂഹ്യ രംഗത്ത് സമന്വയത്തിന്റെ സമീപനം സ്വീകരിച്ചു. നിങ്ങൾ സ്വീകരിക്കുന്നതെന്താണ്? നിങ്ങൾ ഇതിന്റെ പേരിൽ സാമൂഹ്യമായ സംഘർഷമുണ്ടാക്കി രാഷ്ട്രീയ നേട്ടം കൊയ്യാനല്ലേ ശ്രമിക്കുന്നത്?

ശ്രീ. എം. എം. ഹസ്സൻ: സർ, ബംഗാളിലെ ജനസംഖ്യയിൽ നാലിലൊന്ന് പിന്നോക്ക ജനവിഭാഗത്തിൽപ്പെട്ട മുസ്ലീംങ്ങളാണ്. അവിടെ സിദ്ധാർദ്ധ ശങ്കർ റോയ് മുഖ്യമന്ത്രിയായിരുന്ന കാലത്ത് പിന്നോക്ക സമുദായങ്ങൾക്ക് ഉദ്യോഗ സംവരണം നൽകിയിരുന്നു. അന്ന് അത് 11 ശതമാനം ഉണ്ടായിരുന്നു, ഇപ്പോൾ ഏതാണ്ട് 2 ശതമാനം മാത്രമാണെന്ന ഒരു റിപ്പോർട്ട് പത്രങ്ങളിൽ വന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: അവിടെ സർക്കാർ സർവ്വീസിലായാലും പൊതുമേഖലയിലായാലും യാതൊരു സംരക്ഷണവും അവർക്കില്ല. ഓരോ വർഷങ്ങളിലെ കണക്കെടുത്തു നോക്കൂ. ബംഗാളിലെ സ്ഥിതി പരിശോധിച്ചുനോക്കൂ. എന്നിട്ടുവേണം ഇവിടെ സാമൂഹ്യ നീതിക്കുവേണ്ടി യാത്ര നടത്താൻ. മാർക്സിസ്റ്റ് പാർട്ടിക്ക് സ്ഥിരമായി വോട്ട് ചെയ്യുകയാണ്. അവിടെ വോട്ടു ചെയ്യുന്ന സാഹചര്യത്തെ സംബന്ധിച്ച് ഇലക്ഷൻ കമ്മിഷൻ പറഞ്ഞിട്ടുണ്ട്. വോട്ടുചെയ്യുന്ന സാഹചര്യം വേറെയാണ്. അവിടെ നടക്കുന്ന. കാര്യങ്ങളെ സംബന്ധിച്ച് കുൽദീപ് നയ്യാരുടെ ഒരു ലേഖനമുണ്ടായിരുന്നു. കൽക്കട്ടയ്ക്ക് പുറത്ത് ഒരു സ്ഥലത്തും പാർട്ടി കമ്മിറ്റികൾ പറയാതെ ഒരു കാര്യവും ചെയ്യാൻ പറ്റാത്ത സാഹചര്യമാണ്. അങ്ങനെയുള്ള ഒരു സാഹചര്യം അവിടെ നിലനിർത്തിക്കൊണ്ടുപോവുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബംഗാളിലുള്ള കോൺഗ്രസ് നേതാക്കന്മാരായ ശ്രീ. പ്രണാബ്കുമാർ മുഖർജിയും ശ്രീ. പ്രിയരഞ്ജൻ ദാസ് മുൻഷിയും ഒരു ചുണ്ണാമ്പിനും പറ്റില്ലെന്നല്ലേ നിങ്ങൾ പറയുന്നത് ? ഒന്നിനും പറ്റാത്ത കോൺഗ്രസ് നേതാക്കന്മാരാണോ ബംഗാളിലെ കോൺഗ്രസ് നേതാക്കന്മാർ ?

ശ്രീ. കെ. മുഹമ്മദാലി: 10-27 കൊല്ലമായി ബംഗാളിൽ ഇന്ന് വരുത്തിവച്ചിരിക്കുന്ന സാഹചര്യങ്ങൾ, അവിടെ സാമൂഹ്യ നീതിയില്ല. കേരളത്തിലാണ് സാമൂഹ്യ നീതിക്കുവേണ്ടിയുള്ള .....

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ശ്രീ. പ്രണാബ്കുമാർ മുഖർജിയും ശ്രീ. പ്രിയരഞ്ജൻ ദാസ് മുൻഷിയും എന്തെല്ലാം മാർക്സിസ്റ്റ് എതിർപ്പുകളുണ്ടായിട്ടും ലോകസഭയിലേക്ക് വലിയ ജനപിന്തുണയോടുകൂടിയാണ് വിജയിച്ചുവന്നത് എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. മുഹമ്മദാലി: എതിർപ്പുകളെയെല്ലാം നേരിട്ടുകൊണ്ടും പ്രതികൂലമായ സാഹചര്യങ്ങളെയെല്ലാം തരണം ചെയ്തുകൊണ്ടുമാണ് അവർ ജയിച്ചുവന്നിട്ടുള്ളത്. ആ ചെറുത്തുനിൽപ്പ് ഇനിയുമുണ്ടാകും. ഞാൻ പറഞ്ഞുവന്നത് സാമൂഹ്യനീതിക്കു വേണ്ടിയുള്ള നിങ്ങളുടെ യാത്ര നടത്തേണ്ടത് കൽക്കട്ടയിലേക്കായിരുന്നു, ബംഗാളിലേക്കായിരുന്നു. ഇവിടെ സാമൂഹ്യനീതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുണ്ട്. ഐതിഹാസികമായ സമരങ്ങൾ നടന്നിട്ടുണ്ട്. ആ സമരങ്ങളുടെ ഭാഗമായിട്ടാണ് ഇന്ന് ഈ സാമൂഹ്യ നീതി കേരളത്തിലെ ജനങ്ങൾ, ന്യൂനപക്ഷത്തിൽപ്പെട്ടവരും മറ്റുള്ളവരും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഞങ്ങൾ സ്വീകരിച്ച ഈ സമീപനം സാമൂഹ്യ നീതി ഉറപ്പുവരുത്താൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ്. ഇപ്പോൾ നരേന്ദ്രൻ കമ്മിഷൻ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഇവിടെ വേറെ ചില മേഖലകളിലുള്ള കുറവുകൾ പരിഹരിക്കാൻവേണ്ടി എല്ലാ വിഭാഗങ്ങളിലുള്ളവരുമായി ചർച്ച ചെയ്ത് സമന്വയമുണ്ടാക്കാനാണ് ശ്രമിച്ചത്. നിങ്ങൾ നോക്കിയത് എന്താണ് ? നിങ്ങൾ അഭിപ്രായം പറഞ്ഞില്ല. ഇതിലൂടെ സമുദായ സംഘർഷമുണ്ടാക്കി, സാമൂഹ്യ രംഗത്ത് സംഘർഷമുണ്ടാക്കി, രാഷ്ട്രീയ നേട്ടം കൊയ്യാനുള്ള ശ്രമമല്ലേ നിങ്ങൾ നടത്തിയത് ? അത് പരാജയപ്പെട്ടു. അത് പരാജയപ്പെട്ടതിലുള്ള ദുഃഖമാണ് നിങ്ങൾക്കുള്ളത്. ഇന്ന് സംസ്ഥാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. എല്ലാ രംഗങ്ങളും ഊർജ്ജസ്വലമായിക്കൊണ്ടിരിക്കുകയാണ്. എവിടെയാണ് കുറവ് ?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, പോയിന്റ് ഓഫ് ഓർഡർ. നിയമസഭയിൽ അംഗങ്ങൾ അവാസ്തവ പ്രസ്താവന നടത്തുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത് ശ്രീ. പ്രണാബ്കുമാർ മുഖർജി വലിയ ഭൂരിപക്ഷത്തിലാണ് ജയിച്ചു വന്നത് എന്നാണ്. ജനങ്ങൾക്കുമുമ്പിൽ വോട്ട് ചോദിക്കാൻ അദ്ദേഹം തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടേയില്ല. അത് അവാസ്തവമായിട്ടുള്ള പ്രസ്താവനയാണ്.

ശ്രീ. കെ. മുഹമ്മദാലി : ,ഏത് പ്രതികൂല സാഹചര്യത്തിലും ജയിക്കാൻ കഴിയുന്ന നേതാക്കന്മാരാണ് അവരെല്ലാം. അതുകൊണ്ടാണല്ലോ അവരെല്ലാം ജയിച്ചത്. നിങ്ങൾ എന്തെല്ലാം ചെറുത്തുനിൽപ്പ് സംഘടിപ്പിച്ചാലും അതിൽ നിന്നൊക്കെ കടന്നുവരാൻ അവർക്ക് സാധിക്കും. അവരൊക്കെ ജയിച്ചുവരും. പക്ഷേ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ചില മേഖലകളിൽ ഊന്നൽ നൽകുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകണം. നമ്മുടെ സംസ്ഥാനത്തിന് വലിയ സാധ്യതകളുണ്ട്. ഈ സാധ്യതകൾ നമുക്ക് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അടിസ്ഥാന മേഖലയുടെ വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകണം. ഇവിടെ എക്സ്പ്രസ് ഹൈവേയെക്കുറിച്ച് പറയാറുണ്ട്, നമ്മുടെ റോഡുകളെക്കുറിച്ച് പറയാറുണ്ട്. എനിക്ക് പറയാനുള്ളത് നാഷണൽ ഹൈവേ 17, 46 എന്നീ രണ്ടു റോഡുകൾ വികസിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സഹായമുണ്ട്. അത് സമയബന്ധിതമായി എങ്ങനെ നമുക്ക് വികസിപ്പിക്കാൻ കഴിയും ? കേരളത്തിന്റെ പുരോഗതിക്ക് അത് വളരെ അനിവാര്യമാണ്. അതുപോലെ കേരളത്തിൽ എറണാകുളം-കൊച്ചി റെയിൽവേ പൂർണ്ണമായി ഇരട്ടിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തുവാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. അങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസനം നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്ക് വളരെ ആവശ്യമായി വരും. നിക്ഷേപത്തിന്റെ കാര്യത്തിൽ കേരളം വളരെ പുറകിലായിരുന്നു. പൊതുമേഖലയിലായാലും സ്വകാര്യ മേഖലയിലായാലും ഇന്ന് വളരെയധികം നിക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ ഏതു കാലത്തേത് എടുത്തു നോക്കിയാലും കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപം നമ്മുടെ സംസ്ഥാനത്തിന് ഉണ്ടായിട്ടുണ്ട്, ഉറപ്പ് ലഭിച്ചിട്ടുണ്ട്. വല്ലാർപ്പാടം പ്രോജക്ട് വരുന്നു. അതുപോലെതന്നെ മറ്റു പ്രധാനപ്പെട്ട പ്രോജക്ടുകൾ വരുന്നു. കൊച്ചി മേഖലയിലുണ്ടായിരിക്കുന്ന പുരോഗതി ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ മാറ്റമുണ്ടാക്കാൻ പോവുകയാണ്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് എടുത്തുപറയേണ്ട ഏത് പ്രവർത്തനമാണ് നടന്നിട്ടുള്ളത് ? ഏത് പ്രോജക്ടുകളാണ് നടന്നിട്ടുള്ളത് ? കൊച്ചിക്കാരായ ഞങ്ങൾക്ക് പറയാൻ കഴിയുമോ ? വളരെ കാലങ്ങളായി കാത്തിരുന്ന ഒന്നാണ് ഗോശ്രീ പദ്ധതി. ഇത്രയും പ്രധാനപ്പെട്ട ഒരു പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിഞ്ഞത് ഐക്യജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനു മാത്രമാണ്. അതുപോലെ ഓരോ കാര്യമെടുത്ത് പരിശോധിച്ചു നോക്കുക. എന്തെല്ലാം മാറ്റങ്ങളാണുണ്ടായത്? എല്ലാ രംഗങ്ങളിലും മാറ്റമുണ്ടായി. ഈ സാമ്പത്തിക പ്രയാസങ്ങളുടെ മധ്യത്തിൽ നിന്നുകൊണ്ട് എനിക്ക് പറയാൻ കഴിയും. ഇത്തരം കാര്യങ്ങളെക്കുറിച്ച് നമ്മൾ ഗൗരവമായി ആലോചിക്കണം. ഈ രംഗത്തൊക്കെ ഊർജ്ജസ്വലമായി മുന്നോട്ടുപോകാൻ കഴിയുമെന്നതുകൊണ്ടുതന്നെയാണ് ആത്മവിശ്വാസത്തോടുകൂടി ഐക്യജനാധിപത്യമുന്നണിക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞത്. ഭാവിയിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കനുസരിച്ച് മുന്നോട്ടുപോകാൻ കഴിയുന്ന ഒരു ഭരണകൂടം വീണ്ടും കേരളത്തിൽ ഐക്യജനാധിപത്യമുന്നണിക്ക് പ്രദാനം ചെയ്യാൻ കഴിയുമെന്നുള്ള ഉറച്ച ധാരണയോടുകൂടി, ആ നിലയ്ക്കുതന്നെ മുന്നോട്ടു പോവുകയാണ്. ഞങ്ങളുടെ കൂട്ടത്തിലുള്ള ചില സുഹൃത്തുക്കളൊക്കെ പോയിട്ടുണ്ട്. അതുകൊണ്ട് വലിയ പ്രതീക്ഷ അർപ്പിച്ചിരിക്കുകയായിരുന്നു. പോയ സുഹൃത്തുക്കളൊക്കെ വലിയ ബുദ്ധിമുട്ടിലാണ്. നാല് പ്രാവശ്യം കുളിച്ചാൽ മാത്രമേ ഇവരെ അകത്ത് കയറ്റാൻ പറ്റുകയുള്ളൂവെന്ന് ശ്രീ. വെളിയം ഭാർഗ്ഗവൻ ഇന്ന് പത്രത്തിൽ പറയുകയുണ്ടായി. ആ നിലയിലാണ് കാര്യങ്ങൾ നിൽക്കുന്നത്. ഏതായാലും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ നാലേമുക്കാൽ കൊല്ലംകൊണ്ട് .....

ശ്രീ. കെ. ശങ്കരനാരായണൻ : സർ, സഖാവ് വെളിയം ഭാർഗ്ഗവൻ അനിഷേധ്യനായ ഒരു നേതാവാണ്. അദ്ദേഹം പറഞ്ഞത് ശ്രീ. കെ. കരുണാകരനെ തൊട്ടാലോ കണ്ടാലോ നാല് പ്രാവശ്യം കുളിക്കണമെന്നാണ്. അപ്പോൾ ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്ത് ശ്രീ. വെളിയം ഭാർഗ്ഗവൻ ഒരു ദിവസം എത്ര പ്രാവശ്യം കുളിച്ചു ?

ശ്രീ. കെ. മുഹമ്മദാലി : അത് സൗകര്യത്തിനുവേണ്ടി പറയുന്ന കാര്യങ്ങളാണല്ലോ. ഏതായാലും ഇപ്പോഴെങ്കിലും അദ്ദേഹത്തിന് അങ്ങനെ തോന്നിയല്ലോ. ഏതായാലും ഈ സാഹചര്യങ്ങളുണ്ടെങ്കിലും ഐക്യജനാധിപത്യമുന്നണിയെ സംബന്ധിച്ചിടത്തോളം വലിയ ആത്മവിശ്വാസത്തോടുകൂടിയാണ് ജനങ്ങളെ നേരിടുന്നത്. വീണ്ടും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്ത് അധികാരത്തിൽ വരുമെന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇവിടെ അവതരിപ്പിച്ച ജനകീയ, ജനപ്രിയ ബഡ്ജറ്റിനെ ഞാൻ അംഗീകരിക്കുകയും അനുമോദിക്കുകയും ചെയ്യുകയാണ്. ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയേയും സംസ്ഥാന ഗവൺമെന്റിനേയും പ്രത്യേകമായി പ്രശംസിക്കുന്നു. കാര്യക്ഷമമായ ഒരു സാമ്പത്തിക മാനേജുമെന്റിനെ കാണിക്കുന്ന ബഡ്ജറ്റാണിത്. കേരള ബഡ്ജറ്റ്, വളർച്ചയെ ലക്ഷ്യം വയ്ക്കുന്ന, ജനപ്രിയ ബഡ്ജറ്റാണെന്ന് വ്യവസായലോകം ഒന്നടങ്കം വിലയിരുത്തുകയാണ്. ഇവിടെ സംസാരിച്ച പ്രതിപക്ഷാംഗങ്ങൾ, ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് വരുത്തിവച്ചിട്ടുള്ള പൊതുക്കടം സംബന്ധിച്ച് പറയുകയുണ്ടായി. 41,878 കോടി രൂപയുടെ പൊതുക്കടമാണുള്ളത്. ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിൽ നിന്നും പോകുന്ന സന്ദർഭത്തിൽ 23,919 കോടി രൂപയുടെ പൊതുക്കടം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. അധികാരത്തിലേക്ക് വരുന്ന സന്ദർഭത്തിൽ 10,000-ൽ ചിലാനം കോടി രൂപയുടെ പൊതുക്കടമാണ് ഉണ്ടായിരുന്നത്. 13,819 കോടി രൂപയുടെ പൊതുക്കടമാണ് അവരുടെ ഭരണകാലത്ത് വരുത്തിവച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അനുവർത്തിച്ചിരുന്ന സാമ്പത്തിക നയമായിരുന്നു ഞങ്ങൾ അനുവർത്തിച്ചിരുന്നത് എങ്കിൽ, പൊതുക്കടം ഇപ്പോൾ 70,000 കോടി രൂപയിൽ എത്തിച്ചേരുമായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. 41,878 കോടി രൂപയുടെ പൊതുക്കടം നിൽക്കുന്ന ഈ സന്ദർഭത്തിൽ, ഈ ഗവൺമെന്റ് നടത്തിയ കോടിക്കണക്കിനു രൂപയുടെ വികസന പ്രവർത്തനങ്ങൾ ഉണ്ട്. കഴിഞ്ഞ ഗവൺമെന്റ് കരാറുകാർക്ക് കൊടുക്കേണ്ടതായ കോടിക്കണക്കിനു രൂപ കൊടുത്തുതീർത്തു, പ്ലസ് ടു അധ്യാപകർക്ക് കോടിക്കണക്കിനു രൂപ കൊടുത്തു, ഈ നാടിനെ ബഹുദൂരം മുന്നോട്ടുകൊണ്ടുപോകാൻ വേണ്ടി നടത്തിയിട്ടുള്ള കോടിക്കണക്കിനു രൂപയുടെ വികസന പ്രവർത്തനങ്ങൾ, പഴയ പൊതുക്കടത്തിന്റെ പേരിൽ കൊടുക്കേണ്ടതായിട്ടുള്ള കനത്ത പലിശ, ഇതൊക്കെ വച്ചുനോക്കുമ്പോൾ കാര്യക്ഷമതയുള്ള ഒരു മാനേജുമെന്റാണ് ഇതിന്റെ പുറകിൽ പ്രവർത്തിക്കുന്നതെന്നു മനസ്സിലാക്കാൻ കഴിയും. റവന്യൂ ചെലവുകളുടെ വളർച്ചാനിരക്ക് 21 ശതമാനത്തിൽ നിന്നും 11 ശതമാനമായി കുറച്ച ഗവൺമെന്റാണിത്. റവന്യൂ ചെലവുകളുടെ വർദ്ധനവിൽ കുറവുണ്ടാക്കിയ ഒരു ഗവൺമെന്റാണിത്. റവന്യൂ വരുമാനത്തിന്റെ വളർച്ച 12.2 ശതമാനത്തിൽ നിന്നും 13.6 ശതമാനമായി വർദ്ധിച്ചു. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി രാവിലത്തെ ചോദ്യത്തിന് ഉത്തരം നൽകിയ സന്ദർഭത്തിൽ ചില കാര്യങ്ങൾ പറഞ്ഞു. എൽ.ഡി.എഫ്.-ന്റെ കടബാദ്ധ്യതാ നിരക്കായ 136 ശതമാനത്തിൽ നിന്ന് യു.ഡി.എഫ്.-ന്റെ കടബാദ്ധ്യതാ നിരക്ക് 76 ശതമാനമായി കുറഞ്ഞു. ശക്തമായ ഒരു മാനേജുമെന്റ് ഉള്ളതുകൊണ്ടാണ് സാമ്പത്തികമായ മേഖലയിൽ ഗവൺമെന്റിന് സുരക്ഷിതമായി മുന്നോട്ടുപോകാൻ കഴിയുന്നത്. 2004-05 സാമ്പത്തിക വർഷത്തിൽ ദേശീയ ശരാശരി വളർച്ചാ നിരക്ക് 7.5 ശതമാനമാണ്. കേരളത്തിന്റെ വളർച്ചാ നിരക്ക് 9.2 ശതമാനമാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞത് ഈ പറഞ്ഞ കാര്യങ്ങൾ കൊണ്ടുതന്നെയാണ്. കാർഷിക ഉല്പന്നങ്ങളുടെ വിലയിലുള്ള വർദ്ധനവ്, ടൂറിസം മേഖലയിലുണ്ടായ വർദ്ധനവ് ഇതൊക്കെയാണ് സാമ്പത്തിക മുന്നേറ്റം നടത്തുവാൻ ഈ ഗവൺമെന്റിന് ഏറെ സഹായകമായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : പൊതുക്കടത്തെപ്പറ്റി ഇവിടെ വലിയ ചർച്ച നടക്കുകയാണ്. ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളും കടക്കെണിയിലാണ്, കേരളം മാത്രമല്ല. ബഹുമാനപ്പെട്ട തോമസ് ഉണ്ണിയാടൻ പറഞ്ഞതനുസരിച്ചാണെങ്കിൽ ശ്രീ. എ. കെ. ആന്റണിയിൽ നിന്നും നായനാർ സർക്കാർ അധികാരം ഏറ്റെടുത്തപ്പോൾ, 5,800 കോടി രൂപയായിരുന്നു കടം. അതാണ് ഞങ്ങൾ 10,800 കോടി രൂപയാക്കിയത്. ഇപ്പോൾ നിങ്ങൾ അതു 47,000 കോടി രൂപയാക്കി ഉയർത്തി. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുള്ള സാമ്പത്തിക ബന്ധത്തിൽ പൊളിച്ചെഴുത്ത് ആവശ്യമാണ്. വരുമാനം മുഴുവൻ കേന്ദ്ര ഗവൺമെന്റ് കൊണ്ടുപോകുന്നു. തുച്ഛമായ വരുമാനം മാത്രമേ സംസ്ഥാനത്തിനു കൊടുക്കുന്നുള്ളൂ. അപ്പോൾ കടക്കെണിയിലാകും. അതിനു വഴക്കുണ്ടാക്കിയിട്ടു കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : ഏതായാലും ബഹുമാനപ്പെട്ട പി. സി. ജോർജ് ഒരു കാര്യം അംഗീകരിച്ചു, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ നാടിനെ സാമ്പത്തികമായി തകർക്കുന്ന കാര്യങ്ങൾ ചെയ്യുന്നതിൽ നല്ല സംഭാവനകൾ വഹിച്ചിട്ടുണ്ടെന്ന്. ഗവൺമെന്റ് ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ ചെയ്തുപോകുമ്പോഴും, യാഥാർത്ഥ്യമല്ലാത്ത വസ്തുതകൾ പറയുക, വസ്തുതകളെ വളച്ചൊടിക്കുക, അടിസ്ഥാന രഹിതമായ നിലയിൽ ആരോപണങ്ങൾ ഉന്നയിക്കുക ഇതൊക്കെയാണ് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ പരിപാടികൾ. ഐക്യജനാധിപത്യമുന്നണി നടത്തിക്കൊണ്ടുപോകുന്ന സാമ്പത്തിക അച്ചടക്കത്തോടുകൂടിയ നടപടികളും ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങളും അശരണരേയും ദുഃഖിതരേയും പീഡിതരേയുമൊക്കെ ആശ്വസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളും കാർഷിക മേഖലയ്ക്കു നൽകുന്ന വരദാനങ്ങൾ പോലുള്ള പ്രവർത്തനങ്ങളും സാധാരണക്കാരായ ആളുകൾക്ക് ആശ്വാസം നൽകുന്ന കാര്യങ്ങളുമൊക്കെ പരിശോധിച്ചാൽ പഴയ നിയമത്തിൽ, ബൈബിളിൽ പറയുന്നുണ്ട്, മോസസ്സ് ദുർബലമാകുന്ന, സങ്കടപ്പെടുന്ന ഒരു ജനതയെ സമൃദ്ധിയുടെ കനാൻദേശത്തേക്ക് നയിക്കുകയുണ്ടായി എന്ന്. അതാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന നടപടികൾ. ഇവിടെ ജനക്ഷേമകരങ്ങളായ എത്രയോ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലെ നവോത്ഥാനം, സാധാരണക്കാരായ ഇടത്തരം കർഷകരെ കാർഷികാദായനികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി. 60 വയസ്സ് കഴിഞ്ഞ കർഷകർക്ക് പെൻഷൻ, അത് ഇന്ത്യയിലെ ആദ്യത്തെ ഒരു സംഭവമാണ്. കർഷകർ നാടിന്റെ നട്ടെല്ലാണെന്നു പറയുന്ന, കർഷകരില്ലാത്ത കേരളം എന്ത് കേരളം എന്നു പറയുന്ന ഈ നാട്ടിൽ, കർഷകർക്കുവേണ്ടി ആദ്യമായി ഒരു പെൻഷൻ പദ്ധതി ഏർപ്പെടുത്തിയ ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് 31,960 ഏക്കർ മിച്ച ഭൂമി പതിച്ചു നൽകുന്നു. കർഷകർ വാങ്ങുന്ന ഭൂമിയുടെ ഈടിന്മേൽ 25 ലക്ഷം രൂപ വരെ സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭിക്കുവാനുള്ള സൗകര്യം, കൃഷിനാശം സംഭവിച്ചവർക്ക് കാർഷികോല്പാദനം വർദ്ധിപ്പിക്കാനുതകുന്ന നടപടികൾ ഒക്കെയുണ്ട്. വാനില കർഷകർക്കുവേണ്ടി ഒരുപാടു കണ്ണുനീരൊഴുക്കിയവരല്ലേ നിങ്ങൾ ? ആദ്യമായിട്ടാണ് വാനില കർഷകർക്കുവേണ്ടി ഒരു പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ചത്. പത്ത് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ജലസേചന പദ്ധതികൾ, അശരണരും അവശന്മാരുമായ ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള കർമ്മപദ്ധതികൾ, കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന സാധാരണക്കാരായ ജനവിഭാഗങ്ങൾക്ക് ഏറെ ക്ഷേമപദ്ധതികൾ ഒക്കെ നടപ്പിലാക്കിവരുന്നു. അന്ധ-ബധിര-മൂക വിദ്യാർത്ഥികൾക്ക് പഠിക്കാനാവശ്യമായ ഫീസ് എത്രയെന്നു സർക്കാർ നിശ്ചയിക്കുകയും അതു പൂർണ്ണമായും സൗജന്യമായി നൽകുകയും ചെയ്യും. ഏറ്റവും പിന്നോക്കം നിൽക്കുന്ന അഞ്ച് ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്ക് 50 വയസ്സു കഴിഞ്ഞതിനുശേഷം പെൻഷൻ നൽകുന്ന പദ്ധതി ലോകത്ത് ആദ്യമായി പ്രഖ്യാപിച്ച ഒരു സംസ്ഥാനമാണ് കേരളം. തീരപ്രദേശങ്ങളിലെ മൽസ്യത്തൊഴിലാളികൾക്ക് തീരദീപം പദ്ധതി നടപ്പാക്കിക്കൊണ്ട് അവർക്ക് വെളിച്ചത്തിന്റെ വെള്ളിവിളക്ക് നൽകിയിരിക്കുന്നു. അംഗനവാടി

ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് കൊടുത്തിരിക്കുന്നു. മൂന്ന് രൂപ നിരക്കിൽ പാവപ്പെട്ട ആളുകൾക്ക് റേഷൻ കടകൾ വഴി അരി വിതരണം ചെയ്യുന്നതിനും വീണ്ടും 1.25 ലക്ഷം പേർക്കുകൂടി അതിന്റെ ആനുകൂല്യം കൊടുക്കാനും തീരുമാനിച്ചിരിക്കുന്നു. പാവപ്പെട്ട ആളുകൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ നേരിട്ടുകണ്ട ഒരാളാണ് ഞാൻ. അവർക്കുവേണ്ടി കുടുംബഭാഗ ഉടമ്പടി നടത്താനായി രജിസ്ട്രേഷൻ ഓഫീസിൽ കൊടുക്കേണ്ട പണം ആയിരം രൂപയാക്കി കുറച്ചു. വഴക്കില്ലാതെ വസ്തുക്കൾ വേർതിരിച്ചു കൊടുക്കുന്ന നടപടി ആദ്യമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. അന്നപൂർണ്ണ പദ്ധതിയിൽപ്പെടുത്തി വൃദ്ധരായ അഗതികൾക്ക് പത്ത് കിലോ അരി സൗജന്യമായി കൊടുക്കുന്നു. പട്ടികജാതിയിൽപ്പെട്ട ഭൂരഹിതരേയും ഭവനരഹിതരേയും പുനരധിവസിപ്പിക്കാൻ പത്ത് കോടി രൂപ മാറ്റി വച്ചിരിക്കുന്നു. വൃദ്ധഭവനങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. ചെറുകിട പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ആശ്വാസം നൽകിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു കശുവണ്ടി ഫാക്ടറിയുണ്ട്. അവിടത്തെ തൊഴിലാളികൾ ഇന്ന് ആനന്ദനൃത്തമാടുകയാണ്.

3.00 P.M. ഞാൻ അവിടെചെന്നാൽ അവർക്ക് സന്തോഷമാണ്. ആദ്യമായി അവർ കശുവണ്ടിച്ചാക്കുകൾ ഗോഡൗണിൽ ഡംപ് ചെയ്ത് വച്ചിരിക്കുകയാണ്. എല്ലാ ദിവസവും അവർക്ക് തൊഴിലുണ്ട്. പണവും ലഭിക്കുന്നുണ്ട്. 300 തൊഴിൽ ദിനങ്ങളാണ് ഈ ഗവൺമെന്റുണ്ടാക്കിയിട്ടുള്ളത്. 90 ചെറുകിട വ്യവസായ യൂണിറ്റുകളുണ്ട്. സർക്കാർ ജീവനക്കാർക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കുന്ന എന്റെ സുഹൃത്തുക്കൾ ഒരു കാര്യം മനസ്സിലാക്കണം സർക്കാർ ജീവനക്കാർക്ക് ഏറ്റവും കൂടുതൽ ആശ്വാസം നൽകുന്ന ഒരു ഗവൺമെന്റാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. ഒട്ടേറെ ക്ഷേമ പദ്ധതികൾ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകിയിട്ടുണ്ട്. അപകടത്തിൽപ്പെടുമ്പോൾ ഏഴ് ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കും. ജീവനക്കാരുടെ ആനുകൂല്യങ്ങൾ പൂർണ്ണമായും തിരിച്ചു നൽകി. അതുപോലെ തൊഴിലാളി ക്ഷേമം കണക്കാക്കിയുള്ള നിരവധി പദ്ധതികളുണ്ട്. വൈദ്യുതി മേഖലയിൽ വൻ കുതിച്ചുചാട്ടം നടത്താൻ കഴിഞ്ഞു. 2007-ഓടെ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ച എല്ലാ അപേക്ഷകർക്കും വൈദ്യുതി എത്തിച്ചു കൊടുക്കാനുള്ള പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസരണ നഷ്ടം കുറച്ച് 60 കോടി രൂപ ലാഭിക്കാനുള്ള നടപടികൾ പ്രഖ്യാപിച്ചിരിക്കുന്നു. അതുപോലെ ടൂറിസം മേഖലയിലും ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എം.പി., എം.എൽ.എ. ഫണ്ട് നേരത്തെ പ്രഖ്യാപിക്കേണ്ടത്, വൈകിയാണെങ്കിലും പ്രഖ്യാപിച്ചതിൽ സന്തോഷമുണ്ട്. ഇരിങ്ങാലക്കുടയ്ക്ക് ഒരു വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ അംഗീകാരം നൽകിയതിന് ഞാൻ പ്രത്യേകമായി ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ ഭരണം ഒഴിഞ്ഞുപോകുമ്പോൾ ദീർഘകാലം ജോലി ചെയ്ത് പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാരുടെ സ്ഥിതി എന്തായിരുന്നു ? അവർക്ക് ഗ്രാറ്റുവിറ്റിയും കമ്മ്യൂട്ടേഷനും ഇല്ലായിരുന്നു. അവ നൽകി. കോൺട്രാക്ടർമാർക്ക് നൽകിയത് വണ്ടിച്ചെക്കുകൾ ആയിരുന്നു. ഇപ്പോൾ വണ്ടിച്ചെക്കുകൾ ആർക്കും വേണ്ട. ഒരു ലക്ഷം രൂപവരെയുള്ള ചെക്കുകൾ ഏത് സമയത്തും മാറാം. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

50 ലക്ഷത്തിന് മുകളിലുള്ളതാണെങ്കിൽ അഞ്ച് ദിവസത്തിനുശേഷം ഏത് ദിവസവും മാറാം. വണ്ടിചെക്ക് എന്ന പേരേയില്ല. ഇത്തരത്തിലുള്ള സാമ്പത്തിക നില തരണം ചെയ്തുകൊണ്ട് സുസ്ഥിരമായ സാമ്പത്തിക നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റൊരു കാര്യം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കോഴി വളർത്തൽ കേന്ദ്രങ്ങൾക്ക് കഷ്ടകാലമാണ്. കേരളത്തിലെ കോഴി വളർത്തൽ കേന്ദ്രങ്ങൾക്ക് വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. നാടൻ ഫാമുകളിൽ കോഴി വളർത്തിക്കൊണ്ടിരുന്ന സാധാരണക്കാരായ ആളുകൾ, എന്റെ നിയോജക മണ്ഡലത്തിൽ കൂടിൽ വ്യവസായം നടത്തുന്ന 1366 കോഴി കർഷകരുണ്ട്. അവർക്ക് കോഴി വിൽക്കുന്നതിന് പന്ത്രണ്ട് ശതമാനം നികുതി കൊടുക്കേണ്ടിയിരിക്കുന്നു. വിൽപ്പന കൂടാതെ നികുതി ഉദ്യോഗസ്ഥരുടെ പീഡനവും അവർക്ക് സഹിക്കേണ്ടിവരുന്നുണ്ട്. സാധാരണക്കാരായിട്ടുള്ള ഈ കൃഷിക്കാരെ സഹായിക്കാൻ, സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് ആശ്വാസമെത്തിക്കാനുള്ള നടപടി സ്വീകരിക്കണം. അതിർത്തി കടന്നുവരുന്ന കോഴികൾക്ക് നേരത്തെ ഒൻപതര ശതമാനമായിരുന്നു നികുതി. ഇപ്പോൾ അത് 12 ശതമാനമായി. ആ പന്ത്രണ്ട് ശതമാനം തന്നെയാണ് ഇവിടെയുള്ള കോഴി കർഷകരും കൊടുക്കേണ്ടത്. സാധാരണ കോഴി കർഷകർ 12 ശതമാനം നികുതി കൊടുത്താൽ അവരുടെ സ്ഥിതി എന്താണ് ?. തമിഴ്നാട്ടിൽ ഒരു കിലോ കോഴി ഉൽപ്പാദിപ്പിക്കുന്നതിന് 22 രൂപയാണ് ചെലവെങ്കിൽ ഇവിടെ 32 രൂപയാകും. അതിർത്തി കടന്നുവരുന്ന കോഴി കർഷകരുമായി പിടിച്ചുനിൽക്കാൻ ഇവിടത്തെ കോഴി കർഷകർക്ക് കഴിയില്ല. അവർക്ക് നേരത്തെ ടാക്സ് ഇല്ലായിരുന്നു. ഒന്നുകിൽ നേരത്തെയുള്ളതു പോലെ അവർക്ക് ടാക്സ് ഇല്ലാത്ത സാഹചര്യമുണ്ടാക്കിക്കൊടുക്കുക അല്ലെങ്കിൽ നികുതി 12 ശതമാനത്തിൽ നിന്നും കുറച്ചു കൊടുക്കുക. എന്റെ നിയോജക മണ്ഡലത്തിൽ 1366 കോഴി കർഷകരുണ്ട്. അതുപോലെ പല മണ്ഡലങ്ങളിലുമുണ്ട്. അതുകൊണ്ട് ഇത് ചെറുതായി കാണരുതെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ കൈത്തറി മേഖല. കൈത്തറി പരമ്പരാഗതമായ ഒരു വ്യവസായമാണ്. ഈ മേഖലയിൽ പാവപ്പെട്ട ആളുകളുള്ളതാണ്. അവരൊക്കെ ഇപ്പോൾ വളരെയധികം ദുഃഖിതരാണ്. മറ്റ് സംസ്ഥാനങ്ങളിലൊന്നും അവർക്ക് ടാക്സ് ഇല്ല. അതുപോലെ മൾബറി കൃഷി ചെയ്ത് പട്ടുനൂൽ ഉൽപ്പാദിപ്പിച്ച് കൂടിൽ വ്യവസായമായി നടത്തുന്ന, സിൽക്ക് സാരികളൊക്കെയുണ്ടാക്കുന്ന സ്ഥാപനങ്ങളുണ്ട്. അവരേയും നികുതിയിൽ നിന്ന് ഒഴിവാക്കണം. കൈത്തറിക്കാരേയും പട്ടുനൂൽകൊണ്ട് സിൽക്ക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ആളുകളേയും പൂർണ്ണമായും ടാക്സിൽ നിന്ന് ഒഴിവാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് ഇത്തരത്തിൽ മുന്നോട്ടു പോകുന്ന ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരാനുള്ള അനുവാദം ഈ നാട്ടിലെ ജനങ്ങൾ നൽകിയിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവർക്ക് യോജിച്ച് നിൽക്കാൻ കഴിയുന്നില്ല. ശ്രീ. കെ. പി. രാജേന്ദ്രനെ ഞാൻ അനുമോദിക്കുകയാണ്. ഡി.വൈ.എഫ്.ഐ. എന്തുപറഞ്ഞാലും, സി.പി.ഐ.(എം) എന്ത് പറഞ്ഞാലും തന്റേടത്തോടുകൂടി അവരുടെ അഭിപ്രായങ്ങൾ ശരിയല്ലെന്ന് വളരെ ശക്തമായി നിയമസഭയിൽ പറയാനുള്ള ചങ്കൂറ്റം അദ്ദേഹം കാണിക്കും. അവർ പറഞ്ഞല്ലോ

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത തെരഞ്ഞെടുപ്പ് അവർക്കനുകൂലമായി ആഞ്ഞടിക്കുമെന്ന്. കോളേജ് അദ്ധ്യാപകർ നടത്തിയ സർവേയിൽ 89 സീറ്റ് ഐക്യജനാധിപത്യ ഗവൺമെന്റിന് ലഭിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. കാലം മാറി. കാലം മാറുമ്പോൾ അത് ഉൾക്കൊള്ളാൻ നിങ്ങൾ തയ്യാറാകണം. ശ്രീ. പി. സി. ജോർജ് ഉൾപ്പെടെയുള്ളവരുടെ സ്ഥിതി എന്താണ് ? പുറത്തു നിർത്തിയിരിക്കുകയല്ലേ ? ശ്രീ. പി.ജെ. ജോസഫും അദ്ദേഹവുമായി തെറ്റിപ്പിരിഞ്ഞ് പുതിയ പാർട്ടിയുണ്ടാക്കി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, സി.പി.ഐ.(എം) ശ്രീ. പി. സി. ജോർജിനെ വീണ്ടും പിളർത്തി. അതുപോലെയാണ് സി.പി.ഐ.-യുടേയും സ്ഥിതി. അതുകൊണ്ട് നവകേരളം മാറികൊണ്ടിരിക്കുന്നു. ഓട്ടവീണ കപ്പലുപോലെ ഇടതുപക്ഷം താണുകൊണ്ടിരിക്കുന്നു. അതിശക്തമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിന് എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്. 18,287 കോടി രൂപയുടെ റവന്യൂ വരവും 23,019 കോടി രൂപയുടെ റവന്യൂ ചെലവും 4732 കോടി രൂപയുടെ കമ്മിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റിനെ കേരളത്തിലെ മുഴുവൻ ജനങ്ങളും ഹാർദ്ദവമായി സ്വാഗതം ചെയ്യുകയാണ്. പുതിയ നികുതിയില്ലാതെ, കാർഷികാദായ നികുതിയൊഴിവാക്കി ഒരു ജനകീയ ബഡ്ജറ്റായി കൃഷിക്കാർക്കും സർക്കാർ ജീവനക്കാർക്കും അവശ ജനവിഭാഗങ്ങൾക്കും ആശ്വാസം നൽകിയ, നിരവധി പുതിയ പദ്ധതികളും ഇളവുകളും പ്രഖ്യാപിച്ച, ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. നിയമസഭയിൽ സമർപ്പിച്ച സാമ്പത്തിക അവലോകന രേഖയിൽ ദേശീയതലത്തിൽ വളർച്ചാ നിരക്ക് 7.5 ശതമാനമാണെങ്കിൽ കേരളത്തിൽ അത് 9.2 ശതമാനത്തിലെത്തി. സംസ്ഥാനം സാമ്പത്തിക വളർച്ചയിൽ സർവ്വകാല റിക്കാർഡ് നേടിയെന്നത് പ്രതിപക്ഷം പോലും സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ ഭരണത്തിന്റെ അവസാന നാളുകൾ പരിശോധിച്ചാൽ അന്ന് സർക്കാർ ഖജനാവ് കാലിയായിരുന്നു, ഗാഢനിദ്രയിലായിരുന്നു സെക്രട്ടേറിയറ്റ്. വണ്ടികൾ കട്ടപ്പുറത്തായിരുന്നു. കറണ്ടില്ലാത്ത കമ്പികൾ മാത്രമായിരുന്നു. ട്രഷറി അടഞ്ഞുകിടന്നു. പെൻഷൻ മുഴുവൻ മുടങ്ങി. ആശുപത്രികളിൽ മരുന്ന് വാങ്ങാൻ പോലും പണമുണ്ടായിരുന്നില്ല. ചെക്കുകൾ മാറാതായി. ഫോൺ ബിൽ അടയ്ക്കാൻ കഴിയാതെ ഓഫീസുകൾ നിശ്ശബ്ദമായി. സർക്കാർ ഓഫീസുകളിൽ റവന്യൂ സ്റ്റാമ്പ് വാങ്ങാൻ കഴിയാതെ സർക്കാർ സംവിധാനംതന്നെ സ്തംഭിക്കുകയുണ്ടായി. കമ്പനികൾ വഴിയുള്ള എല്ലാ കാർഷികാദായകരേയും നികുതിയിൽ നിന്ന് ഒഴിവാക്കി. കൃഷിക്കാരോട് നീതി പുലർത്തിയ ഒരു ഗവൺമെന്റാണ് ഇത്. അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമെന്ന് ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുകയാണ്. അപകട മരണം സംഭവിക്കുന്ന ഏതൊരു സർക്കാർ ജീവനക്കാരന്റെ കുടുംബത്തിനും

LIBRARY ARCHIVES Kerala Legislative Assembly

7 ലക്ഷം രൂപയെങ്കിലും ഇൻഷ്വറൻസ് കൊണ്ട് സാമ്പത്തിക സഹായം ലഭ്യമാക്കിയിരിക്കയാണ്. പിന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക പിന്നോക്ക വികസന വകുപ്പ് രൂപീകരിക്കാനുള്ള സർക്കാരിന്റെ തീരുമാനം പിന്നോക്ക വിഭാഗങ്ങൾക്ക് ആശ്വാസകരമാണ്. കഴിഞ്ഞ നാല് വർഷങ്ങൾക്കുള്ളിൽ 196.10 മെഗാവാട്ട് അധിക ജല വൈദ്യുത ഉത്പാദനശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 10.5 മെഗാവാട്ട് ഉല്പാദനശേഷിയുള്ള മലങ്കര ജല വൈദ്യുത പദ്ധതിയും അതുപോലെ 229 ദശലക്ഷം യൂണിറ്റ് ശേഷിയുള്ള കുറ്റ്യാടി ഓഗ്മെന്റേഷൻ സ്കീമും നടപ്പു വർഷം കമ്മീഷൻ ചെയ്തിട്ടുണ്ട്. 3.5 മെഗാവാട്ട് ശേഷിയുള്ള ലോവർ മീൻമുട്ടി പദ്ധതി 2007 മാർച്ചോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതിക്ഷിക്കുന്നു. 2006-07-ൽ 128.75 മെഗാവാട്ട് ഉല്പാദനശേഷിയും 313.25 ദശലക്ഷം യൂണിറ്റ് അധിക വൈദ്യുതി ഉല്പാദനവും ലക്ഷ്യമിട്ടിരിക്കുകയാണ്. 2006-07-ൽ 78 പുതിയ സബ് സ്റ്റേഷനുകളും 1038 കിലോമീറ്റർ ലൈനുകളും സ്ഥാപിക്കാൻ ആദ്യമായി നടപടി സ്വീകരിക്കുകയാണ്. വൈദ്യുതി രംഗത്ത് കേരളം വളരെ മുന്നോട്ടു പോയി. സംയോജിത ടെക്സ്റ്റൈൽ പദ്ധതി പ്രകാരം കാസർഗോഡ്, പാലക്കാട് ജില്ലകളിൽ വസ്ത്ര നിർമ്മാണ പാർക്കുകൾ സ്ഥാപിക്കാൻ കിൻഫ്ര വഴി സ്ഥലം ലഭ്യമാക്കാനും ഈ പദ്ധതിയുടെ ചെലവിന്റെ 40 ശതമാനം വരെ കേന്ദ്ര സർക്കാർ ഓഹരിധനമായി നൽകാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. മാനസിക, ശാരീരിക വൈകല്യം ഉള്ളവർക്ക് പ്രത്യേക പദ്ധതികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഇത്തരക്കാരുടെ കണക്കെടുപ്പ് നടത്തുകയും അന്ധരും ബധിരരും മൂകരും ബുദ്ധിമാന്ദ്യം ബാധിച്ചവരുമായ വിദ്യാർത്ഥികൾക്ക് നൽകേണ്ട ഫീസ് സർക്കാർ നിശ്ചയിക്കുകയും അത് നൽകുകയും ചെയ്തത് അഗതികളോടുള്ള ഗവൺമെന്റിന്റെ താല്പര്യം വ്യക്തമാക്കുന്നുണ്ട്. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ള ഓണറേറിയം പ്രതിമാസം 100 രൂപ വീതം വർദ്ധിപ്പിക്കാൻ പോകുകയാണ്. അംഗൻവാടി ക്ഷേമനിധിയിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ആദ്യമായി നടപടി സ്വീകരിച്ചുവരികയാണ്. അംഗൻവാടിയിലെ ജോലിക്കാർക്കും സഹായികൾക്കും പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാനുള്ള കാര്യങ്ങൾ ഗവൺമെന്റ് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന അപകട മരണനിരക്ക് കണക്കിലെടുത്ത് കാസർഗോഡ്, എറണാകുളം, കൊല്ലം, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ ഓരോ ട്രോമാ കെയർ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള തീരുമാനം വാഹന അപകടം കുറയ്ക്കാൻ സഹായകമാകും. നട്ടെല്ലിന്റെ ശസ്ത്രക്രിയയ്ക്ക് അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു വിഭാഗം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്ഥാപിക്കാനുള്ള തീരുമാനം വളരെയേറെ സ്വാഗതാർഹമാണ്. അതിന് ആവശ്യമായ പദ്ധതിയും ബഡ്ജറ്റിൽ ഉണ്ട്. പുതിയ പ്ലസ് ടു സ്കൂളുകൾ അനുവദിക്കണം. എസ്.എസ്.എൽ.സി. പാസ്സായ നിരവധി കുട്ടികൾ പ്ലസ് ടു അഡ്മിഷൻ ലഭിക്കാതെ പ്രയാസപ്പെടുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് പിന്നോക്ക പ്രദേശങ്ങളിൽ പുതിയ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നതിന് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുക, പിന്നോക്ക പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുക എന്നീ കാര്യങ്ങളിൽ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷയരോഗികൾക്കുള്ള പെൻഷൻ 50 രൂപയിൽനിന്ന് 200 രൂപയായി വർദ്ധിപ്പിച്ചത് പാവപ്പെട്ട രോഗികൾക്ക് വളരെ ആശ്വാസകരമാണ്. പാവപ്പെട്ടവർക്ക് വിവിധ പെൻഷനുകൾ കുടിശ്ശിക തീർത്ത് മാസാമാസം കൊടുക്കാൻ തീരുമാനിച്ചതിലൂടെ സർക്കാരിന്റെ താല്പര്യമാണ് വ്യക്തമാകുന്നത്. ഇനിയും ഏതെങ്കിലും കുടിശ്ശിക ബാക്കിയുണ്ടെങ്കിൽ അത് എത്രയും പെട്ടെന്ന് കൊടുത്തുതീർക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി അസുഖം ബാധിച്ച് വാർദ്ധക്യാവസ്ഥയിൽ കഴിയുന്ന സ്വാതന്ത്ര്യ സമര സേനാനികളുണ്ട്. അവരുടെ ആവശ്യങ്ങൾ പരിഗണിച്ച് അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. അതുപോലെ സ്വാതന്ത്ര്യ സമര സേനാനികളുടെ ഒട്ടേറെ പെൻഷൻ അപേക്ഷകൾ തീർപ്പാകാതെ ഇപ്പോഴും കിടക്കുകയാണ്. അതുകൊണ്ട് എത്രയും വേഗത്തിൽ അത്തരത്തിലുള്ള ആളുകൾക്ക് പെൻഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ സർവ്വീസിലുണ്ടായിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ജോലി കൊടുക്കുന്നതു സംബന്ധിച്ച്, നിരവധി അപേക്ഷകൾ ഇപ്പോഴും സർക്കാരിൽ തീരുമാനമാകാതെ കിടക്കുകയും ഉത്തരവായി ജോലിക്ക് കാത്തുകിടക്കുകയും ചെയ്യുന്നുണ്ട്. ഈ കാര്യത്തിൽ സമയബന്ധിതമായി ജോലി ലഭ്യമാക്കണം. അത്തരത്തിലുള്ള ആളുകളുടെ അപേക്ഷകളിൽ വേഗം തീർപ്പ് കല്പിക്കാൻ ആവശ്യമായ നടപടി എത്രയും പെട്ടെന്ന് ഉണ്ടാകണം. അതുപോലെ സർവ്വീസ് പെൻഷനേഴ്സിന്റെ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ച് ആവശ്യമായ സഹായം ഗവൺമെന്റ് ലഭ്യമാക്കണം. വിദേശ ഇൻഡ്യാക്കാരുടെ വോട്ടവകാശം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി എത്രയും വേഗത്തിൽ ന്യായമായ മൗലികാവകാശം നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയാണ് കാസർഗോഡ്. വളരെയേറെ പ്രതീക്ഷ ഈ ഗവൺമെന്റിൽ ഉണ്ടായിരുന്നു. ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. കാസർഗോഡ് ജില്ലയുടെ സമഗ്രമായ വികസനത്തിന് ഒരു പാക്കേജ് നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ നീണ്ടകാലത്തെ ആവശ്യമാണ് കാസർഗോഡ് ഫിഷിംഗ് ഹാർബർ സ്ഥാപിക്കുക എന്നുള്ളത്. ഇന്നും അതിന്റെ പഠനം പൂർത്തിയാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുക്കാൻ കഴിയാതെ കിടക്കുകയാണ്. എത്രയും വേഗത്തിൽ അതിനാവശ്യമായ എല്ലാ നടപടികളും പൂർത്തീകരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം തേടി ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽത്തന്നെ അത് യാഥാർത്ഥ്യമാക്കാനും മത്സ്യത്തൊഴിലാളികളോട് നീതി പുലർത്താനും ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കണം. കാസർഗോഡ് നാഷണൽ ഹൈവേ റോഡുകൾ നാലുവരിയായി വികസിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. മലയോര ഹൈവേ കണ്ണൂർ ജില്ലയിൽ ആരംഭിച്ചുവെങ്കിലും കാസർഗോഡ് ജില്ലയിൽ ഇതുവരെ ആരംഭിച്ചിട്ടില്ല. അതുകൊണ്ട് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

വളരെ വർഷങ്ങളായി മന്ദഗതിയിലാണ്. 200 കിടക്കകളും 7 നിലകളുമുള്ള ആ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിച്ചുവെങ്കിലും ഇതുവരെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എത്രയും പെട്ടെന്ന് അതിന്റെ പ്രവൃത്തി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കന്നഡ ഭാഷാ ന്യൂനപക്ഷമുള്ള ഒരു മേഖലയാണ് കാസർഗോഡ്. ന്യൂനപക്ഷങ്ങളുടെ നിരവധി പ്രശ്നങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. അതിൽ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. എൻഡോസൾഫാനുമായി ബന്ധപ്പെട്ട് പുനരധിവാസ കാര്യത്തിൽ ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പുനരധിവാസം, ചികിത്സ, പെൻഷൻ തുടങ്ങിയ കാര്യങ്ങളിൽ ഗവൺമെന്റ് എത്രയും വേഗത്തിൽ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച് കാര്യക്ഷമമാക്കണം. അതുപോലെ മറാട്ടി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കർണ്ണാടക ഗവൺമെന്റ് അവർക്ക് പട്ടികവർഗ്ഗക്കാർക്ക് കൊടുക്കുന്ന എല്ലാ അവകാശങ്ങളും കൊടുക്കുന്നുണ്ട്. അതുപോലെ സംസ്ഥാന ഗവൺമെന്റും ഈ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ ഏറ്റവുമധികം അടയ്ക്ക കർഷകരുള്ള ഒരു ജില്ലയാണ് കാസർഗോഡ്. ഇപ്പോൾ 35 രൂപയാണ് അടയ്ക്കയ്ക്ക് വില. ഏറ്റവും കൂടുതൽ നഷ്ടത്തിലുള്ള കൃഷി അടയ്ക്കാ കൃഷിയാണ്. അതുകൊണ്ട് 100 രൂപയെങ്കിലും താങ്ങുവില നിശ്ചയിച്ച് അടയ്ക്ക സംഭരിക്കണം. കാർഷിക കടം കാരണം ഒട്ടേറെ പേർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അവരുടെ ലോണുകൾക്കുള്ള പലിശയും പിഴപലിശയും ഒഴിവാക്കിക്കൊടുക്കുവാനും ഒ.ടി.എസ്. പദ്ധതി ഒരു വർഷത്തേക്ക് നടപ്പിലാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്ത് പുതിയ താലൂക്കുകളും പുതിയ റവന്യൂ ഡിവിഷനുകളും ഉണ്ടാകണമെന്ന് ആവശ്യപ്പെടാൻ തുടങ്ങിയിട്ട് വളരെ കാലങ്ങളായി. ജനസംഖ്യ വളരെ വർദ്ധിച്ചു. വികസന പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ പുതിയ താലൂക്കുകളും പുതിയ റവന്യൂ ഡിവിഷനുകളും എത്രയും വേഗത്തിൽ രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കാസർഗോഡ് പോലുള്ള പ്രദേശങ്ങളിൽ ജീവനക്കാരുടെ ഒഴിവുകളാണ് ജില്ല കൂടുതൽ പിന്നോക്കം നിൽക്കാൻ കാരണം. കാസർഗോഡ് ജില്ലയിലെ മുഴുവൻ ഒഴിവുകളും നികത്താനും എല്ലാ ആഫീസുകളിലും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഡോ. എം. എ. കുട്ടപ്പൻ : സർ, നായനാർ സർക്കാർ പാളം തെറ്റിച്ച കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ നേരായ പാതയിൽ എത്തിച്ചതിന്റെ സാക്ഷി പത്രമാണ് ഈ ബഡ്ജറ്റ്. അതുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിൻതാങ്ങുന്നു. എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. ടി. എം. ജേക്കബിന്റെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സത്യം പറഞ്ഞാൽ എനിക്ക് സങ്കടം തോന്നി. കൃഷ്ണൻ കണിയാംപറമ്പിലിന്റെ അനുസ്മരണ ചടങ്ങിൽ ബഹുമാനപ്പെട്ട വെളിയം ഭാർഗ്ഗവൻ പറഞ്ഞു, 'കരുണാകരനെ തൊട്ടാൽ നാറും, അതുകൊണ്ട് കൂടെ കൂട്ടാൻ പറ്റില്ല, നാലുവട്ടം കുളിക്കണം, സോപ്പു വാങ്ങാൻ പൈസയില്ല' എന്ന് അത് കേട്ട് ശ്രീ. ടി. എം. ജേക്കബിന് എങ്ങനെ ഒരക്ഷരം മിണ്ടാതിരിക്കാൻ സാധിച്ചു ? ഡി.ഐ.സി.-യുടെ പാർലമെന്ററി പാർട്ടി ലീഡറല്ലേ അങ്ങ് ? ശ്രീ. കരുണാകരനുവേണ്ടി പറയാനുള്ള ധാർമ്മിക ചുമതല അങ്ങേക്കില്ലേ ? ഇവിടെ 2001 മേയിലെ ഒഴിഞ്ഞ ഖജനാവിനെക്കുറിച്ചും ഇപ്പോഴത്തെ അവസ്ഥയെ കുറിച്ചും പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. 2001-ലെ വേയ്സ് ആന്റ് മീൻസിന്റെ അഡ്വാൻസും അതുപോലെ ഓവർഡ്രാഫ്റ്റും ഞാൻ ആവർത്തിക്കുന്നില്ല. കേരളത്തിലെ സാമ്പത്തിക വളർച്ചാനിരക്കും പ്രതിശീർഷ വരുമാനവും പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. പക്ഷേ പൊതുക്കടത്തെക്കുറിച്ച് പറയാനുണ്ട്. നിങ്ങളുടെ 5 വർഷംകൊണ്ടുള്ള മൊത്തം കടബാദ്ധ്യതാ വർദ്ധനവ് 136 ശതമാനവും യു.ഡി.എഫിന്റെ 4 വർഷക്കാലത്തെ മൊത്തം കടബാദ്ധ്യതാ വർദ്ധനവ് 70 ശതമാനവും എന്ന് പറഞ്ഞതിൽപോലും അത് മൊത്തം വർദ്ധനവാണ്. ഇക്കണോമിക് റിവ്യൂ നോക്കിയപ്പോൾ കടബാദ്ധ്യതയുടെ വാർഷിക വർദ്ധനവ് എൽ.ഡി.എഫിന്റെ കാലത്ത് കൂടിയിരിക്കുന്നു. യു.ഡി.എഫിന്റെ കാലത്ത് കുറവാണ്. ഉദാഹരണം പറയുകയാണ്. 1998-99-ലെ കടബാദ്ധ്യത വളർച്ചാനിരക്ക് 22.01 ശതമാനമാണ്. 1999-2000-ലെ വാർഷിക വളർച്ചാനിരക്ക് 28.5 ശതമാനമാണ് നേരേമറിച്ച് 2004-2005-ൽ യു.ഡി.എഫിന്റെ കാലത്ത് കടബാദ്ധ്യത വാർഷിക വളർച്ചാനിരക്ക് 11.82 ശതമാനമാണെന്നാണ് ഇക്കണോമിക് റിവ്യൂയിൽ പറയുന്നത്. അത് ചൂണ്ടിക്കാണിക്കാതിരിക്കുന്നത് ശരിയല്ല. മറ്റൊരു കാര്യം, ഇവിടെ പലപ്പോഴും തൊഴിൽരഹിതരുടെ കാര്യം പറയാറുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരം വിട്ട് പോയശേഷമുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ നാലര വർഷത്തെ കണക്ക് പരിശോധിച്ചപ്പോൾ ഏതാണ്ട് 5 ലക്ഷം പേരുടെ കുറവുണ്ട് എന്ന് കാണാൻ സാധിച്ചു. 2000-ാമാണ്ടിൽ എൽ.ഡി.എഫ്. ഭരിക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത മൊത്തം ആളുകളുടെ എണ്ണം 42.15 ലക്ഷം. വാർഷിക വർദ്ധനവ് 8.1 ശതമാനം വന്നു. എന്നാൽ 2005-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം 37.56 ലക്ഷമായി കുറഞ്ഞു. അഞ്ച് ലക്ഷം കുറഞ്ഞു. വാർഷിക വർദ്ധനവ് 0.8 ശതമാനം. 2004-ലെ വാർഷിക വർദ്ധനവ് -6.2 ശതമാനം. അതിന്റെ അർത്ഥം എൽ.ഡി.എഫിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുടെ എണ്ണം വല്ലാതെ കൂടിയിട്ടുണ്ടായിരുന്നു. അങ്ങനെ മൊത്തമുള്ള 37.56 ലക്ഷം ആളുകളിൽ 3,87,307 പേർക്ക് തൊഴിലില്ലായ്മ വേതനമായി മാസംതോറും 120 രൂപാവീതം കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെയർത്ഥം ബാക്കിയുള്ള ആളുകൾക്ക് വേതനം കൊടുക്കുന്നില്ല എന്നാണ്. അവരുടെ വരുമാനം ഒരുപക്ഷേ പന്ത്രണ്ടായിരം രൂപയ്ക്ക് മേൽ ആയിരിക്കാം. ഏതാണ്ട് മൂന്നേമുക്കാൽ ലക്ഷം ആളുകൾക്കാണ് തൊഴിലില്ലായ്മാവേതനം കൊടുക്കുന്നത്. ബാക്കിയുള്ള ആളുകൾക്ക് ഒന്നുകിൽ സ്വകാര്യ മേഖലയിൽ തൊഴിലുണ്ടാകാം. അല്ലെങ്കിൽ സ്വയം തൊഴിൽ ഉണ്ടാകാം. മൂന്നേ മുക്കാൽ ലക്ഷം ആളുകൾക്ക് പ്രതിമാസം 120 രൂപ വച്ച് 2005-ൽ

LIBRARY ARCHIVES Kerala Legislative Assembly

102.43 കോടി രൂപ കൊടുക്കുകയുണ്ടായി. അത് അൺ പ്രൊഡക്ടീവ് ആണെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് അതിനെക്കുറിച്ച് 2006-2007-ൽ ഒരു വിശദമായ പഠനം വേണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞിരിക്കുകയാണ്. തൊഴിലില്ലായ്മാ വേതനത്തെക്കുറിച്ച് വിശദമായ ഒരു പഠനം ആവശ്യമാണ്. ഇത്രയും കോടി രൂപ പ്രതിവർഷം മുടക്കുമ്പോൾ അത് അൺ പ്രൊഡക്ടീവ് ആണ്. എന്തുകൊണ്ട് അതിന് ഒരു സ്കീം ഉണ്ടായിക്കൂടാ? അത് ആലോചിക്കേണ്ട വിഷയമാണ്. അതിനെക്കുറിച്ച് പഠിക്കാൻവേണ്ടി അടുത്ത വർഷത്തെ ബഡ്ജറ്റിൽ ശ്രമിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. ഇവിടെ നായനാർ സർക്കാരിന്റെ ഭരണകാലത്ത് അവസാനത്തെ ഒരു വർഷക്കാലം ചെലവിന്റെ കാലഘട്ടമായിരുന്നു. എൽ.ഡി.എഫ്. തോൽക്കാൻ പല കാരണങ്ങൾ ഉണ്ടാകാം. അതിൽ മുഖ്യ കാരണം ശ്രീ. ശിവദാസമേനോന്റെ വണ്ടിച്ചെക്ക് ആയിരുന്നല്ലോ? എൽ.ഡി.എഫിനെ തോൽപ്പിച്ച മുഖ്യഘടകം സാമ്പത്തിക അച്ചടക്കം ഇല്ലായ്മയായിരുന്നു. ധനകാര്യ മാനേജുമെന്റ് മോശമായിരുന്നു. അതുകൊണ്ടാണ് ഇവിടെ വണ്ടിച്ചെക്ക് പറന്നുനടന്നത്. യു.ഡി.എഫിന്റെ സമർത്ഥമായ പ്രവർത്തനത്തിന്റെ ഫലമായി ഇപ്പോൾ ഇവിടെ ആകെ മാറ്റം വന്നിരിക്കുകയാണ്. ഒരു പക്ഷേ ഞങ്ങളുടെ പാർലമെന്ററി പാർട്ടിയിലേയും കെ.പി.സി.സി.-യിലേയും വിമർശനം കേട്ടുകൊണ്ട് ശ്രീ. ശിവദാസമേനോനെപ്പോലെ ചെലവാക്കൽ കെട്ടഴിച്ചുവിട്ടിരുന്നെങ്കിൽ അന്നത്തെ അവസ്ഥ ഞങ്ങൾക്കും ഉണ്ടാകുമായിരുന്നു. എം.എൽ.എ.-മാരുടെ വിമർശനം കേട്ടിട്ടും ചെലവിന്റെ കാര്യത്തിൽ ശ്രീ. വക്കം പുരുഷോത്തമൻ കെട്ടഴിച്ചുവിടാൻ തയ്യാറായില്ല. ചെലവുകൾക്ക് നിയന്ത്രണമേർപ്പെടുത്തി ധനകാര്യ മാനേജുമെന്റ് ഭംഗിയാക്കിയതുകൊണ്ടാണ് ഇന്ന് മെച്ചപ്പെട്ട ഒരു ബജനാവുമായി പോകാൻ സാധിച്ചിരിക്കുന്നത്. കഴിഞ്ഞ ഇലക്ഷനിൽ തിരുവല്ല ഒഴികെ ഞങ്ങൾ തോറ്റവരാണ്. പക്ഷേ ഒരു സംശയവും വേണ്ട അടുത്ത അസംബ്ലി ഇലക്ഷനിൽ യു.ഡി.എഫ്. വിജയിക്കാൻ പോകുന്നത് ശ്രീ. വക്കം പുരുഷോത്തമന്റെ ധനകാര്യ മാനേജുമെന്റ് കൊണ്ടുതന്നെയാണ്. അദ്ദേഹം ഇത്തവണ മത്സരിക്കുന്നില്ല. തെരഞ്ഞെടുപ്പിൽനിന്നും മാറി നിന്നുകൊണ്ട് യു.ഡി.എഫിനെ വിജയിപ്പിക്കാനുള്ള തന്ത്രം മെനയുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അദ്ദേഹത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഈ ബഡ്ജറ്റിനെ ഞങ്ങൾ സപ്പോർട്ട് ചെയ്യുന്നു.

ശ്രീ. എം. വി. ജയരാജൻ: ശ്രീ. വക്കം പുരുഷോത്തമൻ വിടവാങ്ങൽ നടത്തിയതുകൊണ്ട് അങ്ങ് അദ്ദേഹത്തെ അനുമോദിക്കുകയാണ്. യഥാർത്ഥത്തിൽ അദ്ദേഹം ചെയ്ത ഒരു കാര്യം തെരഞ്ഞെടുപ്പിൽ പരാജയം മുന്നിൽ കണ്ട് സൈന്യത്തെ നയിക്കുന്ന സൈന്യാധിപനായി പോകാൻ കഴിയില്ല എന്നുള്ളതുകൊണ്ട് മാറി നിൽക്കുന്നതാണ് എന്ന യാഥാർത്ഥ്യം അങ്ങേക്ക് അറിയില്ലേ?

ഡോ. എം. എ. കുട്ടപ്പൻ: 1996-ലെ ഇലക്ഷനിൽ നായനാർ കാണിച്ച മര്യാദകേട് കാണിക്കുന്ന ആളല്ല ശ്രീ. വക്കം പുരുഷോത്തമൻ. 1996-ൽ മത്സരിക്കാതിരിക്കുകയും മുന്നണിക്ക് ഭൂരിപക്ഷം കിട്ടിയപ്പോൾ മുഖ്യമന്ത്രിയാകുകയും ചെയ്ത പാരമ്പര്യമാണ് നായനാർക്കുള്ളത്. ആ നായനാരുടെ പാരമ്പര്യമുള്ള ആളല്ല ശ്രീ. വക്കം പുരുഷോത്തമൻ.

LIBRARY ARCHIVES Kerala Legislative Assembly

മുന്നണിയെ വിജയിപ്പിക്കാൻ ശ്രമിക്കുന്ന ആളാണ് അദ്ദേഹം. ഈ ബഡ്ജറ്റ് പുറത്തു വന്നപ്പോൾ പ്രതിപക്ഷം പറയുകയുണ്ടായി. ഇലക്ഷൻ മുന്നിൽ കണ്ടുകൊണ്ട് കയ്യടി വാങ്ങിക്കാനുള്ള തട്ടിപ്പാണെന്ന്. കയ്യടി കിട്ടാൻ തന്നെയാണ് ഞങ്ങൾ ബഡ്ജറ്റ് അവതരിപ്പിച്ചത്. അല്ലാതെ കൂക്കുവിളി കിട്ടാനല്ല. പക്ഷേ തട്ടിപ്പാണോ അല്ലയോ എന്ന് പരിശോധിച്ച് നോക്കേണ്ടതാണ്. സാമൂഹ്യ ശ്രേണിയിൽ ഏറ്റവും താഴെത്തട്ടിലുള്ളവരാണല്ലോ ആദിവാസികൾ. അതിൽ ഏറ്റവും താഴെയുള്ളവരാണ് പ്രാചീന ഗോത്ര വർഗ്ഗക്കാർ. അവരാണ് അടുത്തകാലം വരെ ഗുഹാ മനുഷ്യരായിരുന്ന ചോല നായ്ക്കർ, കാട്ടു നായ്ക്കർ, കുറവർ, കുറുമ്പർ, കാടർ തുടങ്ങിയവർ. ഈ പ്രിമിറ്റീവ് ട്രൈബ്സിന് 50 വയസ്സ് കഴിഞ്ഞാൽ പെൻഷൻ കൊടുക്കണമെന്ന് പറഞ്ഞിരിക്കുന്നു. അത് ചെയ്യുന്നതാണോ തട്ടിപ്പ്? അവരെ സഹായിക്കാൻ സ്കീം ഏർപ്പെടുത്തിയിരിക്കുന്നു. സ്വാശ്രയ കോളേജിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള അതേ ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും കൊടുത്തിരിക്കുന്നു. അതാണോ തട്ടിപ്പ്? അഗതി പെൻഷൻ, വികലാംഗ പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, ചുമട്ടുതൊഴിലാളി പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം എന്നിവ കുടിശ്ശിക തീർത്ത് എല്ലാമാസവും ഒന്നാം തീയതിതന്നെ കൊടുക്കാൻ നടപടി സ്വീകരിച്ചു. വൃദ്ധരായ അഗതികൾക്ക് അന്നപൂർണ്ണ പദ്ധതിയിൽ പ്രതിമാസം പത്ത് കിലോ അരി നൽകുന്ന അന്ത്യോജനാ പദ്ധതി, ദാരിദ്ര്യ നിർമ്മാർജനത്തിനായുള്ള കുടുംബശ്രീ ആശ്രയ പദ്ധതികൾ തുടങ്ങിയവയ്ക്കുവേണ്ടി 70,84,00,000 രൂപ നീക്കി വച്ചതാണോ തട്ടിപ്പ്? കർഷകർക്ക് പെൻഷൻ പ്രഖ്യാപിച്ചു. കയർ, കശുവണ്ടി, കൈത്തറി മേഖലകളിൽ പുത്തൻ ഉണർവ്വുണ്ടാക്കാനുള്ള പ്രത്യേക പദ്ധതി, കേരളത്തിലെ ഏറ്റവും പാവപ്പെട്ടവരുടെ നിലവാരം മെച്ചപ്പെടുത്താൻ ഒന്നാംതരം പദ്ധതികളും പരിപാടികളും എന്നിവ ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിരിക്കുകയാണ്. നിങ്ങളുടെ കാഴ്ചപ്പാടിൽ ഇത് തട്ടിപ്പായിരിക്കാം. പക്ഷേ ഇത് തട്ടിപ്പല്ല, ഇത് ജനോപകാരപ്രദമായ പരിപാടിയെന്നാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞ കാര്യം ഞാൻ ആവർത്തിക്കുകയാണ്. നമ്മുടെ

3.30 P.M.] വാറ്റ് നിയമത്തിൽ മുളയ്ക്കും ചൂരലിനും പ്രത്യേകമായ ടാക്സ് വച്ചിട്ടില്ല. അതിൽ പണിയെടുക്കുന്നവർ പട്ടികജാതിക്കാരോ പിന്നോക്കജാതിക്കാരോ ആണ്. ചൂരലും മുളയും കൊണ്ട് ഉണ്ടാക്കുന്ന പ്രോഡക്ട്സിന് 4 ശതമാനം ടാക്സ് ഉണ്ട്. അത് ദയവായി ഒഴിവാക്കണം. ഇവിടെ സി.പി.ഐ.(എം.) സ്ഥിരമായി പറയുന്ന ഒരു വാദഗതിയുണ്ട്, ഞങ്ങൾ വികസനത്തിന് എതിരേയല്ല എന്നാണ് പറയുന്നത്. ഞാൻ പറയുന്നു, ബംഗാൾ ചെയ്യുന്ന കാര്യങ്ങൾപോലും ഇവിടെ സമ്മതിക്കില്ല. 1991-ൽ കേരളമടക്കമുള്ള ഇൻഡ്യാ രാജ്യത്ത് നമ്മൾ സാമ്പത്തിക പരിഷ്ക്കാരം ആരംഭിച്ചതാണ്. ഇവിടെ ഇന്നുവരെ സാമ്പത്തിക പരിഷ്ക്കാരം നടപ്പിലാക്കാൻ മാർക്സിസ്റ്റ് പാർട്ടി സമ്മതിച്ചിട്ടില്ല. ഇവിടെ വിദ്യാഭ്യാസ പരിഷ്ക്കാരമാകാം, കാർഷിക പരിഷ്ക്കാരമാകാം, ഭൂപരിഷ്ക്കാരമാകാം, നിയമ പരിഷ്ക്കാരമാകാം, എല്ലാ പരിഷ്ക്കാരവുമാകാം, സാമ്പത്തിക പരിഷ്ക്കാരം പാടില്ല എന്നാണ് കേരളത്തിലെ സി.പി.ഐ.(എം) പറഞ്ഞു കൊണ്ടിരിക്കുന്നത്. നേരെ മറിച്ച് വെസ്റ്റ് ബംഗാൾ മുഖ്യമന്ത്രി എന്താണ് പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

വെസ്റ്റ് ബംഗാൾ മുഖ്യമന്ത്രി ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ സിംഗപ്പൂരിൽ പോയി അവിടത്തെ പത്രലേഖകരെ കാണുകയുണ്ടായി, പഴയ കാര്യമല്ല, old is gold അല്ല. അദ്ദേഹം പറഞ്ഞത്, We are trying to change the mindset of workers. തൊഴിലാളികളുടെ മനോഭാവം മാറ്റാൻ ശ്രമിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. The world is changing. We are also changing. Reforming left is a must for survival. We have to reform our old policies. ഞങ്ങളുടെ പഴയ നയങ്ങൾ പരിഷ്കരിച്ചേ മതിയാകൂ. Otherwise we will not be able to survive. അല്ലെങ്കിൽ ഞങ്ങൾക്ക് നിലനിൽക്കാൻ ബുദ്ധിമുട്ടാണ്. അദ്ദേഹം പറയുന്നു. You see Communists. We can't speak any more about old dogmas. The world is changing. ലോകം മാറിക്കൊണ്ടേയിരിക്കുന്നു. We are also changing. ഞങ്ങളും മാറിക്കൊണ്ടേയിരിക്കുന്നു. Look at China. The Chinese realised that their position in the world has changed. ലോകത്ത് ചൈനാക്കാരുടെ സ്ഥാനം മാറിയിരിക്കുന്നു എന്ന് അവർക്ക് മനസ്സിലായിരിക്കുന്നു. So they changed their policy accordingly. അതുകൊണ്ട് ചൈനാക്കാർ അവരുടെ നയവും മാറ്റിയിരിക്കുന്നു. ഡെങ് സിയാവോ പിങ് പറഞ്ഞിരിക്കുന്നു, We learn truth from the facts and not from the books. ഞങ്ങൾ സത്യം പഠിക്കുന്നത് വസ്തുതയിൽ നിന്നാണ്, പുസ്തകത്തിൽ നിന്നല്ല എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. ബുദ്ധദേവ് ഭട്ടാചാര്യ പറയുന്നു, we are trying to serve the people, poor people, poorest of the poor people. But we are not fools. ഞങ്ങൾ മണ്ടൻമാരല്ല. We are experiencing the changes taking place all over the world. ലോകത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങളെ ഞങ്ങൾ ഉൾക്കൊള്ളുന്നു. അദ്ദേഹം പറയുന്നു, Globalisation is a must. ആഗോളവൽക്കരണം അനിവാര്യമാണ്. Nobody can halt this process. ആർക്കും ഇത് തടയാൻ ആകില്ല. We will take advantage of this situation. ഈ സാഹചര്യം ഞങ്ങൾ മുതലാക്കും. ബംഗാൾ മുഖ്യമന്ത്രി പറഞ്ഞ കാര്യമാണിത്, ബംഗാൾ മുഖ്യമന്ത്രിക്ക് ചെയ്യാമെങ്കിൽ എന്തുകൊണ്ട് കേരളത്തിലെ മുഖ്യമന്ത്രിക്ക് ചെയ്തുകൂടാ ? ബംഗാളിൽ ചെയ്ത കാര്യങ്ങൾ നിങ്ങൾക്കറിയാമോ? ഇൻഡ്യയിലെ ആദ്യത്തെ തുറമുഖം വെസ്റ്റ് ബംഗാളിലാണ്. നമ്മൾ എറണാകുളത്ത് ഒരു ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ പണിയാൻ മുൻകയ്യെടുത്തു. കൊച്ചിയിലെ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ പണിയാൻ വേണ്ടി ആദ്യമായി ഗ്ലോബൽ ടെൻഡർ വച്ചു. ആ ഗ്ലോബൽ ടെൻഡറിൽ പങ്കെടുക്കാൻ വന്നത് ആസ്ട്രേലിയൻ ബഹുരാഷ്ട്ര കമ്പനിയായ 'P & O Ports' ആയിരുന്നു. ആ കമ്പനിയെക്കൊണ്ട് ടെൻഡർ കൊടുപ്പിക്കാൻ സി.ഐ.ടി.യു. സമ്മതിച്ചില്ല, അവരെ ഉപരോധിച്ചു. അങ്ങനെ 'P & O Ports' ഓടിപ്പോയി. ഇത് മാതൃഭൂമിയിലെ പത്രവാർത്തയാണ്. ഇൻഡ്യയിലെ ആദ്യത്തെ സ്വകാര്യ തുറമുഖം ബംഗാളിൽ, ബംഗാളിൽ ആദ്യമായി സ്വകാര്യമേഖലയിൽ തുറമുഖം നിർമ്മിക്കാൻ ആസ്ട്രേലിയൻ കമ്പനിയുമായി ബംഗാൾ സർക്കാർ ധാരണയിൽ ഒപ്പുവച്ചു. നിങ്ങൾക്ക് അവിടെ സ്വകാര്യ മേഖലയിൽ തുറമുഖമാകാം. ഇവിടെ ഇത് പാടില്ല പോലും. നിങ്ങൾ അവിടെ പേരും മാറ്റും. അവിടെയുള്ള പേര് സ്വകാര്യവൽക്കരണമെന്നല്ല, സ്ട്രാറ്റജിക് പാർട്ട്നർഷിപ്പ് എന്നാണ് പറയുന്നത്. തന്ത്രപരമായ പങ്കാളിത്തം തേടൽ. തന്ത്രപരമായ ഓമനപ്പേരോടെ ബംഗാളിൽ സ്വകാര്യവൽക്കരണം നടത്തുന്നു. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

മൊത്തം 66 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. രണ്ടെണ്ണം പൂട്ടിപ്പോയി, പത്ത് എണ്ണത്തിൽ സ്വകാര്യ പങ്കാളിത്തം തേടുന്നു. ലിസ്റ്റ് ഞാൻ വായിക്കുന്നില്ല. ബംഗാളിലെ 66 പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടം വന്നപ്പോൾ സ്ട്രാറ്റജിക് പാർട്ട്നർഷിപ്പിനുവേണ്ടി 10 സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയാണ്. പക്ഷേ നിങ്ങൾ സ്വകാര്യവൽക്കരണം എന്ന പേര് ഉപയോഗിക്കുന്നില്ല. നിങ്ങൾ ഉപയോഗിക്കുന്നത് സ്ട്രാറ്റജിക് പാർട്ട്നർഷിപ്പ് എന്നാണ്. പ്രീഡിഗ്രി ബോർഡ് പ്ലസ് ടു ആയി മാറിയിരിക്കുകയാണ്. പ്ലസ് ടു ആയാൽ കുഴപ്പമില്ല. പ്രീഡിഗ്രി ബോർഡ് എന്നായാൽ കുഴപ്പം. ബംഗാളിലെ കാര്യമാണ് പറയുന്നത്. നിങ്ങൾ കേൾക്കൂ, നിങ്ങൾക്ക് എന്നേക്കാൾ കൂടുതൽ അറിയാമല്ലോ? ബംഗാളിൽ സ്വകാര്യവൽക്കരണം എന്ന വാക്ക് ഉപയോഗിക്കാൻ പാടില്ല. ഉപയോഗിക്കുന്നത് തന്ത്രപരമായ പങ്കാളിത്തം-സ്ട്രാറ്റജിക് പാർട്ട്നർഷിപ്പ്. 10 സ്ഥാപനങ്ങളെയാണ് നിങ്ങൾ സ്വകാര്യവൽക്കരിക്കുന്നത്. സമയക്കുറവ്മൂലം ഞാൻ ലിസ്റ്റ് വായിക്കുന്നില്ല. ഇവിടെ നിങ്ങൾ എക്സ്പ്രസ് ഹൈവേയെ എതിർക്കുകയാണ്. പത്രങ്ങളിൽ ഫോട്ടോ വന്നു. കൊൽക്കത്തയിലെ രാജാർഹട്ട് ന്യൂ ടൗണിൽ ഉയരുന്ന ബഹുനില കെട്ടിടങ്ങൾ, ആറ് വരി എക്സ്പ്രസ് ഹൈവേയുടെ ദൃശ്യം ഫോട്ടോയിൽ കാണിച്ചിരിക്കുകയാണ്. (ബഹുമാനപ്പെട്ട മെമ്പർ ഒരു പത്രം ഉയർത്തി സഭയിൽ കാണിച്ചു). ബംഗാളിൽ എക്സ്പ്രസ് ഹൈവേയാകാം. കേരളത്തിൽ എക്സ്പ്രസ് ഹൈവേ പദ്ധതിക്ക് സി.പി.ഐ.(എം) എതിരാണെങ്കിൽ ബംഗാളിൽ ആറ് വരി എക്സ്പ്രസ് ഹൈവേയുണ്ട്. കേന്ദ്രം ഈ പാതയെ ദേശീയപാതയായി അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. കൊൽക്കത്തയിലെ പുതിയ ടൗൺഷിപ്പായ രാജാർഹട്ട് വഴി വീണ്ടും എക്സ്പ്രസ് ഹൈവേ. ബംഗാളിൽ എക്സ്പ്രസ് ഹൈവേ വന്നുകഴിഞ്ഞിരിക്കുകയാണ്. പുതിയ എക്സ്പ്രസ് ഹൈവേ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവിടെ എക്സ്പ്രസ് ഹൈവേ പാടില്ല എന്നാണ് നിങ്ങൾ ഇതുവരെ പറഞ്ഞിരുന്നത്. എന്താണ് നിങ്ങളുടെ അഭിപ്രായം? അഭിപ്രായം ഇപ്പോൾ മാറിയിട്ടുണ്ടോ? ശ്രീ. സുകുമാർ അഴീക്കോട് ആയിരം എം.എൽ.എ.-മാർ മാറിയാലും ഞാൻ മാറില്ല എന്നു പറഞ്ഞിരിക്കുന്നു. നിങ്ങളുടെ എം.എൽ.എ.-മാർ എക്സ്പ്രസ് ഹൈവേയെക്കുറിച്ച് പറഞ്ഞത് ഓർക്കുന്നില്ലേ? ഇതുവരെ ഡോ. മുനീറിനെ നിങ്ങൾ വിമർശിച്ചില്ലേ? ഇക്കാലമത്രയും നിങ്ങൾ അദ്ദേഹത്തെ കുരിശ്ശിൽ കയറ്റി അധിഷേപിച്ചില്ലേ? അതിന് നിങ്ങൾ അദ്ദേഹത്തോട് മാപ്പ് പറയണം. അതല്ലാതെ എക്സ്പ്രസ് ഹൈവേ വേണമെന്ന് പരോക്ഷമായി ജയരാജനും ടീച്ചറുമൊക്കെ പറഞ്ഞാൽ പോരാ. പ്രീഡിഗ്രി ബോർഡിനു പകരം പ്ലസ് ടു ആക്കിയതുപോലെയാണ്, പേര് മാറ്റിയാൽ മതിയോ, മാറ്റം വിരോധമില്ല, പക്ഷേ റോഡ് വേണ്ടേ? ചുരുക്കിപ്പറഞ്ഞാൽ നിങ്ങൾ വികസന വിരുദ്ധൻമാരാണ്. നിങ്ങൾ വികസനത്തെ എതിർക്കുന്നില്ല എന്നു പറയുന്നു. പക്ഷേ യഥാർത്ഥത്തിൽ നിങ്ങൾ എതിർത്തുകൊണ്ടിരിക്കുകയാണ്. ബംഗാളിൽ ആകട്ടെ ഇതെല്ലാം നടപ്പാക്കുന്നു, സിഡ്നി ലാന്റ്. കൊൽക്കത്തയിൽ ഐ.ടി. സ്ഥാപനങ്ങളും ഗോൾഫ് റിസോർട്ട് തുടങ്ങിയ സ്ഥാപനങ്ങളും വന്നു കൊണ്ടിരിക്കുന്നു. യൂണിടെക്ക് എന്ന ബഹുരാഷ്ട്ര കമ്പനിക്ക് 60 ഏക്കറിൽ സിഡ്നി ലാന്റ് സ്ഥാപിക്കാൻ മുഖ്യമന്ത്രി അനുമതി നൽകിക്കഴിഞ്ഞു. മുതൽമുടക്ക് 500 കോടി രൂപ. 'ആക്സിസ്' പാർപ്പിട വ്യാപാര വിനോദകേന്ദ്രം എന്നത് ആസ്ട്രേലിയയിലെ സി-ബിറ്റ് വേൾഡ് വൈഡ് സ്ഥലം-ന്യൂ ടൗൺ, മുതൽമുടക്ക്

LIBRARY ARCHIVES Kerala Legislative Assembly

550 കോടി രൂപ, പിന്നെയുമുണ്ട് ഞാൻ വായിക്കുന്നില്ല. ബംഗാളിൽ വിദേശ നിക്ഷേപം വരുന്നു . അവിടെ സ്വകാര്യവൽക്കരിക്കുന്നു. അവിടെ ആഗോളവൽക്കരണം അനിവാര്യമാണ്. സ്വകാര്യവൽക്കരണം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ഉദാരവൽക്കരണമാകാം. ബംഗാളിൽ നടക്കുന്ന കാര്യങ്ങൾ ഇവിടെ ചെയ്യാൻ പാടില്ലായെന്ന് സി.പി.ഐ.(എം.) പറയുന്നു. ഇത് ന്യായമാണോ? അതുകൊണ്ട് ഈ സി.പി.ഐ.(എം.) വികസനവിരുദ്ധൻമാരെന്ന് ഞങ്ങൾ പ്രചരിപ്പിച്ചു. നന്നായി പ്രചരിപ്പിച്ചു. ആ പ്രചരണം ഏറ്റു. അതുകൊണ്ട് തങ്ങൾ ജനവിരുദ്ധൻമാരും വികസന വിരുദ്ധൻമാരുമാണെന്ന ധാരണ ജനങ്ങൾക്ക് ഉണ്ടാകരുത് എന്ന് ഭയന്നിട്ടാകണം തിരുവനന്തപുരത്ത് അവർ വികസന കോൺഗ്രസ് സംഘടിപ്പിച്ചത്. പക്ഷെ അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ കിടക്കുകയില്ല. അവരുടെ ലഘുലേഖയിൽ പരസ്യം വാങ്ങിയ കരിമണൽ ലോബിയെ നമുക്ക് മറക്കാൻ കഴിയുകയില്ല, കരിമണൽ ലോബിയുമായി ബന്ധമുണ്ടെന്ന് വ്യക്തമായിക്കഴിഞ്ഞു, ഇതാണ് അവരുടെ സ്വഭാവം. ഇവർ പലപ്പോഴും പറയും അവർ വിരുദ്ധൻമാരല്ലെന്ന്, ആണ്, സംശയമൊന്നും വേണ്ട. കേരളത്തിലെ വലിയ ഒരു പ്രോജക്ടായിരുന്നു എറണാകുളത്തുള്ള നെടുമ്പാശ്ശേരി വിമാനത്താവളം. അത് ആരംഭിക്കുമ്പോൾ അവിടത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. ശർമ്മ അതിനെ നഖശിഖാന്തം എതിർത്തു. സി.പി.ഐ.(എം.) എതിർത്തു. ശ്രീമാൻ കരുണാകരൻ ആയിരുന്നു ആ സ്കീം കൊണ്ടുവന്നത്. എന്തൊരു എതിർപ്പായിരുന്നു. അവസാനം ശ്രീ. ശർമ്മ അത് ...

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: വടക്കേക്കര എം.എൽ.എ. ആയിരുന്ന ശ്രീ. ശർമ്മ ആദ്യത്തെ വിമാനം അദ്ദേഹത്തിന്റെ നെഞ്ചത്തുകൂടി കയറിയിട്ടേ ഓടുകയുള്ളൂ എന്ന് പറഞ്ഞത് അങ്ങേക്ക് ഓർമ്മയുണ്ടോ ?

ഡോ. എം. എ. കുട്ടപ്പൻ: ഞാൻ ആ കാര്യം പറയാൻ തുടങ്ങുകയായിരുന്നു. പുതിയ ഏത് സ്കീം വന്നാലും ഇവർ എതിർക്കുകയാണ്. അവസാനം അത് നഷ്ടത്തിലായി, ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. ഗവൺമെന്റിന്റെ ഷെയർ 74 ശതമാനമായിരുന്നത് ചുരുക്കി 24 ശതമാനമാക്കി. അതിന്റെ നഷ്ടം മുഴുവൻ തീർന്നു. ലാഭം കുമിഞ്ഞുകൂടി. ഇപ്പോൾ അവിടെ യൂസേഴ്സ് ഫീ കൊടുക്കണ്ട. ലോകത്തിലെ ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കുന്ന നാല് വിമാനത്താവളങ്ങളിൽ ഒന്നായിരിക്കുന്ന നെടുമ്പാശ്ശേരി എയർപോർട്ട് നമ്മുടെ സംഭാവനയാണ്. ഇതിനെ എതിർക്കാതിരുന്നെങ്കിൽ പണ്ടേ ഉണ്ടാകേണ്ടതല്ലേ ? രണ്ടാമതായി വല്ലാർപ്പാടം കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ. ഞാൻ ആദ്യം പറഞ്ഞു, ഇത് ആദ്യം ഗ്ലോബൽ ടെണ്ടർ വച്ചപ്പോൾ അതെടുക്കാൻ വന്നത് ആസ്ട്രേലിയൻ കമ്പനിയായ P & O Ports ആണ്. അവരെ ഓടിച്ചുവിട്ടു. അവർ ബംഗാളിൽ പോയി പോർട്ട് ആരംഭിക്കുകയാണ്. രണ്ടാമത് വീണ്ടും ടെണ്ടർ വിളിച്ചു. അപ്പോൾ ദുബായ് പോർട്ട് ഇന്റർനാഷണൽ ഡി.പി.ഐ. വന്നു. വലിയ പ്രശ്നമായി. കാരണം എന്താണ് ? കൊച്ചിൻ പോർട്ടിലെ രാജീവ് ഗാന്ധി ടെർമിനൽ കൈമാറാൻ പറ്റില്ലെന്ന നിലപാടെടുത്തു. കൈമാറിക്കഴിഞ്ഞാൽ തൊഴിലാളികൾ കുഴപ്പം ഉണ്ടാക്കുമെന്നുപോലും പറഞ്ഞു. അതുകൊണ്ട് ഒരു വർഷം കൂടുതൽ പോയി. അവസാനം അവർക്ക് കരാർ കൊടുത്തു. ഇപ്പോൾ ഡി.പി.ഐ.-യുടെ കയ്യിൽ ഇരിക്കുകയാണ്. ഒരു കുഴപ്പവുമില്ല. തൊഴിലാളികൾ ഹാപ്പി. ഫലത്തിൽ എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഈ ഡിസംബർ മാസത്തിൽ വല്ലാർപാടത്ത് ടെസ്റ്റ് പൈലിംഗ് കഴിഞ്ഞു. അടുത്ത ഏപ്രിൽ ആകുമ്പോഴേക്കും വല്ലാർപാടത്ത് വിസിബിൾ വർക്ക് കാണാൻ കഴിയും. എതിർത്തില്ലായിരുന്നെങ്കിൽ പണ്ടേ ഉണ്ടാകുമായിരുന്നു. സ്മാർട്ട് സിറ്റി വന്നപ്പോൾ എന്തെല്ലാം കുഴപ്പമുണ്ടാക്കി. റിയൽ എസ്റ്റേറ്റ് സ്ഥാപനമാണെന്നുപോലും പറഞ്ഞു. പിന്നെ പറഞ്ഞു, 500 കോടി രൂപയുടെ അഴിമതി. കൊടുത്ത കൺസഷനാകട്ടെ അമ്പത്-അറുപതു കോടി രൂപയുടേത്. എന്നിട്ട് പറഞ്ഞു ഞങ്ങൾ അധികാരത്തിൽ വന്നാൽ ജയിലിലടയ്ക്കുമെന്ന്. ആരെ? ശ്രീ. ഉമ്മൻ ചാണ്ടിയെ. ശ്രീ. ഉമ്മൻ ചാണ്ടി താൻ ജയിലിൽ പോകാൻ തയ്യാറാണെന്ന് പറഞ്ഞു. ദുബായിലെ ഷേക്കിനെ ജയിലിൽ അടയ്ക്കുമെന്നാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത്. ഒരു കാര്യവും ചെയ്യാൻ സമ്മതിക്കില്ല. ഷേക്ക് ഇവിടെ വരാൻ തയ്യാറാകുമോ? ഷേക്കിനെ പിടിച്ച് ജയിലിൽ അടയ്ക്കും. ശ്രീ. ഉമ്മൻ ചാണ്ടിയെ ജയിലിൽ അടയ്ക്കും. 500 കോടി രൂപയുടെ അഴിമതി, റിയൽ എസ്റ്റേറ്റ് എന്നൊക്കെ പറഞ്ഞാൽ ആളുകൾ വരില്ല. ഇപ്പോൾ സ്മാർട്ട് സിറ്റി നീണ്ടുപോകാനുള്ള കാരണവും ഇവർ തന്നെയാണ്. തിരുവനന്തപുരത്തെ ടെക്നോപാർക്ക്, അതിനെ തടസ്സപ്പെടുത്തുന്ന കാര്യം കഴക്കൂട്ടം എം.എൽ.എ. ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. സ്ഥലം എടുക്കാൻ പോയപ്പോൾ മാർക്സിസ്റ്റു പാർട്ടി മനഃപൂർവ്വം പ്രശ്നമുണ്ടാക്കി തടസ്സപ്പെടുത്തിയിരുന്നു. ഇവർ വികസന വിരുദ്ധരാണ്. എക്സ്പ്രസ് ഹൈവേയെക്കുറിച്ച് പറയേണ്ട ആവശ്യമില്ല. എ.ഡി.ബി. വായ്പയെക്കുറിച്ച് ഡോ. തോമസ് ഐസക് പറഞ്ഞു. ഏതാണ്ട് കൊച്ചു മാറ്റംവരുത്തിപ്പോലും. അതുകൊണ്ട് എ.ഡി.ബി. വായ്പ വാങ്ങാമെന്ന്. ഡോ. തോമസ് ഐസക്കിനോട് ചോദിക്കട്ടെ. കൊച്ചി കോർപ്പറേഷൻ ഭരിക്കുന്നത് നിങ്ങളുടെ ആളല്ലേ? എന്തുകൊണ്ട് കൊച്ചി കോർപ്പറേഷൻ ഈ നയം മാറ്റം അംഗീകരിക്കുന്നില്ല? എ.ഡി.ബി. വായ്പ വാങ്ങുന്നില്ല. ഉടക്കിയിരിക്കുകയാണ്. സി.പി.ഐ.(എം) ഭരിക്കുകയാണ്. അവർ വായ്പ വാങ്ങുന്നില്ല. നിങ്ങൾ നയം മാറ്റിയെങ്കിൽ എന്തുകൊണ്ട് അവർ തയ്യാറാകുന്നില്ല. മാർക്സിസ്റ്റ് പാർട്ടി കാലാകാലങ്ങളിൽ തിരിച്ചും മറിച്ചും പറഞ്ഞുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കൊരു നയം ഉണ്ടാകണം. എക്സ്പ്രസ് ഹൈവേ വേണോ വേണ്ടയോ എന്ന്പറയണം. എ.ഡി.ബി. വായ്പ വേണോ വേണ്ടയോ എന്ന്പറയണം. ഇലക്ഷൻ വരാൻ പോകുകയാണ്. നയം വ്യക്തമാക്കണം. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഞങ്ങൾക്ക് അധികാരം കിട്ടുമ്പോൾ ചെയ്യാമെന്ന് പറയുന്നു. എന്തൊരു നാണക്കേട്. നിങ്ങൾ ഒന്നുകിൽ സ്പെഷ്യൽ റിക്രൂട്ടുമെന്റ് വേണമെന്ന് പറയുക, അല്ലെങ്കിൽ വേണ്ടെന്ന് പറയുക. ഇതൊന്നും പറയാതെ കുറ്റപ്പെടുത്തുന്ന ഏർപ്പാട് ശരിയല്ല. നയം വ്യക്തമാക്കണം. ഞങ്ങളല്ല നിങ്ങളാണ് തട്ടിപ്പുകാർ. ഇത് തട്ടിപ്പു ബഡ്ജറ്റല്ല. മാന്യമായ ബഡ്ജറ്റാണ്. ജനങ്ങളെ സഹായിക്കുന്ന ബഡ്ജറ്റാണ്. നിങ്ങൾക്കാണ് കാപട്യമുള്ള നിലപാട്. അതിനെ തിരുത്താൻ നോക്കണം. യുദ്ധമെന്ന് പറയുന്നില്ല. ഇലക്ഷനിൽ നമുക്ക് ആരോഗ്യകരമായി മൽസരിക്കാം. ഞാൻ കുരുക്ഷേത്രമെന്ന് പറയുന്നില്ല. നിങ്ങളാണ് നല്ല കാര്യം ചെയ്യുന്നത്. നിങ്ങൾ നല്ലത് പറയൂ. ജനങ്ങളെ കബളിപ്പിക്കുന്ന, നാടിനെ തകർക്കുന്ന നിലപാട് തിരുത്താൻ നിങ്ങൾ തയ്യാറാകണം എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. കേരളം നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിനോ അതുപോലെതന്നെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിനോ യാതൊരു നിർദ്ദേശവും ഇല്ലാത്ത ഒരു ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റ് തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടുള്ള തട്ടിപ്പ് ബഡ്ജറ്റാണെന്ന് പ്രതിപക്ഷം പറഞ്ഞതിനെയാണ് ഡോ. എം. എ. കുട്ടപ്പൻ ആക്ഷേപിച്ചത്. അതുകൊണ്ട് ഞാൻ ഇതിനെ തട്ടിപ്പ് ബഡ്ജറ്റാണെന്ന് പറയുന്നില്ല. ഒരു കൺകെട്ട് ബഡ്ജറ്റാണെന്ന് പറയുകയാണ്. നമ്മുടെ നാട് നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കോ പ്രയാസങ്ങൾക്കോ യാതൊരു തരത്തിലും പരിഹാരം കാണാൻ വേണ്ടിയുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ഈ ബഡ്ജറ്റിൽ ഇല്ല. ഈ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ ഈ സർക്കാർ ഒന്നും ചെയ്യാൻ പോകുന്നില്ല എന്നുള്ളത് വ്യക്തമാണ്, കാരണം, ഇതിനുമുമ്പ് ഈ ഗവണ്മെന്റ് അഞ്ച് ബഡ്ജറ്റുകൾ അവതരിപ്പിച്ചുവെങ്കിലും ആ ബഡ്ജറ്റുകളിൽ നിർദ്ദേശിച്ചിരുന്ന കാര്യങ്ങളൊന്നുംതന്നെ നടപ്പിലാക്കുന്നതിൽ യാതൊരു ഉത്തരവാദിത്വവും കാണിക്കാത്ത ഒരു ഗവണ്മെന്റാണിത്. പിന്നെയാണ് അവസാന നിമിഷത്തിൽ അവതരിപ്പിച്ച ഈ ബഡ്ജറ്റ് നടപ്പിലാക്കുമെന്ന് വിശ്വസിക്കുന്നത്. നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. 'ആട്ടിക്കൊണ്ടു പോകുമ്പോൾ പിണ്ണാക്ക് തരാത്ത ആളുകൾ വീട്ടിൽ ചെല്ലുമ്പോൾ എണ്ണ തരാം' എന്ന് പറഞ്ഞതു പോലെ. നാലേമുക്കാൽ വർഷം ഭരിച്ചിട്ടും ഒന്നും ചെയ്യാത്ത ഒരു ഗവണ്മെന്റ് മൂന്നുമാസംകൊണ്ട് എല്ലാം ശരിയാക്കിക്കളയുമെന്നുള്ള പ്രഖ്യാപനമാണ് ഈ ബഡ്ജറ്റിൽ നടത്തിയിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് ഇവിടെ ഏറെ ചർച്ച ചെയ്തു. ഈ ബഡ്ജറ്റിലെ പൊള്ളത്തരങ്ങൾ എല്ലാംതന്നെ ഡോ. തോമസ് ഐസക്, സർവ്വശ്രീ. ടി. എം. ജേക്കബ്, കെ. പി. രാജേന്ദ്രൻ തുടങ്ങിയ നേതാക്കൾ തുറന്നു കാണിച്ചു. ഭരണപക്ഷത്തുനിന്നും ആദ്യമായി ചർച്ചയിൽ പങ്കെടുത്തത് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറാണ്. അദ്ദേഹം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത്, കർഷകർക്ക് പ്രഖ്യാപിച്ച ആനുകൂല്യങ്ങളെക്കുറിച്ചാണ്. കർഷകർക്കുവേണ്ടി ആയിരം രൂപ പെൻഷൻ പ്രഖ്യാപിച്ചത് നക്കാപിച്ചയാണെന്നാണ്. കഴിഞ്ഞ നാലേമുക്കാൽ കൊല്ലക്കാലം കർഷകരെ വഞ്ചിച്ച ഗവണ്മെന്റ് അവസാനം കർഷകരുടെ പ്രീതി സമ്പാദിക്കാൻ വേണ്ടി നക്കാപിച്ചാ പെൻഷൻ പ്രഖ്യാപിച്ചു എന്നാണ് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞത്. അതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഈ ഗവണ്മെന്റ് കഴിഞ്ഞ നാലേമുക്കാൽ വർഷംകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുമ്പോൾ നല്ല കാര്യങ്ങളൊന്നും ചെയ്തില്ല എന്നു മാത്രമല്ല കേരള സമൂഹം നേടിയെടുത്ത നേട്ടങ്ങൾ ഓരോന്നോരോന്നായി ഇല്ലാതാക്കുകയാണ് ചെയ്തത്. ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ഒരു വിടവാങ്ങൽ പ്രസംഗമാണ് നടത്തിയത്. അദ്ദേഹത്തിന്റെ വിടവാങ്ങൽ പ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ, ഒരു കാര്യം ഓർമ്മ വരികയാണ്. നയപ്രഖ്യാപന പ്രസംഗത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ ഒരു കാര്യം ഈ സഭയെ ഓർമ്മിപ്പിക്കുകയുണ്ടായി. അദ്ദേഹം ഒരു ആമയുടെ കഥയാണ് പറഞ്ഞത്. ആമ മുട്ടയിടാൻ വേണ്ടി കരയിൽ വരും. അതുകഴിഞ്ഞ് കടലിലേക്ക് തിരിച്ചുപോകുന്ന സന്ദർഭത്തിൽ, മുട്ട വിരിഞ്ഞ്

കുഞ്ഞുങ്ങൾ വരുമെന്നുള്ള പ്രതീക്ഷയോടുകൂടി പറഞ്ഞു. കള്ളനും കാറ്റും ചതിച്ചില്ലെങ്കിൽ വെള്ളാരംകല്ലിൽകണ്ടുമുട്ടാമെന്ന്. അങ്ങനെ ആമയ്ക്കൊരു ചിന്തയുണ്ട്; എന്നെങ്കിലും മക്കളെ കണ്ടുമുട്ടാമെന്ന്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അങ്ങനെ യാതൊരു ചിന്തയും ഇതിൽ ഉണ്ടായിട്ടില്ല. കാരണം, അദ്ദേഹത്തിനറിയാം; കള്ളനും കാറ്റും ചതിക്കുമെന്ന്. കള്ളൻ അവിടെത്തന്നെയാണെന്ന് അദ്ദേഹത്തിനറിയാം. കാറ്റും അനുകൂലമല്ലെന്ന് അദ്ദേഹത്തിനു നല്ലതുപോലെ അറിയാം. കാറ്റ് യു.ഡി.എഫ്.-ന് എതിരാണെന്ന് നല്ലതുപോലെ മനസ്സിലാക്കിയ ആളാണ് അദ്ദേഹം. അതുകൊണ്ടു തന്നെ ആമയുടെ പ്രതീക്ഷപോലും ഇല്ലാതെ വഴിയരികിൽ കുഞ്ഞിനെ പ്രസവിച്ചിട്ട് തിരിഞ്ഞുപോലും നോക്കാതെ ഓടിപ്പോകുന്ന ധനകാര്യ വകുപ്പുമന്ത്രിയെയാണ് ഈ ബഡ്ജറ്റ് പ്രസംഗത്തിൽ കണ്ടത്. ആമയുടെ മാനസികാവസ്ഥപോലും ഇല്ലാത്ത അവസ്ഥയിലേക്ക് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി എത്തിയിട്ടുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ അധികാരത്തിൽ വന്ന സമയത്ത് എന്തെല്ലാമാണ് പറഞ്ഞത്? 2001-ൽ പറഞ്ഞ കാര്യം തന്നെയല്ലേ ഇപ്പോഴും ആവർത്തിക്കുന്നത്? ഇപ്പോൾ യു.ഡി.എഫ്.-ലെ എം.എൽ.എ.-മാരും സുഹൃത്തുക്കളും ഇവിടെ സംസാരിച്ചു. 2001-ലെ അതേ കാര്യങ്ങൾ തന്നെയാണ് അവതരിപ്പിച്ചത്. മുൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിനെ ചീത്ത പറയുക എന്നതല്ലാതെ വ്യത്യസ്തമായി ഒരു കാര്യവും പറയാനില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണംപോയി നിങ്ങൾ വന്നപ്പോൾ എന്തെല്ലാം പറഞ്ഞു? ശ്രീ. എ. കെ. ആന്റണി പറഞ്ഞ കാര്യങ്ങൾ നിങ്ങൾ മറന്നുകാണും. അദ്ദേഹം കേരളത്തിലെ ജനങ്ങളോട്, ഈ സഭയിൽ പറഞ്ഞു, ഇടതുപക്ഷ ജനാധിപത്യ മുന്നണി എല്ലാം തകർത്തിട്ടിരിക്കുകയാണ്. കടംവാങ്ങി മുടിച്ചിരിക്കുകയാണ്. ചായ കുടിക്കാൻപോലും പൈസയില്ല. ഈ അവസ്ഥയെ ഞങ്ങൾ അതിവേഗത്തിൽ മാറ്റിയെടുക്കും. മൂന്ന് മാസത്തെ സമയം തരണം. ആ സമയം തന്നാൽ ഞങ്ങൾ പ്രശ്നങ്ങളെല്ലാം പരിഹരിക്കും. മൂന്ന് മാസംവരെ നിങ്ങൾ ഒരു കാര്യം ചെയ്യണം. കുറച്ചു കയ്പുകഷായം കുടിക്കണം. മുണ്ട് മുറുക്കി ഉടുക്കണം. കുറച്ചു വിഷമം സഹിക്കണം. മൂന്ന് മാസമല്ല, അദ്ദേഹത്തിന്റെ ഭരണം മൂന്ന് കൊല്ലമാണ്. അങ്ങനെ കയ്പുകഷായം കുടിച്ച് മുണ്ടു മുറിക്കി ഉടുത്ത് അവസാനം രക്ഷയില്ലാതെ വന്നപ്പോൾ, ആളുകൾ കയ്പ് കഷായം കുടിച്ച് മടുത്തപ്പോൾ വിഷം കുടിക്കാൻ തീരുമാനിച്ചു. മുണ്ട് മുറിക്കിയുടുത്ത് രക്ഷയില്ലായെന്ന് കണ്ടപ്പോൾ ആ മുണ്ട് കഴുത്തിൽ ചുറ്റി മരിക്കാൻ തീരുമാനിച്ചു. കാരണം മൂന്ന് വർഷക്കാലംകൊണ്ട് നിങ്ങൾ ജനങ്ങളോട് പറഞ്ഞ കാര്യങ്ങൾ ഒന്നും തന്നെ ചെയ്തില്ല. ജനവിരുദ്ധസമീപനമാണ് ശ്രീ. എ. കെ. ആന്റണി നടപ്പലാക്കിയത്. ഞങ്ങൾ 15 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കും, കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കും, വിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധി പരിഹരിക്കും. സാമ്പത്തിക രംഗത്തുള്ള എല്ലാ പ്രതിസന്ധികളും പരിഹരിച്ചുകൊണ്ട് കേരളത്തെ സമ്പദ്സമൃദ്ധിയിലേക്ക് നയിക്കുമെന്നാണല്ലോ പറഞ്ഞത്? ഞങ്ങൾ കടം വാങ്ങാതെ നോക്കുമെന്നും പറഞ്ഞു. കണക്കൊന്നും പറയാൻ ഈ സമയം ഞാൻ ഉപയോഗിക്കുന്നില്ല. നിങ്ങൾ കടം വാങ്ങിക്കില്ല എന്നൊക്കെയാണല്ലോ ധവളപത്രം ഇറക്കിക്കൊണ്ട് ആദ്യം വീമ്പിളക്കിയത്. ധവളപത്രം ഇറക്കിക്കൊണ്ട് നിങ്ങൾ പറഞ്ഞ കാര്യങ്ങളിൽ ഇന്നതൊക്കെ ഞങ്ങൾ നടപ്പിലാക്കി എന്ന് ഈ അഞ്ചാം വർഷത്തേക്ക് കടക്കുമ്പോഴെങ്കിലും പറയാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഒരു പുതിയ ധവളപത്രം ഇറക്കാൻ സന്നദ്ധമാകുമോ എന്ന് ചോദിച്ചു. അഞ്ച് വർഷം മുൻപ് നിങ്ങൾ അധികാരത്തിൽ വരുന്ന സമയത്തുണ്ടായിരുന്ന സ്ഥിതിയും ഇപ്പോഴത്തെ സ്ഥിതിയും സംബന്ധിച്ച ഒരു ധവളപത്രം ഇറക്കിക്കൊണ്ട് ജനങ്ങളോട് മാപ്പ് പറയാൻ നിങ്ങൾ തയ്യാറുണ്ടോ എന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. എനിക്കും അതുതന്നെയാണ് ചോദിക്കാനുള്ളത്. നിങ്ങൾ അതിന് ബാദ്ധ്യസ്ഥരല്ലേ? കഴിഞ്ഞ അഞ്ചുവർഷക്കാലം കൊണ്ട് കേരളത്തിൽ നിങ്ങൾ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചും നിങ്ങൾ വാങ്ങിക്കൂട്ടിയ കടത്തെ സംബന്ധിച്ചും അത് ചെലവ് ചെയ്തതിനെ സംബന്ധിച്ചും ഒരു ധവളപത്രം ഇറക്കാൻ സന്നദ്ധമാകുമോ ? അങ്ങനെയൊരു ധവളപത്രം ഇറക്കാൻ സന്നദ്ധമാകുമെങ്കിൽ നമുക്ക് കാണാൻ കഴിയുന്നത് എന്താണ് ? നിങ്ങൾ കടം വാങ്ങിച്ചത് എന്തിനുവേണ്ടിയാണ് ? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കടം വാങ്ങിച്ചത് എന്തിനാണ് ? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കടം വാങ്ങിച്ചിട്ടില്ല, യാതൊരു തരത്തിലുള്ള ബാദ്ധ്യതയും വരുത്തിയിട്ടില്ല എന്നൊന്നും ഞങ്ങൾ പറയുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് ഏകദേശം 13,919 കോടി രൂപയുടെ കടം വാങ്ങിയപ്പോൾ കേരളത്തിലെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിച്ചത് 16,572 കോടി രൂപയാണ്. നിങ്ങൾ നാലേമുക്കാൽ വർഷം കൊണ്ട് ഏകദേശം 27,000 കോടി രൂപ കടമായി വാങ്ങിയിട്ടുണ്ട്. എത്രയാണെന്ന് കൃത്യമായി ഇപ്പോൾ പറയാൻ കഴിയില്ല. അതിൽ നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങൾക്കും പദ്ധതി പ്രവർത്തനങ്ങൾക്കും വേണ്ടി ചെലവഴിച്ചത് കേവലം 13,543 കോടി രൂപയാണ്. ബാക്കി സംഖ്യ എന്തിനുവേണ്ടി ചെലവഴിച്ചു എന്നുപറയാൻ നിങ്ങൾ ബാദ്ധ്യസ്ഥരല്ലേ ? കടം വാങ്ങി വേറെ കടം വീട്ടിയിട്ടുണ്ടെങ്കിൽ അത് പറയാൻ ബാദ്ധ്യസ്ഥരല്ലേ ? അത് പറയാനുള്ള ആർജ്ജവം ഗവൺമെന്റ് കാണിക്കണം. നിങ്ങൾ ചെലവ് ചുരുക്കുമെന്നല്ലേ പറഞ്ഞത്. ചെലവ് ചുരുക്കിയതുകൊണ്ടുണ്ടായ നേട്ടമെന്താണെന്ന് പറയാൻ നിങ്ങൾ ബാദ്ധ്യസ്ഥരല്ലേ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : അങ്ങ് പറഞ്ഞു ഇടതുപക്ഷ ജനാധിപത്യമുന്നണി 5 വർഷം കൊണ്ട് 16,572 കോടി രൂപ പ്ലാനിന് വേണ്ടി ചെലഴിച്ചു എന്ന് ഏത് ഡോക്യുമെന്റിൽ നിന്നാണ് അങ്ങ് പറയുന്നത് ? ആ പതിനാറായിരത്തിൽ ചിലാനം കോടി രൂപയിൽ ഏഴ് ശതമാനം ഇൻഫ്ളേഷൻ വച്ച് ഡോ. തോമസ് ഐസക് ഉൾക്കൊള്ളുന്ന പ്ലാനിംഗ് ബോർഡ് 21,000 കോടി രൂപ ചെലവഴിക്കണമെന്നാണ് പറഞ്ഞത്. 16,000 കോടി രൂപ പോലും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം.

ശ്രീ. കെ. രാധാകൃഷ്ണൻ : ശ്രീ. ആര്യാടനോട് വാദിച്ചു ജയിക്കാൻ എനിക്ക് കഴിയില്ല. അങ്ങ് പറഞ്ഞ കണക്ക് ഏതാണെന്ന് എനിക്കറിയില്ല. ഞാൻ അങ്ങയോട് വാദിക്കാൻ തയ്യാറല്ല. അങ്ങ് കണക്കിന്റെ കാര്യത്തിൽ ഒരു മിടുക്കനാണ്. കേരളം വലിയ സാമ്പത്തിക വളർച്ച നേടിയെന്നാണ് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ വളർച്ചയേക്കാൾ കേരളം വളർച്ച നേടിയെന്ന് പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വളർച്ചാ നിരക്കുണ്ടായില്ലെന്ന് ഞങ്ങൾ പറയുന്നില്ല. ഈ വളർച്ചയുടെ നേട്ടം ആർക്ക് ലഭിച്ചു? കേരളത്തിന്റെ വളർച്ച ഏത് രംഗത്താണ് യഥാർത്ഥത്തിൽ ഉണ്ടാകേണ്ടത് ? വളർച്ചാ

LIBRARY ARCHIVES Kerala Legislative Assembly

നിരക്കിനെ സംബന്ധിച്ച് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത് എന്താണ്? നമ്മുടേതുപോലുള്ള ഒരു കാർഷിക രാജ്യത്ത് ഏറ്റവും കൂടുതൽ വളർച്ചയുണ്ടാകേണ്ടത് കാർഷികരംഗത്താണ്. സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത്, കാർഷിക രംഗത്ത് കേരളം പുറകോട്ട് പോവുകയാണ്, വ്യവസായ രംഗത്ത് പുറകോട്ട് പോവുകയാണ്, ഉൽപ്പാദന രംഗത്ത് പുറകോട്ട് പോവുകയാണ് എന്നാണ്. പിന്നെ ഏത് രംഗത്താണ് വളർച്ചയുണ്ടാകുന്നത്? വളർച്ചയുടെ നേട്ടം നമ്മുടെ സമൂഹത്തിന് കിട്ടുന്നുണ്ടോ? വളർച്ച എന്നുപറയുമ്പോൾ സമൂഹത്തിന് ആകെ നേട്ടമുണ്ടാകണ്ടേ? പക്ഷേ ആ വളർച്ചയുടെ നേട്ടം നമ്മുടെ സമൂഹത്തിന് കിട്ടുന്നില്ല എന്നുള്ളത് കൊണ്ടുതന്നെയല്ലേ നമ്മുടെ കാർഷികരംഗം തകർന്നുപോയത്? ലക്ഷക്കണക്കിന് കൃഷിക്കാർ ജീവിതപ്രയാസം കൊണ്ട് ആത്മഹത്യ ചെയ്യുകയാണ്. ഏകദേശം അഞ്ച് വർഷം കൊണ്ട് 1500-ലധികം കൃഷിക്കാർ ആത്മഹത്യ ചെയ്തു. അവരെ സഹായിക്കാൻ വേണ്ടിയുള്ള എന്തെങ്കിലും നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടോ? അവരെ സഹായിക്കുമെന്ന് പലതവണ സഭയിൽ വാക്ക് നൽകിയതല്ലേ, പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചതല്ലേ? കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻ വേണ്ടിയാണ് ജീവനക്കാരുടെ വരുമാനം കൂടി പിടിച്ചെടുക്കുന്നത് എന്നാണ് അന്ന് പറഞ്ഞത്. ഏകദേശം 500 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു. പ്രഖ്യാപിച്ച പദ്ധതിയിൽ കർഷകർക്ക് എത്ര രൂപ കൊടുത്തു? 210 കോടി രൂപയുടെ ഒരു പദ്ധതി മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പ്രഖ്യാപിച്ചു. കഴിഞ്ഞ അസംബ്ലി സെഷനിൽ എന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത്, ആ 210 കോടി രൂപയിൽ ഒരു നയാപൈസ പോലും കർഷകരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി ചെലവഴിച്ചില്ല എന്നാണ്. അപ്പോൾ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി ജീവനക്കാരിൽ നിന്ന് പിടിച്ചെടുത്ത 500 കോടി രൂപ അവരുടെ താൽപ്പര്യങ്ങൾക്ക് വേണ്ടി വിനിയോഗിച്ചില്ല. കർഷകരെ സംരക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ നാട് വികസിക്കുമോ? കാർഷിക രംഗത്തെപ്പോലെയാണ് വ്യാവസായിക രംഗത്തെയും സ്ഥിതി. ഇവിടെ തന്ന മറുപടിയനുസരിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാലായിരത്തിലധികം വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടി. അതോടൊപ്പം തന്നെ ഏതാണ്ട് മുപ്പത്തിനാലോളം പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. അപ്പോൾ വ്യവസായ രംഗവും തകരുകയാണ്. കാർഷിക വ്യാവസായിക രംഗം തകർച്ചയെ നേരിടുകയും ആ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ലക്ഷക്കണക്കിന് ആളുകൾ ദുരിതമനുഭവിക്കുകയും ചെയ്യുന്നു. പിന്നെ ആരെ രക്ഷിച്ചു എന്നാണ് പറയുന്നത്? ഈ വികസനത്തിന്റെ നേട്ടം ആർക്കാണ് ഉണ്ടാകുന്നത്? പാവപ്പെട്ട ആളുകളുടെ ജീവിതം എന്താണ്? എല്ലാ മാസവും ഞങ്ങൾ ശമ്പളം കൊടുക്കും, പെൻഷൻ കൊടുക്കുമെന്നാണ് ഇവിടെ പറയുന്നത്. പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് 27 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. 27 മാസത്തെ പെൻഷൻ കുടിശ്ശിക വച്ചു കൊണ്ടാണ് ഞങ്ങൾ എല്ലാ മാസവും പെൻഷൻ കൊടുക്കുമെന്ന് പറയുന്നത്. സ്വകാര്യവൽക്കരണത്തെയും ആഗോളവൽക്കരണത്തെയും കുറിച്ച് പറയുമ്പോൾ ശ്രീ. കുട്ടപ്പനൊക്കെ എന്തൊരു ആവേശമാണ്. സ്വകാര്യവൽക്കരണത്തിനും ആഗോളവൽക്കരണത്തിനും കമ്മ്യൂണിസ്റ്റുകാർ എതിരാണെന്ന് പറഞ്ഞ് വലിയ ആവേശത്തിലാണ് സംസാരിക്കുന്നത്. ഞങ്ങൾ എതിരാണ്. നമ്മുടെ നെടുമ്പാശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

വിമാനത്താവളത്തെക്കുറിച്ച് പറഞ്ഞല്ലോ ? നെടുമ്പാശ്ശേരി വിമാനത്താവളം സ്വകാര്യ മേഖലയിലാണ് ആരംഭിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലിരുന്നപ്പോൾ 51 ശതമാനം ഷെയർ കൊടുത്തുകൊണ്ട് അത് പൊതുമേഖലയിലേക്ക് കൊണ്ടുവന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ജോലി സംവരണം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കുട്ടപ്പൻ അപ്പോൾ സമരം ചെയ്തു. അന്ന്, ചർച്ചയിൽ പങ്കെടുത്ത ഒരാളാണ് ഞാൻ. അവിടെ പരമാവധി എസ്.സി./എസ്.ടി. പിന്നോക്ക ജനവിഭാഗങ്ങൾക്ക് റിസർവേഷൻ അനുസരിച്ച് ജോലി കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചു. അതിന്റെ ബാക്ക്ലോഗ് ഫിൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. പക്ഷേ ഈ ഗവൺമെന്റ് വന്നതിനുശേഷം എന്താണ് ചെയ്തത് ? ഗവൺമെന്റ് വിഹിതം കുറച്ചു. അത് സ്വകാര്യമേഖലയിലേക്ക് പോവുകയാണ്. ഇപ്പോൾ അവിടെ എസ്.സി./എസ്.ടി. റിസർവേഷൻ വേണമെന്ന് ശ്രീ. കുട്ടപ്പന് പറയാൻ പറ്റുമോ ? സ്വകാര്യമേഖലയിൽ പിന്നോക്ക ജനവിഭാഗങ്ങൾക്ക് റിസർവേഷൻ കൊടുക്കാൻ കഴിയുന്നുണ്ടോ? ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ഏറ്റവും വലിയ ദുരന്തം നേരിടേണ്ടിവരുന്നത് നമ്മുടെ സമൂഹത്തിലെ പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളാണ്. അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയുള്ള എന്തെങ്കിലും നിലപാട് നിങ്ങൾ പറയുന്നുണ്ടോ ? നിങ്ങൾ വലിയ ആവേശം കൊള്ളുന്നുണ്ടല്ലോ ? ഈ പാവപ്പെട്ട വിഭാഗങ്ങൾ എല്ലാ മേഖലയിൽനിന്നും അന്യവൽക്കരിക്കപ്പെടുകയാണ്. അങ്ങനെ അന്യവൽക്കരിക്കപ്പെടുന്ന ആളുകൾക്കുവേണ്ടി പറയാനുള്ള ആർജ്ജവമാണ് അങ്ങ് കാണിക്കേണ്ടത്. അങ്ങേക്ക് ഇപ്പോഴും സഖാവ് നായനാരെക്കുറിച്ച് വലിയ വേവലാതിയാണ്. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞെങ്കിലും ആ മഹാനായ മനുഷ്യനെക്കുറിച്ച് അങ്ങേക്ക് ഇപ്പോഴും പുച്ഛമാണ്. ഈ പാവപ്പെട്ട ആളുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്നുണ്ടോ ? കഴിയുന്നില്ല. അതുകൊണ്ടുതന്നെയാണ് ഒരു പരിധിവരെയെങ്കിലും ഒരുപാട് പ്രതിസന്ധികൾക്കിടയിലാണെങ്കിൽപ്പോലും കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷക്കാരും ഈ പുതിയ ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾക്കെതിരായി, സ്വകാര്യവൽക്കരണ നയങ്ങൾക്കെതിരായി ശബ്ദിക്കാൻവേണ്ടി മുന്നോട്ട് വരുന്നത്. അതുകൊണ്ടുതന്നെയാണ് എല്ലാ പിന്തിരിപ്പൻ ശക്തികളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളെയും തകർക്കണമെന്ന് ആഗ്രഹിക്കുന്നത്. കോൺഗ്രസും ബി.ജെ.പി.-യും അതല്ലേ ആഗ്രഹിക്കുന്നത് ? കോൺഗ്രസിന്റെ സമ്മേളനത്തിൽ തീരുമാനിച്ചതെന്താണ് ? കമ്മ്യൂണിസ്റ്റുകാർക്ക് സ്വാധീനമുള്ള സ്ഥലങ്ങളിൽ, ഇടതുപക്ഷങ്ങൾക്ക് സ്വാധീനമുള്ള സ്ഥലങ്ങളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെ തകർക്കണം. ബി.ജെ.പി.-യും ബോംബെയിൽ സമ്മേളനം ചേർന്നുകൊണ്ട് എന്താണ് തീരുമാനിച്ചത് ? കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് സ്വാധീനമുള്ള സ്ഥലത്ത് അവരെശത്രുക്കളായി പ്രഖ്യാപിച്ച് അവരെ തകർക്കണം. കാരണമെന്താണ് ? ഈ പിന്തിരിപ്പൻ ആശയങ്ങൾ നടപ്പിലാക്കുന്നതിന് അല്പമെങ്കിലും തടസ്സമായി നിൽക്കുന്നത് കമ്മ്യൂണിസ്റ്റുകാരാണ്. അതുകൊണ്ടുതന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളെയും തകർത്തുകൊണ്ട് മാത്രമേ തങ്ങളുടെ പിന്തിരിപ്പൻ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയൂ എന്നുള്ളതുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ് അങ്ങനെ പ്രവർത്തിക്കുന്നത്. അത് തിരിച്ചറിയുന്ന ആളുകൾ കേരളത്തിലുണ്ടെന്ന് 14-ാം ലോക്സഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾ കണ്ടല്ലോ? 14-ാം ലോക്സഭാ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷക്കാരും നമ്മുടെ രാജ്യത്തിന്റെ മതേതര സങ്കൽപം കാത്തുസൂക്ഷിക്കാൻ വേണ്ടിയുള്ള നിലപാടാണ് സ്വീകരിച്ചത്. സങ്കുചിതമായ രാഷ്ട്രീയ വീക്ഷണമല്ല സ്വീകരിച്ചത്. നമ്മുടെ രാജ്യത്ത് മതേതര ഗവൺമെന്റ് വരണം. അതിനുവേണ്ടിയുള്ള അതിമഹത്തായ ഒരു പോരാട്ടത്തിൽ ഏർപ്പെട്ട സന്ദർഭത്തിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ആന്റണി പറഞ്ഞത് എന്താണ്? 14-ാം ലോക്സഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ, കേന്ദ്ര ഗവൺമെന്റിലേക്ക് തെരഞ്ഞെടുക്കേണ്ട തെരഞ്ഞെടുപ്പാണെങ്കിൽപോലും കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെയും ആറടി മണ്ണിൽ കുഴിച്ചുമൂടാൻ വേണ്ടിയുള്ള തെരഞ്ഞെടുപ്പാക്കി മാറ്റണമെന്നും എങ്കിൽ മാത്രമേ കേരളം മുന്നോട്ട് പോകൂ എന്നുമാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ ജനങ്ങൾ തീരുമാനിച്ചത് എന്താണ്?

4-00 P.M.] കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളെയും ആറടി മണ്ണിൽ കുഴിച്ചുമൂടേണ്ട ഒന്നല്ല. കണ്ണുള്ളപ്പോൾ കാഴ്ച അറിയില്ല. ആ കണ്ണ് നഷ്ടപ്പെടുമ്പഴേ അത് തിരിച്ചറിയൂ. അത് നഷ്ടപ്പെടാൻവേണ്ടി പോകുന്നു എന്നുള്ള ആഹ്വാനം കിട്ടിക്കഴിഞ്ഞപ്പോൾ ജനങ്ങൾ ഉയർത്തെണീറ്റു അതാണ് സംഭവിച്ചത്. അതുകൊണ്ടാണ് ഒരൊറ്റ കോൺഗ്രസുകാരൻപോലും ഇന്ത്യൻ പാർലമെന്റിലേക്ക് പതിനാലാം ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ പോകാതിരുന്നത്. നിങ്ങൾ 17 സീറ്റിൽ മൽസരിച്ചില്ലേ? ഒരാളെങ്കിലും ജയിച്ചോ? എന്തുകൊണ്ടാണ് ജയിക്കാതിരുന്നത്? ഇവിടെ കമ്മ്യൂണിസ്റ്റുകാരെ അവസരം കിട്ടുമ്പോൾ കുറ്റം പറയുന്ന ആളുകൾ ഉണ്ട്. കൃഷിഭൂമി കിട്ടിയ ആളുകൾ സ്വന്തമായി അഞ്ച് സെന്റിന്റെയും പത്ത് സെന്റിന്റെയും ഉടമകളായി മാറിയവർ, വിദ്യാഭ്യാസ പരിഷ്ക്കരണം കൊണ്ട് വിദ്യാഭ്യാസം ലഭിച്ച മതന്യൂനപക്ഷങ്ങളിൽപ്പെട്ട ആളുകൾ, പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ, സാമ്പത്തിക ശേഷി കുറഞ്ഞ ആളുകൾ അവരെല്ലാം തന്നെ തിരിച്ചറിഞ്ഞു. ഈ പ്രസ്ഥാനം ഉണ്ടായതുകൊണ്ടാണ് ഞങ്ങൾക്ക് ഈ നേട്ടം ഉണ്ടായത്. അതിനെ ആറടി മണ്ണിൽ കുഴിച്ച് മൂടേണ്ട ആശയമല്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അഭിമാനകരമായ വിജയം നൽകാൻവേണ്ടി തയ്യാറായത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, 2001-ലെ തെരഞ്ഞെടുപ്പിൽ ഈ ജനവിഭാഗങ്ങൾ കേരളത്തിൽ ഇല്ലായിരുന്നോ? അവർ എന്തുകൊണ്ടാണ് നിങ്ങളെ തോല്പിച്ചത്? 2001-ന് ശേഷമാണോ ഈ ജനവിഭാഗത്തിന് ഈ ആനുകൂല്യങ്ങളൊക്കെ ലഭിച്ചത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ജനങ്ങൾക്ക് ഓരോ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണല്ലോ ബോധം വരുക. ജനങ്ങൾക്ക് ഓരോ സംഭവങ്ങൾ നടക്കുമ്പോഴാണല്ലോ ബോധം വരുന്നത്. 100 സീറ്റുകളോടെയാണല്ലോ, യു.ഡി.എഫ്. ഗവിൺമെന്റ് അധികാരത്തിൽ വന്നത്; 100 സീറ്റിന്റെ ഭൂരിപക്ഷത്തോടുകൂടിയാണ്. ഈ കഴിഞ്ഞ ത്രിതല പഞ്ചായത്തുകളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾ കേവലം .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 2001-ലെ തെരഞ്ഞെടുപ്പിൽ 60 അസംബ്ലി മണ്ഡലങ്ങളിൽ ബി.ജെ.പി.-യുടെ വോട്ട് കിട്ടിയത് യു.ഡി.എഫിനാണ് എന്നറിയാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അറിയാം. വോട്ട് കിട്ടാൻവേണ്ടി ഗാന്ധിശിഷ്യന്മാരും ഗാന്ധിഘാതകരും കൈകോർത്ത് പിടിക്കുന്ന കാഴ്ച നമ്മൾ അടുത്ത ദിവസമല്ലേ കണ്ടത് ? ഇനിയും കൈകോർക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതാണ് ഇന്ന് ആർ.എസ്.എസ്.-ന്റെ നേതാവ് വൈദ്യ പറഞ്ഞിരിക്കുന്നത്. കമ്മ്യൂണിസ്റ്റുകാരെ എതിർക്കാൻവേണ്ടി കോൺഗ്രസുകാരും ബി.ജെ.പി.യും ഒന്നുചേരണമെന്ന്.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ വളരെ സമർത്ഥനാണ്. പക്ഷേ ഈ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ വോട്ട് ഹോൾസെയിലായിട്ട് വാങ്ങിച്ചത് എന്താണ് പറയാത്തത് ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഹോൾസെയിലായിട്ട് ആരാണ് വാങ്ങിയതെന്നു അവർ തന്നെ പറഞ്ഞു. അത് ബി.ജെ.പി.-യുടെ നേതാക്കൾതന്നെ കൃത്യമായിട്ട് പറഞ്ഞു. ഞാൻ അതിനെക്കുറിച്ച് കൂടുതൽ വിശദീകരിക്കുന്നില്ല. ഞാൻ പറഞ്ഞു വരുന്നത് ഇടതുപക്ഷ പ്രസ്ഥാനങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടിയുള്ള നിലപാടുകൾ സ്വീകരിക്കുമെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞതുകൊണ്ട് തന്നെയാണ് കഴിഞ്ഞ പതിനാലാം ലോക് സഭാ തെരഞ്ഞെടുപ്പിൽ വലിയ മുന്നേറ്റം ഉണ്ടാക്കിയെടുക്കാൻ ഇടതുപക്ഷത്തിന് കഴിഞ്ഞത്.

ശ്രീ. മത്തായി ചാക്കോ : സർ, കോൺഗ്രസിന് അഖിലേന്ത്യാടിസ്ഥാനത്തിൽ രാഷ്ട്രീയ അൽഷിമേഴ്സ് രോഗം ബാധിച്ചതായിട്ട് അങ്ങേക്ക് അറിയാമോ ? 543 അംഗങ്ങളുള്ള ലോകസഭയിൽ ഇപ്പോൾ 145 അംഗങ്ങളേ കോൺഗ്രസിനുള്ളൂ. പഴയ ഓർമ്മ വച്ചാണ് ഇപ്പോഴും നടക്കുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. രണ്ടുകാലും ഇല്ലാത്ത ആൾ വഴക്ക് കൂടുന്ന സമയത്ത് പറയാറുണ്ട്, ഞാൻ ഇവിടുന്നു എണീറ്റ് കഴിഞ്ഞാൽ ഒറ്റ ചവിട്ടിന് നിന്നെ മറിക്കുമെന്ന്. എന്നു പറഞ്ഞതുപോലെയാണ് കോൺഗ്രസ് ഇപ്പോൾ പറയുന്നത് ; അതായത് ഹൈദ്രാബാദിൽ സി.പി.എം.-നെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളെയും ഞങ്ങൾ തകർക്കും എന്നു പറയുന്നത്. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കാൻ പ്രധാനപ്പെട്ട കാരണം കേരളം നേടിയെടുത്ത എല്ലാ നേട്ടങ്ങളും ഈ നാലേമുക്കാൽ വർഷം കൊണ്ട് തകർത്തെറിഞ്ഞു. നമുക്കറിയാം വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും അതുപോലെ തന്നെ സാമൂഹിക സുരക്ഷാ മേഖലയിലുമൊക്കെത്തന്നെ കേരളം ലോകത്തോളം ഉയർന്നുനിന്നതാണ്. ആ രംഗം ഇപ്പോൾ വലിയ തകർച്ചയെ നേരിടുകയാണ്. അതുപോലെ തന്നെ

കാർഷിക രംഗവും വ്യാവസായിക രംഗവും. പരമ്പരാഗത വ്യവസായ മേഖലയാകെയും തകർത്തു. യുവാക്കളെ സംബന്ധിച്ചിടത്തോളം തൊഴിൽ കിട്ടുമെന്ന പ്രതീക്ഷയില്ലാത്ത അവസ്ഥയുണ്ടാക്കി. പാവപ്പെട്ടവനെ മറന്ന ഒരു ഗവൺമെന്റാണിത്. ഇപ്പോൾ പാവപ്പെട്ടവനു വേണ്ടി നിങ്ങൾ പ്രഖ്യാപിക്കുന്നു. ആദിവാസികളെക്കുറിച്ച് നിങ്ങൾ പറഞ്ഞില്ലേ ? 50 വയസ് കഴിഞ്ഞാൽ ഏറ്റവും താഴെത്തട്ടിലുള്ള ആദിവാസികൾക്കാണ് 50 രൂപ കൊടുക്കുന്നത്. ആദിവാസികളെ വെടിവച്ചുകൊന്ന ഗവൺമെന്റ് എന്നുള്ള ക്രെഡിറ്റ് നിങ്ങൾക്കാണ്. കേരളം രൂപീകരിച്ചശേഷം ആദിവാസികളെ വെടിവച്ചുകൊന്നവർ നിങ്ങളാണ്. അതിന്റെ പ്രായശ്ചിത്തം എന്ന നിലയ്ക്ക് 50 വയസ് കഴിഞ്ഞ ആദിവാസികൾക്ക് മാത്രം കൊടുത്താൽ പോര ; മുഴുവൻ പാവങ്ങൾക്കും ഇതുപോലെയുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ നിങ്ങൾ തയ്യാറാകണം. അതുപോലെതന്നെ മറ്റ് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് നമ്മുടെ സമൂഹത്തിൽ ലഭിച്ചുകൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും നിഷേധിച്ച ഒരു ഗവൺമെന്റ് അതിന്റെ കാലാവധി പൂർത്തീകരിക്കാൻ പോകുന്ന സമയത്ത് നടപ്പിലാക്കാൻ കഴിയില്ല എന്ന പ്രതീക്ഷയോടുകൂടി കൊണ്ടുവന്ന ഈ ബഡ്ജറ്റിനെ ഞാൻ എല്ലാ അർത്ഥത്തിലും എതിർക്കുകയാണ്.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2006 ഫെബ്രുവരി 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4-05-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly